ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി: (ശ്രീ. എം. എം. ഹസ്സൻ): സർ, ധനാഭ്യർത്ഥനയുടെ ചർച്ചാവേളയിൽ ഈ സഭയിൽ ഹാജരില്ലാത്തവരുടെ പേരിൽ ചില ആരോപണങ്ങൾ ശ്രീ. മത്തായി ചാക്കോ ഇവിടെ ഉന്നയിച്ചു. മന്ത്രിക്കും മന്ത്രിയുടെ പാർട്ടിക്കും എതിരായി പുകമറ സൃഷ്ടിക്കാൻവേണ്ടി ഈ ധനാഭ്യർത്ഥനവേള ദുരുപയോഗപ്പെടുത്തുകയാണ് ചെയ്യുന്നത്. അങ്ങയുടെ റൂളിംഗിനെപ്പോലും ബഹുമാനപ്പെട്ട കോടിയേരി ചോദ്യം ചെയ്യുന്ന രൂപത്തിലാണ് ഇവിടെ സംസാരിച്ചത്. ധനാഭ്യർത്ഥന വേളയിൽ വ്യക്തമായി എഴുതിക്കൊടുത്ത് ചെയറിന്റെ അനുവാദം ഇല്ലാതെ ഉന്നയിക്കുന്ന ആരോപണങ്ങൾ സഭാരേഖകളിൽ ഉണ്ടാകാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ (ശ്രീ. പി. ജെ. ജോയി): ചെയർ വ്യക്തമായി റൂളിംഗ് നൽകിക്കഴിഞ്ഞു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട ചെയറിനോടു ചോദിക്കുകയാണ്, ഡി.ആർ.ഡി.എ. ഓഫീസിൽ ഉദ്യോഗസ്ഥനും മറ്റും കള്ളു കുടിച്ചുകൊണ്ടിരുന്നാൽ അതു പറയാൻ പാടില്ലേ?

ശ്രീ. വി. കെ. ചന്ദ്രൻ: എനിക്കു ചോദിക്കുവാനുള്ളത്, ഈ 14 ജില്ലകളിലും എസ്.ജി.ആർ.വൈ.-യുടെ ഡിസ്ട്രിബ്യൂഷന്റെ ഭാഗമായിട്ടുള്ള ഫണ്ട് വിതരണത്തേയും അരി വിതരണത്തേയും സംബന്ധിച്ച് സമഗ്രമായി അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറുണ്ടോ എന്നാണ്. മാത്രവുമല്ല അവിടെ നടന്നിട്ടുള്ള പ്രവൃത്തികൾ എന്തൊക്കെയാണെന്നു കണ്ടെത്താനും അത്തരം പ്രവൃത്തികൾ ചെയ്തിട്ടുണ്ടെങ്കിൽ അതു സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താനും ബഹുമാനപ്പെട്ട ഗവൺമെന്റ് തയ്യാറാകുമോ? അതുപോലെ വില്ലേജ് റോഡ് മെയിന്റനൻസ് എന്നു പറയുന്ന ഫണ്ട് എങ്ങനെയാണ് ഇവിടെ വിനിയോഗം നടത്തിയിരിക്കുന്നതെന്ന് അറിയണം. ഏതെങ്കിലും എം.എൽ.എ.-മാർ എഴുതിക്കൊടുത്ത് ഒരു രൂപയെങ്കിലും വാങ്ങിച്ചിട്ടുണ്ടോ? ഇല്ലാത്ത കരാറുകാർ റവന്യൂ വകുപ്പുമന്ത്രിയെ നേരിട്ടു സമീപിക്കുന്നു, അതിന്റെ ഭാഗമായി കോടിക്കണക്കിനു രൂപ, കരാറുകാർക്കുവേണ്ടി ഗവൺമെന്റ് വീതം വച്ചു കൊടുത്തിരിക്കുകയാണ്. വളരെ വലിയ അഴിമതിയാണ് അവിടെ നടക്കുന്നത്. പതിനേഴായിരം കോടി രൂപ കേന്ദ്ര ഗവൺമെന്റ് കേരളത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടി വിനിയോഗിക്കുന്നു. ഈ പണം ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് നേരിട്ട് ജില്ലാ ഓഫീസുകൾക്കു കൊടുക്കാൻ തീരുമാനിച്ചിരിക്കുന്നു. അതു അധികാര വികേന്ദ്രീകരണത്തെ തകർക്കുന്ന ഒരു സമീപനമാണ്. ഇതിൽ സംസ്ഥാനത്തിന്റെ നിലപാടെന്താണെന്നു വിശദീകരിക്കണം. അധികാര വികേന്ദ്രീകരണത്തിലൂടെ ലഭ്യമായിട്ടുള്ള അവസരം ഉപയോഗപ്പെടുത്തി നമ്മുടെ ഗ്രാമങ്ങളുടെ വികസനം ത്വരിതപ്പെടുത്താൻ ആവശ്യമായ ഫണ്ട് നമ്മുടെ സംസ്ഥാനങ്ങൾക്കുതന്നെ ലഭ്യമാക്കുന്ന രൂപത്തിലുള്ള ഒരു നിലപാട് എടുക്കാത്ത ഈ സർക്കാരിന്റെ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി എതിർക്കുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ: അങ്ങ് ഈ സഭയിൽ നടത്തിയ ഒരു റൂളിംഗിനെ ഞാൻ ചോദ്യം ചെയ്യുന്നതല്ല. ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്താൻ വേണ്ടിയാണ് പറയുന്നത്. എഴുതിക്കൊടുത്ത് ആരോപണം ഉന്നയിക്കുന്നതിനെ സംബന്ധിച്ച്, ചട്ടം 285 അനുസരിച്ച് ഒരാൾക്ക് എതിരായിട്ടുള്ള ആരോപണത്തെ സംബന്ധിച്ച് നടപടി ക്രമം പറയുന്നുണ്ട്. എഴുതിക്കൊടുത്ത് ഉന്നയിക്കണം. ബഹുമാനപ്പെട്ട വി. കെ. ചന്ദ്രൻ, സർക്കാർ ഓഫീസുകൾ പ്രവർത്തിക്കുന്നത് രാവിലെ മുതൽ വൈകുന്നേരം വരെയാണെന്നും ആ സമയത്ത് ഓഫീസ് പൂട്ടി ലോഡ്ജിൽ പോയി കള്ളു കുടിച്ചിരിക്കുകയും രാത്രി ഓഫീസ് തുറന്ന് നേരം വെളുക്കുന്നതുവരെ ഇരിക്കുന്ന ഒരു ഓഫീസറെക്കുറിച്ചു പറഞ്ഞതു ഗൗരവമായി ചിന്തിക്കേണ്ടതാണ്. അതു രേഖയിൽ ഉണ്ടാകണ്ടേ? അതു രേഖയിൽ നിന്നും നീക്കം ചെയ്യുന്നതു ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: ഇവിടെ വളരെ ക്ലിയറായി ഡി.ആർ.ഡി.എ സെക്രട്ടറിയും കേരളാ കോൺഗ്രസ്സ് നേതാക്കന്മാരും കോടിക്കണക്കിനു രൂപയുടെ അഴിമതി നടത്തുന്നു എന്നു പറഞ്ഞതുകൊണ്ടാണ് ഇതൊരു പുകമറ സൃഷ്ടിക്കലായി തോന്നിയത്. അതുകൊണ്ടാണ് അങ്ങനെയൊരു റൂളിംഗ് നൽകിയത്.

ശ്രീ. എൻ. ഡി. അപ്പച്ചൻ: സർ, ഞാൻ കൃഷി, മൃഗസംരക്ഷണം, ക്ഷീര വ്യവസായം, സാമൂഹ്യ വികസനം എന്നീ ധനാഭ്യർത്ഥനകളെ ശക്തിയായി പിന്താങ്ങുകയാണ്. കൃഷി വകുപ്പ് കൈകാര്യം ചെയ്യുന്ന പരിണിത പ്രജ്ഞയായ ശ്രീമതി കെ. ആർ. ഗൗരിയമ്മ, കേരളത്തിലെ കാർഷിക മേഖലയെ രക്ഷിക്കുന്നതിനുവേണ്ടി തികഞ്ഞ ആത്മാർത്ഥതയോടുകൂടി പ്രവർത്തിക്കുന്നു എന്നുള്ളത് ഒരു സത്യമാണ്. കേന്ദ്ര ഗവൺമെന്റിൽ നിന്നും കിട്ടാവുന്ന പരമാവധി ആനുകൂല്യങ്ങൾ വാങ്ങിക്കൊണ്ടുവന്ന് സംസ്ഥാനത്ത് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള പാവപ്പെട്ട ജനവിഭാഗങ്ങളുടെ ഉയർച്ചയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന ഗ്രാമവികസന വകുപ്പുമന്ത്രിയ്ക്കെതിരെ വെറുതെ വില കുറഞ്ഞ ആരോപണങ്ങളുമായിട്ടാണ് പ്രതിപക്ഷങ്ങൾ കടന്നു വന്നിരിക്കുന്നത്. അതംഗീകരിക്കാൻ പറ്റില്ല. സംസ്ഥാനത്തെ കാർഷികരംഗം ഇന്നു വല്ലാത്ത ഒരു പ്രതിസന്ധിയിലൂടെ നീങ്ങിക്കൊണ്ടിരിക്കുയാണ്. 1996-97 സാമ്പത്തിക വർഷം വരെ കാർഷിക രംഗം ഒരു പരിധി വരെ പിടിച്ചു നിന്നിരുന്നു. കേന്ദ്ര ഗവൺമെന്റിന്റെ ഇറക്കുമതി നയവും എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാർഷിക മേഖലയോടുള്ള നയവും കർഷകന്റെ നട്ടെല്ല് ഒടിച്ച കാലഘട്ടമായിരുന്നു കാപ്പി, കുരുമുളക് തുടങ്ങിയ കാർഷിക വിളകളുടെ വിലത്തകർച്ച മൂലം കർഷകർ ഇന്നു ആത്മഹത്യയുടെ വക്കിൽ എത്തിനിൽക്കുകയാണ്. ഇപ്പോൾ തേങ്ങ, റബ്ബർ തുടങ്ങിയ കാർഷികോല്പന്നങ്ങൾക്ക് കുറച്ചു വിലവർദ്ധനവുണ്ടായിട്ടുണ്ട്. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് ആക്കം കൂട്ടുന്നത് കാർഷിക മേഖലയാണ്. 1996-97 കാലഘട്ടത്തിൽ കാർഷിക മേഖലയിൽ നിന്നും 7115 കോടി രൂപയോളം സർക്കാരിന്റെ ഖജനാവിലേയ്ക്കു ലഭിച്ചിരുന്നു. പക്ഷേ ഇന്ന് അതു 5000 കോടി രൂപയായി കുറയുകയാണ് ചെയ്തിട്ടുള്ളത്. 1996-97-ൽ സംസ്ഥാനത്തിന്റെ കാർഷിക വരുമാനം 25.39 ശതമാനമായിരുന്നു. 2003-04-ൽ അത് 13.72 ശതമാനമായി കുറയുകയാണുണ്ടായത്. കാർഷിക അടിത്തറ തകർന്നു എന്നാണ് ഇതു സൂചിപ്പിക്കുന്നത്. കാർഷിക സമ്പദ്‌വ്യവസ്ഥ നിലനിന്നിരുന്ന ഒരു സംസ്ഥാനത്തിന്റെ അധോഗതിയാണ് ഇതു സൂചിപ്പിക്കുന്നത്. കാർഷിക മേഖലയിൽ ഇന്ന് ഉൽപ്പാദനക്ഷമത വളരെ കുറവാണ്. കേരളത്തിൽ കാർഷികമേഖലയിൽ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് കേരള കാർഷിക സർവ്വകലാശാല പോലുള്ള സ്ഥാപനങ്ങളിൽ നിന്ന് കൃഷിക്കാർക്കുപകാരപ്രദമായ പദ്ധതികളും ബോധവൽക്കരണവും നടക്കുന്നില്ല. വയനാട് ജില്ല അതിരൂക്ഷമായ വരൾച്ചയിൽ ഉണങ്ങി നശിക്കുമ്പോൾ കബനി നദിയിലെ വെള്ളം പൂർണ്ണമായും കർണ്ണാടകയും തമിഴ്നാടും ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. ഈ നദിയിലെ വെള്ളം ഇവിടത്തെ കൃഷിക്കുപയോഗിക്കത്തക്ക വിധത്തിലുള്ള യാതൊരു പദ്ധതിയും ആവിഷ്ക്കരിക്കാൻ സാധിച്ചിട്ടില്ല. കേരളത്തിലെ കാർഷിക മേഖലയെ ശക്തിപ്പെടുത്താൻ നമുക്ക്

LIBRARY ARCHIVES Kerala Legislative Assembly

കഴിയുന്നില്ല. ഡബ്ല്യു.ടി.ഒ.-യുടെ ദുഷ്യഫലങ്ങൾ കൊണ്ട് നമ്മുടെ രാജ്യത്തെ കാർഷിക മേഖല നശിച്ചുകൊണ്ടിരിക്കുകയാണ്. കേരളം നിയോഗിച്ച എം.എസ്. സ്വാമി നാഥൻ കമ്മീഷന്റെ പ്രവർത്തനം കാർഷിക മേഖലയിൽ നമ്മുടെ സർക്കാരിന്റെ ആത്മാർത്ഥതയാണ് കാണിക്കുന്നത്. ഡബ്ല്യു.ടി.ഒ.-യുടെ ഇറക്കുമതി നയം മൂലം ഈ നാട്ടിലെ കാർഷിക മേഖല തകർന്നു തരിപ്പണമായി. കേന്ദ്ര സർക്കാരിന്റെ പിടിപ്പുകെട്ട നയംമൂലം കാർഷിക ഉൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്തതാണ് ഇവിടത്തെ കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ചയ്ക്ക് കാരണമായത്. അതുപോലെ കഴിഞ്ഞ തവണ സംസ്ഥാനം ഭരിച്ച ഗവൺമെന്റുകൾ കാർഷിക മേഖലയോടെടുത്ത നയപരമായ സമീപനങ്ങൾ കൊണ്ടാണ് ഈ നാട്ടിലെ കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ചയ്ക്ക് കാരണമായത്. അതിന്റെ ഫലമായി കൃഷിക്കാർ ഇന്ന് വളരെയേറെ ബുദ്ധിമുട്ടും പ്രയാസവുമനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഏഴുവർഷത്തിനിടയിലുണ്ടായ വിലയിടിവും ഉൽപ്പാദനക്കുറവുമാണ് വയനാടു ജില്ലപോലുള്ള ജില്ലകളിലെ കൃഷിക്കാരെ കടക്കെണിയിലെത്തിച്ചത്. കേന്ദ്ര സർക്കാരിന്റെ ഇറക്കുമതി നയത്തിന്റെ ഫലമായി വന്ന വിലത്തകർച്ചയിൽ നിന്ന് കൃഷിക്കാർക്ക് യാതൊരു തരത്തിലും രക്ഷപ്പെടാനായില്ല. തകർന്ന നിലവാരം എന്നെങ്കിലും മാറുമെന്ന പ്രതീക്ഷയിൽ വാങ്ങിയ കടങ്ങൾ വർഷങ്ങൾക്കുശേഷവും തിരിച്ചടയ്ക്കാൻ കഴിയാതെ കൃഷിക്കാർ ബുദ്ധിമുട്ടുകയാണ്. വിലക്കയറ്റവും അതിരൂക്ഷമായ വരൾച്ചയും കാരണം അവരുടെ കടങ്ങൾ വർദ്ധിച്ച് ജപ്തി നടപടികളിലേയ്ക്ക് നീങ്ങുന്നത് താങ്ങാൻ കഴിയാതെ കൃഷിക്കാർ ആത്മഹത്യ ചെയ്യുന്നതാണ് നമുക്ക് കാണാൻ കഴിയുന്നത്. കടബാധിതരായ കർഷകർക്ക് സർക്കാരിന്റെ ഭാഗത്തു നിന്നും ചെറിയ ആശ്വാസ പ്രഖ്യാപനങ്ങളുണ്ടായിയെന്നുള്ളതു സ്വാഗതാർഹമാണ്. എന്നാലും കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവർക്ക് പിടിച്ചു നിൽക്കാൻ കഴിയാത്തവിധത്തിൽ കാർഷിക കടബാദ്ധ്യതകൾ വന്നുചേർന്നുകൊണ്ടിരിക്കുകയാണ്. ഇതിൽനിന്നും കൃഷിക്കാരെ സഹായിക്കുന്നതിനു വേണ്ടി കാർഷികകടങ്ങൾ എഴുതിത്തള്ളുകയും കാർഷിക കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുകയും ചെയ്തുകൊണ്ട് കേരളത്തിലെ കൃഷിക്കാരെ സഹായിക്കാൻ ഗവൺമെന്റ് മുന്നോട്ടു വരണം. കേരളത്തിൽ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ മൂന്നു വർഷക്കാലത്തെ ഭരണത്തിനിടയിൽ കാർഷിക മേഖലയുടെ പുരോഗതിക്കു വേണ്ടി നിരവധി പദ്ധതികളാവിഷ്ക്കരിച്ചു നടപ്പിലാക്കി മുന്നോട്ടുപോയിട്ടുണ്ട്. ശ്രീമതി കെ. ആർ. ഗൗരിയമ്മ കൃഷിവകുപ്പുമന്ത്രിയെന്ന നിലയിൽ കേരളത്തിന്റെ കാർഷിക മേഖലയെ പുനരുദ്ധരിപ്പിക്കുന്നതിനുവേണ്ടി നടപ്പിലാക്കിയ പല പദ്ധതികളുടെയും ഫലമായി ഈ നാടിന്റെ സാമൂഹ്യ പുരോഗതിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് മാറ്റമുണ്ടാക്കാൻ കഴിഞ്ഞു. എങ്കിലും ഇറക്കുമതിമൂലമുണ്ടാകുന്ന വിലത്തകർച്ച കൊണ്ട് ഇന്നും കൃഷിക്കാർക്ക് പിടിച്ചുനിൽക്കാൻ കഴിയാത്ത ഒരവസ്ഥ വന്നു കൊണ്ടിരിക്കുകയാണ്. അത്തരമൊരു സാഹചര്യത്തിൽ വയനാടുപോലെ പിന്നോക്കം നിൽക്കുന്ന ജില്ലകളിലെ കൃഷിക്കാരുടെ വായ്പ തിരിച്ചടയ്ക്കുന്നതിൽ ഇളവ് കൊടുക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. മറ്റ് ജില്ലകളിൽ നിന്നും വ്യത്യസ്തമായ സാഹചര്യമാണ് വയനാടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

അവിടെയുള്ള കൃഷിക്കാരെ കരകയറ്റാനാവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. മറ്റൊരുകാര്യം എനിക്ക് സൂചിപ്പിക്കുവാനുള്ളത് കാർഷികോൽപ്പന്നങ്ങൾക്ക് ന്യായമായ വിലയും കൃഷിക്ക് മാർഗ്ഗനിർദ്ദേശവും ലഭിക്കുമെന്ന പ്രഖ്യാപനത്തിലൂടെയാണ് കാർഷിക മൊത്ത വിപണന കേന്ദ്രത്തിന് ബത്തേരിയിൽ തുടക്കമിട്ടത്. എന്നാൽ ഈ കേന്ദ്രത്തിന്റെ പ്രവർത്തനം ഇനിയും ആരംഭിച്ചിട്ടില്ല. യൂറോപ്യൻ യൂണിയന്റെ ധനസഹായത്തോടെ 1998-ലാണ് ഈ വിപണന കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയത്. ഇടത്തട്ടുകാരെ ഒഴിവാക്കി കൃഷിക്കാർക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾ നേരിട്ട് വിപണിയിലെത്തിക്കാനുള്ള സൗകര്യങ്ങളും അവരുടെ കാർഷികോൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനാവശ്യമായ സംവിധാനങ്ങളൊക്കെ ആ യൂറോപ്യൻ യൂണിയന്റെ ധനസഹായത്തോടെ നിർമ്മിച്ച മാർക്കറ്റിലുണ്ടായിരുന്നു. പക്ഷെ ആ മാർക്കറ്റുകളൊന്നും പ്രവർത്തിക്കാതെ കിടക്കുന്ന ഒരു സാഹചര്യമാണുള്ളത്. ഉദ്ഘാടനം കഴിഞ്ഞതായി ഒരു ബോർഡ് വെച്ചിട്ടുണ്ടെന്നല്ലാതെ ഇന്നുവരേയും ബത്തേരിയിൽ ആ കേന്ദ്രത്തിന്റെ പ്രവർത്തനമാരംഭിച്ചിട്ടില്ല. ഈ കേന്ദ്രം തുറന്നു പ്രവർത്തിക്കാത്തതിന്റെ ഭാഗമായി കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാത്ത ഒരു സ്ഥിതിയാണുള്ളത്. അതുകൊണ്ട് ഈ കാർഷിക വിപണന കേന്ദ്രം തുറന്നു പ്രവർത്തിപ്പിക്കാനാവശ്യമായ നടപടികൾ ഗവൺമെന്റ് ഭാഗത്തുനിന്നുമുണ്ടാകണം. അതിന് കൃഷി വകുപ്പുമന്ത്രി മുൻകൈയെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഫ്ളോറി കൾച്ചറിന്റേയും പച്ചതേയിലയുടേയും ഗുണനിലവാരവുമായി ബന്ധപ്പെട്ട് രണ്ടു മാസത്തിനകം കേന്ദ്രത്തിൽ ഒരു പദ്ധതി ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. ഇവിടെ സാമൂഹ്യ വികസനമില്ലെന്നു പറഞ്ഞ് ഒരു പുകമറ സൃഷ്ടിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിയുടെ പേരിൽ അഴിമതിയാരോപണ മുന്നയിക്കുകയുണ്ടായി. കഴിഞ്ഞ മൂന്നുവർഷക്കാലമായി കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ട ആനുകൂല്യങ്ങൾ, പദ്ധതി വിഹിതം പരിപൂർണ്ണമായി നേടിയെടുത്തുകൊണ്ട് കേരളത്തിലെ ദാരിദ്ര്യ രേഖയ്ക്കു താഴെത്താമസിക്കുന്ന ജനവിഭാഗങ്ങളെ സഹായിക്കുന്നതിനുവേണ്ടി ആത്മാർത്ഥമായ പദ്ധതികളാവിഷ്ക്കരിച്ച് മുന്നോട്ടുപോകുകയാണ്. സംസ്ഥാനത്ത് സാമൂഹ്യ പുരോഗതിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ മാറ്റമുണ്ടാക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. അതോടൊപ്പം പാവപ്പെട്ട സാധാരണക്കാരായ കൃഷിക്കാരെ സഹായിക്കാനും, കാർഷിക മേഖലയെ പുനരുദ്ധരിപ്പിക്കുന്നതിനും വേണ്ടി ബഹുമാനപ്പെട്ട മന്ത്രി ആത്മാർത്ഥമായി പ്രവർത്തിക്കുമെന്ന് വിശ്വസിച്ചുകൊണ്ട് ഞാൻ ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു.

ശ്രീ. പി. നാരായണൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കാർഷിക മേഖലയിൽ ധാരാളം കാര്യങ്ങൾ യു.ഡി.എഫ്. ഗവൺമെന്റ് ചെയ്തുവെന്നും കൃഷിക്ക് എന്തൊക്കെയോ ആനുകൂല്യങ്ങൾ ചെയ്തുകൊടുത്തു
11.00 a.m.] എന്നുമൊക്കെ എന്റെ സ്നേഹിതൻ ശ്രീ. എൻ. ഡി. അപ്പച്ചൻ ഇവിടെ പറയുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും കൃഷി വകുപ്പു മന്ത്രിയുടേയും പ്രഖ്യാപനങ്ങൾ ഇടയ്ക്കിടയ്ക്ക് വരുന്നതല്ലാതെ കൃഷിക്കാരന്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യാതൊരു പ്രയോജനവുമുണ്ടായിട്ടില്ല. അതിനൊരു ഉദാഹരണമാണ് എന്റെ നിയോജകമണ്ഡലത്തിലുള്ള ചെമ്പ് പഞ്ചായത്തിലെ മാധവൻ എന്നയാളിന് ജപ്തി നോട്ടീസ് വന്നിരിക്കുന്നത്. എന്റെ കൈയ്യിലിരിക്കുന്നത് അയാളുടെ ജപ്തി നോട്ടീസാണ്. അപ്പോൾ തെളിവു സഹിതം കൊണ്ടുവന്ന് ഈ സഭയിൽ പറഞ്ഞാലും ഒരു പ്രയോജനവുമില്ലാത്ത രൂപത്തിലാണ് മുന്നോട്ടു പോകുന്നത്. ഇതിനെല്ലാം എന്ത് ന്യായീകരണങ്ങളാണ് ഈ ഗവൺമെന്റിന് പറയുവാനുള്ളത്. അങ്ങയെ സാക്ഷ്യപ്പെടുത്തി ഞാൻ ഇത് മേശപ്പുറത്തു വയ്ക്കുന്നു. അങ്ങ് പരിശോധിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. 2002-2003-ലെ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ഭൂരിഭാഗവും വാഗ്ദാനങ്ങൾ മാത്രമാണ്. ഒരു കാര്യവും ചെയ്തിട്ടില്ല.

ശ്രീ. പി. സി. ജോർജ്: 50,000 രൂപവരെയുള്ള കാർഷിക കടങ്ങൾ എഴുതിത്തള്ളുമെന്ന് പറയുന്നുണ്ടെങ്കിലും നിയമസഭയിലെ റിക്കാർഡ് പ്രകാരം കാർഷികകടം തിരിച്ചടയ്ക്കാനാകാതെ ആത്മഹത്യ ചെയ്തവർ മൂവായിരത്തിനു മുകളിലാണ്. കൃഷി വകുപ്പുമന്ത്രി ഇവിടെ പറയുന്നത് കടംകയറി ആരും മരിച്ചിട്ടില്ലെന്നാണ്. നിയമസഭയിൽ കണക്കുതന്നിരിക്കുന്നത് മൂവായിരത്തിനു മുകളിലാണെന്നാണ്. അപ്പോൾ കാർഷിക കടമെന്നുള്ളത് മാറ്റി കൃഷിക്കാരന്റെ കടം എന്നാക്കണം.

ശ്രീ. പി. നാരായണൻ: ശ്രീ. പി. സി. ജോർജ് പറയുന്നത് ശരിയാണ്. അദ്ദേഹം കേരളത്തിലെമ്പാടും നടന്ന് കൃഷിക്കാരുടെ ജനക്ഷേമത്തിനുവേണ്ടി പരിശ്രമിക്കുന്ന ഒരു നേതാവാണ്. അദ്ദേഹം പറഞ്ഞ കണക്ക് വളരെ ശരിയാണ്. അതുപോലെതന്നെ കേരളത്തിൽ എട്ട് ജില്ലകളിൽ കാർഷികോൽപ്പന്ന കയറ്റുമതി മേഖലകൾ ആരംഭിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിക്കുകയാണ്. നിങ്ങൾ പ്രഖ്യാപിച്ചിട്ട് ഏതെങ്കിലും പദ്ധതികൾ നടന്നിട്ടുണ്ടോ? എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും, എത്ര ടൺ കാർഷികോൽപ്പന്നങ്ങൾ ഈ പദ്ധതിയിലൂടെ ലഭിച്ചുവെന്നും വ്യക്തമാക്കിയാൽ കൊള്ളാം. അതുപോലെതന്നെ മറ്റ് 19 സംസ്ഥാനങ്ങളിലും 48 കാർഷികോൽപ്പന്നങ്ങൾ കയറ്റുമതി ചെയ്തിട്ടുണ്ട്. അതിലൂടെ 380 കോടി രൂപയുടെ ഉൽപ്പന്നങ്ങൾ കയറ്റി അയയ്ക്കുകയുണ്ടായി. ഈ മേഖലകളുടെ പ്രവർത്തനത്തിനായി 475 കോടി രൂപയുടെ നിക്ഷേപം നടത്താൻ റിപ്പോർട്ട് ഉണ്ട്. സർ, കേരളത്തിലെ കാര്യത്തെക്കുറിച്ച് ഓർക്കുമ്പോൾ ദു:ഖമുണ്ട്. യഥാസമയത്ത് കേന്ദ്രത്തിൽചെന്ന് ഇതെല്ലാം ചോദിച്ചു വാങ്ങുന്നതിന് വേണ്ടത്ര രീതിയിൽ നമ്മുടെ ഉദ്യോഗസ്ഥൻമാരും വകുപ്പുമന്ത്രിയും ശ്രദ്ധിച്ചിട്ടില്ല എന്നതാണ് സത്യം. പാലക്കാട്, കുട്ടനാട് മേഖലകളിലും വരൾച്ചമൂലം നെൽകൃഷിക്ക് കഴിഞ്ഞ കാലത്ത് ധാരാളം നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. അവർക്ക് വേണ്ടത്ര ആനുകൂല്യങ്ങൾ കൊടുക്കുമെന്ന് പ്രഖ്യാപിച്ചതല്ലാതെ അവരുടെ കയ്യിലേയ്ക്ക് ഒന്നും എത്തിയിട്ടില്ല. അവരുടെ കയ്യിൽ എത്തിയത് ജപ്തി നോട്ടീസുകളണ്. അതിന് ഒരു മാറ്റം ഉണ്ടാകണം. അതുപോലെ തന്നെ യു.ഡി.എഫ്. ഗവൺമെന്റ് 1991-ൽ അധികാരത്തിൽ വന്നപ്പോൾ കേരളത്തിലെ ഒരു ലക്ഷം യുവാക്കളെ കാർഷിക രംഗത്ത് അംഗങ്ങളായി ചേർത്തു. നൂറു രൂപ രജിസ്ട്രേഷൻ ഫീസും ആയിരം രൂപ സെക്യൂരിറ്റിയും വാങ്ങിച്ചു.

ശ്രീ. കെ. കെ. ഷാജു: ശ്രീ. പി. പി. ജോർജ് കൃഷിമന്ത്രിയായിരുന്ന സന്ദർഭത്തിലായിരുന്നു ഒരു ലക്ഷം യുവാക്കൾക്ക് കാർഷിക മേഖലയിൽ തൊഴിൽ പദ്ധതി നടപ്പിലാക്കിയത്. 1996 മുതൽ 2001 വരെയുള്ള ഗവൺമെന്റ് കുറേ കാര്യങ്ങൾ ചെയ്തു. അതിനുശേഷം 5 വർഷക്കാലം അങ്ങയുടെ പാർട്ടിക്കാർ കേരളം ഭരിച്ചിട്ട് ഒന്നും ചെയ്തില്ല എന്ന കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. പി. സി. ജോർജ്: 1991 മുതൽ 1996 വരെ അവർ ഭരിച്ച കാലഘട്ടത്തിൽ ഉണ്ടാക്കിയ പദ്ധതി, ഇപ്പോൾ ഭരണത്തിൽ വന്നിട്ട് മൂന്ന് വർഷമായല്ലോ. കേരളത്തിലെ കൃഷിക്കാരെ കബളിപ്പിച്ചതല്ലേ?

ശ്രീ. പി. നാരായണൻ: ഒരുലക്ഷം യുവാക്കളെ അംഗങ്ങളാക്കി ചേർത്തുകൊണ്ട് കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം മത്സ്യവികസനം എന്നീ മേഖലകളിൽ അവർക്ക് തൊഴിൽ കൊടുക്കാം എന്ന് പറഞ്ഞുകൊണ്ട് അവരെയൊക്കെ അംഗങ്ങളായി ചേർത്തുകൊണ്ട് അന്ന് മുതൽ ഇന്നു വരെ 51 കോടി രൂപ ട്രഷറിയിൽ അടച്ചിട്ടുണ്ട്. ആ പൈസ കൊണ്ട് അവർക്ക് വേണ്ടത്ര തൊഴിൽ സംരക്ഷണം കൊടുക്കാൻ ഈ ഗവൺമെന്റിന് ഇതുവരെ കഴിഞ്ഞിട്ടില്ല. പല പ്രാവശ്യം പ്രക്ഷോഭ സമരങ്ങൾ നടത്തിയിട്ടുണ്ട്. അതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഇതുവരെ ആ കാര്യത്തിൽ ഒരു നടപടിയും സർക്കാർ സ്വീകരിച്ചിട്ടില്ല. എന്റെ നാട്ടിൽ പതിനായിരക്കണക്കിന് കൃഷി നിലങ്ങളുണ്ട്. ആ കൃഷി നിലങ്ങൾ യഥാർത്ഥത്തിൽ ഡിസംബർ 15-ന് ഓരുമുട്ട് ഇടുന്നതാണ്. ഓരുമുട്ട് യഥാസമയം ഇടാൻ പറ്റാത്ത സാഹചര്യം നിലനിൽക്കുകയാണ്. അതിന് കാരണമെന്താണെന്ന് വച്ചാൽ അതിനു വേണ്ടിയുള്ള ഫണ്ട് യഥാസമയം കിട്ടുന്നില്ല. അത് കൊടുക്കാത്തതുകൊണ്ടാണ് യഥാസമയം കൃഷി നടക്കാത്തത്. അതുകൊണ്ട് ഫണ്ട് കൊടുക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശം ഉണ്ടാകണം. കുത്താട്ടുകുളം മീറ്റ് പ്രോഡക്ട്സ്, ആഗ്രോ ഇൻഡസ്ട്രീസ് പ്ലാന്റേഷൻ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിലെല്ലാം മന്ത്രിയുടെ ഉദ്യോഗസ്ഥൻമാർ ശല്യം ചെയ്യുന്നതുകൊണ്ടാണ്.....

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.....

(മൈക്ക് ഓഫ് ചെയ്തു.)

ശ്രീ. പി. നാരായണൻ: ബഹുമാനപ്പെട്ട മന്ത്രി അതിന് തയ്യാറാകണം എന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്.

മി. ചെയർമാൻ: പുകമറ സൃഷ്ടിക്കുന്ന ആരോപണങ്ങളും അടച്ച് ആക്ഷേപിക്കുന്ന അഭിപ്രായ പ്രകടനവും ദയവു ചെയ്ത് ഒഴിവാക്കണം.

ശ്രീ. ഇസ്ഹാക് കുരിക്കൾ: സർ, കേരളത്തിലെ ജനങ്ങളുടെ പ്രശ്നങ്ങൾക്കുവേണ്ടി നമ്മുടെ റൂറൽ ഡെവലപ്മെന്റ് മിനിസ്റ്ററും അതുപോലെ തന്നെ അഗ്രിക്കൾച്ചറൽ മിനിസ്റ്ററും അവതരിപ്പിച്ച ഡിമാന്റുകളെ ഞാൻ സ്വാഗതം ചെയ്യുകയാണ്. ഉദ്യോഗസ്ഥൻമാർ കേന്ദ്രത്തിൽ പോയി വേണ്ട വിധത്തിൽ സമ്മർദ്ദം ചെലുത്തുന്നില്ല എന്ന് ശ്രീ. പി. നാരായണൻ അടക്കമുള്ള ആളുകൾ പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ അങ്ങയോട് ഞാൻ പറയുന്നു, കേരളത്തിലെ എം. പി.-മാർക്ക് എന്താണ് ജോലി? നമ്മുടെ എം. പി.-മാർ ഇൻഡ്യൻ പാർലമെന്റിൽ കൃഷിക്കാർക്കുവേണ്ടി സംസാരിച്ചിട്ടുണ്ടോ? അവരെ എന്തിനാണ് ജനങ്ങൾ തെരഞ്ഞെടുത്ത് അയച്ചത്. അതിനെക്കുറിച്ച് എന്താണ് പറയാനുള്ളത്? ശ്രീമതി കെ. ആർ. ഗൗരിയമ്മ കാർഷിക രംഗത്ത് കൊണ്ടുവന്നിട്ടുള്ള ഡിമാന്റുകളെ ഞാൻ അംഗീകരിക്കുന്നു. ഇൻഡ്യയ്ക്ക് മാതൃകയായ ലാന്റ് റീഫോംസ് ആക്ട് ഈ നിയമനിർമ്മാണ സഭയിൽ അവതരിപ്പിച്ച പ്രഗത്ഭയായ ഒരു മന്ത്രിയാണ് ശ്രീമതി കെ. ആർ. ഗൗരിയമ്മ എന്ന് ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കട്ടെ. കാർഷിക രംഗത്ത് നിരവധി പ്രശ്നങ്ങളുണ്ടെങ്കിലും കാർഷിക രംഗത്ത് ഒരു മന്ത്രിയെക്കൊണ്ട് ചെയ്യാവുന്ന കാര്യങ്ങൾ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്യുന്ന കാര്യങ്ങൾ സൂക്ഷ്മമായി പരിശോധിച്ച് ചെയ്യേണ്ടതൊക്കെ അവർ ചെയ്യുന്നുണ്ട്. ഒരു കാലഘട്ടത്തിൽ നമ്മുടെ സംസ്ഥാനം കാർഷിക രംഗത്ത് മുൻപന്തിയിൽ ആയിരുന്നു. ഇന്ന് കർണ്ണാടകയിൽ നിന്നും തമിഴ്നാട്ടിൽ നിന്നും രാവിലെ ലോറികൾ നമ്മുടെ പട്ടണങ്ങളിൽ വന്നില്ലെങ്കിൽ നമ്മുടെ സ്ഥിതി എന്തായിരിക്കുമെന്ന് നാം ആലോചിക്കണം. അതുകൊണ്ട് കാർഷിക രംഗത്ത് പുത്തൻ ഉണർവ്വ് ഉണ്ടാക്കാനുള്ള ശ്രമങ്ങൾ ഈ സന്ദർഭത്തിൽ ഉണ്ടാകണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അപേക്ഷിക്കുകയാണ്. കാർഷിക രംഗത്ത് നിരവധി നേട്ടങ്ങൾ നമുക്ക് ഉണ്ടായിട്ടുണ്ട്. ഞാൻ അതിലേയ്ക്ക് പോകണമെന്ന് ആഗ്രഹിക്കുന്നില്ല. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് ഈ സന്ദർഭത്തിൽ ഒരു കാര്യം സൂചിപ്പിക്കാനുണ്ട്. അഗ്രിക്കൾച്ചറൽ കണക്ഷൻ, വൈദ്യുതി രംഗത്ത് ഉണ്ടായിട്ടുള്ള പ്രയാസങ്ങളും അമിതമായ വൈദ്യുതി ചാർജും സംബന്ധിച്ച് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അത് അഗ്രിക്കൾച്ചറൽ മിനിസ്റ്ററുമായി സംസാരിച്ച് കൃഷിക്കാർക്ക് മുൻ കാലങ്ങളിൽ ഉണ്ടായിരുന്നതുപോലെ അഗ്രിക്കൾച്ചറൽ കണക്ഷന് ചാർജ് കുറയ്ക്കുന്നതിനുള്ള നടപടി ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ ക്ഷീര വികസന രംഗത്ത്, നേരത്തെ പച്ചക്കറിയുടെ കാര്യം സൂചിപ്പിച്ചതുപോലെ തമിഴ്നാട്ടിൽ നിന്നും കർണ്ണാടകയിൽ നിന്നും ലോറികൾ വന്നില്ലെങ്കിൽ നമ്മുടെ രാജ്യത്തെ പാൽ വിതരണം സ്തംഭിക്കും. പാൽ വിതരണ രംഗത്ത് ഇന്നുണ്ടാകുന്ന ഭയാനകമായ സ്ഥിതിവിശേഷത്തെക്കുറിച്ച് അങ്ങ് ശ്രദ്ധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. വിഷാംശം കലർന്ന പാലാണ് നമ്മുടെ കേരളത്തിലെ ജനങ്ങൾ കുടിക്കുന്നത്. പാൽ കൊണ്ടുവരുന്ന ലോറികളോ പാലോ ഇന്നേ വരെ പരിശോധിച്ചിട്ടില്ല. ഒരു പരിശോധനയും സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിട്ടില്ല എന്ന് ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കട്ടെ. അതുകൊണ്ട് മിൽമയുടേതായാലും നമ്മുടെ സംസ്ഥാനത്തിന്റേതായാലും മറ്റു സംസ്ഥാനങ്ങളിൽ നിന്നുകൊണ്ടുവരുന്നതായാലും അവിടെ പാൽ പരിശോധിക്കാനുള്ള ഒരു സംവിധാനം അങ്ങ് ഏർപ്പെടുത്തണം. നമ്മുടെ രാജ്യത്ത് നിരവധി ക്ഷീരോൽപ്പാദന സഹകരണ സംഘങ്ങൾ ഉണ്ട്. അനിമൽ ഹസ്ബന്ററി ഡിപ്പാർട്ടുമെന്റുണ്ട്. കന്നുകാലികൾക്കുണ്ടാകുന്ന മാറാരോഗങ്ങളെക്കുറിച്ച് പരിശോധന നടത്തുന്നതിലേയ്ക്കായി ഡോക്ടർമാർ വരുന്നില്ല എന്നുള്ള പരാതിയും ഉണ്ടാകുന്നുണ്ട്. സർ, ഗ്രാമ വികസന രംഗത്ത് ഇൻഡ്യക്ക് തന്നെ മാതൃകയായിക്കൊണ്ട് ശ്രീ. സി. എഫ്. തോമസ്

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തിക്കുന്നു എന്നുള്ളതാണ് സത്യം. അപ്പുറത്തിരിക്കുന്നവർ ഡി.ആർ.ഡി.എ. ഓഫീസിൽ രാത്രി നടക്കുന്ന സംഭവങ്ങളെക്കുറിച്ച് പറഞ്ഞു. ഞാൻ അവരോട് ചോദിക്കട്ടെ നമ്മുടെ പ്രവർത്തകൻമാർ അല്ലെങ്കിൽ നമ്മുടെ ഉദ്യോഗസ്ഥൻമാർ ചെയ്യുന്ന നടപടികൾക്കൊക്കെ മന്ത്രിമാർ ഉത്തരവാദിയാണോ? അവിടെ നിന്ന് മദ്യം കഴിക്കാൻ മന്ത്രിമാർ ഫോണിൽകൂടി പറയുന്നുണ്ടോ? എന്റെ പ്രിയങ്കരനായ സുഹൃത്തായിരുന്ന ശ്രീ. സി. എഫ്. തോമസ് സ്മോക്കിംഗ് പോലും നിർത്തിയിട്ടുണ്ടെന്ന് നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അദ്ദേഹം പുകവലി പോലും നിരോധിച്ച ഒരു മന്ത്രിയാണ്. നിങ്ങൾക്ക് അദ്ദേഹത്തിനെതിരെ അഴിമതി ചൂണ്ടിക്കാണിക്കാൻ സാധിച്ചിട്ടുണ്ടോ? ഞാൻ ആക്ഷേപം ഉന്നയിക്കുകയല്ല. അഴിമതി നിരോധന കമ്മീഷൻ മുഖേന കോടതിയിലോ മന്ത്രിസഭയിൽ ഞാൻ വിശ്വസിക്കുന്ന, ഇത്രയും നല്ല പരിപാവനമായ ആ വകുപ്പുകൾ ഏറ്റെടുത്ത് നടത്തുന്ന സത്യസന്ധനായ ആത്മാർത്ഥതയുള്ള ഒരു മന്ത്രിയെ നിങ്ങൾക്ക് വേറെ കാണാൻ കഴിയുമോ? ബാക്കിയുള്ളവർക്ക് കുഴപ്പമെന്നുള്ളതല്ല അതിന്റെ അർത്ഥം. ശ്രീ. സി. എഫ്. തോമസ് ഏറ്റെടുത്ത ഉത്തരവാദിത്വങ്ങൾ വളരെ സൂക്ഷ്മതയോടുകൂടി ചെയ്യുന്നുണ്ട്. വളരെ വർഷങ്ങളായി എന്റെ അടുത്ത മുറിയിൽ ആയിരുന്നു അദ്ദേഹം താമസിച്ചിരുന്നത്. അതുകൊണ്ട് വളരെ വർഷങ്ങളായി നേരിട്ട് ബന്ധപ്പെടാൻ എനിക്ക് സാധിച്ചിട്ടുണ്ട്. ഏതെങ്കിലും പാർട്ടി പ്രവർത്തകൻമാരോ അല്ലെങ്കിൽ ആരെങ്കിലും തെറ്റ് ചെയ്താൽ, മാർക്സിസ്റ്റ് പാർട്ടി പ്രവർത്തകൻമാർ ചെയ്യുന്ന കുറ്റത്തിന് അങ്ങയുടെ പാർട്ടി നേതാക്കൻമാരും അങ്ങയുടെ മന്ത്രിമാരും ഉത്തരവാദികളാകുമോ? ആരെങ്കിലും എന്തെങ്കിലും ചെയ്താൽ അതിന് മന്ത്രി ഒരിക്കലും ഉത്തരവാദി ആകുകയില്ല. ആ വക കാര്യങ്ങൾ ചെയ്യാൻ അവർ അനുവദിക്കുകയില്ല. ഒരു കാര്യം വളരെ വ്യക്തമാണ്. ഭാരത ഗവൺമെന്റ് ഗ്രാമവികസനത്തിനും കൃഷിക്കും പ്രാധാന്യം നൽകിക്കൊണ്ട് മുന്നോട്ടുപോകുന്നു. ഈ സാഹചര്യത്തിൽ എനിക്ക് വളരെയധികം അഭിമാനം തോന്നുകയാണ്. ബഹുമാനപ്പെട്ട ഗൗരിയമ്മ കൃഷിവകുപ്പിന്റെയും, റൂറൽ ഡവലപ്മെന്റിന്റെ ചുമതല ഏറ്റെടുത്തുകൊണ്ട് ശ്രീ. സി. എഫ്. തോമസും കേന്ദ്രത്തിൽ ഭരിക്കുന്ന ഗവൺമെന്റുമായി സഹകരിച്ചുകൊണ്ട് മുന്നോട്ടു പോകണമെന്നും നമുക്കാവശ്യമായ പ്രോജക്ടുകളുടെ റിപ്പോർട്ടുകൾ അവിടന്ന് സൂചിപ്പിച്ചതുപോലെ എത്രയും പെട്ടെന്ന് കേന്ദ്രത്തിലേയ്ക്ക് അയയ്ക്കുകയും അത് നേടിയെടുക്കാനുള്ള ശ്രമങ്ങൾ ഉണ്ടാകണമെന്നും ഈ രാജ്യത്തിനുവേണ്ടി, രാജ്യത്തിലെ ദരിദ്ര നാരായണൻമാർക്ക് വേണ്ടി ഞാൻ അപേക്ഷിക്കുകയാണ്. ബ്ളോക്ക് തലത്തിൽ നടപ്പിലാക്കുന്ന എല്ലാ കാര്യങ്ങളും ത്രിതല പഞ്ചായത്തുകളുമായി ആലോചിച്ച് അവർ മുഖേനയാണ് നടപ്പിലാക്കുന്നത്. എന്റെ അടുത്ത് കണക്കുകളുണ്ട്. ബ്ളോക്ക് മുഖേന, പഞ്ചായത്തു മുഖേന, ശ്രീ. ചന്ദ്രൻ പ്രസംഗിച്ചപ്പോൾ സൂചിപ്പിച്ചു, എത്ര ഉറുപ്പിക ചെലവാക്കിയെന്ന് എന്റെ അടുത്ത് കണക്കുകളുണ്ട്. അത് ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നില്ല. പ്രധാനമന്ത്രിയുടെ ഗ്രാമ സഡക്ക് യോജനയിൽ 200 റോഡുകളാണ് സി. എഫ്. തോമസിന്റെ കാലഘട്ടത്തിൽ ഈ രാജ്യത്ത് നടപ്പിലാക്കിയത് എന്നു ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കട്ടെ.

LIBRARY ARCHIVES Kerala Legislative Assembly

53 പുതിയ റോഡുകൾ ടെൻഡർ ചെയ്തിട്ടുണ്ട്. 86.37 ഉറുപ്പിക ഈ രംഗത്ത് അനുവദിച്ചിട്ടുണ്ട്. ആർ. ഐ. ഡി. എഫ്. പ്രകാരം 24.99 കോടി രൂപയുടെ 57 റോഡുകളുടെ പ്രോജക്ടുകൾ സി. എഫ്.-ന്റെ കാലഘട്ടത്തിൽ അംഗീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി ഗൗരിയമ്മ നമ്മുടെ ഇൻഡ്യയ്ക്കുതന്നെ അഭിമാനിക്കാവുന്ന ലാന്റ് റിഫോംസ് ആക്ട് നടപ്പിലാക്കി. നമ്മുടെ രാജ്യത്ത് അപ്പുറത്തിരിക്കുന്നവർ "നമ്മൾ കൊയ്യും വയലുകളെല്ലാം നമ്മുടേതാകും പൈങ്കിളിയേ", എന്ന് പാടുകയല്ലാതെ അവർക്ക് ഒരിഞ്ചു ഭൂമി കൊടുക്കാൻ നിങ്ങൾക്ക് സാധിച്ചിട്ടുണ്ടോ? ഗൗരിയമ്മ മഹാനായ ഇ. എം. എസിന്റെ കാലഘട്ടത്തിലാണ് ആ ബിൽ ആദ്യമായി ഈ നിയമസഭയിൽ അവതരിപ്പിച്ചതെന്ന് നെഞ്ചിൽ കൈവച്ചുകൊണ്ട് എനിക്ക് പറയാൻ കഴിയും. ഞാൻ സുദീർഘമായി സംസാരിക്കുന്നില്ല. ബഹുമാനപ്പെട്ട ഗൗരിയമ്മയും അതുപോലെതന്നെ ശ്രീ. സി. എഫ്. തോമസും നല്ല ആത്മാർത്ഥതയുള്ള സത്യസന്ധരായ ഈ മന്ത്രിമാർ അവതരിപ്പിച്ച ഈ ഡിമാന്റുകളെ സഹർഷം സ്വാഗതം ചെയ്തുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

<u>ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:</u> സർ, കൃഷി, മൃഗസംരക്ഷണം, ക്ഷീര വ്യവസായം, സാമൂഹ്യ വികസനം എന്നീ വകുപ്പുകളിലേയ്ക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുന്നു. വളരെ അഭിമാനത്തോടെ, കാരണം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നമ്മുടെ സംസ്ഥാനത്തെ കാർഷിക മേഖല ഏതാണ്ട് "പല്ലില്ലാ പശു പുല്ലില്ലാ പറമ്പിൽ" എന്നപോലെ ആയിരുന്നു ശ്രീകൃഷ്ണൻ കണിയാമ്പറമ്പിലും ശ്രീ. ഇ. ചന്ദ്രശേഖരൻ നായരും ചേർന്ന് കേരളത്തിലെ കാർഷിക രംഗത്തെ ശവപ്പറമ്പാക്കിയിരുന്നു. അതുമാത്രമല്ല നമ്മുടെ കാർഷിക മേഖലയെല്ലാം കാറ്റ് വീഴ്ചയും ദ്രുതവാട്ടവും, വേരുചീയലും മുഞ്ഞരോഗവും മണ്ഡരിയും ഒക്കെ ബാധിച്ച സാഹചര്യം എനിക്ക് മുമ്പ് സംസാരിച്ച എന്റെ ബഹുമാന്യരായ എം.എൽ.എ.-മാർ വി. കെ. ചന്ദ്രനും, പി. നാരായണനും മറന്നിട്ടില്ല എന്നാണ് എന്റെ വിശ്വാസം.

<u>ശ്രീ. കെ. ബാബു:</u> ബഹുമാനപ്പെട്ട ശ്രീ. പ്രയാർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൊപ്ര സംഭരണത്തിനായി 106 കോടി രൂപ കേരളത്തിൽ ലഭിക്കുകയുണ്ടായി. ഈ 106 കോടി രൂപ കർഷകർക്കല്ല, ഇടനിലക്കാരിലാണ് എത്തിച്ചേർന്നതെന്ന് സി.എ.ജി. റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുകയാണ്. ഇത് എ.പി.സി.-യും അതുപോലെതന്നെ ഇന്റലിജൻസ് ഐ.ജി.-യും ചൂണ്ടിക്കാണിച്ചിരിക്കുന്നു. ഈ കുംഭകോണത്തെക്കുറിച്ച് അന്വേഷണം നടത്തേണ്ടതുണ്ടോ എന്നതിൽ അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:</u> അങ്ങ് പറഞ്ഞ കൊപ്ര സംഭരണത്തെ കുറിച്ചുള്ള അഴിമതിയാരോപണം ഇന്നത്തെ മനോരമയിലും വന്നിട്ടുണ്ട്. 106 കോടി രൂപയുടെ അപഹരണം അല്ലെങ്കിൽ ഇടത്തട്ടുകാരുടെ തട്ടിപ്പ് തീർച്ചയായും ഇതിനെ സംബന്ധിച്ച് അന്വേഷിക്കണം. ശ്രീമതി കെ. ആർ. ഗൗരിയമ്മ ഈ വകുപ്പിന്റെ ചുമതല വഹിച്ചതോടുകൂടി കാർഷിക രംഗം ഹരിതാഭമായി. നമ്മുടെ വിളകൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

വിലയും വിപണിയും ഉണ്ടായി. കൃഷി ആദായകരമാകണമെങ്കിൽ കർഷകർക്ക് ന്യായമായ വില ലഭിക്കണം. അതു മാത്രമല്ല ഉപഭോക്താവിന് ഗുണമൂല്യമുള്ള ഉൽപ്പന്നം ലഭ്യമാക്കുകയും വേണം. അതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനുള്ള ശ്രമത്തിലാണ് ഈ ഗവൺമെന്റ്. സർ, ഇപ്പോൾ കൃഷിയെ സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റാണെങ്കിലും കേന്ദ്ര ഗവൺമെന്റാണെങ്കിലും വളരെ ഗൗരവത്തോടു കൂടിയുള്ള പരിഗണന കാണിക്കുന്നു. ബഹുമാന്യനായ മുഖ്യമന്ത്രി തന്നെ ഈ സഭയെ ആ വിവരം അറിയിച്ചു. കർഷകരുടെ കഷ്ടനഷ്ടങ്ങൾ നേരിട്ടു കാണുവാനും അവരെ സാന്ത്വനപ്പെടുത്തുവാനും അവരെ സഹായിക്കുവാനും സമഗ്രമായ പദ്ധതിയുമായി കേരള ഗവൺമെന്റ് മുന്നോട്ടുപോകുന്നു. ഈ വേളയിൽ കേന്ദ്രത്തിലും ബഡ്ജറ്റ് അവതരിപ്പിക്കുകയാണ്. ആ ബഡ്ജറ്റിൽ ഇൻഡ്യയിലെ കർഷകരെ സഹായിക്കാനും സംരക്ഷിക്കുന്നതിനും ആവശ്യമായ പദ്ധതികൾ ഉണ്ടാകും. ആ പദ്ധതികളെ സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് അടിയന്തിരമായി മനസ്സിലാക്കുകയും ഇവിടത്തെ ഉന്നത ഉദ്യോഗസ്ഥൻമാരുമായി ചർച്ച ചെയ്യുകയും അത് കേരളത്തിലെ യഥാർത്ഥ കർഷകരുടെ കൈകളിൽ എത്തിക്കുന്നതിന് ആവശ്യമായ സംവിധാനം ഉണ്ടാക്കുകയും വേണം. നമ്മുടെ അടിസ്ഥാനസൗകര്യങ്ങൾ, വെള്ളത്തിന്റെ കാര്യത്തിലും, വൈദ്യുതിയുടെ കാര്യത്തിലും നല്ല വിത്തിന്റെ കാര്യത്തിലും യന്ത്രവൽക്കരണത്തിന്റെ കാര്യത്തിലും, ഉൽപ്പന്നങ്ങളുടെ സംഭരണകാര്യത്തിലും, വിപണന കാര്യത്തിലുമൊക്കെ ഒരു നല്ല സമീപനം വേണം. "ഞാറ്റിൽ പിഴച്ചാൽ, ചോറ്റിൽ പിഴയ്ക്കും" എന്നുപറയും. ആ പിഴവ് ഈ ഗവൺമെന്റിന് ഉണ്ടായിട്ടില്ല, സർ. ആ പിഴവ് ശ്രീമതി. കെ. ആർ. ഗൗരിയമ്മയ്ക്ക് ഉണ്ടായിട്ടില്ല. ഇൻഫർമേഷൻ ടെക്നോളജിയുടെ ഗുണഫലങ്ങൾ, ബയോ ടെക്നോളജിയുടെ ഗുണഫലങ്ങൾ, നമ്മുടെ രാജ്യത്തെ കാർഷിക പുരോഗതിക്ക് പര്യാപ്തമാകുന്നതിനുവേണ്ടി വിനിയോഗിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കണം. എന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള അനൗദ്യോഗിക പ്രമേയം ഞാൻ ഈ സഭയിൽ അവതരിപ്പിക്കുകയും ഭരണപ്രതിപക്ഷ വ്യത്യാസമില്ലാതെ അതിനെ അംഗീകരിക്കുകയും ചെയ്തു. എന്റെ വ്യക്തമായ അഭിപ്രായം അത് പ്രാവർത്തിക മാക്കുന്നതിനുള്ള ടാസ്ക് ഫോഴ്സിനെ നിയോഗിക്കാൻ ഈ ഗവൺമെന്റ് തയ്യാറാകണം എന്നാണ് മോണിറ്ററിംങ് സംവിധാനം ഉണ്ടാകണം. ഇവാല്യൂവേഷൻ ഉണ്ടാകണം. അതുപോലെതന്നെ അതിൽ പ്രധാനപ്പെട്ട ഘടകങ്ങളായ വെർച്വൽ യൂണിവേഴ്സിറ്റിയാണെങ്കിലും ട്രേഡ് സെക്യൂരിറ്റി സിസ്റ്റമാണെങ്കിലും അല്ലെങ്കിൽ ജൈവവൈവിദ്ധ്യത്തിന്റെ സംരക്ഷണമാണെങ്കിലും കാർഷിക ഉൽപ്പന്നങ്ങളുടെ ഇറക്കുമതിയുടെ തീരുവ കുട്ടുന്ന കാര്യത്തിലാണെങ്കിലും അതുപോലെ നമ്മുടെ നാണ്യവിളകളുടെ ഗുണനിലവാരവും മൂല്യവർദ്ധനവും വർദ്ധിപ്പിക്കുന്ന കാര്യത്തിലാണെങ്കിലും ഒരു വലിയ മാറ്റം നമുക്ക് അനിവാര്യമാണ്. കർഷകനെ സഹായിക്കേണ്ടത് വിള ഇൻഷ്വറൻസിൽ കൂടിയാണ്. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഇന്നലെ പറഞ്ഞു, ഇൻഷ്വറൻസ് സംവിധാനത്തിൽ ഉണ്ടായിരിക്കുന്ന പോരായ്മകൾ പരിഹരിക്കാൻ ഈ ഗവൺമെന്റ് സത്വര നടപടികൾ സ്വീകരിക്കണം. എന്ന് നാണ്യവിളകൾക്ക് ഇൻഷ്വറൻസ് ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

നാണ്യവിളകളെല്ലാം തന്നെ ദക്ഷിണേന്ത്യയുടെ സമ്പത്താണ്. നോർത്ത് ഇൻഡ്യയുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന കേന്ദ്ര മന്ത്രിമാർക്ക് സ്വാഭാവികമായിട്ട് നാണ്യവിളകളുടെ സംരക്ഷണത്തിൽ ആവശ്യമായ താൽപ്പര്യം ഉണ്ടാകാത്തതിനാൽ ബഹുമാന്യനായ മുഖ്യമന്ത്രി മുൻകയ്യെടുത്ത് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരുമായി ആലോചിച്ച് നാണ്യവിളകളെ സംബന്ധിച്ച് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ടാകണം. കുരുമുളകിന്റെ കുത്തക നമുക്കായിരുന്നു. 3000 വർഷങ്ങൾക്ക് മുൻപ് മുതൽ കുരുമുളകിന്റെ ഉൽപ്പാദനത്തെ സംബന്ധിച്ചുള്ള ചരിത്രം നമുക്കുണ്ട്. പക്ഷെ ഇന്ന് ഇൻഡ്യയിൽ കുരുമുളകിന്റെ ഉൽപ്പാദനക്ഷമത ഏറ്റവും കുറവുള്ള സംസ്ഥാനം കേരളമാണെന്ന് വളരെ ദൗർഭാഗ്യത്തോടുകൂടി പറയേണ്ടിയിരിക്കുന്നു. ഒരു ഹെക്ടറിന് 294 കിലോഗ്രാം മാത്രമേയുള്ളൂ. നാളികേരത്തിന്റെ കാര്യം, കേരളം എന്ന പേര് പോലും നമുക്ക് അങ്ങനെ ലഭിച്ചതാണ്. പക്ഷെ ഇവിടെ ഏക്കറിൽ 6349 നാളികേരം മാത്രമേ നമുക്ക് ലഭിക്കുന്നുള്ളൂ. ഈ രംഗത്തൊക്കെ നമുക്ക് ഗവേഷണം ഉണ്ടാകണം. അതിന് ആവശ്യമായ സാഹചര്യമുണ്ടാകണം. സുഗന്ധ വിളകളെക്കുറിച്ച് പഠിക്കുവാനും ഫലപ്രദമായി അതിന്റെ വിന്യാസം വിനിയോഗിക്കാനും നമുക്ക് കഴിയണം. റബ്ബറിന്റെ കാര്യത്തിൽ നമ്മൾ അഭിമാനം കൊള്ളുന്നു. പക്ഷെ ഇന്ന് അതൊരു വ്യാവസായിക ഉൽപ്പന്നം മാത്രമാണ്. വ്യാവസായിക ഉൽപ്പന്നത്തിൽ നിന്ന് അതിനെ കാർഷിക ഉൽപ്പന്നമാക്കി മാറ്റുവാൻ നമുക്ക് കഴിയണം. പദ്ധതികൾ ഇവിടെ നടക്കുന്നുണ്ട്. പദ്ധതികളെ സംബന്ധിച്ചുള്ള ഫിസിക്കൽ ടാർജറ്റ് മാത്രം കണ്ടെത്താൻ നമുക്ക് ഇവിടെ കഴിയുന്നില്ല. ഫിനാൻഷ്യൽ ടാർജറ്റ് മാത്രമാണ് പലപ്പോഴും ഉദ്യോഗസ്ഥൻമാരുടെ ലക്ഷ്യം. ഇതിന് മാറ്റമുണ്ടാകണം. പദ്ധതി പുരോഗതിയെക്കുറിച്ച് ചർച്ച ചെയ്യാൻ നമുക്ക് കഴിയണം. നമുക്ക് അതിന് മോണിറ്ററിംഗ് കൗൺസിൽ വേണം. അതുപോലെ നമുക്ക് സോഷ്യൽ ആഡിറ്റിംഗ് വേണം. ഈ രംഗത്ത് കാർഷിക വികസന ഏജൻസികളുടെ കൂട്ടായ വിന്യാസവും സഹായവും നമുക്ക് ആവശ്യമാണ്. സർ, കേരളത്തിലാണെങ്കിലും ഇന്ത്യയിലാണെങ്കിലും ഏതാണ്ട് 35-ഓളം കാർഷിക വികസന ഏജൻസികളുണ്ട്. അതിന്റെയെല്ലാം പ്രവർത്തനങ്ങൾ മുകൾത്തട്ടിൽമാത്രം നിൽക്കുന്നു. താഴെത്തട്ടിലുള്ള കർഷകനെ സഹായിക്കാനോ കൃഷിഭവനുമായി ബന്ധപ്പെടുത്താനോ ആവശ്യമായ സംവിധാനമില്ല. കർഷകരുടെ ആവശ്യം അറിഞ്ഞുള്ള റിസർച്ച് സംവിധാനം ഉണ്ടാകണം. കർഷകർക്ക് ആവശ്യമായ അറിവാണ്, കാലഘട്ടത്തിന് ആവശ്യമായ അറിവാണ് നമുക്ക് വേണ്ടത്. നമുക്ക് അതിനൊരു പദ്ധതി തയ്യാറാക്കി കാർഷിക സർവ്വകലാശാലയ്ക്ക് കൈമാറാൻ കഴിയണം. നമ്മുടെ സംസ്ഥാനം ഇന്നും വളരെ ശുഷ്കമായ റിസർച്ച് കാര്യങ്ങളുമായിട്ടാണ് മുന്നോട്ടു പോകുന്നത്. ഇന്നും നമ്മുടെ ഉദ്യോഗസ്ഥൻമാർ, അല്ലെങ്കിൽ യൂണിവേഴ്സിറ്റികൾ എൻ.പി.കെ. റിസർച്ചുമായിട്ടിരിക്കുന്നു. നമ്മുടെ സമീപത്തുള്ള കോയമ്പത്തൂർ കാർഷിക സർവ്വകലാശാല, അവിടെ കൊടുക്കുന്ന ഡിഗ്രി ബി.ടെക്കാണ്. ആഗ്രോ ബിസിനസിനെ സംബന്ധിച്ചുള്ള ബി.ടെക്ക്, അഗ്രിക്കൾച്ചർ എഞ്ചിനിയറിംഗിനെ സംബന്ധിച്ച്, അല്ലെങ്കിൽ ജനറ്റിക് എഞ്ചിനിയറിംഗിനെക്കുറിച്ചുള്ള പഠനം എന്തുകൊണ്ട് നമുക്ക് നടത്തിക്കൂടാ. നമുക്ക് എൽ.ബി.എസ്. പോലെയുള്ള സ്ഥാപനമുണ്ട്,

LIBRARY ARCHIVES Kerala Legislative Assembly

കൃഷി വകുപ്പുണ്ട്, കേരള ഗവൺമെന്റുണ്ട്, ഇതെല്ലാം ചേർന്നുകൊണ്ട് കാർഷിക രംഗത്താവശ്യമായ അഗ്രികൾച്ചർ റിസർച്ച് സംവിധാനം എഞ്ചിനിയറിംഗ് കോളേജിനോട് അനുബന്ധിച്ച് ഉണ്ടാക്കാൻ തയ്യാറാകണമെന്നാണ് എന്റെ അഭ്യർത്ഥന. കൃഷിയെ സംബന്ധിച്ച മെക്കനൈസേഷനില്ലാതെ ഈ രംഗത്ത് ഒരടി മുന്നോട്ടു പോകാൻ കഴിയില്ല. നമുക്ക് ഇവിടെ കാർഷികമേഖലയിൽ മെക്കനൈസേഷനുണ്ടാകണം. കൊയ്യാൻ, മെതിക്കാൻ, തൂറ്റാൻ, നല്ല തൊഴിലാളികളെ കിട്ടാനുള്ള സാഹചര്യം ഇന്നില്ല. അതിന് മാറ്റമുണ്ടാക്കാൻ കഴിയത്തക്ക വിധത്തിൽ യന്ത്രവൽക്കരണത്തിൽ പ്രാമുഖ്യമുണ്ടാകണം. പച്ചക്കറികൾ നമ്മുടെ സംസ്ഥാനത്തേയ്ക്ക് തമിഴ്നാട്ടിൽ നിന്നും വരുന്നുണ്ട് എന്ന് പറയുമ്പോൾ നമ്മുടെ പച്ചക്കറികൾ വിദേശത്തേക്കും പോകുന്നുണ്ട്. നമ്മുടെ വെജിറ്റബിൾ സമ്പത്ത് എന്താണെന്നതിനെ സംബന്ധിച്ച് നമുക്കറിയില്ല. നമ്മുടെ വെജിറ്റബിൾ സിറ്റുവേഷൻ എന്താണെന്നതിനെ സംബന്ധിച്ച് ഈ ഗവൺമെന്റ് ഒരു വൈറ്റ് പേപ്പർ ഇറക്കണമെന്നാണ് എന്റെ അഭിപ്രായം. പച്ചക്കറി വികസനമാണെങ്കിലും പുഷ്പകൃഷി വികസനമാണെങ്കിലും, ജൈവകൃഷിയുടെ പ്രാമുഖ്യമാണെങ്കിലും അല്ലെങ്കിൽ ജൈവ സാങ്കേതിക വിദ്യയുടെ പ്രചരണമാണെങ്കിലും ഈ രംഗത്ത് ഗണ്യമായ പുരോഗതി കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടെന്നാണ് എന്റെ അഭിപ്രായം. ഒരു മാർക്കറ്റ് കോൺട്രാക്ട് അല്ലെങ്കിൽ ഒരു പ്രൊഡക്ഷൻ കോൺട്രാക്ട് സംവിധാനം ഈ രംഗത്തുണ്ടാക്കാൻ വളരെ ശ്രദ്ധയോടുകൂടി നമുക്കു കഴിയേണ്ടിയിരിക്കുന്നു. അതുപോലെതന്നെ വളരെ പ്രധാനപ്പെട്ട ഒരു കാര്യം, നമ്മുടെ സംസ്ഥാനത്തെ കാർഷിക വായ്പകളെ സംബന്ധിച്ചുള്ളതാണ്. കാർഷിക വായ്പകളെ സംബന്ധിച്ച് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് മീറ്റിംഗിൽ പങ്കെടുത്തശേഷം ഇവിടെ വായ്പതോത് വർദ്ധിപ്പിക്കുമെന്ന് പറഞ്ഞു. സർ, കഴിഞ്ഞ വർഷത്തെ റിപ്പോർട്ടാണ് എന്റെ കൈയിൽ ഇരിക്കുന്നത്. നിലവിലുള്ള സംവിധാനംപോലും വേണ്ടത്ര രീതിയിൽ വിനിയോഗിക്കാനും കർഷകരെ സഹായിക്കാനും പര്യാപ്തമായ നിലയിൽ നമ്മുടെ ബാങ്കിംഗ് സഹകരണ മേഖലയെ വിനിയോഗിക്കാൻ കഴിയുന്നില്ല. വായ്പാ തോത്—പ്ലാന്റേഷൻ മേഖലയിൽ കേവലം 45 ശതമാനം മാത്രമാണ്. ലാൻഡ് ഡെവലപ്മെന്റിൽ കേവലം 4.6 ശതമാനം. മൈനർ ഇറിഗേഷനിൽ 6.3 ശതമാനം. അതുപോലെതന്നെ ഫാം മെക്കനൈസേഷനിൽ 1.5 ശതമാനം മാത്രമാണ്. ഇതിനൊരു മാറ്റമുണ്ടാക്കി ദീർഘകാല വായ്പകൾ ഈ രംഗത്ത് ബാങ്കുകളിൽനിന്നും നൽകുന്നതിന് നമുക്ക് കഴിയണം. കർഷകരുടെ കടങ്ങൾക്ക് ഇപ്പോൾ മോറട്ടോറിയം പ്രഖ്യാപിച്ചിരിക്കുന്നു. അതിന് ഈ ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. അത് ഒരു വർഷത്തേയ്ക്ക് മാത്രമാണ്. അത് ദീർഘിപ്പിക്കണം. ചെറുകിട കാർഷിക കടങ്ങൾ എഴുതി തള്ളാൻ പര്യാപ്തമായ സാഹചര്യം നമുക്കുണ്ടാക്കണം. നമ്മുടെ സംസ്ഥാനത്തെ ക്ഷീരോൽപാദന രംഗം—വളരെ അഭിമാനത്തോടുകൂടി 1982 മുതൽ 2000 വരെ ആ സ്ഥാപനത്തെ നയിച്ച ഒരാളാണ് ഞാൻ അന്ന് ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. ആ പുരോഗതി പിടിച്ചുനിറുത്താൻ പര്യാപ്തമായ പദ്ധതികളും പരിപാടികളും ഗവൺമെന്റ് നടത്തണമെന്നാണ് എന്റെ അഭ്യർത്ഥന. നമ്മുടെ സംസ്ഥാത്ത് ഇപ്പോഴുണ്ടായിരിക്കുന്ന ഗതികേട്, അടുത്തകാലത്ത് Cattle Census

LIBRARY ARCHIVES Kerala Legislative Assembly

നടന്നു, അത് നടന്നപ്പോൾ കറവ മാടുകളുടെ എണ്ണം 25 ശതമാനം കുറഞ്ഞു. പാലുൽപാദനത്തിൽ കുറവുണ്ടായി. അതിനൊരു മാറ്റമുണ്ടാക്കത്തക്ക നിലയിൽ പുതിയ സങ്കരവർഗ്ഗം പശുക്കളെ കണ്ടെത്താനും കർഷകരെ സഹായിക്കാനും പര്യാപ്തമായ സമഗ്രമായ പദ്ധതി തയ്യാറാക്കണം, ഇന്നലെകളിലെ വീഴ്ചകൾ നമുക്കെല്ലാപേർക്കും അറിയാമല്ലോ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മൃഗാശുപത്രികളിൽ കൊടുത്തിരുന്ന മരുന്നിന്റെ പേരിൽ ലക്ഷക്കണക്കിനു രൂപയുടെ അഴിമതി നടന്നു. അതിന്റെ ദുരന്തമനുഭവിച്ചത് കേരളത്തിലെ കർഷകരാണ്. ഇന്നും വേണ്ടത്ര മരുന്നുകൾ നമ്മുടെ ആശുപത്രികളിൽ കിട്ടുന്നില്ല. ഇവിടെ പ്രതിപക്ഷാംഗങ്ങൾ ചില ആക്ഷേപങ്ങൾ ഉന്നയിച്ച് പുകമറ സൃഷ്ടിച്ചു എന്നത് ഈ രംഗത്തുണ്ടായ ഗണ്യമായ പുരോഗതി കാണാത്തതു കൊണ്ടാണ്. കാർഷിക രംഗമാണ് നമ്മുടെ അടിസ്ഥാനപരമായ പുരോഗതിയുടെ പ്രധാന ഘടകമെന്ന് മനസ്സിലാക്കാൻ തയ്യാറാകണമെന്നുകൂടി അഭ്യർത്ഥിച്ചു കൊണ്ട് കേരളത്തിലെ ക്ഷീരകർഷകരാണെങ്കിലും ഇതര കർഷകരാണെങ്കിലും വളരെ പ്രതീക്ഷയോടുകൂടി കാണുന്ന ഈ വകുപ്പിനെ കൂടുതൽ ധന്യമായി മുന്നോട്ടു കൊണ്ടുപോകാൻ കഴിയണം.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> നമ്മുടെ സംസ്ഥാനത്ത് 1997-98-ൽ 27 ലക്ഷം മെട്രിക് ടൺ പാലുൽപാദിപ്പിച്ചു. കൃഷിക്കാർക്കുള്ള പണത്തിന്റെ 70 ശതമാനം ത്രിതല പഞ്ചായത്തുകൾവഴി ലഭിച്ചതിനു ശേഷം കുറേ ആടും പശുവും എരുമയും കൊടുത്തതിനുശേഷം, 2002-03-ലെ ഇക്കണോമിക് റിവ്യൂവിലെ ഫിഗേഴ്സ് 27 ലക്ഷത്തിൽനിന്നും 23 ലക്ഷമായിട്ട് കുറഞ്ഞു. എന്താണ് അതിന്റെ കാരണമെന്ന് അങ്ങേയ്ക്കറിയാമോ?

<u>ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:</u> കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്—ജനകീയാസൂത്രണ കാലഘട്ടത്തിൽ പശുവും ആടും എരുമയും വാങ്ങിയതായി രേഖയുണ്ടാക്കി എന്നതല്ലാതെ നിലവിലുള്ളത് പോലും നിലനിർത്താൻ കഴിഞ്ഞില്ലെന്ന ദൗർഭാഗ്യകരമായ സാഹചര്യമാണ് പാൽ ഉല്പാദനത്തിൽ കുറവുണ്ടാക്കിയത് എന്ന് ഞാൻ വിശ്വസിക്കുന്നു. 'ഏട്ടിലെ പശു പുല്ലു തിന്നില്ല' എന്നു പറയും പോലെ 'ജനകീയാസൂത്രണത്തിലെ പശു പുല്ലും തിന്നില്ല പാലും തരില്ല', എന്ന ശൈലി പോലും ആയിട്ടുണ്ട്. ഈ ധനാഭ്യർത്ഥനകളെ വളരെ അഭിമാനത്തോടുകൂടി ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

<u>ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:</u> സർ, കൃഷി മൃഗസംരക്ഷണം മുതലായ വകുപ്പുകളിലെ ധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുന്നു. കഴിഞ്ഞ മൂന്ന് വർഷത്തെ ഐക്യജനാധിപത്യ മുന്നണി സർക്കാരിന്റെ ഭരണ നേട്ടങ്ങളിൽ ഒന്ന് കാർഷിക വിളകൾക്ക് ലഭിച്ച ന്യായവില എന്നതാണ്. ഭാവനാ സമ്പൂർണ്ണമായ കാർഷികനയം നടപ്പിലാക്കുന്ന വകുപ്പുമന്ത്രി ശ്രീമതി കെ.ആർ. ഗൗരിയമ്മയ്ക്ക് സ്വന്തം ഭരണനേട്ടങ്ങളുടെ പട്ടികയിൽ മൂന്ന് വർഷത്തെ ഭരണനേട്ടങ്ങൾകൂടി തുന്നിച്ചേർക്കാവുന്നതാണ്. കർഷകൻ നാടിന്റെ നട്ടെല്ലും കർഷകനും കർഷകത്തൊഴിലാളിയും ഒരേ നാണയത്തിന്റെ ഇരുവശങ്ങളുമാണെന്ന യാഥാർത്ഥ്യം

LIBRARY ARCHIVES Kerala Legislative Assembly

മനസ്സിലാക്കിക്കൊണ്ട് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി കൃഷി വകുപ്പിൽ നടത്തിയിരിക്കുന്ന വിപ്ലവകരമായ പരിഷ്ക്കാരങ്ങൾ ശ്ലാഘനീയം തന്നെയാണ്. 1996-2001 വരെ ഈ സംസ്ഥാനത്ത് ഇടതുപക്ഷ മുന്നണിയുടെ ഭരണമായിരുന്നു. നാളികേരം, കാപ്പി, തേയില, റബ്ബർ മുതലായ കാർഷിക വിളകളുടെ വില വളരെയധികം കുറഞ്ഞു. നാളികേരത്തിന് രണ്ടു രൂപ വിലയായ കാലഘട്ടമുണ്ടായി. അതുപോലെ റബ്ബറിന് കിലോയ്ക്ക് 20 രൂപ വരെയായ കാലഘട്ടമുണ്ടായി. ഇന്ന് കാർഷികമേഖലയിൽ ശക്തമായ ഒരു മാനേജുമെന്റുണ്ട്. കർഷകരെ നിലനിറുത്താനും സഹായിക്കാനുമായിട്ട് കാർഷിക കടങ്ങൾക്ക് ഒരു വർഷത്തെ പലിശയും പിഴപ്പലിശയും ഒഴിവാക്കിയിട്ടുണ്ട്. കാപ്പി, തേയില തോട്ടങ്ങളിലെ ആദായ നികുതി രണ്ട് വർഷത്തേയ്ക്ക് ഒഴിവാക്കിയിട്ടുണ്ട്. കാർഷിക സഹകരണ ബാങ്കുകളിൽ നിന്നുള്ള കടങ്ങൾക്ക് 2004 ജനുവരി 23 മുതൽ 2005 ജനുവരി 23 വരെ ഇളവ് കൃഷിക്കാരന് അനുവദിച്ചിട്ടുണ്ട്. കൃഷിക്കായി മാറ്റിവച്ചിരിക്കുന്ന വൻതുകയിൽനിന്നും 25 കോടി രൂപ നഷ്ടപരിഹാരങ്ങൾക്കായി നീക്കിവച്ച നടപടികൾ കൃഷിക്കാരന് ആശ്വാസം നൽകുന്നതാണ്. കൃഷിനാശം സംഭവിച്ചിരിക്കുന്ന കൃഷിക്കാർക്ക് നഷ്ടപരിഹാരം ഇരട്ടിയാക്കിയിട്ടുണ്ട്. ഇതൊരു ചെറിയ ആശ്വാസം മാത്രമാണ്. കൃഷിക്കാർ ബാങ്കിൽനിന്നും ലോണെടുത്ത് കൃഷിയിറക്കിയത്, പ്രകൃതിക്ഷോഭംമൂലം കാർഷിക വിളകൾക്ക് നഷ്ടം സംഭവിച്ചാൽ, കർഷകർക്ക് തുക ബാങ്കിലടയ്ക്കുവാനോ കൃഷിയിറക്കുവാനോ യാതൊരു നിർവ്വാഹവും ഇല്ലാത്ത അവസ്ഥയാകും. അതുകൊണ്ട് എനിക്ക് നിർദ്ദേശിക്കാനുള്ളത്, കൃഷിനാശം ഉണ്ടായാൽ അതിൽനിന്നും ഉണ്ടാകുന്ന കടങ്ങൾ പൂർണ്ണമായും എഴുതിത്തള്ളാനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കണമെന്നാണ്. ഈ സർക്കാരിന്റെ വലിയൊരു നേട്ടമാണ് നെൽ സംഭരണംമൂലം നെൽകൃഷിക്കാർക്കുണ്ടായിരിക്കുന്ന വൻലാഭം. ഇന്ന് അനേകം കർഷകർ കൃഷിയിലേയ്ക്ക് വരുവാനും കൃഷി ചെയ്യാനും പ്രേരിതരായിട്ടുണ്ട്. നെല്ല് സംഭരണംമൂലം 3 വർഷക്കാലമായിട്ട് അപ്പർ കുട്ടനാട് ഏരിയയിൽ 850 രൂപ ഇന്ന് കർഷകർക്ക് ലഭിക്കുന്നുണ്ട്. ഒരു കാര്യം കൃഷി മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. കേരളം ഇന്നൊരു പ്രതിസന്ധിയെ നേരിടുന്നു. ഫെർട്ടിലൈസർ കൃഷിക്ക് ആവശ്യമാണ്. കൃഷി ഇറക്കികൊണ്ടിരുന്ന സമയത്ത് പാലക്കാട് മുതലായ സ്ഥലങ്ങളിൽ പൊട്ടാഷ്യം എന്ന ഫെർട്ടിലൈസറിന്റെ കുറവുണ്ടായിരുന്നു. ഇത് നമ്മുടെ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നതല്ല. ഇത് വിദേശത്ത് നിന്ന് വരുന്ന ഫെർട്ടിലൈസറാണ്. പാർലമെന്റ് ഇലക്ഷന്റെ പശ്ചാത്തലത്തിൽ കേന്ദ്ര മന്ത്രിസഭ ഈ പൊട്ടാഷ്യം ഓർഡർ ചെയ്യാൻ കാലതാമസം വരുത്തി. തൻമൂലം പൊട്ടാഷ്യത്തിന്റെ ലഭ്യത വളരെ കുറവാണ്. ഈ ഫെർട്ടിലൈസർ ലഭിക്കുന്ന ഏക ഏജൻസി ഇൻഡ്യൻ പൊട്ടാഷ്യം ലിമിറ്റഡാണ്. അതിന് സഹിഷ്ണുതയിട്ടുള്ള ഓർഡർ പ്ലെയ്സ് ചെയ്യാൻ കേരളത്തിൽ നിന്ന് ജയിച്ചുപോയ എം.പി.മാർ ശ്രദ്ധചെലുത്തിയിട്ടില്ല. തൻമൂലം ഇന്ന് കേരളത്തിൽ പൊട്ടാഷ്യം ലഭ്യമല്ല. അതിനാവശ്യമായ അടിയന്തിര നടപടി കൃഷിവകുപ്പുമന്ത്രി എടുക്കുമെന്ന് വിശ്വസിക്കുന്നു. ഇന്ന് കുട്ടനാടൻ കർഷകരെ അലട്ടിക്കൊണ്ടിരിക്കുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നമാണ് ഓരുകയറ്റം. പാടശേഖരങ്ങളിൽ ഓരുകയറി കൃഷി നശിച്ചുകൊണ്ടിരിക്കുന്നു അത് തടയുന്നതിനുവേണ്ടി സർക്കാർ അടിയന്തിര നടപടികളെടുക്കുകയും അതിനുള്ള സംവിധാനങ്ങളേർപ്പെടുത്തുകയും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യണം. കൃഷി വകുപ്പിന്റെ ഏറ്റവും വലിയ ഒരു നേട്ടമാണ് കുട്ടനാടൻ നെൽകൃഷി വികസന പ്രോജക്റ്റ് നടപ്പിലാക്കുന്നത്. 200 കോടി രൂപയുടെ പ്രോജക്റ്റാണ് അതിൽകൂടി ഏറ്റെടുത്തിരിക്കുന്നത്. അഞ്ചുവർഷക്കാലത്തിനിടയ്ക്ക് നടപ്പിലാക്കേണ്ട ഒരു സമഗ്രമായ പദ്ധതിയാണ്. അതിന് എം.ഒ.യു സൈൻ ചെയ്തിരിക്കുകയാണ്. നബാർഡുമായി കൂടിച്ചേർന്ന് ഒരു വൻപ്രസ്ഥാനം കൃഷിമേഖലയിൽ നടത്തുന്നുണ്ട്. അങ്ങനെ അനേകം നേട്ടങ്ങൾ ഉണ്ടാക്കിവച്ചിരിക്കുന്ന ഈ വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുകയാണ്.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. വി. കെ. ചന്ദ്രൻ]

<u>ശ്രീ. കെ. കെ. ഷാജു:</u> കൃഷി, മൃഗസംരക്ഷണം, ക്ഷീരവ്യവസായം, സാമൂഹ്യവികസനം തുടങ്ങിയ വകുപ്പുകളുടെ ഡിമാന്റുകളെ ഞാൻ പിൻതാങ്ങുകയാണ്. സംസ്ഥാനത്തെ സമ്പദ്ഘടനയുടെ അഞ്ചിലൊന്ന് മാത്രമാണ് കാർഷിക മേഖല നൽകുന്ന സംഭാവന. എങ്കിലും ലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിലും ഗ്രാമീണ സമ്പദ്ഘടനയുടെ സംരക്ഷണവും കാർഷിക മേഖലയാണ് നിർവ്വഹിക്കുന്നത്, ഉറപ്പ് വരുത്തുന്നത്. അപ്പുറത്തിരിക്കുന്ന ആളുകൾ ഇതെല്ലാം ബോധപൂർവ്വം മറയ്ക്കാൻ ശ്രമിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന സന്ദർഭത്തിൽ പരമ്പരാഗത കാർഷിക മേഖലയും മറ്റ് മേഖലകളുമെല്ലാം ആകെ തകർന്നിരുന്നു. ഇവിടെ ഒന്നും ചെയ്യാൻ കഴിഞ്ഞിരുന്നില്ല. പ്രധാനപ്പെട്ട കാർഷിക വിളകൾ കൃഷിക്കാരന് ബാദ്ധ്യതയായി മാറുന്ന ഒരവസ്ഥ വന്നു. നാളികേരം, നെല്ല്, റബ്ബർ ഇതൊക്കെ തകർന്നടിഞ്ഞു. കൂനിൻമേൽ കുരു എന്നപോലെ ഡബ്ല്യു.ടി.ഒ വന്നു. 1995-ലാണ് ഡബ്ല്യു.ടി.ഒ കരാർ നിലവിൽ വന്നത്. കരാറിന്റെ പാർശ്വഫലങ്ങൾ കേരളത്തിലെ കർഷകർക്ക് ദുരന്തമായി മാറി. 1996 മുതൽ 2001 വരെ ഭരിച്ചവർ അപ്പുറത്തിരിക്കുന്നുണ്ട്. ഡബ്ല്യു.ടി.ഒ വന്ന സമയത്തും അത് കരാറായതിനുദ്ദേശവും ഇവിടെ ഭരിച്ചുകൊണ്ടിരുന്നത് ഇവരായിരുന്നു. 1996 മുതൽ 2001 വരെ അവർ ഇവിടെ ഒന്നും ചെയ്തില്ല എന്ന് ഞാൻ പറയുന്നില്ല. അവർ മുദ്രാവാക്യം വിളിച്ചു, പ്രകടനം നടത്തി, പിക്കറ്റിംഗ് നടത്തി, 'ഗാട്ടിനും' ഡബ്ല്യു.ടി.ഒ.യ്ക്കും എതിരായിട്ട് കേരളത്തിൽ ബന്ദ് നടത്തി. കൃഷിക്കാരന്റെയും കർഷകത്തൊഴിലാളികളുടെയും കണ്ണീരൊപ്പാൻ വേണ്ടി ഒന്നും ചെയ്തിട്ടില്ല 2001-ൽ ഞങ്ങൾ UDF വന്നു. ഞങ്ങൾ ഡോക്ടർ സ്വാമിനാഥനെ കമ്മിഷനായി വച്ചു. ഞങ്ങൾ വന്നതിനുശേഷം ജനിച്ച ആളല്ല ഡോക്ടർ സ്വാമിനാഥൻ എന്ന് പ്രതിപക്ഷം മനസ്സിലാക്കണം. അദ്ദേഹം വളരെ നേരത്തെ ജനിച്ച ആളാണ്. കർഷകത്തൊഴിലാളികളുടെ കാര്യം പറയുമ്പോൾ ലിറ്റർ കണക്കിനാണ് LDF-കാർ കണ്ണീരൊഴുക്കുന്നത്. കൃഷിക്കാരന്റെ കാര്യം പറയുമ്പോൾ ഇവരുടെയൊക്കെ നാക്കിന്റെ നീളം കിലോമീറ്ററാണ്. പക്ഷേ 1996 മുതൽ 2001 വരെ ഈ കരാറുമായി ബന്ധപ്പെട്ടുണ്ടാകുന്ന അനന്തര ഫലങ്ങൾ, ദുരിതങ്ങൾ, കെടുതി എന്നിവയിൽ നിന്നും കേര കർഷകരെ രക്ഷിക്കാൻ ഒന്നും ചെയ്തിട്ടില്ല. നമ്മൾ സ്വാമിനാഥൻ കമ്മിഷനെ നിയമിച്ചു. അദ്ദേഹത്തിന്റെ റെക്കമെന്റേഷൻ വന്നു. ആ റെക്കമെന്റേഷന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി ചെയർമാനും വകുപ്പുമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

ഉപാദ്ധ്യക്ഷയുമായി ഒരു ഉന്നതതല കമ്മിറ്റി വന്നു, അവരുടെ റെക്കമെന്റേഷൻ വന്നതിനുശേഷം അതിന്റെ അടിസ്ഥാനത്തിൽ എത്രയോ നടപടികൾ കേരളത്തിൽ വന്നുകഴിഞ്ഞു. അന്ന് കേന്ദ്രമന്ത്രി മുരൈശൊല്ലിമാരന്റെ മുന്നിൽ നമ്മൾ സ്വാമിനാഥൻ കമ്മിഷന്റെ റെക്കമെന്റേഷൻ കൊണ്ടുപോയി. അദ്ദേഹം കാങ്കണിൽ (ഉച്ചകോടി) പോയി. ഇവിടെ കാങ്കൺ എന്താണെന്ന് തിരിച്ചറിയാത്ത ആളുകൾ ഉച്ചകോടിക്കെതിരായിട്ട് വലിയ സെമിനാറുകൾ നടത്തി. ഇറക്കുമതി തീരുവ വർദ്ധിപ്പിക്കുന്നതടക്കം അഖില ലോക രാജ്യങ്ങളുമായി ബന്ധപ്പെട്ടുള്ള തീരുമാനങ്ങൾ വന്നു. അതിന്റെയടിസ്ഥാനത്തിൽ ഇറക്കുമതി തീരുവ വർദ്ധിപ്പിച്ചു. നെല്ലിനും റബ്ബറിനും നാളികേരത്തിനും വില വർദ്ധനവുണ്ടായി. എന്റെ പി. സി. ജോർജേ, ജോർജിന്റെ പാർട്ടിക്കാരും മന്ത്രിയും ഭരിച്ചുകൊണ്ടിരുന്നപ്പോൾ നാളികേരത്തിന്റെ വില 2 രൂപയാണെന്ന് പറഞ്ഞില്ലേ? റബ്ബറിന്റെ വില എന്തായിരുന്നു? റബ്ബറില്ലെങ്കിൽ ജോർജില്ല. അതറിയാമല്ലോ. അതാണ് ഈ കേരളം. അതാണ് കാർഷിക മേഖല. ആ റബ്ബറിന് അന്ന് 22 രൂപാ വരെ വില താഴ്ന്നപ്പോൾ അന്നും എൽ.ഡി.എഫ് ഗവൺമെന്റിന്റെ ഭാഗമായിരുന്ന ഈ ജോർജ് എന്തുകൊണ്ട് തുങ്ങിമരിച്ചില്ല എന്നാണ് ഞാൻ ചോദിക്കുന്നത്. എന്ത് കഷ്ടം? ഇപ്പോഴത്തെ കൃഷിവകുപ്പിന്റെ പുനഃസംഘടനയും അഭിവൃദ്ധിയും കണ്ടിട്ട് അസൂയപ്പെട്ടിട്ടൊന്നും കാര്യമില്ല. നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിന് വേണ്ടി ഒരുപാട് റെക്കമെന്റേഷൻ വന്നു. Virtual University -യെ സംബന്ധിച്ച് Herbal Bio Valley-യെ സംബന്ധിച്ച് എന്തെല്ലാം കാര്യങ്ങൾ വന്നു. ആ റെക്കമെന്റേഷനിൽ കുറേയധികം നടപ്പിലാക്കാൻ ശ്രമിക്കുകയാണ്. മൂന്ന് വർഷം മാത്രമേ ആയിട്ടുള്ളൂ. 5 വർഷക്കാലം ഇവിടെ നിന്ന്, കിടന്ന്, ഇരുന്ന് ഭരിച്ച ആളുകളാണ് അപ്പുറത്തിരിക്കുന്നത്. ശ്രീ. നാരായണൻ ചോദിക്കുകയാണ്, എന്തുകൊണ്ട് ജോർജ് മാഷ് കൊണ്ടുവന്ന പദ്ധതി നടപ്പിലാക്കിയില്ല എന്ന്. ശ്രീ. നാരായണന്റെ പാർട്ടിക്കാരല്ലേ ഇവിടെ കുറേക്കാലം ഭരിച്ചത്. എന്തുകൊണ്ട് പദ്ധതി വന്നില്ല. നടപടി എടുത്തില്ല?

ശ്രീ. പി. നാരായണൻ: ബഹുമാനപ്പെട്ട അംഗം ഷാജുവിനോട് എനിക്ക് ഒരു ചോദ്യമാണ് ചോദിക്കാനുള്ളത്. ഒരു ലക്ഷം യുവ കർഷകരിൽ ഷാജുവും അംഗമാണല്ലോ? ഇന്നുവരെ ഇവർക്ക് വേണ്ടി എന്തെല്ലാം കാര്യങ്ങളാണ് ചെയ്തതെന്ന് പറയാമോ?

ശ്രീ. കെ. കെ. ഷാജു: ശ്രീ. നാരായണൻ പറഞ്ഞത് ശരിയാണ്. ആ പദ്ധതിയിൽ ഞാനും അംഗമാണ്. ആ പദ്ധതി നടപ്പിലാക്കണമെങ്കിൽ ആയിരക്കണക്കിന് കോടി രൂപ വേണം. എന്നാലേ പിരിഞ്ഞുപോകുന്ന ആളുകൾക്ക് ഒരു ലക്ഷം രൂപ കൊടുക്കാൻ കഴിയൂ, അവർക്ക് 1,000 രൂപ പെൻഷൻ കൊടുക്കാൻ പറ്റൂ.

ശ്രീ. കെ. സി. വേണുഗോപാൽ: ഇപ്പോൾ ശ്രീ. നാരായണൻ പറഞ്ഞത് ഒരു ലക്ഷം രൂപയുടെ പദ്ധതിയെ സംബന്ധിച്ചാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലത്ത് ഈ സ്കീമിന് വേണ്ടി ഒന്നും ചെയ്തില്ല. ശ്രീ. പി. പി. ജോർജ്

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിയായിരുന്നപ്പോൾ തുടങ്ങി, അതുകഴിഞ്ഞ് 5 വർഷക്കാലം ഈ നാട്ടിലെ കൃഷി വകുപ്പുമന്ത്രിയായിരുന്നത് ശ്രീ. കൃഷ്ണൻ കണിയാംപറമ്പിലായിരുന്നു. എന്നിട്ടും അത് നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. മാത്രമല്ല പാവപ്പെട്ട കർഷകർക്ക് പമ്പിംഗ് സബ്സിഡി, ബോണസ് എന്നിവ ശ്രീ. കൃഷ്ണൻ കണിയാമ്പറമ്പിൽ മന്ത്രിയായിരുന്ന സമയത്ത് കിട്ടിയിട്ടില്ല എന്ന വിവരം അങ്ങേയ്ക്കറിയാമോ?

ശ്രീ. കെ. കെ. ഷാജു: കൃഷ്ണൻ കണിയാംപറമ്പിൽ ഭരിച്ചു കൊണ്ടിരുന്ന സന്ദർഭത്തിൽ കാർഷിക മേഖലയിലെ പമ്പിംഗ് സബ്സിഡി അടക്കം 6 കോടി രൂപയുടെ കുടിശ്ശികയുണ്ടായിരുന്നതു നമ്മുടെ നാട്ടിലെ കർഷകർ എത്രയോ കഷ്ടപ്പെട്ടതാണ്. ഇവിടെ എപ്പോഴും കൊപ്രാ സംഭരണത്തെക്കുറിച്ചാണ് പറയുന്നത്. കൊപ്രാ സംഭരണത്തെ കുറിച്ച് ഇന്നത്തെ മലയാള മനോരമയിൽ സി. ആന്റ് എ. ജി റിപ്പോർട്ട് വന്നിട്ടുണ്ട്. അതിൽ പറയുന്നത്, ഇടതുമുന്നണി ഗവൺമെന്റിന്റെ അവസാനകാലഘട്ടത്ത് നടത്തിയ കൊപ്രാ സംഭരണം അന്ന് വിവാദമുണ്ടാക്കിയിരുന്നു. അതിനെത്തുടർന്ന് 100 കണക്കിന് കോടി രൂപയുടെ അഴിമതി ആരോപണമുണ്ടായി. അതിനെസംബന്ധിച്ച് അന്വേഷിക്കണമെന്ന് ഇന്റലിജൻസ് ഐ.ജി.യും ബന്ധപ്പെട്ട ആളുകളും പറഞ്ഞിട്ട് ഒരു നടപടിയും അന്നുണ്ടായില്ല. ഇവിടെ കൊപ്രാ സംഭരണവും എൻഡോസൾഫാനെയും സംബന്ധിച്ചാണ് പറയുന്നത്. 2000-ൽ അന്നത്തെ കൃഷിവകുപ്പുമന്ത്രി ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ തന്നെ എൻഡോസൾഫാൻ നിരോധിച്ചതാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഒരുതുള്ളി എൻഡോസൾഫാൻ ഇവിടെ ഉപയോഗിക്കുന്നില്ല. 25-8-2001-ൽ പ്ലാന്റേഷനിൽ നിർത്തി. ശ്രീമതി ഗൗരിയമ്മ വന്നതിനുശേഷം അത് പൂർണ്ണമായും അവസാനിപ്പിച്ചു. അതുമാത്രമല്ല രോഗമുള്ള മേഖലയിൽ 5 വർഷത്തേയ്ക്ക് ഒരു കീടനാശിനിയും തളിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിരിക്കുകയാണ്. എന്നിട്ടും യു.ഡി.എഫ് ഗവൺമെന്റിന്മേൽ പഴിചാരുകയാണ്. അടിസ്ഥാനമില്ലാത്ത നുണപ്രചരണങ്ങൾ നടത്തുകയാണ്. ഇതൊന്നും ഇവിടെ വിലപ്പോകില്ല. ഇവിടെ ഒരു പ്രതിപക്ഷനേതാവുണ്ട്. കാള പെറ്റുവെന്ന് കേട്ടാൽ കയറെടുക്കുമെന്ന് പണ്ട് പറഞ്ഞുകേട്ടിട്ടുണ്ട്. ഇത് അങ്ങനെയല്ല. കാള പെറ്റുവെന്ന് കേട്ടാൽ അദ്ദേഹം കാറെടുത്ത് അങ്ങ് പോവുകയാണ്. അദ്ദേഹം നാട്ടിൻപുറത്തെല്ലാം നടന്ന് കൊപ്രയും എൻഡോസൾഫാനുമാണ് പറയുന്നത്. ഇവിടെ ഈ ഗവൺമെന്റ് വന്നതിനുശേഷം കൊപ്രാ സംഭരണം നടത്തിയിട്ടില്ല. എൻഡോസൾഫാൻ തളിച്ചിട്ടില്ല. ഇതെല്ലാം വസ്തുതയായി നിലനിൽക്കെ നാട്ടിൽ പുകമറ സൃഷ്ടിക്കാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. കാർഷിക മേഖലയിലുണ്ടായിട്ടുള്ള മാറ്റമൊന്നും ഇവർ കാണുന്നില്ല. ഈ നാട്ടിലുണ്ടായിട്ടുള്ള പുരോഗതിയൊന്നും ഇവർ കാണുന്നില്ല. കേരളത്തിലെ തൊഴിലില്ലാത്ത ചെറുപ്പക്കാർ ഒരു മാറ്റമുണ്ടാക്കാൻ വേണ്ടി പ്രതീക്ഷയോടുകൂടി കാർഷിക മേഖലയെ ഉറ്റുനോക്കുന്ന ഒരു കാലഘട്ടം കടന്നുവന്നിട്ട് അത് കാണാൻ ഇവർക്ക് കഴിയുന്നില്ല. സർ, "ചെകുത്താൻ സ്വന്തം സത്യത്തിൽ ഒരിക്കലും വരാറില്ല." പലപ്പോഴും മാലാഖയുടെയും ദൈവത്തിന്റെയും രൂപത്തിലാണ് വരുന്നത്. ദൗർഭാഗ്യമെന്ന് പറയട്ടെ, കേരളത്തിൽ സാത്തന്റെ രൂപം പ്രതിപക്ഷത്തിന്റേതാണ്. എല്ലാ തിൻമകളെയും സംബന്ധിച്ച് നന്മകൾക്കെതിരായിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

നിലപാടുകൾ സ്വീകരിക്കുക എന്നല്ലാതെ ഇവിടെ പ്രതിപക്ഷത്തിരിക്കുന്നവർക്ക് എന്താണ് ജോലി? കൃഷി വകുപ്പിന്റെ കീഴിൽ 18 കോർപ്പറേഷനുകളുണ്ട്, അതിൽ പ്ലാന്റേഷൻ കോർപ്പറേഷൻ അടക്കമുള്ള പത്ത് സ്ഥാപനങ്ങൾ ലാഭത്തിൽ പോവുകയാണ്. ഇവിടെ ശ്രീ. നാരായണൻ പറഞ്ഞു, ആളുകളെ തിരുകി കയറ്റിയെന്ന്. ഞങ്ങൾക്ക് ആ ജോലിയില്ല. ഇല്ലാത്ത സ്ഥാപനങ്ങളിൽ ആളുകളെ തിരുകി കയറ്റുന്ന ജോലിയൊന്നും ഞങ്ങൾക്കില്ല. പക്ഷേ ഞങ്ങൾ തികഞ്ഞ സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ട് ഈ മേഖലയിൽ മുന്നോട്ട് പോവുകയാണ്. അതിന്റെ ഫലമായിട്ട് മാറ്റങ്ങൾ വരികയാണ്. പുൽകൃഷി, പഴം, പച്ചക്കറി വിതരണ മേഖല, VFPCK എന്നീ മേഖലകളിൽ എന്തെല്ലാം മാറ്റങ്ങളാണ് വന്നുകൊണ്ടിരിക്കുന്നത്. അഗ്രീവ്ഡ് എക്സ്പോർട്ട് സോൺ തുടങ്ങിയുള്ള ഒരുപാട് കാര്യങ്ങളുമായി ഈ ഗവൺമെന്റ് മുന്നോട്ട് പോവുകയാണ്. എനിക്ക് രണ്ട്, മൂന്ന് നിർദ്ദേശങ്ങൾ വയ്ക്കാനുണ്ട്. നമ്മുടെ സംസ്ഥാനത്ത് കാർഷിക മേഖലയെ പുനഃസംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കാർഷിക മേഖലയിലെ വൈദ്യുതി സബ്സിഡിക്ക് ശരിക്കും ഒരു വർഷം 14, 15 കോടി രൂപയാണ് വേണ്ടത്. ബഡ്ജറ്റ് അലോക്കേഷൻ 3 കോടി രൂപ മാത്രമാണ്. അതുകൊണ്ടാണ് കുടിശ്ശികയുണ്ടാകുന്നത്. കുടിശ്ശികയുണ്ടാകുമ്പോൾ KSEB ഫ്യൂസ് ഊരുകയാണ്. ഈ അവസ്ഥയിൽ അത് ഒഴിവാക്കാൻ വേണ്ടി ബഡ്ജറ്റ് അലോക്കേഷൻ വർദ്ധിപ്പിക്കണം. കുട്ടനാടൻ കാർഷിക മേഖല പോലുള്ള വിപുലമായ കാർഷിക മേഖലയിൽ യന്ത്രവൽക്കരണം വരണം. അതിനാവശ്യമായ നടപടി സ്വീകരിക്കണം. കൃഷിവകുപ്പിന് നാമമാത്രമായ തുകയാണ് ബഡ്ജറ്റിൽ ഇപ്പോഴുള്ളത്. ബഡ്ജറ്റ് അലോക്കേഷൻ വർദ്ധിപ്പിക്കണം. കാർഷിക മേഖലയിൽ ഫുഡ്ഗ്രെയിൻസ് പദ്ധതി നടപ്പിലാക്കുമ്പോൾ അതിനുള്ള ബഡ്ജറ്റ് അലോക്കേഷൻ വേണം. ക്ഷീര കർഷകർക്ക് പെൻഷൻ കൊടുക്കുന്നതിനുള്ള ബിൽ ഈ സമ്മേളനത്തിൽ തന്നെ കൊണ്ടുവരണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. കേരളത്തിൽ ഒരുപാടൊരുപാട് ഭരണപരമായിട്ടുള്ള മാറ്റങ്ങൾക്ക് നേതൃത്വം നൽകിയിട്ടുള്ള ശ്രീമതി ഗൗരിയമ്മയുടെ കാലത്ത് തന്നെ കേരളത്തിലെ ക്ഷീര കർഷകർക്ക് പെൻഷൻ കൊടുക്കാൻ വേണ്ടിയുള്ള പദ്ധതി ഉണ്ടാകണം. ക്ഷീരസംഘങ്ങൾ ഡീലിമിറ്റ് ചെയ്യുന്നതിന് എതിരായി ഹൈക്കോടതിയുടെ സ്റ്റേയുണ്ട്. അത് ഒഴിവാക്കുന്നതിന് വേണ്ടിയുള്ള നടപടികളുണ്ടാകണം. മൃഗസംരക്ഷണ വകുപ്പിൽ വിവരസാങ്കേതിക മേഖലയുടെ സഹായം കൂടി ഉപയോഗപ്പെടുത്തികൊണ്ട് മാറ്റങ്ങളുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു. ഈ ഡിമാന്റുകളെ പിൻതാങ്ങുന്നു.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: സർ, ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ശ്രീമതി ഗൗരിയമ്മ കാണിക്കുന്ന താൽപ്പര്യത്തെ ഞാൻ അഭിനന്ദിക്കുകയാണ്. കഴിഞ്ഞ എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് കുത്തഴിഞ്ഞ് കിടന്നിരുന്ന കാർഷിക രംഗത്തെ അടുക്കും ചിട്ടയുമുള്ള ഒരു വകുപ്പാക്കി മാറ്റുകയും ശക്തമായ നടപടികളിലൂടെ കർഷകർക്ക് ആശ്വാസമേകാൻ പല നടപടികളും സ്വീകരിക്കുകയും ചെയ്ത ശ്രീമതി ഗൗരിയമ്മയെ ഞാൻ ഇത്തരുണത്തിൽ പ്രത്യേകം

LIBRARY ARCHIVES Kerala Legislative Assembly

അഭിനന്ദിക്കുന്നു. എം.എസ്. സ്വാമിനാഥൻ റിപ്പോർട്ട് സർക്കാരിന് ലഭിച്ച ഉടനെ അതിനെക്കുറിച്ച് പഠിക്കാൻ പ്രത്യേകമായി സഭ സമ്മേളിക്കുകയും സഭയിൽ ഉന്നയിച്ച അഭിപ്രായങ്ങൾ ഉൾപ്പെടെ സ്വാമിനാഥൻ റിപ്പോർട്ട് നടപ്പിലാക്കാൻ ശ്രീമതി ഗൗരിയമ്മ അടിയന്തിര നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഇന്ന് കാർഷിക രംഗത്ത് ഒത്തിരിയേറെ പ്രശ്നങ്ങൾ, പ്രത്യേകിച്ച് തെങ്ങ് കൃഷിയെ ബാധിക്കുന്ന പ്രശ്നങ്ങളുണ്ട്. ഇതെല്ലാം പരിഹരിക്കാൻ ഗവൺമെന്റ് സത്വര നടപടി യെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പലതരം രോഗബാധകൾ തെങ്ങ് കൃഷിയെ അലട്ടുന്നതുകൊണ്ട് ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും ഇന്ന് വളരെ കുറഞ്ഞിരിക്കുന്നു. കേരം തിങ്ങും കേരള നാടിന് കേരളം എന്ന പേര് വന്നത് തെങ്ങിന്റെ ആധിക്യം കൊണ്ടാണ്. പക്ഷേ ഇന്ന് നമ്മുടെ സംസ്ഥാനത്തിന് ആ കുത്തക തകർന്നുകൊണ്ടിരിക്കുകയാണ്. "ലാഭകേരമല്ലാത്ത തെങ്ങ് കൃഷി ഉപേക്ഷിച്ച് എണ്ണപ്പന കൃഷിയിലേയ്ക്ക് കർഷകർ മാറണമെന്ന്" കഴിഞ്ഞ എൻ.ഡി.എ ഗവൺമെന്റിന്റെ കാലത്തുള്ള ഒരു സർവ്വേ നിർദ്ദേശിച്ചിരുന്നു. വേര് മുതൽ ഓല വരെ ഉപയോഗപ്രദമായ തെങ്ങ് കൃഷി ഉപേക്ഷിക്കണമെന്ന കഴിഞ്ഞ എൻ.ഡി.എ ഗവൺമെന്റിന്റെ സർവ്വേ തള്ളിക്കളഞ്ഞ് കാർഷിക മേഖലയിൽ ഒരു പൊളിച്ചെഴുത്ത് നടത്തണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോടും സർക്കാരിനോടും പറയാനുള്ളത്. പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ച് ഒട്ടേറെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കാൻ നമുക്ക് സാധിക്കും. തെങ്ങിൽ നിന്നും വെളിച്ചെണ്ണ മാത്രമല്ല ഇളനീർ, വിനാഗിരി, പാൽ, ക്രീം, അരക്ക്, ടിൻ ചെയ്ത നീര എന്നിവ നമുക്ക് കൂടുതൽ ഉൽപ്പാദിപ്പിക്കാൻ സാധിക്കുന്നതാണ്. ഇങ്ങനെ വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടാൽ തെങ്ങ് കൃഷിക്കാരന് നല്ല ലാഭവും ഗവൺമെന്റിന് നല്ല വരുമാനവും ഉണ്ടാകും. സംസ്ഥാന ഗവൺമെന്റ് തുടങ്ങാൻ ആഗ്രഹിക്കുന്ന കാർഷിക കയറ്റുമതി മേഖല സ്ഥാപിക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. കഴിഞ്ഞ കേന്ദ്ര ഗവൺമെന്റിന്റെ കാലത്ത് ഒത്തിരിയേറെ സമ്മർദ്ദം ചെലുത്തിയെങ്കിലും കഴിഞ്ഞ എൻ.ഡി.എ. ഗവൺമെന്റ് അത് തള്ളിക്കളയുക യാണുണ്ടായത്. കേന്ദ്ര ഗവൺമെന്റ് അനുവദിച്ചു തന്നാൽ ഏത്തക്ക, പൈനാപ്പിൾ, നാടൻ പച്ചക്കറികൾ, ഔഷധ സസ്യങ്ങൾ, പൂക്കൾ, കുരുമുളക് എന്നിവയ്ക്ക് ഈ മേഖല വഴി നല്ല നേട്ടങ്ങൾ ഉണ്ടാക്കാൻ സാധിക്കും. ആഗോളവൽക്കരണവും ലോകവ്യാപാര സംഘടനയും കർഷകർക്ക് മുന്നിൽ വെല്ലുവിളി ഉയർത്തുമ്പോൾ ഇതുവരെ കാർഷിക രംഗത്ത് വരാൻ വൈമുഖ്യം കാണിക്കുന്ന ചെറുപ്പക്കാരെ ഈ രംഗത്ത് കൊണ്ടുവരാൻ നമുക്ക് സാധിക്കും. ടിഷ്യുകൾച്ചർ, ഫ്ളോറികൾച്ചർ, ഔഷധ കൃഷി എന്നിവ തുടങ്ങാനും കൃഷി അധിഷ്ഠിത വൻകിട വ്യവസായങ്ങൾക്ക് പകരം ചെറുകിട യൂണിറ്റുകൾ തുടങ്ങാനും നമുക്ക് സാധിക്കണം. അയൽകൂട്ടങ്ങൾ, കുടുംബശ്രീ തുടങ്ങിയവയെ ഏൽപ്പിച്ചാൽ ഈ രംഗത്ത് വലിയ നേട്ടങ്ങളുണ്ടാക്കാൻ നമുക്ക് സാധിക്കും. കേരളത്തിന് വിദേശനാണ്യം നേടിത്തരുന്ന കുരുമുളക്, ഏലം, കശുവണ്ടി, ചുക്ക് എന്നിവയെ സഹായിക്കാൻ നമുക്ക് പുതിയ പദ്ധതികളുണ്ടാകണം. തൃശ്ശൂർ ജില്ലയിലെ 30,000 ഏക്കർ വിസ്തൃതമായ കോൾ കാർഷിക മേഖലയെ പ്രതിനിധാനം ചെയ്യുന്ന ഒരാളാണ് ഞാൻ. കഴിഞ്ഞ പത്ത്, പതിനഞ്ച് വർഷക്കാലം ആ പ്രദേശത്ത് കാര്യമായ ഒരു പ്രവർത്തനവും നടക്കാതെ വളരെയേറെ പ്രയാസങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

അനുഭവിക്കുന്ന ഒരുപാട് പ്രശ്നങ്ങളുണ്ടായിരുന്നു. ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി ശ്രീമതി ഗൗരിയമ്മയെ ഈ പ്രശ്നവുമായി പലവട്ടം സമീപിച്ചപ്പോൾ തുടങ്ങിവച്ച പരിപാടികൾ പൂർത്തിയാക്കാനും നിന്നുപോയവ വീണ്ടും തുടങ്ങാനും ഒരുപാട് പണവും സഹായങ്ങളുമൊക്കെ അവർ ചെയ്തത് നന്ദിപൂർവ്വം ഈ സന്ദർഭത്തിൽ ഞാൻ സ്മരിക്കുകയാണ്. പക്ഷേ കഴിഞ്ഞ എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് മൂന്ന് കോടിയിൽപ്പരം രൂപ അവിടെയുള്ള കോൺട്രാക്റ്റർമാർക്ക് കൊടുത്ത് തീർക്കാനുണ്ടായിരുന്നു. ഈ കോൺട്രാക്റ്റർമാർ ഒന്നിച്ച് കോടതിയിൽ പോവുകയും ഇത് കൊടുത്ത് തീർക്കാതെ മറ്റൊരു ആവശ്യത്തിനും പണം അനുവദിക്കരുതെന്ന് ഹൈക്കോടതി ഇപ്പോൾ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുകയുമാണ്. അതുകൊണ്ട് ശ്രീമതി ഗൗരിയമ്മ മുൻകയ്യെടുത്ത് തുടങ്ങിവച്ച പല പരിപാടികളും ഇപ്പോൾ പണമില്ല എന്നുള്ളതിന്റെ പേരിൽ നിർത്തിവയ്ക്കുന്ന ഒരു സാഹചര്യമുണ്ടായിരിക്കുന്നു. എനിക്ക് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയോടും അതിനേക്കാളുപരി ധനകാര്യവകുപ്പുമന്ത്രിയോടും പറയാനുള്ളത് ഈ ബഡ്ജറ്റിൽ കോൾ കാർഷിക മേഖലയിലെ, പ്രത്യേകിച്ച് 15 വർഷത്തോളമായി മുടങ്ങിക്കിടക്കുന്ന ഈ പ്രദേശത്തെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ 7.53 കോടി രൂപയെങ്കിലും കൂടുതലായിട്ട് നീക്കിവച്ചാൽ മാത്രമേ അവിടെ തുടങ്ങിവച്ച പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സാധിക്കൂ. അതിനുവേണ്ടി പ്രത്യേകമായ ഒരു ബഡ്ജറ്റ് അലോക്കേഷൻ വേണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. കേന്ദ്രത്തിലെ കഴിഞ്ഞ എൻ.ഡി.എ ഗവൺമെന്റിന്റെ കാർഷിക വിരുദ്ധ ഇറക്കുമതി നയംമൂലം ഭാരതത്തിന്റെ നിറം അനുദിനം മങ്ങികൊണ്ടിരിക്കുകയായിരുന്നു. 80%-ലേറെ ജനങ്ങൾ കൃഷിയും അനുബന്ധ തൊഴിലും കൊണ്ട് ജീവിക്കുന്ന കേരളത്തിലെ ജനത മുഴുവൻ പട്ടിണിയിലായി. എൻ.ഡി.എ ഗവൺമെന്റ് കോടിക്കണക്കിന് രൂപ ചെലവഴിച്ച് ഇൻഡ്യ തിളങ്ങുന്നു എന്ന് പ്രചരിപ്പിച്ചിട്ടും കാർഷിക ജനത അവരെ പരാജയപ്പെടുത്തി പുറത്താക്കി. കേന്ദ്രത്തിൽ അധികാരമേറ്റെടുത്ത കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള പുതിയ കേന്ദ്ര ഗവൺമെന്റ് കർഷകരെ രക്ഷിക്കാൻ പല പുതിയ പരിപാടികൾക്കും രൂപം കൊടുത്തിരിക്കുകയാണ്. സി.എം.പി.യുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള പുതിയ പ്രവർത്തനത്തിൽ ഭാരതത്തിലെ കാർഷിക ജനതയെ പ്രോത്സാഹിപ്പിക്കാൻ, അവർക്കാവശ്യമായ അടിയന്തിര സഹായങ്ങൾ കൊടുക്കാൻ ബഡ്ജറ്റിലും സർക്കാരിന്റെ നയത്തിലും പുതിയൊരു മാറ്റമുണ്ടാക്കിയിരിക്കുന്നു. ഇതനുസരിച്ച് കേരളവും പുതിയ മാറ്റങ്ങൾ ഉണ്ടാക്കിയിരിക്കുന്നു എന്നുള്ളത് സന്തോഷകരമാണ്. സംസ്ഥാന ഗവൺമെന്റും കേരളത്തിലെ കർഷകരെ സഹായിക്കാൻ കൂടുതൽ ശ്രദ്ധിക്കുമെന്നും കാർഷിക പദ്ധതികൾക്ക് കൂടുതൽ തുക ബഡ്ജറ്റിൽ നീക്കിവയ്ക്കുമെന്നും വകുപ്പുമന്ത്രി പറഞ്ഞത് ഏറെ പ്രതീക്ഷയോടുകൂടിയാണ് കാർഷിക കേരളം നോക്കി കാണുന്നത്. അടുത്തകാലത്ത് സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ച കർഷകർക്കുള്ള ആനുകൂല്യങ്ങൾ വളരെയേറെ അഭിനന്ദനീയമാണ്. കാർഷിക കടങ്ങൾക്ക് ഒരു വർഷത്തേയ്ക്ക് പലിശയും പിഴപ്പലിശയും ഇല്ലെന്നുള്ളത് വളരെയേറെ ആശ്വാസകരമാണ്.കൃഷി നശിച്ചവർക്ക് നൽകിവരുന്ന നഷ്ട പരിഹാരത്തുക ഇരട്ടിയാക്കാനുള്ള തീരുമാനവും ആശ്വാസകരമാണ്.

LIBRARY ARCHIVES Kerala Legislative Assembly

പ്രകൃതി ക്ഷോഭവും അനുബന്ധ പ്രശ്നങ്ങളും കൊണ്ട് കൃഷി നശിച്ചവർക്കും കൃഷി പണിക്കിടയിൽ അപകടം പറ്റുകയോ മരണമടയുകയോ ചെയ്യുന്ന കർഷകരെയും അവരുടെ കുടുംബാംഗങ്ങളെയും സംരക്ഷിക്കാൻ കുടുംബ സുരക്ഷ പദ്ധതിക്ക് രൂപം നൽകണം. ഇത് ഏറ്റവും അധികം ആവശ്യമായ ഒരു കാര്യമാണ്. മറ്റ് പല ഇൻഷ്വറൻസ് സ്കീമുകളിലും ഇതുപോലുള്ള ഒരു പദ്ധതിയില്ല. കൃഷി പണിക്കിടയിൽ എന്തെങ്കിലും മുറിവ് പറ്റുകയോ അംഗവൈകല്യം സംഭവിക്കുകയോ മരണപ്പെടുകയോ ചെയ്യുമ്പോൾ അവരെ ആശ്രയിക്കുന്ന ഒരു കുടുംബം അനാഥമാകുന്ന ഒരു സാഹചര്യമുണ്ടാകുന്നു. അങ്ങനെയുള്ള കുടുംബാംഗങ്ങളെയും കുടുംബത്തെയു മൊക്കെ രക്ഷിക്കാൻ ഉതകുന്ന ഒരു കുടുംബസുരക്ഷ പദ്ധതിക്ക് പ്രത്യകം രൂപം നൽകണം. വിള ഇൻഷ്വറൻസ് പദ്ധതി ഇന്നുണ്ടെങ്കിലും പലതരം പോരായ്മകൾ കൊണ്ട് ഉദ്ദേശിക്കുന്ന ലക്ഷ്യം നേടാൻ സാധിക്കുന്നില്ല. അതുകൊണ്ട് കൂറ്റമറ്റ രീതിയിൽ ലളിതമായ രീതിയിൽ സുതാര്യമായി കൂടുതൽ ആനുകൂല്യം ലഭിക്കാവുന്ന ഒരു വിള ഇൻഷ്വറൻസ് പദ്ധതി പൂർത്തിയാക്കണം. നബാർഡിൽനിന്ന് നമുക്ക് ലഭിക്കുന്ന തുക വളരെ തുച്ഛമാണ്. മറ്റെല്ലാ സംസ്ഥാനങ്ങളും, കേരളം ഒഴിച്ച്, എല്ലാ മേഖലയിലും നബാർഡിൽ നിന്ന് കോടിക്കണക്കിന് രൂപയാണ് ആവശ്യങ്ങൾക്കു വേണ്ടി വാങ്ങിക്കൊണ്ടു വരുന്നത്. പക്ഷേ നമുക്ക് അത് സാധ്യമാകുന്നില്ല. നമുക്ക് ആവശ്യമനുസരിച്ചുള്ള പ്രോജക്ടുകൾ ഇവിടെ കൊടുക്കുവാൻ സാധിക്കുന്നില്ല. അതുകൊണ്ട് പ്രത്യേകിച്ച് കാർഷിക രംഗത്ത് ഊന്നൽ കൊടുത്തു കൊണ്ടുള്ള ഒത്തിരിയേറെ പരിപാടികൾ, നമുക്ക് ലഭിക്കാവുന്ന ഒട്ടേറെ പ്രോജക്ടുകൾ ഉണ്ടാക്കി കൊടുക്കുവാനും അതുവഴി കാർഷിക രംഗത്ത് ഒരുപാട് ആവശ്യങ്ങൾ നിർവഹിക്കത്തക്ക വിധത്തിൽ നബാർഡിൽ നിന്ന് സാമ്പത്തിക സഹായം ലഭിക്കുവാനും സാധിക്കുന്നു. കർഷകർക്ക് കൊടുക്കുന്ന പലിശ നിരക്ക് വളരെ കൂടുതലാണ്. ഇത് പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമാണ്. ഇന്ത്യയിലുള്ള പല വ്യവസായികൾക്കും നാലു ശതമാനം മുതൽ ആറു ശതമാനം വരെയാണ് ഇപ്പോഴും വ്യാവസായിക ആവശ്യങ്ങൾക്കും മറ്റുമൊക്കെ പലിശയ്ക്ക് പണം കടം കൊടുക്കുന്നത്. പക്ഷേ കർഷകർക്ക് കൊടുക്കുന്നത് എട്ട് ശതമാനം മുതൽ പന്ത്രണ്ടു ശതമാനം വരെയാണ്. കാർഷിക പലിശ ഇളവു ചെയ്താലും കാർഷിക കടങ്ങൾ നീട്ടി കൊടുത്താലും പിന്നെയും കർഷകൻ ഈ പലിശ വച്ചുകൊണ്ടു തന്നെ കടം തുടരണം. അതു കൊണ്ട് അടിയന്തിരമായി എട്ട് ശതമാനം മുതൽ പന്ത്രണ്ടു ശതമാനം വരെ കാർഷിക ആവശ്യങ്ങൾക്ക് വേണ്ടി പലിശ ഈടാക്കുന്നത് മാറ്റി മറ്റു വ്യവസായങ്ങൾക്കു കൊടുക്കുന്ന പരിഗണന വച്ചെങ്കിലും നാലു ശതമാനം മുതൽ ആറു ശതമാനമാക്കി, ഏറ്റവും ചുരുങ്ങിയത് നാലു ശതമാനമാക്കാൻ സർക്കാർ അടിയന്തിരമായി ആവശ്യമായ സമ്മർദ്ദങ്ങൾ ചെലുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കേരളം ഒരു കാർഷിക സംസ്ഥാനമാണ്. നമ്മുടെ സംസ്ഥാനത്തിന്റെ എല്ലാ രംഗത്തും അഭിവൃദ്ധി ലക്ഷ്യമാക്കി കൊണ്ടുള്ള ഒരു വലിയ പൊളിച്ചെഴുത്ത് ഞാൻ പ്രതീക്ഷിക്കുകയാണ്. അതുകൊണ്ട് പുതിയ ബഡ്ജറ്റ് ഉണ്ടാകുമ്പോൾ ഇന്നലെ വരെ ഉണ്ടായതിനെക്കാൾ വിഭിന്നമായി, കർഷകരെ സഹായിക്കുവാനും കാർഷിക ആവശ്യങ്ങൾക്കു വേണ്ട പദ്ധതികൾ രൂപപ്പെടുത്താനും വലിയ ഒരു തുക ബഡ്ജറ്റിൽ നീക്കി വയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന്റെ ഏറ്റവും വലിയ പുരോഗതി കാർഷികമേഖല പുരോഗമിക്കുമ്പോഴാണ്. കർഷകർ സന്തോഷിക്കുമ്പോൾ കേരളം സന്തോഷിക്കുന്നു. കർഷകൻ കരയുമ്പോൾ കേരളം കരയുന്നു. എന്തൊക്കെ സംഭവിക്കുമ്പോഴും എൺപതു ശതമാനത്തിൽ ഏറെ കർഷകരും കർഷക തൊഴിലാളികളും കർഷക പ്രവർത്തനവുമായി ബന്ധപ്പെട്ട സാധാരണക്കാരായ ആളുകളും ബുദ്ധിമുട്ടുമ്പോൾ, തൊഴിലില്ലാതെ നിൽക്കുമ്പോൾ മറ്റേതു മേഖലയിൽ എന്തു വളർച്ച ഉണ്ടായാലും കേരളത്തിന് സന്തോഷിക്കുവാൻ സാധ്യമല്ല. അതുകൊണ്ട് കേരളത്തിലെ കാർഷിക മംഗം സമ്പുഷ്ടമാക്കുവാൻ സർക്കാർ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. ഗ്രാമ വികസന വകുപ്പിനെ കുറിച്ച് ഏറെ സന്തോഷത്തോടുകൂടി പറയുകയാണ്. പൊതുവേ ശാന്തശീലനും സൗമ്യ സ്വഭാവക്കാരനുമായ ഗ്രാമ വികസന വകുപ്പു മന്ത്രി ഏറ്റവും കുറ്റമറ്റ രീതിയിലാണ് കഴിഞ്ഞ മൂന്നു വർഷക്കാലമായി ഈ പ്രവർത്തനങ്ങൾ നമ്മുടെ സംസ്ഥാനത്ത് നടത്തിക്കൊണ്ടിരിക്കുന്നത്. അദ്ദേഹത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഒത്തിരിയേറെ കാര്യങ്ങൾ ഇവിടെ രണ്ടു ബ്ലോക്കുകളിലായിട്ട് കുറ്റമറ്റ രീതിയിൽ നടത്തിക്കൊണ്ടു പോകുന്നു എന്നുള്ളത് സത്യമാണ്. ഇവിടെ ഒരു പുകമറ സൃഷ്ടിച്ച് അഴിമതിയുടെയൊക്കെ കറ പുരളുന്ന രീതിയിൽ കുറ്റങ്ങൾ ആരോപിക്കുവാൻ പലരും പരിശ്രമിക്കുന്നത് ദുഃഖകരമാണ്, ഖേദകരമാണെന്ന് ഞാൻ ഈ സന്ദർഭത്തിൽ പറയുകയാണ്. വളരെയേറെ ആത്മാർത്ഥമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന ഗ്രാമ വികസന വകുപ്പിനെയും കൃഷി വകുപ്പിനെയും ഇതിന്റെ മന്ത്രിമാരെയുമൊക്കെ ആത്മാർത്ഥമായി അഭിനന്ദിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

ശ്രീ. സി. കെ. നാണു: ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വിത്ത് തേങ്ങയുടെ സംഭരണം തുടങ്ങിയ കാലത്ത് കുറ്റിയാടി തൊട്ടിൽപാലം ഭാഗത്തുള്ള തേങ്ങയാണ് കൂടുതലായി കേരളത്തിൽ എല്ലാ കാലത്തും വിത്തിനു
12.00 noon] വേണ്ടി എടുത്തിട്ടുള്ളത്. പക്ഷേ ഇപ്പോൾ ആ ഭാഗത്തുള്ള നാളികേര കൃഷിക്കാർ മുഴുവൻ വലിയ ഉത്കണ്ഠയിലാണ്. കാരണം ഇപ്പോൾ വിത്തു തേങ്ങ സംഭരണം ആരംഭിച്ചു. കാറ്റുവീഴ്ചയൊക്കെ ഉണ്ടായിട്ട് തേങ്ങ ഉല്പാദനം കേരളത്തിൽ വളരെ കുറഞ്ഞ അവസരത്തിലും ഒരു പരിധിവരെ പിടിച്ചുനിന്ന തെങ്ങുകൾ ഏതെന്നു നോക്കിയാൽ കുറ്റിയാടി, തൊട്ടിൽപാലം ഭാഗത്തുള്ളവയാണ്. വിത്തിന്റെ ഗുണത്തിലുണ്ടായ തെങ്ങിലാണ് ഈ ഗുണമുണ്ടായത്. ഈ തെങ്ങിനു പിടിച്ച മണ്ഡരിരോഗം മൊത്തത്തിൽ കേരളത്തിന്റെ പല ഭാഗത്തുമുണ്ട്. തൊട്ടിൽപാലം ഭാഗത്ത് ഒരു വലിയ വിഭാഗം തെങ്ങിൽ ഇന്നും മണ്ഡരി രോഗം പിടിക്കാതെ ആവശ്യത്തിനുള്ള വിത്തു തേങ്ങ ലഭിക്കുന്നതിനുള്ള സൗകര്യമുണ്ട്. സർക്കാർ വന്നില്ലെങ്കിലും പല ഭാഗത്തുനിന്നും ആളുകൾ ഇവിടെവന്നു തൊട്ടിൽ പാലം കുറ്റിയാടി ഭാഗത്തുള്ള വിത്ത് തേങ്ങയും അതിന്റെ തൈകളും വാങ്ങിച്ച് പോയിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് ഏതെങ്കിലും ഉദ്യോഗസ്ഥന്മാർ അവിടത്തെ വിത്ത് തേങ്ങ ഉപയോഗിക്കുവാൻ സാധിക്കുകയില്ല എന്ന് റിപ്പോർട്ട് വല്ലതും തന്നിട്ടുണ്ടെങ്കിൽ അത് ശരിയല്ല. ബഹുമാനപ്പെട്ട മന്ത്രിയോ ഉത്തരവാദപ്പെട്ടവരോ വന്ന് പരിശോധിച്ചാൽ ഇന്നും ആ വിത്ത് തേങ്ങയാണ് ഗുണകരം

LIBRARY ARCHIVES Kerala Legislative Assembly

എന്ന് മനസ്സിലാകും. അതുകൊണ്ട് അവിടെനിന്ന് തേങ്ങ സംഭരിക്കുന്നതിന്റെ തോത് കുറയ്ക്കുന്നതിനോ നിർത്താനോ എടുത്ത തീരുമാനം പുനഃപരിശോധിക്കണം. കുറ്റിയാടി തൊട്ടിൽ പാലം ഭാഗത്ത് ഏതു കാലത്തും വിത്ത് തേങ്ങ സംഭരണം പ്രശ്നമാണ്. അവിടുത്തെ വിത്ത് തേങ്ങ സംഭരിക്കുക എന്നുള്ളത് അത് ഉൽസവം പോലെ അവിടുത്തെ നാട്ടുകാർ കൈകാര്യം ചെയ്യുന്നതാണ്. ഇപ്പോൾ എല്ലാ ഭാഗത്തും സമരങ്ങളാണ്. കോൺഗ്രസ് "ഐ"-യിലും ആ ഭാഗത്തുള്ള എല്ലാ കൃഷിക്കാരുടെ സംഘടനകളും പ്രക്ഷോഭത്തിലാണ്. അത് മനസ്സിലാക്കി വിത്ത് തേങ്ങ സംഭരണം ആരംഭിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു. ഇതുപോലെ ഔഷധ സസ്യങ്ങളെ കുറിച്ചു പറഞ്ഞു. റവന്യൂ വകുപ്പിന്റെ കീഴിൽ തരിശായി കിടക്കുന്ന ഭാഗങ്ങളുണ്ട്; ഈ പ്രദേശങ്ങളെല്ലാം യോജിപ്പിച്ചു കൊണ്ട് ഔഷധ സസ്യങ്ങൾ വച്ചു പിടിപ്പിക്കുവാനുള്ള സംരംഭത്തിന് കൂട്ടായി പരിശ്രമമുണ്ടോ: പാവപ്പെട്ട അഞ്ചു സെന്റ്, പത്തു സെന്റുകാരൻ പോലും ഔഷധസസ്യം വച്ചു പിടിപ്പിച്ചാൽ അത് വാങ്ങിക്കുവാനുള്ള സൗകര്യം എന്താണുള്ളത്? ഔഷധ സസ്യങ്ങൾക്ക് സർക്കാർ കോടിക്കണക്കിനോ ലക്ഷക്കണക്കിനോ രൂപ ചെലവഴിക്കുന്നുണ്ട്. എങ്കിൽ ഔഷധ സസ്യങ്ങൾ ഉണ്ടായിക്കഴിഞ്ഞാൽ അത് വാങ്ങിക്കുവാനുള്ള സൗകര്യം എന്താണ്? പ്രധാനമായ പ്രശ്നം വാങ്ങിക്കുന്നതിനാണ്. വടകര ഭാഗത്തൊക്കെ കർഷകസംഘടനകളുടെ പ്രചരണത്തിന്റെ ഫലമായി ഔഷധ സസ്യങ്ങൾ നട്ടു പിടിപ്പിച്ചിട്ടുണ്ട്. പക്ഷേ അത് വാങ്ങുന്നതിനുള്ള ഒരു സംവിധാനം ഉള്ളതായി എനിക്ക് കാണാൻ സാധിക്കുന്നില്ല. ഇതുപോലെ കുടിവെള്ള വിതരണ പദ്ധതിയുടെ ഭാഗമായിട്ട്, വൃഷ്ടി പ്രദേശ സംരക്ഷണത്തിനുള്ള പദ്ധതിയുടെ ഭാഗമായി കൃഷി വകുപ്പിന്റെ മണ്ണ് സംരക്ഷണത്തിന്റെ ഭാഗമായി, ഈ വൃഷ്ടി പ്രദേശം സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പറയുന്നു. ഏതു ഭാഗത്താണ് ഈ മണ്ണു സംരക്ഷണത്തിന്റെ നടപടികൾ—അതിന്റെ അടിസ്ഥാനത്തിലാണോ ഈ വൃഷ്ടി പ്രദേശ സംരക്ഷണം നടത്തിയതെന്ന് വ്യക്തമാക്കണമെന്ന് ഞാൻ വിനീതമായി അപേക്ഷിക്കുന്നു. പറയുന്നതിൽ തെറ്റിദ്ധാരണ അരുത്. കാർഷിക വിളകളുടെ വില വർദ്ധനവിനു കാരണമായ സംസ്ഥാന ഗവൺമെന്റിന്റെ നടപടികളെ ന്യായീകരിക്കുന്നു. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പ് ഘട്ടത്തിൽ മൂവാറ്റുപുഴ മണ്ഡലത്തിലെ സ്ഥാനാർത്ഥികളെ, ടെലിവിഷൻ പരിചയപ്പെടുത്തിയ അവസരത്തിൽ എൻ.ഡി.എ.യുടെ ഒരു സ്ഥാനാർത്ഥി, അദ്ദേഹം റബ്ബറിന്റെ വില വർദ്ധനവിന്റെ കാരണം പറഞ്ഞത് അദ്ദേഹം കേന്ദ്രത്തിൽ പരിശ്രമിച്ചതിന്റെ ഫലമായിട്ടാണ് എന്നാണ്. N.D.A.-യുടെ സ്ഥാനാർത്ഥി അദ്ദേഹത്തിന്റെ കഴിവു കൊണ്ടാണ് ഇത് ചെയ്തത് എന്ന് അദ്ദേഹം വിശദീകരിച്ചു. അപ്പോൾ കേൾക്കുവാൻ സാധിച്ചത് യു.ഡി.എഫിന്റെ സ്ഥാനാർത്ഥിയുടെ വിശദീകരണമാണ്. അദ്ദേഹം പറയുകയാണ്, ലോകത്ത് റബ്ബറിന്റെ വില ഇടിഞ്ഞു. അതിന്റെ ഫലമായി ഉല്പാദനം കുറഞ്ഞു. സാർവ്വ ദേശീയ മാർക്കറ്റിൽ റബ്ബറിന്റെ ഉല്പാദനം കുറഞ്ഞതിന്റെ ഫലമായിട്ടാണ് ഇവിടെ റബ്ബറിന്റെ വില വർദ്ധനവിന്റെ കാരണമെന്ന് പരസ്യമായി പ്രസ്താവിച്ചു. അതിന്റെ അടിസ്ഥാനത്തിൽ നമ്മൾ എടുത്ത് ചില നടപടികളുടെ ഫലമായിട്ടാണ് ഈ വർദ്ധനവ് ഉണ്ടാകുന്നത് എന്നു പറയുന്നത്, അതിന് വില മതിക്കുന്ന അർത്ഥത്തിലുള്ള ഒരു പ്രതികരണം ആയില്ലേ അതെന്ന് ഞാൻ സംശയിക്കുന്നു. കൂടുതൽ കാര്യങ്ങളൊന്നും പറയുന്നില്ല. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോവൂർ കുഞ്ഞുമോൻ: ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കേരളത്തിലെ കർഷകർ കൂട്ടം കൂട്ടമായി ആത്മഹത്യ ചെയ്യുകയാണ്. ഇവരെ രക്ഷിക്കാൻ കേന്ദ്ര ഗവൺമെന്റിൽ നിന്ന് ഒന്നും തന്നെ വാങ്ങിയെടുക്കാൻ നമ്മുടെ സംസ്ഥാന ഗവൺമെന്റിന് കഴിയുന്നില്ല. നമ്മുടെ മുഖ്യമന്ത്രി ഒരു അഞ്ചലോട്ടക്കാരനെപ്പോലെ മാസംതോറും ഡൽഹിയിലേക്ക് ഓടുകയാണ്. കേന്ദ്രത്തിൽ നിന്ന് കാര്യമായ ഒരു വിഹിതം നമ്മുടെ സംസ്ഥാനത്തിലേക്ക് കൊണ്ടുവരാൻ മൂന്നു വർഷക്കാലമായി കഴിയുന്നില്ല എന്നുള്ള ദുഃഖസത്യം നാം എല്ലാവരും മനസ്സിലാക്കേണ്ടതായിട്ടുണ്ട്. കേരളത്തിലെ കർഷകർ കൂട്ടം കൂട്ടമായി ആത്മഹത്യ ചെയ്യുന്നു. കാസർകോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിലാണ് ഏറ്റവും കൂടുതൽ കൃഷിക്കാർ ആത്മഹത്യ ചെയ്തത്. കൃഷി മന്ത്രിയുടെ ജില്ലയായിട്ടുള്ള ആലപ്പുഴ ജില്ലയിൽപ്പോലും കൃഷിക്കാർ വൻപിച്ച കടക്കെണിയിലാണ്. കടക്കെണിമൂലം ആത്മഹത്യ ചെയ്യുന്ന ഒരു സ്ഥിതിവിശേഷമാണ് ഇന്ന് നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നത്. നമ്മുടെ സുഹൃത്ത് കെ. കെ. ഷാജു പറഞ്ഞു, കൃഷി വകുപ്പ് ഏറ്റവും നല്ല രീതിയിൽ കൈകാര്യം ചെയ്യുന്ന വകുപ്പായി മാറ്റിയിരിക്കുന്നുവെന്ന്. തേൻ, തേൻ എന്ന് ആയിരം പ്രാവശ്യം എഴുതിയിട്ട് അത് നക്കി നോക്കിയാൽ അത് തേനാകുമോ? അങ്ങനെ കെ. കെ. ഷാജുവും യു.ഡി.എഫ്. ന്റെ ആളുകളും പറഞ്ഞാൽ കൃഷി വകുപ്പ് ഒരു തരത്തിലും നന്നാകുകയില്ല. കേരളത്തിലെ അറുപത് എഴുപത് ശതമാനത്തോളം ആളുകൾ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ജീവിക്കുന്നവരാണ്. ഈ കാർഷിക മേഖലയെ ഇല്ലായ്മ ചെയ്യുന്ന ഒരു വകുപ്പാക്കി ശ്രീമതി ഗൗരിയമ്മ മാറ്റിയിരിക്കുന്നു. അതല്ലേ ഇവിടെ കാണുവാൻ കഴിയുന്നത്. കേരളത്തിലെ 14 ജില്ലകളിലും കർഷകർ ആത്മഹത്യ ചെയ്യുന്ന ഒരു സ്ഥിതി. എന്തൊരു നാണക്കേടാണ്. ആലപ്പുഴയിൽപ്പോലും അതല്ലേ നടക്കുന്നത്. ഞാൻ അതുകൊണ്ട് ഒരു നിർദ്ദേശം വയ്ക്കുകയാണ്. ശ്രീമതി ഗൗരിയമ്മ അത് സവിസ്തരം പഠിച്ചിട്ട് അതിനുവേണ്ട ഗൗരവം ഉൾക്കൊള്ളുമെന്ന് ഞാൻ വിശ്വസിക്കുന്നു. ദീർഘകാല കൃഷി സാദ്ധ്യതകളും ഓരോ പ്രദേശത്തിന്റേയും കൃഷി വികസനവും ലക്ഷ്യമാക്കി നമ്മുടെ സംസ്ഥാനത്ത് വിവിധ കൃഷി ജില്ലകൾ രൂപീകരിക്കണം. ഈ ലക്ഷ്യം മുൻനിർത്തിത്തന്നെ സംസ്ഥാനത്തിന്റെ കൃഷി ഭൂപടം തയ്യാറാക്കിക്കൊണ്ട് കർഷകരെ രക്ഷിക്കുന്ന തരത്തിലുള്ള ഒരു സമീപനം ഉണ്ടാകണം. കൃഷി മന്ത്രി ഇതിന് മുൻകൈയെടുത്ത് പ്രവർത്തിക്കണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. വിവിധ കൃഷിയാവശ്യങ്ങൾക്ക് ഉതകുന്നതരത്തിലുള്ള കൃഷിയന്ത്രങ്ങളും, പരിശീലനം ലഭിച്ച തൊഴിലാളികളേയും യഥാസമയം കർഷകർക്ക് ലഭിക്കാൻ കൃഷിഭവനുകളുടെ അടിസ്ഥാനത്തിൽ കൃഷി സേനയ്ക്ക് രൂപം നൽകണം. അങ്ങനെ കർഷകരെ രക്ഷിക്കാനും അവർക്കു വേണ്ടുന്ന സഹായം നൽകുവാനും കൃഷിഭവനുകളിലൂടെ നമുക്ക് കഴിയും. കേന്ദ്ര സർക്കാരിന്റെ ബിസിനസ് പ്രോട്ടോകോൾ ലിസ്റ്റിൽ കേരളത്തിലെ കാർഷിക ഉൽപ്പന്നങ്ങളെ ഉൾപ്പെടുത്തുന്നതിന് മുൻകൂട്ടി സർക്കാർ ഒരു രേഖ തയ്യാറാക്കി മാർക്കറ്റിംഗ് സർവ്വേ സ്ഥിരം സംവിധാനമാക്കിക്കൊണ്ട് ഒരു പദ്ധതി തയ്യാറാക്കണം. കൃഷിക്കും, കർഷകത്തൊഴിലാളികൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകി രക്ഷിക്കുന്നതിന് നടപടിയുണ്ടാകണം. ഓരോ പ്രദേശത്തേയും കൃഷിയെപ്പറ്റി അറിയാനായി ലാന്റ് യൂസ്മാപ്പ് രൂപീകരിക്കണം. നമ്മുടെ സംസ്ഥാനത്തെ എട്ട് ഗ്രാമപ്പഞ്ചായത്തുകളിൽ കൃഷിഭവനുകൾ ഇല്ല. അവിടെ കൃഷിഭവൻ

LIBRARY ARCHIVES Kerala Legislative Assembly

മൂഹീകരിക്കുന്നതിന് നടപടിയുണ്ടാകണം. നിലവിലുള്ള സംസ്ഥാനത്തെ കൃഷിയെ ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കുക, നവീന കൃഷി രീതികളെക്കുറിച്ച് യഥാസമയം കർഷകരെ അറിയിക്കുന്നതിനും, അവരെ പ്രാപ്തരാക്കുന്നതിനും വേണ്ടി സംസ്ഥാനത്തുടനീളം അഗ്രി ക്ലിനിക്കുകളും, അഗ്രിബാങ്കുകളും പ്രവർത്തിപ്പിക്കുക. അങ്ങനെയുള്ള നടപടികൾ കൂടിയുണ്ടാകണം. കൃഷിയെ വ്യവസായമായി അംഗീകരിക്കുകയും, കൃഷി ലാഭകരമാക്കുന്നതിനും വേണ്ടി ഊർജ്ജിത ആസൂത്രണ പരിപാടികൾ നടപ്പാക്കുകയും വേണമെന്നാണ് എനിക്ക് ഈ അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്. ഗ്രാമ വികസനവുമായി ബന്ധപ്പെട്ട പശ്ചിമ ഘട്ട വികസന പദ്ധതിയിൽ വർക്ക് നടക്കുന്നതിനുവേണ്ടി മന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെട്ട് ഗൂഢാലോചന നടക്കുന്നതായിട്ട് അറിയാൻ കഴിഞ്ഞു. അങ്ങനെയൊരു സംസാരമുണ്ട്. ആ പേരുദോഷം മാറ്റാൻ മുൻകൈയെടുക്കണം. ഈ പ്രവൃത്തിയിൽ മഴക്കുഴിയും, കയ്യാലകളും ഒക്കെയുണ്ട്. പശ്ചിമഘട്ട വികസന പദ്ധതിയുടെ പണികൾ കോൺട്രാക്ടർമാരെ ഏൽപ്പിച്ചാൽ വൻപിച്ച രീതിയിലുള്ള അഴിമതിക്ക് സാധ്യതയുണ്ട്. അതുകൊണ്ട് കോൺട്രാക്ടർമാരെ ഒഴിവാക്കിക്കൊണ്ട് ബെനിഫിഷ്യറി കമ്മിറ്റി തന്നെ ആ വർക്ക് ചെയ്യുന്ന സമീപനമുണ്ടാകണം. അല്ലെങ്കിൽ മന്ത്രിയുടെ പേരിൽ ദോഷമുണ്ടാകും. അത് മാറ്റിയെടുക്കാൻ മന്ത്രിയുടെ എം. എൽ. എ.-മാരും ശ്രദ്ധിക്കണം. ഈ ഗവൺമെന്റ് വന്നതിനുശേഷം നടപ്പിലാക്കിയ പദ്ധതികൾ അവലോകനം ചെയ്യുവാനും അത് വിലയിരുത്തുവാനും ഗവൺമെന്റ് തയ്യാറാകണം.

ഡോ. കെ. സി. ജോസഫ്: ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. കേരളത്തിന്റെ ഏറ്റവും സുപ്രധാനമായ മേഖലയായ കാർഷിക മേഖല ഇന്ന് തികഞ്ഞ മാന്ദ്യം നേരിടുന്നു. ഈ സന്ദർഭത്തിൽ ബഹുമാന്യയായ മന്ത്രി ശ്രീമതി ഗൗരിയമ്മയ്ക്ക് എത്രയേറെ ആഗ്രഹങ്ങളുണ്ടെങ്കിലും ആ ആഗ്രഹങ്ങൾക്കനുസരണമായി പ്രവർത്തിച്ച് മുന്നോട്ട് പോകുവാൻ കഴിയാത്ത സ്ഥിതിയാണിന്നുള്ളതെന്ന് നാം കാണേണ്ടതാണ്. ഇവിടെ ഭരണ കക്ഷിയിൽ നിന്ന് സംസാരിച്ച ആളുകളൊക്കെ കാർഷിക മേഖലയിലുണ്ടായിട്ടുള്ള അഭിവൃദ്ധിയെക്കുറിച്ച് പറയുകയുണ്ടായി. പണ്ട് ഒരാൾ പറഞ്ഞപോലെയാണ്. കേസ് ജയിച്ചു, പക്ഷെ പറമ്പ് മൂത്തേനാർക്ക് എന്നു പറഞ്ഞതുപോലെ ഇവിടെ കൃഷിയെല്ലാം വികസിച്ചു, പക്ഷെ ഗവൺമെന്റ് തന്നെ അംഗങ്ങൾക്ക് വിതരണം ചെയ്തിട്ടുള്ള ഇക്കണോമിക് റിവ്യൂ എടുത്ത് പരിശോധിച്ചാൽ കാർഷിക മേഖലയിൽ ഉൽപ്പാദന ക്ഷമതയും, ഉൽപ്പാദനവും കുറഞ്ഞതായി കാണാൻ കഴിയും. നെല്ലിൽ അൽപം ഉൽപ്പാദനക്ഷമതയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട് പക്ഷെ നെല്ല് കൃഷി ചെയ്യുന്ന സ്ഥലം കുറഞ്ഞു. ആകെയുള്ള ഉൽപാദനത്തിലും ഗണ്യമായ കുറവുണ്ടായി. ബാക്കി ഓരോ കാർഷിക മേഖലയെടുത്താലും നാളികേരമാണെങ്കിലും, കാപ്പിയാണെങ്കിലും, തേയിലയാണെങ്കിലും, ഏലമാണെങ്കിലും, ഏത് മേഖലയെടുത്താലും ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും കുറഞ്ഞതായി കാണുന്നു. ഗൗരിയമ്മയുടെ ആഗ്രഹങ്ങൾക്കനുസരിച്ച് പ്രവർത്തിച്ചു പോകുവാനായി കൃഷിമേഖലയെ സമുദ്ധരിക്കാനാവശ്യമായ സഹകരണം ഈ ഗവൺമെന്റിന്റെ പ്രവൃത്തികളിൽ നിന്ന്

LIBRARY ARCHIVES Kerala Legislative Assembly

ലഭിക്കുന്നുണ്ടോയെന്ന് അങ്ങ് പരിശോധിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ആന്റണി ഇക്കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിനുശേഷം നടത്തിയ പത്രസമ്മേളനത്തിൽ പറഞ്ഞു ഗവൺമെന്റ് പ്രയോറിറ്റി മാറ്റാൻ പോകുകയാണ് എന്ന്. കഴിഞ്ഞ മൂന്ന് വർഷം നൽകിയിരുന്ന നമ്മുടെ പ്രയോറിറ്റിയിൽ നിന്ന് മാറി അടിസ്ഥാന മേഖലയുടെ വികസനം ലക്ഷ്യമായി പ്രവർത്തിക്കും, കാർഷിക മേഖലയ്ക്ക് ഊന്നൽ നൽകും എന്നദ്ദേഹം പറയുകയുണ്ടായി. വളരെ സന്തോഷകരമായ പ്രഖ്യാപന മായിരുന്നു. ഗവൺമെന്റിന് കാർഷിക മേഖലയോടുള്ള സമീപനമെന്താണ്? ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്തെക്കുറിച്ചൊക്കെ ഭരണ കക്ഷിയംഗങ്ങൾ പറഞ്ഞു. ഇടതുപക്ഷ മുന്നണി ഗവൺമെന്റിന്റെ അവസാന വർഷത്തെ 2000-01-ൽ ആകെ പദ്ധതിയുടെ മുതൽമുടക്കിന്റെ 9.3% കാർഷിക മേഖലയ്ക്കു വേണ്ടി നീക്കിവച്ചിരുന്നു. 2004-05 സാമ്പത്തിക വർഷത്തേക്ക് ഗവൺമെന്റ് പദ്ധതിയുടെ അടങ്കൽ തുക വർദ്ധിച്ചതിനുശേഷം നീക്കിവച്ചിട്ടുള്ളത് 6.82%-മാണ്. ശ്രീമതി ഗൗരിയമ്മയുടെ ആഗ്രഹത്തിനനുസൃതമായി കൃഷിയിൽ പ്രവർത്തിച്ച് മുന്നോട്ട് പോകുവാൻ കഴിയുമോ? എങ്ങനെ കൃഷിയിൽ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കാൻ കഴിയും, എങ്ങനെ കൃഷിക്കാരെ പ്രോൽസാഹിപ്പിക്കുവാൻ കഴിയും. ഒരുപാട് ഏജൻസികൾ കൃഷിയുടെ വികസനത്തിനുവേണ്ടി നിലവിലുണ്ട്. പക്ഷെ കൃഷി ഏജൻസികൾക്ക് ബഡ്ജറ്ററി സപ്പോർട്ടൊന്നും ഇല്ല. നെൽ കാർഷിക മേഖലയുടെ വികസനത്തിന് 200 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ചിരിക്കുന്നു. അതിനുള്ള സംസ്ഥാന വിഹിതമുണ്ടോ? ഒരു രൂപ പോലും സംസ്ഥാന വിഹിതമായി ഉൾക്കൊള്ളിച്ചിട്ടില്ല. എങ്ങനെ പദ്ധതി നടപ്പിലാക്കുവാൻ കഴിയും. കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതികൾ പലതും നമുക്ക് നടപ്പിലാക്കിക്കൊണ്ട് പോകാൻ കഴിയുന്നില്ല. നമ്മുടെ സംസ്ഥാനത്തിന്റെ കൃഷി രീതികൾക്ക് അനുസരണമായൊരു പദ്ധതികളല്ല പലതും കേന്ദ്ര ഗവൺമെന്റിൽ നിന്ന് പ്രഖ്യാപിക്കുന്നത്. അതുകൊണ്ട് തന്നെ ഇപ്പോൾ ടെക്നോളജി മിഷൻ നാളികേര വികസന മേഖലയ്ക്ക് അനുവദിച്ച പദ്ധതി നമുക്ക് പൂർണ്ണമായി നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. കാരണം നമ്മുടെ സംസ്ഥാനത്തിന്റെ സാഹചര്യങ്ങൾക്ക് അനുയോജ്യമായ പദ്ധതിയായിരുന്നില്ല. നമുക്കത് മാറ്റിയെടുക്കുവാൻ കഴിയുന്നില്ല. ആ നിലയിൽ നമ്മുടെ കാർഷിക മേഖലയുടെ സമഗ്രമായ വികസനത്തിന് നമ്മുടെ ഇന്നത്തെ സമീപനത്തിൽ മാറ്റം വരുത്തേണ്ടതായിട്ടുണ്ട്. ഉൽപ്പാദനം വർദ്ധിപ്പിക്കണം, ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കണം. അതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം ഇരുട്ടുകൊണ്ട് ഓട്ടയടക്കുവാൻ കഴിയുകയില്ല. ഹൃദയം തുറന്ന് പ്രശ്നങ്ങളെ സമീപിക്കുവാനും കാർഷിക മേഖലയുടെ സമഗ്രമായ പുരോഗതിക്കുവേണ്ടി നമ്മുടെ വികസന സങ്കൽപ്പങ്ങളെത്തന്നെ മാറ്റുവാനുള്ള തയ്യാറെടുപ്പ് വേണം. കൃഷി മേഖലയിലെ ഓരോ കൃഷിയെ സംബന്ധിച്ചും ഒരു കാലഘട്ടത്തിൽ കൃഷി വിളയടിസ്ഥാനത്തിൽ അതിന്റെ വികസനത്തിനുവേണ്ടി പദ്ധതി നടപ്പാക്കിയിരുന്നു, പണം നീക്കിവച്ചിരുന്നു. ഇന്ന് അതിൽനിന്ന് മാറി പ്രാദേശികാടിസ്ഥാനത്തിൽ പഞ്ചായത്തുകൾക്ക് തുക നൽകുന്നു. പലപ്പോഴും ഓരോ കൃഷി മേഖലയുടേയും പ്രത്യേക പ്രശ്നങ്ങൾ പരിഹരിക്കുവാൻ വേണ്ടിയുള്ള തുക മാറ്റി വയ്ക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയുന്നില്ല. അതുകൊണ്ട് പഞ്ചായത്തു തലത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾക്ക് കൂടുതൽ ഉത്തേജനം നൽകുവാൻ, കാർഷികമേഖലയിലെ ഓരോ അനുബന്ധ മേഖലയുടേയും നെല്ലിന്റേതാകട്ടെ, നാളികേരത്തിന്റേതാകട്ടെ, ഉൽപ്പാദനവും ഉൽപ്പാദന ക്ഷമതയും വർദ്ധിക്കുന്നതിന് തടസ്സമായി നിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ആവശ്യമായ ബഡ്ജറ്ററി സപ്പോർട്ട് ഉണ്ടാകാതെ, വിളയടിസ്ഥാനത്തിൽ ഇതിനാവശ്യമായ സമഗ്ര പദ്ധതി രൂപീകരിക്കാതെ ഈ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ കഴിയുകയില്ല. ആ അടിസ്ഥാനത്തിലുള്ള, പദ്ധതി രൂപീകരിക്കുവാനുള്ള എല്ലാ ബഡ്ജറ്ററി സ്പ്പോർട്ടും നൽകുവാൻ ധനകാര്യമന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കാർഷിക മേഖലയോട് കാണിച്ച ആഭിമുഖ്യത്തിൽ തെല്ലെങ്കിലും ആത്മാർത്ഥതയുണ്ടെങ്കിൽ അതിനാവശ്യമായ സാമ്പത്തിക സഹായം നൽകി ഈ മേഖലയെ വികസിപ്പിക്കാൻ തയ്യാറാകണം. അതിന് തയ്യാറാകാത്ത സാഹചര്യത്തിൽ ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. യു. സി. രാമൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. കടംകൊണ്ട് പൊറുതിമുട്ടിയ കേരളത്തിലെ കർഷകർക്ക് കാർഷിക കടാശ്വാസ നിയമം നടപ്പിലാക്കി, ഒരു പരിധിവരെയെങ്കിലും ആശ്വാസ നടപടികൾ ഉണ്ടാക്കിയത് ശ്രീമതി ഗൗരിയമ്മ ഈ വകുപ്പിന്റെ ചാർജ് ഏറ്റെടുത്ത ശേഷമാണ്. അതോടൊപ്പം ഈ കഴിഞ്ഞ പ്രകൃതി ക്ഷോഭവുമായി ബന്ധപ്പെട്ടുകൊണ്ട് എന്റെ പ്രദേശം ഉൾപ്പെടെയുള്ള ഭാഗങ്ങളിൽ ഒട്ടേറെ കൃഷി നാശമുണ്ടായി. വാഴ, തെങ്ങ്, കമുക് ഉൾപ്പെടെ ഒട്ടേറെ കൃഷി നാശങ്ങൾ ഉണ്ടായിട്ടുണ്ട്. ആ നാശങ്ങളുണ്ടായ ഭാഗത്തുള്ള ആളുകൾ അധികവും പ്രാദേശിക സഹകരണ ബാങ്കിൽ നിന്നും അതുപോലെ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലോൺ വാങ്ങിയാണ് വാഴകൃഷി ഉൾപ്പെടെയുള്ള കൃഷി നടത്തിയിട്ടുള്ളത്. അത് പ്രകൃതിക്ഷോഭം മൂലം മൊത്തത്തിൽ നശിച്ചുപോയിരിക്കുകയാണ്. ബാങ്കുകളിൽ നിന്ന് കടമെടുത്ത് കൃഷി നശിച്ച അത്തരം ആളുകൾക്ക് അവരുടെ ബാങ്ക് ലോൺ പൂർണ്ണമായും എഴുതിത്തള്ളാനാവശ്യമായ സംവിധാനം ഉണ്ടാക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കൃഷി ആവശ്യവുമായി ബന്ധപ്പെടുന്ന കർഷകർക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് ഒരുപാട് കാലതാമസം ഉണ്ടാകുന്നുണ്ട്. അതുപോലെ ഇതു പരിഹരിച്ച് ഉടൻ കണക്ഷൻ നൽകണം കാർഷികാവശ്യത്തിന് ഉപയോഗിക്കുന്ന വൈദ്യുതിയുടെ ചാർജ് കുടുതലാണ്. അത് കുറയ്ക്കാനാവശ്യമായ സംവിധാനം ഉണ്ടാക്കണം. ഈ കണക്ഷനുകൾ വളരെ പെട്ടെന്ന് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ ആരംഭിക്കണം എന്നു കൂടി ഞാൻ സൂചിപ്പിക്കുകയാണ്. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന പാലിനെ സംബന്ധിച്ച് ഒട്ടേറെ പരാതികൾ ഉണ്ടാകുന്നുണ്ട്. അതിന്റെ ഗുണനിലവാരം പരിശോധിക്കാൻ ആവശ്യമായ സംവിധാനം ഉണ്ടാകണം. നമ്മുടെ സംസ്ഥാനത്തിലേയ്ക്ക് കേന്ദ്രത്തിൽ നിന്ന് എസ്.ജി.ആർ.വൈ. ഉൾപ്പെടെയുള്ള ഒട്ടേറെ ഫണ്ടുകൾ കിട്ടാറുണ്ട്. അത് നേരത്തെ കിട്ടിക്കൊണ്ടിരുന്നതാണ്. സ്പെഷ്യൽ ഫണ്ട് വാങ്ങിയെടുക്കണം ഇതിന് പുതുതായി പ്രത്യേക പദ്ധതികൾ കേന്ദ്രത്തിനു മുന്നിൽ അവതരിപ്പിക്കണം. ഇങ്ങനെ സ്പെഷ്യൽ ഫണ്ട് സംഘടിപ്പിക്കുന്ന കാര്യത്തിൽ നമ്മൾ പരാജിതരാണ്. മറ്റു സ്റ്റേറ്റുകൾ

LIBRARY ARCHIVES Kerala Legislative Assembly

ഒക്കെത്തന്നെ ഈ രംഗത്ത് വളരെ മുന്നോട്ടു പോകുന്നുണ്ട്. ആ പോരായ്മ പരിഹരിച്ചുകൊണ്ട് കേന്ദ്രത്തിൽ നിന്ന് സ്പെഷ്യൽ ഫണ്ട് ലഭ്യമാക്കുന്നതിന് ആവശ്യമായ പ്രത്യേക പദ്ധതികൾ അവിടെ അവതരിപ്പിക്കണം. അതിന് രൂപം നൽകാൻ തയാറാകണം. നമ്മുടെ കാർഷിക രംഗത്ത് മണ്ടചീയൽ തുടങ്ങിയ കാർഷിക രോഗങ്ങൾ കൊണ്ട് കൃഷിക്കാർ വലിയ പ്രയാസങ്ങൾ അനുഭവിക്കുന്നുണ്ട്. ഈ രോഗങ്ങൾ മൂലം കർഷകരുടെ കൃഷി നശിച്ചുപോകുന്ന അവസ്ഥ ഉണ്ടാകുന്നുണ്ട്. അങ്ങനെ ദുരിതത്തിലാകുന്ന കർഷകരെ സഹായിക്കാനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കണം. നിലവിലുള്ള കാർഷിക സർവ്വകലാശാല ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ പലപ്പോഴും നോക്കുകുത്തികളാകുന്ന അവസ്ഥയാണ് കാണുന്നത്. അവിടങ്ങളിൽ ശില്പശാലയും സെമിനാറുകളും ഒക്കെ നടത്തി പിരിയുന്നു എന്നതിൽ കവിഞ്ഞ് നിരന്തരമായ പരീക്ഷണ നിരീക്ഷണങ്ങളിലൂടെ നേടിയെടുത്തിട്ടുള്ള വിജ്ഞാനങ്ങളും നേട്ടങ്ങളും താഴേ തട്ടിലുള്ള കൃഷിക്കാർക്ക് എത്തിക്കാനുള്ള ശ്രമം സജീവമായി ഉണ്ടാകണം എന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ കൃഷിക്കാർക്ക് പ്രധാനമായും ഏത് ആവശ്യത്തിനും ഓടിച്ചെല്ലാവുന്നത് പഞ്ചായത്ത് തലത്തിലുള്ള കൃഷി ഭവനിലേയ്ക്കാണ്. എന്റെ മണ്ഡലത്തിലുള്ള ഒട്ടുമുക്കാൽ കൃഷിഭവന്റേയും അവസ്ഥ വളരെ മോശമാണ്. പലതിനും ബിൽഡിംഗ് ഇല്ല. പെരുമണ്ണ പഞ്ചായത്തിൽ കൃഷിഭവൻ ഇല്ല. പല പ്രദേശങ്ങളിലും കൃഷി ഭവന് സ്വന്തമായി ബിൽഡിംഗ് ഇല്ല. അതുപോലെ മുക്കത്ത് മൃഗാശുപത്രിയില്ല. ഇത് ഉണ്ടാക്കുന്നതിന് ആവശ്യമായ സംവിധാനം ഉണ്ടാക്കണം. എന്റെ മണ്ഡലത്തിലെ പെരുമണ്ണ പഞ്ചായത്തിലെ കൃഷി ഭവന് ബിൽഡിംഗ് ഉണ്ടാക്കാനാവശ്യമായ പ്രവർത്തനങ്ങൾ ഉണ്ടാകണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾ വളരെ മെച്ചപ്പെട്ട നിലയിൽ ഈ സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടു പോകുവാൻ ബഹുമാനപ്പെട്ട ഗ്രാമ വികസന വകുപ്പു മന്ത്രി ചെയ്യുന്ന പ്രവർത്തനങ്ങളെ ഞാൻ അനുമോദിക്കുകയാണ്. വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ, എസ്.ജി.എസ്.വൈ., ഐ.എ.വൈ., എസ്.ജി.ആർ.വൈ., പി.എം.ജി.എസ്.വൈ., ഹരിരാജ് പദ്ധതി, സമ്പൂർണ്ണ ശുചിത്വ പദ്ധതി തുടങ്ങിയ പദ്ധതികളെല്ലാം തന്നെ കഴിയുന്നത്രയും പരമാവധി ഫലപ്രദമായി നടപ്പിലാക്കുവാനായി അങ്ങേയറ്റം ശ്രമിക്കുന്ന ഒരു മന്ത്രിയാണ് ശ്രീ. സി. എഫ്. തോമസ് എന്ന് നമുക്കെല്ലാവർക്കും അറിയാം. ഈ ബഹുമാനപ്പെട്ട മന്ത്രിയുടെ വകുപ്പിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച് ഒരു പുകമറ സൃഷ്ടിക്കാൻ വേണ്ടി ബഹുമാനപ്പെട്ട പ്രതിപക്ഷാംഗം നടത്തിയ ശ്രമങ്ങൾ അങ്ങേയറ്റം ദുഃഖകരമാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ വകുപ്പിലെ പദ്ധതിക്കുള്ള തുക മുഴുവൻ ചെലവാക്കപ്പെടുന്നത് ത്രിതല പഞ്ചായത്തുകൾ വഴി മാത്രമാണ്. പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് എന്നീ ത്രിതല ഘടകങ്ങൾ വഴി നടപ്പിലാക്കുന്ന നടപടിക്രമം എപ്പോഴും സുതാര്യമായി തന്നെ മുന്നോട്ടു കൊണ്ടുപോകാനായി ബഹുമാനപ്പെട്ട മന്ത്രി ശ്രമിച്ചിട്ടുണ്ട്. ഡി.ആർ.ഡി.എ. ആണ് ഇത് മോണിട്ടറിംഗ് നടത്തുന്നതെന്ന് നമുക്ക് എല്ലാവർക്കും അറിയാം. ഇങ്ങനെയുള്ള ഒരു സാഹചര്യത്തിൽ വളരെ വ്യക്തമായും

LIBRARY ARCHIVES Kerala Legislative Assembly

വളരെ സുതാര്യമായും കാര്യങ്ങൾ നടപ്പിലാക്കിക്കൊണ്ടു പോകുമ്പോൾ ബഹുമാനപ്പെട്ട മന്ത്രിയേയോ അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയ പ്രസ്ഥാനത്തേയോ പ്രതിക്കൂട്ടിലാക്കാൻ ശ്രമിക്കുന്നത് ക്രൂരമാണ് എന്നു മാത്രമേ എനിക്ക് ഇതു സംബന്ധിച്ച് പറയാനുള്ളൂ. കേരളം കണ്ടിട്ടുള്ളതിൽ വച്ച് നല്ല സൗമ്യനായിട്ടുള്ള, ശാന്തശീലനായിട്ടുള്ള, നിഷ്കളങ്കനായിട്ടുള്ള ഒരു മന്ത്രി, ഉത്തരവാദിത്തങ്ങൾ നിശബ്ദമായി നിർവ്വഹിച്ചുകൊണ്ട് നന്നായി മുന്നോട്ടു പോവുകയാണ്. ഈ തവണയും കേന്ദ്രത്തിൽ വളരെ ശക്തമായ നിലയിൽ സമ്മർദ്ദം ചെലുത്തിയതിന്റെ അടിസ്ഥാനത്തിൽ 2004-2005 വർഷത്തേയ്ക്ക് 188.75 കോടി രൂപ വാങ്ങിയെടുക്കുന്നതിനുള്ള നടപടികൾ മന്ത്രി സ്വീകരിച്ചിരിക്കുകയാണ്. ആ നിലയിൽ വളരെ നല്ല നിലയിൽ ഈ കാര്യങ്ങൾ ചെയ്തുകൊണ്ട് മുന്നോട്ടു പോകുന്ന ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ ഒന്നു കൂടി അനുമോദിക്കുകയാണ്. കൃഷി വകുപ്പിനെ സംബന്ധിച്ചിടത്തോളം പരിധിക്കുള്ളിൽ നിന്നുകൊണ്ട് കുറെയധികം നല്ല കാര്യങ്ങൾ ചെയ്യാൻ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിക്ക് കഴിഞ്ഞിരിക്കയാണ്. കഴിഞ്ഞ വരൾച്ചാ സന്ദർഭത്തിൽ കാർഷിക മേഖലയിലുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ മനസിലാക്കിക്കൊണ്ട് അടിയന്തിരമായി സാമ്പത്തിക സഹായം എത്തിച്ചുകൊടുക്കാൻ കഴിഞ്ഞു. ഏക്കറിന് 600 രൂപ ഉണ്ടായിരുന്ന സ്ഥാനത്ത് 1200 രൂപയായി വർദ്ധിപ്പിച്ചു കൊടുക്കാൻ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിക്ക് കഴിഞ്ഞിരിക്കുകയാണ്. കുളമ്പുരോഗ നിയന്ത്രണം തീവ്രമായി നടപ്പിലാക്കാൻ ബഹുമാനപ്പെട്ട മന്ത്രി ശ്രമിച്ചുകൊണ്ടിരിക്കുകയാണ് എന്നുള്ളത് പ്രത്യേകം എടുത്തു പറയേണ്ടതായിട്ടുണ്ട്. അതുപോലെ ഗ്രാമീണ മേഖലയിൽ വനിതകളെ സഹായിക്കുന്നതിനു വേണ്ടി പുഷ്പകൃഷിയും തേനീച്ച വളർത്തലും വളരെ ഫലപ്രദമായി മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെ വളരെയധികം നല്ല നേട്ടങ്ങൾ കൈവരിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി മുന്നോട്ടു പോകുന്ന ഈ അവസരത്തിൽ തന്നെ പറയട്ടെ, കാർഷിക മേഖലയിൽ ഒരു കാലഘട്ടത്തിലും ഇല്ലാത്ത നിലയിലുള്ള ഉണർവ്വ് ഈ കാലഘട്ടത്തിൽ ഉണ്ടായിട്ടുണ്ട്. ഇന്നത്തെ വർത്തമാന പത്രത്തിലെ വിലനിലവാരം തന്നെ കാർഷിക ഉൽപ്പന്നങ്ങളുടെ വില സംബന്ധിച്ച് പരിശോധിച്ച് മനസ്സിലാക്കാൻ കഴിയും. ഒരു കാലഘട്ടത്തിലും ഇല്ലാത്ത വില കാർഷിക ഉൽപ്പന്നങ്ങൾക്ക് ലഭിച്ചിരിക്കയാണ്. നെല്ലിന് ക്വിന്റലിന് 840 രൂപ ലഭ്യമാകുന്നുണ്ട്. ഒരു നാളികേരത്തിന് ഏഴ് രൂപ മുതൽ എട്ട് രൂപവരെ ഇവിടെ ലഭ്യമാണ്. റബ്ബറിന് ഒരു കാലഘട്ടത്തിലും ഇല്ലാത്ത നിലയിൽ 67 രൂപ ഇപ്പോൾ ലഭ്യമാണ്. കുരുമുളകിന് ക്വിന്റലിന് 6,500 രൂപ ഇപ്പോൾ ലഭ്യമാണ്. അടയ്ക്ക ക്വിന്റലിന് 4,200 രൂപ, ഗ്രാമ്പൂ കിലോയ്ക്ക് 220 രൂപ, ജാതിക്ക ഒരു കിലോയ്ക്ക് 290 രൂപ. ഏതെങ്കിലും കാലഘട്ടത്തിൽ കാർഷിക ഉൽപ്പന്നങ്ങൾക്ക് ഇതുപോലെ വില ലഭിച്ച കാലഘട്ടം ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ഇടതുപക്ഷ ഭരണ കാലഘട്ടത്തിലെ നിശബ്ദത എന്നു പറഞ്ഞാൽ ഭീകരമായ നിശബ്ദതയായിരുന്നു. നമുക്കറിയാം പ്രേതബാധ ബാധിച്ച ഭാർഗ്ഗവീനിലയത്തിലെ ഭീകരമായ മൂകതയായിരുന്നു ഇടതുപക്ഷ കാലഘട്ടത്തിൽ ഉണ്ടായിരുന്നത്. അതിൽ നിന്നൊക്കെ മാറി കർഷകർക്ക് ഒരു ഉന്മേഷത്തിന്റെയും പ്രതീക്ഷയുടേയും കാലഘട്ടം ഈ ഘട്ടത്തിൽ ഉണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഈ ഉന്മേഷവും പ്രതീക്ഷയും നിലനിർത്തണമെന്നുണ്ടെങ്കിൽ, കുറച്ചുകൂടി ഉയർത്തിക്കൊണ്ടുപോകണം എന്നുണ്ടെങ്കിൽ കുറച്ചു കാര്യങ്ങൾ കൂടി ചെയ്യേണ്ട തായിട്ടുണ്ട്. നമ്മുടെ സമീപത്തുള്ള തമിഴ്നാട്ടിൽ വലിയ മുന്നേറ്റം കാർഷിക മേഖലയിൽ ഉണ്ടായിട്ടുണ്ട്. നമ്മുടെ തകരാറുകൾ മനസ്സിലാക്കി നമുക്ക് മെക്കനൈസേഷനിലേയ്ക്ക് പോകണം. കാർഷിക മേഖലയിലുണ്ടായിട്ടുള്ള ഉൽപ്പാദനക്ഷമതയുടെ കുറവ് ചില മേഖലയിൽ ഉണ്ടായിട്ടുണ്ട്. നമുക്ക് ആവശ്യത്തിന് ജോലിക്കാരെ ലഭിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. അതുപോലെ കീടനാശിനി യുടേയും വളത്തിന്റേയും വില വർദ്ധനവും പ്രകൃതി ദോഷങ്ങളുടെ കുഴപ്പങ്ങളും ഉണ്ടായിട്ടുണ്ട്. ഇതിനെല്ലാം പരിഹാരം ഉണ്ടാക്കിക്കൊണ്ടുള്ള നടപടി സ്വീകരിക്കണം. അടിയന്തിരമായി മെക്കനൈസേഷനിലേയ്ക്ക് പോകാനുള്ള നടപടി സ്വീകരിക്കണം. അതുപോലെ നൂതനമായ ശാസ്ത്ര സാങ്കേതിക പഠനങ്ങൾക്ക് വിധേയമായി നവീന മാറ്റങ്ങൾ ഉണ്ടാക്കിക്കൊണ്ട് മുന്നോട്ടു പോകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. ജോണി നെല്ലൂർ]

ശ്രീ. എ. പി. അനിൽകുമാർ: സർ, വിപ്ലവത്തിന്റെ വീരാംഗനയായി കേരള രാഷ്ട്രീയത്തിൽ നിറഞ്ഞു നിൽക്കുന്ന, ഈ കഴിഞ്ഞ ദിവസം 85 വയസ്സ് പിന്നിട്ട മലയാളത്തിന്റെ പ്രിയപ്പെട്ട ശ്രീമതി ഗൗരിയമ്മയ്ക്ക് കാർഷിക കേരളത്തിന്റെ ജന്മദിനാംശസകൾ നേർന്നുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങു കയാണ്. കേരളത്തിലെ കർഷകരുടെ പ്രയാസങ്ങളേയും ദുരിതങ്ങളേയും കുറിച്ചാണ് ഇവിടെ വളരെ വിശദമായി പറഞ്ഞുവരുന്നത്. കാർഷികരംഗത്ത് ഇന്ന് കേരളത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രയാസങ്ങൾ ഇവിടെമാത്രം ഒതുങ്ങിനിൽക്കുന്നതല്ല. ഇന്ത്യയൊട്ടാകെ കാർഷിക മേഖല ഏറ്റവും പ്രയാസം അനുഭവിച്ചുകൊണ്ടി രിക്കുകയാണ്. ഇന്ന് പ്രയാസമനുഭവിക്കുന്ന കൃഷിക്കാരോട് കേരളത്തിലെ ഐക്യജനാധിപത്യ മുന്നണി ഗവണ്മെന്റിന്റെ സമീപനം വളരെ ആശാവഹമാണെന്ന കാര്യത്തിൽ നമുക്ക് തർക്കമില്ല. ഞാൻ രാഷ്ട്രീയവാദത്തിനുവേണ്ടി പറയുന്നതല്ല. കഴിഞ്ഞ മൂന്നുവർഷം മുമ്പുള്ള കേരളത്തിന്റെ കാർഷിക ചിത്രം പരിശോധിച്ചാൽ ഐക്യ ജനാധിപത്യ മുന്നണി മൂന്നുവർഷക്കാലംകൊണ്ട് ഉണ്ടാക്കിയ നേട്ടങ്ങൾ എത്രമാത്രം വലുതാണെന്ന് അംഗീകരിക്കാൻ തയ്യാറുള്ള മനസ്സുകൾക്ക് അറിയാവുന്ന കാര്യമാണ്. നമുക്കറിയാം, റബ്ബർ കർഷകരുടേയും കേരകർഷകരുടേയും പ്രയാസങ്ങൾ എന്തായിരുന്നുവെന്ന്. ഇന്ന് ആ രംഗത്തുണ്ടായ മാറ്റം എന്തൊക്കെയാണ്. റബ്ബറിനുണ്ടായ വിലക്കയറ്റം ഇവിടെ ഏറെ പറഞ്ഞ കാര്യമായതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. അതുപോലെ കേര കർഷകരുടെ കാര്യത്തിലായാലും വളരെയധികം മാറ്റങ്ങളുണ്ടാക്കുവാൻ കഴിഞ്ഞു. നാണ്യവിളകൾക്ക് ലാഭമുണ്ടാക്കുന്ന സന്ദർഭം മൂന്നുവർഷക്കാലംകൊണ്ട് ഉണ്ടാക്കാൻ കഴിഞ്ഞുവെന്ന് അഭിമാനത്തോടു കൂടിയാണ് മുഖ്യമന്ത്രി പറഞ്ഞത്. അങ്ങനെ മൂന്നുവർഷക്കാലം കൊണ്ട് മാറ്റങ്ങളുണ്ടാക്കുവാൻ ഐക്യജനാധിപത്യമുന്നണിക്ക് കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നങ്ങൾ പൂർണ്ണമായി പരിഹരിക്കാൻ കഴിഞ്ഞുവെന്ന് അവകാശപ്പെടാൻ ആരും തയ്യാറല്ല. കേരളത്തിലെ കർഷകരുടെ പ്രയാസങ്ങൾ ഇന്ന് വളരെ വലുതാണ്. അത് പരിഹരിക്കുവാനുള്ള വളരെ ദീർഘവീക്ഷണത്തോടു കൂടിയുള്ള നടപടികളെടുത്തു കൊണ്ട് ആ പ്രശ്നങ്ങൾ പരിഹരിക്കുവാൻ കഴിയും. പക്ഷെ, കുറേക്കൂടി നല്ല രീതിയിലുള്ള, ദീർഘവീക്ഷണത്തോടുകൂടിയുള്ള നടപടികൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇവിടെ ഗവണ്മെന്റ് പ്രഖ്യാപിച്ച കാര്യങ്ങളെപ്പറ്റി ആവർത്തിച്ച് പറയേണ്ട കാര്യമില്ല. ഈ വർഷം ജനുവരി മുതൽ അടുത്ത ജനുവരി വരെ നീളുന്ന പലിശയും പിഴപലിശയും എഴുതിത്തള്ളുന്നതിനു വേണ്ടി 25 കോടിരൂപ തുടക്കത്തിൽതന്നെ നീക്കിവച്ചുകൊണ്ട് കർഷകർക്ക് പ്രതീക്ഷ നൽകുന്ന ഒരു നല്ല തുടക്കം, കർഷകന്റെ ദുഃഖം നെഞ്ചിലേറ്റി വാങ്ങുവാനുള്ള ഒരു മനസ്സ് കേരളത്തിലെ ഗവണ്മെന്റിനുണ്ട് എന്ന് ബോധ്യപ്പെടുത്താൻ ഐക്യജനാധിപത്യമുന്നണിക്ക് മൂന്നുവർഷക്കാലത്തെ പ്രവർത്തനംകൊണ്ടും ഈയിടെ നടത്തിയ പ്രവർത്തനം കൊണ്ടും കഴിഞ്ഞിട്ടുണ്ട്. ഇതൊക്കെ പരിഹരിക്കുവാൻ വളരെ ശക്തമായ നടപടി ആവശ്യമാണ്. അതിനൊക്കെ ആക്കംകൂട്ടുവാൻ നമുക്ക് കഴിയും. രാഷ്ട്രീയത്തിനതീതമായി എല്ലാപേരും ഒരുമിച്ചുനിൽക്കണം. കേരളത്തിൽ പ്രയാസമനുഭവിക്കുന്ന കർഷകന് രാഷ്ട്രീയമില്ല, പ്രയാസങ്ങൾ മാത്രമാണുള്ളത്. അത് പരിഹരിക്കുവാൻ എല്ലാപേരും ഒരുമിച്ചുനിൽക്കുന്ന സമീപനം എടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കേരളത്തിലെ കർഷകരുടെ പ്രയാസങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നതോടൊപ്പം ഇന്ന് നമുക്ക് വളരെ പ്രതീക്ഷയുള്ളത് പുതിയ ഒരു ഗവണ്മെന്റ് കേന്ദ്രത്തിൽ അധികാരത്തിൽ വന്നിരിക്കുന്നുവെന്നുള്ളതാണ്. യു.പി.എ.യുടെ നേതൃത്വത്തിലുള്ള ഗവണ്മെന്റ് കഴിഞ്ഞ 10 വർഷക്കാലം കൊണ്ടുപോയ ദിശ മാറ്റിക്കൊണ്ട് മുന്നോട്ടുപോകുമെന്ന് അധികാരമേറ്റെടുത്ത ഉടൻതന്നെ പ്രധാനമന്ത്രിയും ധനകാര്യവകുപ്പുമന്ത്രിയും പ്രഖ്യാപിച്ചത് നമ്മളൊക്കെ സഹർഷം കേട്ടതാണ്. കേന്ദ്രത്തിലെ പ്രവർത്തനങ്ങൾക്ക് മാനുഷിക മുഖം ഉണ്ടാകുമെന്ന് പ്രധാനമന്ത്രിതന്നെ പറഞ്ഞത് 100 ശതമാനം ശരിയാണെന്ന് തെളിയിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് അദ്ദേഹം നടത്തിയത്. പ്രധാനമന്ത്രിയായി തെരഞ്ഞെടുക്കപ്പെട്ട് ഏതാനും ദിവസത്തിനുള്ളിൽതന്നെ കർഷകർ ഏറ്റവും കൂടുതൽ പ്രയാസമനുഭവിച്ച ഒട്ടനവധി കർഷകർ ആത്മഹത്യ ചെയ്ത ആന്ധ്രാപ്രദേശിലേയ്ക്കും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലേയ്ക്കും അദ്ദേഹം കടന്നു ചെന്നു. മൻമോഹൻസിംഗിന്റെ ഗവണ്മെന്റ് കർഷകരോട് മൃദുസമീപനമാണെടുത്തത്. കർഷകരുടെ പ്രയാസങ്ങൾ പരിഹരിക്കുവാനുള്ള സമീപനത്തിന്റെ ഏറ്റവും വലിയ തെളിവാണ് ആന്ധ്രാ പ്രദേശിലെ ആദ്യ സന്ദർശനം നടത്തിക്കൊണ്ട് അവിടത്തെ കർഷകരുടെ പ്രയാസങ്ങളും പ്രശ്നങ്ങളും മനസ്സിലാക്കിക്കൊണ്ട് അദ്ദേഹം തിരിച്ചുപോയത്. നമ്മുടെ ധനകാര്യവകുപ്പുമന്ത്രി ചിദംബരം പറഞ്ഞത് വരാൻപോകുന്ന, അടുത്ത മാസം അവതരിപ്പിക്കാൻ പോകുന്ന ബഡ്ജറ്റ് തീർച്ചയായും കർഷകരുടെ സൗഹൃദ ബഡ്ജറ്റായിരിക്കുമെന്നാണ്. അങ്ങനെ കർഷകർക്ക് ഒട്ടനവധി ആനുകൂല്യങ്ങൾ കുറച്ചുസമയംകൊണ്ട് പ്രഖ്യാപിക്കുകയും അതുപോലെ വരാനിരിക്കുന്ന നാളുകളിൽ കർഷകർക്കുവേണ്ടി ശക്തമായ നിലപാടെടുക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുമെന്ന് പ്രഖ്യാപിച്ച ഒരു കേന്ദ്ര ഗവണ്മെന്റിന്റെ അതിശക്തമായ പിൻതുണ കേരളത്തിന് ലഭിക്കുമെന്നുള്ളതുകൊണ്ട്, ഇന്നലെകളിലെ കേന്ദ്ര ഗവണ്മെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായ സമീപനമല്ല ഇനി ലഭിക്കുവാൻ പോകുന്നത് എന്നുള്ളതുകൊണ്ട്, കർഷകരുടെ പ്രശ്നങ്ങളിൽ ഒരുമിച്ചുനിന്നാൽ സംസ്ഥാന കേന്ദ്ര ഗവണ്മെന്റുകളുടെ സഹകരണത്തോടുകൂടി നമുക്ക് നല്ല നിലയിൽ മുന്നോട്ടുപോകാൻ കഴിയും. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് കർഷകന് ഇനിയുള്ളത് പ്രതീക്ഷയുടെ നാളുകളാണെന്ന്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എൻ. പ്രതാപൻ : അങ്ങ് കേരളത്തിലെ കർഷകരുടെ പുതിയ പ്രതീക്ഷകളെക്കുറിച്ച് പറഞ്ഞുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ കാർഷിക രംഗത്തെ നവീനവൽക്കരിക്കുന്നതിനു വേണ്ടിയും, ആധുനികമായ കാർഷികവൃത്തി ഉണ്ടാക്കുന്നതിനു വേണ്ടിയും കാർഷിക വിളകളുടെ സമൃദ്ധമായ വളർച്ചയ്ക്കു വേണ്ടിയുമാണ് കാർഷിക സർവ്വകലാശാല കേരളത്തിൽ ഉണ്ടാക്കിയത്. ബഹുമാനപ്പെട്ട അംഗം അതിലെ എക്സിക്യൂട്ടീവ് മെമ്പർ കൂടിയാണ്. ഇന്ന് കേരളത്തിലെ കാർഷിക സർവ്വകലാശാല കേരളത്തിലെ കൃഷിക്കാരുടെ നന്മയ്ക്കു വേണ്ടിയല്ല കാര്യങ്ങൾ ചെയ്യുന്നത് എന്നാണ് പുറത്തുള്ള മാധ്യമങ്ങളുടേയും ജനങ്ങളുടേയും വിശ്വാസം. അത് മാറ്റിയെടുക്കുന്നതിന് കാർഷിക സർവ്വകലാശാലയെ കൃഷിക്കാർക്ക് വേണ്ടിയുള്ള ഏറ്റവും പ്രധാനപ്പെട്ട ഉപാധിയാക്കി മാറ്റുന്നതിനുവേണ്ടി എന്തെങ്കിലും പുതിയ നിർദ്ദേശം വയ്ക്കാനുണ്ടോ?

ശ്രീ. എ. പി. അനിൽകുമാർ : കാർഷിക സർവ്വകലാശാലയെക്കുറിച്ച് ഇവിടെ വളരെയധികം സംസാരിക്കുകയുണ്ടായി. കേരളത്തിലെ കർഷകനുമായി ബന്ധമില്ലാത്ത സർവ്വകലാശാലയായി കേരള സർവ്വകലാശാല മാറിയിരിക്കുന്നു എന്നു പറയുന്നതിൽ ദുഃഖമുണ്ട്. കഴിഞ്ഞ ഒന്നര വർഷം അതിന്റെ ഭരണസമിതിയിൽ ഇരുന്നുകൊണ്ട് ഇങ്ങനെ പറയുന്നത് അനൗചിത്യമാണെങ്കിലും പറയട്ടെ. കാരണം, ഇവിടെ നടക്കുന്ന ചർച്ചകൾ എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ പ്രവർത്തനങ്ങൾ പലപ്പോഴും അവിടത്തെ ജീവനക്കാരുടെ വേതനപ്രശ്നങ്ങളെക്കുറിച്ചാണ്. അവിടത്തെ പെൻഷനെക്കുറിച്ചാണ്. അവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളെക്കുറിച്ചാണ്. കേരളത്തിലെ കർഷകർ പുറത്ത് പ്രയാസമനുഭവിക്കുമ്പോൾ അത്.....

ശ്രീ. എ. കെ. ബാലൻ : ബഹുമാനപ്പെട്ട എം.എൽ.എ. എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പറായതുകൊണ്ട് കുറെ വസ്തുതകൾ സത്യസന്ധമായി ഇവിടെ പറയുകയാണ്. യഥാർത്ഥത്തിൽ കാർഷിക സർവ്വകലാശാലയ്ക്ക് ആവശ്യമായ ബഡ്ജറ്ററി സപ്പോർട്ടില്ല. 90 കോടി രൂപ വേണ്ടതാണ്. 25 കോടിരൂപ മാത്രമേയുള്ളൂ. അവിടെ ആയിരത്തോളം വരുന്ന റിസർച്ച് പേപ്പറുകളുണ്ട്. റിസർച്ച് വർക്ക് നടക്കുന്നില്ല. ഒരൊറ്റ ഡീനില്ല. ഡീനിന്റെ ചാർജാണുള്ളത്. അക്കാഡമിക് കൗൺസിൽ മര്യാദയ്ക്ക് നടക്കുന്നില്ല. ഇതിനൊക്കെയുള്ള കാരണം അവിടെ ഒന്നുരണ്ട് ഉദ്യോഗസ്ഥന്മാരുടെ തലയിൽ കാര്യങ്ങൾ വച്ചുകൊടുത്ത് ഗവണ്മെന്റിന്റെ ബാധ്യത യഥാർത്ഥത്തിൽ ഗവണ്മെന്റ് നിർവഹിക്കുന്നില്ല എന്നുള്ളതല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. പി. അനിൽ കുമാർ: ബഹുമാനപ്പെട്ട അംഗം അതിലെ സെനറ്റ് അംഗമാണെന്നുള്ളതുകൊണ്ട്തന്നെ പറയട്ടെ, നമ്മുടെ സംസ്ഥാന ഗവണ്മെന്റ് കാർഷിക സർവ്വകലാശാലയ്ക്ക് നൽകുന്ന പണം, കഴിഞ്ഞ കാലങ്ങളിൽ നൽകിയ പണം വേണ്ട രീതിയിൽ വിനിയോഗിച്ചിട്ടില്ല. കാർഷിക സർവ്വകലാശാല കേരളത്തിന്റെ കർഷകരുടെ പ്രശ്നങ്ങൾ മനസ്സിലാക്കിക്കൊണ്ട് അത് പരിഹരിക്കാനുള്ള സർവ്വകലാശാലയായി മാറണം. പക്ഷെ, ഇന്ന് നിർഭാഗ്യമെന്നു പറയട്ടെ, ആ സർവ്വകലാശാലയിൽ ആര് 25 വർഷക്കാലം അതിന്റെ ഭരണസമിതിയംഗമായാലും ഇങ്ങനെയാണ് പോകുന്നതെങ്കിൽ നമുക്ക് അത് മാറ്റിയെടുക്കാൻ കഴിയുകയില്ല. കാരണം രാഷ്ട്രീയത്തിന്റെ അതിപ്രസരമാണ് അവിടെ. എല്ലാ കാര്യങ്ങളിലും രാഷ്ട്രീയം കാണുന്ന സമീപനമാണ്. അതുകൊണ്ട് കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനം നന്നാകണമെങ്കിൽ അവിടത്തെ ഭരണ സമിതിയിൽ ആര് മാറിവന്നാലും ഗുണമുണ്ടാവുകയില്ല. മറിച്ച് നമ്മുടെ രാഷ്ട്രീയമായ സമീപനത്തിലും കാഴ്ചയിലും മാറ്റമുണ്ടാകണം. എങ്കിൽ മാത്രമേ കേരള സർവ്വകലാശാല കർഷകരുടെ സർവ്വകലാശാലയായി മാറ്റാൻ കഴിയൂ. അതുകൊണ്ട് എല്ലാപേരുടേയും സഹകരണം നമുക്ക് ആവശ്യമാണ്. ബഹുമാനപ്പെട്ട മന്ത്രി എല്ലാ സഹായസഹകരണങ്ങളും നൽകണം. അത് എഴുതി തള്ളേണ്ട സർവ്വകലാശാലയല്ല. തീർച്ചയായും സഹായം അവിടെ ആവശ്യമാണ്. ഒട്ടനവധി പഠനങ്ങൾ അവിടെ നടക്കുന്നു. ഒട്ടനവധി ഗവേഷണങ്ങൾ അവിടെ നടക്കുന്നു. പല രൂപത്തിലുള്ള ഗവേഷണങ്ങൾ നടക്കുന്നു. നല്ല ശാസ്ത്രജ്ഞന്മാരും ഗവേഷകരും സർവ്വകലാശാലയ്ക്കുണ്ട്. പക്ഷെ, ആ സർവ്വകലാശാലയിൽ നടത്തുന്ന ഗവേഷണങ്ങളും പഠനങ്ങളും ഈ രാജ്യത്തിലെ കർഷകർക്ക് ഗുണമാകുന്നുണ്ടോ എന്നുകൂടി ആലോചിക്കണം. അവിടെ നടക്കുന്ന പഠനങ്ങളും ഗവേഷണങ്ങളും ജനങ്ങളിലേയ്ക്ക് എത്തിക്കുവാനുള്ള ബ്രിഡ്ജസ് ഒന്നും ആയിട്ടില്ല. അതുപോലെ അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റ്, ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് എന്നിവ വ്യത്യസ്ത വകുപ്പുമന്ത്രിയുടെ കീഴിൽ നിൽക്കുന്ന പല മേഖലകളിലുമുള്ള ഗവേഷണങ്ങളാണ് അവിടെ നടത്തുന്നത്. പക്ഷെ, ഇവിടെ നടത്തുന്ന ഗവേഷണങ്ങൾ ഡിപ്പാർട്ടുമെന്റിലൂടെ ജനങ്ങളിലേയ്ക്ക് എത്തിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. കൃഷി ഭവനുകളിൽ ഉന്നത ബിരുദം എടുത്ത ആളുകൾ പലരും ഗുമസ്തന്റെ പണിയാണെടുക്കുന്നത്. കർഷകന്റെ പ്രയാസങ്ങൾ മനസ്സിലാക്കിക്കൊണ്ട് അവനോട് മണ്ണിന്റെഗുണം പറഞ്ഞു മനസ്സിലാക്കിക്കാനുള്ള ഒരു സാഹചര്യം ഇന്ന് കൃഷി ഭവനുകളിൽ ഉണ്ടാക്കുവാൻ കഴിയുന്നില്ല. ഫിഷറീസ് വകുപ്പായാലും ഏത് വകുപ്പായാലും കർഷകന് ഗുണമുണ്ടാക്കുന്ന രീതിയിൽ കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കണം. അത് ജനങ്ങളിലേയ്ക്കെത്തിക്കുവാൻ എന്ത് മാർഗ്ഗമാണെന്ന് ആലോചിക്കുവാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇന്ന് കർഷകരുടെ ആത്മഹത്യയെക്കുറിച്ച് ഇവിടെ പറഞ്ഞു. അതിന് ദീർഘവീക്ഷണത്തോടുകൂടി എങ്ങനെ പരിഹാരം കാണാമെന്നതിനെക്കുറിച്ച് നമ്മൾ ചർച്ചചെയ്യണം. കാലംതെറ്റിവരുന്ന കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനങ്ങൾ ഇന്ന് വളരെയേറെ പ്രശ്നങ്ങളുണ്ടാക്കുന്നു. പ്രളയം തുടങ്ങി ഒട്ടനവധി കാര്യങ്ങൾ നമ്മുടെ കൃഷിയെ ബാധിച്ചുകൊണ്ടിരിക്കുകയാണ്. പ്രതീക്ഷിക്കാതെ

കടന്നുവരുന്ന കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനങ്ങൾമൂലം ദുരന്തങ്ങൾ ഏറ്റുവാങ്ങുന്നത് പാവപ്പെട്ട കർഷകരാണ്. പൂർണ്ണമായും അവർക്ക് സഹായം എത്തിക്കുവാനുള്ള പ്രത്യേക താൽപര്യമെടുക്കണം. ബാങ്ക് വായ്പയായാലും, വിളകളുടെ ഇൻഷ്വറൻസ് ആയാലും അതിൽ ഇളവ് വരുത്തണം. ഗവൺമെന്റ് പലിശയുടെ കാര്യം ഇവിടെ പലരും സൂചിപ്പിച്ചു. ഇന്ന് വായ്പയ്ക്ക് നാലും അഞ്ചും ശതമാനമാണ് പലിശ. പാവപ്പെട്ട കർഷകർക്ക് എട്ടും ഒമ്പതും ശതമാനമാണ് പലിശ. അതുകൊണ്ട് പലിശ കുറയ്ക്കുവാനുള്ള നിലപാട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഗ്രാമ വികസന വകുപ്പു മന്ത്രിയെക്കുറിച്ച് ഇവിടെ എല്ലാപേർക്കും അറിയാം. അതുകൊണ്ട് ഞാൻ പ്രത്യേകം പറയേണ്ടതില്ല. എല്ലാ നിയമസഭാ സാമാജികർക്കും അറിയാവുന്ന കാര്യമാണ്. ഇത്ര നല്ല രീതിയിൽ യാതൊരുവിധ ആരോപണവും കേൾക്കാതെ പ്രവർത്തിക്കുന്ന ഗ്രാമവികസന വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. അതോടൊപ്പം ഡി.ആർ.ഡി.എ. നടപ്പാക്കിക്കൊണ്ടിരിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ വളരെയധികമുണ്ട്. ആ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ എം.എൽ.എ.-മാർ നിർദ്ദേശിക്കുന്ന വർക്കുകൾകൂടി പരിഗണിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്.

<u>ശ്രീ. സി. മമ്മൂട്ടി:</u> സർ, ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. കർഷകർ ഈ രാജ്യത്തിന്റെ നട്ടെല്ലാണ്. യഥാർത്ഥത്തിൽ വരൾച്ച, വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതിക്ഷോഭംമൂലം ഏറ്റവും കൂടുതൽ ദുരിതമനുഭവിക്കുന്നത് കർഷകരാണ്. നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഗവൺമെന്റ് വിഹിതം പരിപൂർണ്ണമായി വിനിയോഗിച്ചുകൊണ്ട് കർഷകരെ സഹായിക്കേണ്ട എല്ലാ മേഖലകളിലും സഹായിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. കർഷകരെ എങ്ങനെ രക്ഷിക്കാമെന്നതിനെ ആശ്രയിച്ചാണ് ഒരു ഗവൺമെന്റിന്റെ കഴിവും കഴിവുകേടും വിലയിരുത്തുന്നത്. കർഷകർ ദുരിതത്തിൽ അകപ്പെട്ടപ്പോൾ അവരെ സഹായിക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് അധികാരത്തിൽവന്ന ആദ്യഘട്ടംതന്നെ അവർക്കുവേണ്ടി ഒരു പാക്കേജ് പ്രഖ്യാപിച്ചു. ഉൽപ്പന്നങ്ങൾക്ക് ആവശ്യമായ വില നിർദ്ദേശിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് കർഷകർക്ക് നേരിട്ട് പണം എത്തിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ചത് ഈ ഗവൺമെന്റാണ്. ഇവിടെ ഒട്ടേറെ പദ്ധതികൾ ഈ ഗവൺമെന്റ് കർഷകർക്കുവേണ്ടി ചെയ്തിട്ടുണ്ട്. അവരെ സഹായിക്കുന്നതിന് പ്രത്യേക പാക്കേജ് കൊണ്ടുവന്നു. അതിനുപുറമേ ഏറ്റവും ഒടുവിലായി വരൾച്ചാ ദുരിതാശ്വാസമായി കർഷകർക്ക് വിവിധ ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചു. കാർഷികാദായ നികുതി രണ്ടുവർഷത്തേയ്ക്ക് ഒഴിവാക്കി. തോട്ടം മേഖലയിൽ നികുതി ഇളവുവരുത്തി. കരം തിരിച്ചടയ്ക്കുന്നതിന് സാവകാശം നൽകി. കടാശ്വാസ പദ്ധതി നടപ്പാക്കി. അങ്ങനെ ഒട്ടേറെ പദ്ധതികൾ നടപ്പാക്കി. മാത്രമല്ല ഇവിടെ പാക്കേജിനെക്കുറിച്ച് പറയുമ്പോൾ ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് കൊപ്ര സംഭരിച്ചതുപോലെയല്ല ഇത്.

LIBRARY ARCHIVES Kerala Legislative Assembly

കൊപ്ര സംഭരണത്തിലൂടെ 106 കോടി രൂപ കേന്ദ്രം കൊടുത്തപ്പോൾ അത് ഇടനിലക്കാർക്കാണ് കിട്ടിയത്. സി.ആന്റ്.എ.ജി. റിപ്പോർട്ടിൽ വന്നിരിക്കുകയാണ്. 2000-01 കാലഘട്ടത്തിൽ നാഫഡ്ഡും കേരഫെഡ്ഡും മാർക്കറ്റ് ഫെഡ്ഡും നടത്തിയ കൊപ്ര സംഭരണം പ്രഹസനമായിരുന്നുവെന്ന് സി. ആന്റ് എ.ജി റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. 106 കോടി രൂപ സബ്സിഡിയിനത്തിൽ ലഭിച്ചത് ഇടനിലക്കാരുടെ കൈകളിലാണ് എത്തിയത്. എന്നാൽ ഞങ്ങൾ ഈ പദ്ധതി നടപ്പാക്കിയതിലൂടെ കർഷകർക്ക് നേരിട്ട് തുക എത്തിക്കുകയാണ് ചെയ്തത്. വയനാട്ടിലെ കർഷകരെ എനിക്ക് നന്നായി അറിയാം. അവർക്ക് ഓരോരുത്തർക്കും ആയിരം രൂപയിലധികം കിട്ടി. ഇപ്പോൾ വരൾച്ചാ ദുരിതത്തിന്റെ ഭാഗമായി ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചപ്പോൾ 20000-25000 രൂപവരെ അത്തരക്കാർക്ക് കൊടുക്കുകവഴി അവർക്ക് വലിയ ആശ്വാസമായി. ഇവിടെ ആത്മഹത്യയെക്കുറിച്ച് പറഞ്ഞു. പല കാര്യങ്ങൾകൊണ്ടും കർഷകർ ആത്മഹത്യ ചെയ്യുന്നുണ്ട്. പണം തിരിച്ചടയ്ക്കുവാൻ കഴിയാത്ത അവസ്ഥ വരുമ്പോൾ അവരെ സഹായിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുക എന്നതാണ് ഒരു ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അഭികാമ്യമായിട്ടുള്ളത്. അത് ഇവിടെ സ്വീകരിച്ചിട്ടുണ്ട്. ശ്രീമതി കെ. ആർ. ഗൗരിയമ്മ ഈ കേരളത്തിലെ കർഷകരെ സ്നേഹിക്കുകയും അവരുടെ പ്രശ്നങ്ങൾ കാണുകയും അവർക്കു വേണ്ട സഹായം ചെയ്തുകൊടുക്കുകയും ചെയ്തു. ഇവിടെ എട്ടര പതിറ്റാണ്ടു കാലം ജീവിച്ച് കണ്ടുംകൊണ്ടും അറിഞ്ഞും പരിചയസമ്പന്നയായ പ്രഗൽഭയായ ശ്രീമതി കെ. ആർ. ഗൗരിയമ്മ കേരള കർഷകരെ സംബന്ധിച്ചിടത്തോളം ഗൗരിയമ്മ മാത്രമല്ല അമ്മൂമ്മ കൂടിയാണെന്നുപറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ആഗോളതലത്തിലെ വില വർദ്ധനവ് അനുസരിച്ച് ഇവിടെ കാർഷികവില ഏറിയും കുറഞ്ഞുമിരിക്കും. അതൊരു പ്രതിഭാസമാണ്. അതിൽ നമുക്ക് ചെയ്യാൻ കഴിയുന്നത് അനുയോജ്യമായ വിപണന തന്ത്രം ആവിഷ്ക്കരിക്കണമെന്നതാണ്. അതുപോലുള്ള ക്രമീകരണം നടത്താൻ വേണ്ട നടപടി ഉണ്ടാകണം. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ ഒട്ടേറെ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ ശുപാർശ ചെയ്തിട്ടുണ്ട്. അതിന് തുടക്കംകുറിച്ചതിൽ തീർച്ചയായും സന്തോഷമുണ്ട്. ഞാൻ അഭിനന്ദിക്കുകയാണ്. അടിസ്ഥാന സൗകര്യങ്ങൾക്ക് കൂടുതൽ സഹായം നൽകി ഉൽപ്പാദനം മുതൽ വിപണനംവരെയുള്ള എല്ലാ മൂല്യവർദ്ധിത തലങ്ങളിലും കാർഷികോൽപ്പന്നങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. വൈവിധ്യവൽക്കരണത്തിന് സർക്കാർ നടപടി സ്വീകരിക്കണം. മിശ്രവിള സമ്പ്രദായം മാത്രമേ വിലത്തകർച്ചയെ തരണംചെയ്യാൻ കർഷകരെ സഹായിക്കൂ. തേനീച്ച വളർത്തൽ കാർഷിക വനവൽക്കരണം മൽസ്യകൃഷി, കോഴി വളർത്തൽ തുടങ്ങിയ ഉപകൃഷി മേഖലയെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് വൈവിധ്യവൽക്കരണത്തിന് കർഷകർക്ക് ആവശ്യമായ അവബോധം നൽകുവാൻ ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ സർക്കാർ മുന്നോട്ടുവരേണ്ടതായിട്ടുണ്ട്. ഈ കഴിഞ്ഞ വരൾച്ചയിൽ ഏറ്റവും കൂടുതൽ കഷ്ടതയനുഭവിച്ചത് പാലക്കാട്, വയനാട് ആലപ്പുഴ, കോട്ടയം ജില്ലകളിലുള്ളവരാണ്. അവിടത്തെ കർഷകർ പകച്ചുപോയി. കാലാവസ്ഥയിൽ അങ്ങനെയൊരു പ്രതിഭാസമായിരുന്നു സംഭവിച്ചത്. മഴക്കാലംവന്നാൽ വെള്ളപ്പൊക്കം അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പേരിൽ കർഷകർ ദുരിതമനുഭവിക്കുമ്പോൾ അവരെ സഹായിക്കുവാൻ ഗവൺമെന്റിന് കഴിയുന്നത് ചെയ്യുന്നുണ്ട്. അത് ഗവൺമെന്റിന്റെ കോട്ടമാണെന്ന് പ്രതിപക്ഷം പറഞ്ഞതുകേട്ടു. പ്രകൃതിക്ഷോഭം ഉണ്ടാകുന്നതിനു ഉത്തരവാദി ഗവൺമെന്റാണോ? ഏതായാലും അത്തരം ഘട്ടങ്ങളിൽ ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്. ഇവിടെ ഈ പ്രകൃതിക്ഷോഭത്തിന്റെ ഭാഗമായി ഉണ്ടായ വരൾച്ച വയനാടിലെ കാപ്പി, കുരുമുളക് കർഷകരെ വളരെയധികം ദുരിതത്തിലാക്കി. നെൽ ഉൽപ്പാദനം ഈ വരൾച്ചയുടെ ഭാഗമായി 42 ശതമാനം കുറഞ്ഞിട്ടുണ്ട്. വാഴകൃഷിക്ക് 64 ശതമാനം നാശം നേരിട്ടു. കപ്പകൃഷിക്ക് 36 ശതമാനം നാശം സംഭവിച്ചു. തോട്ടവിളകൾക്കാണ് രൂക്ഷമായ നാശം സംഭവിച്ചത്. തേയില, അടയ്ക്ക, കാപ്പി, കുരുമുളക്, ഏലം, റബ്ബർ തുടങ്ങിയതിന് വരൾച്ചയുടെ അനന്തരഫലം രൂക്ഷമാണ്. ഇതിൽനിന്നും ഒരുപാഠം ഉൾക്കൊള്ളണം. കാലാകാലങ്ങളായി ഇത്തരം അവസ്ഥാവിശേഷം വരുമ്പോൾ അതിനെ പ്രതിരോധിക്കുവാൻ ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ച് മുന്നോട്ടുപോകാനുള്ള പദ്ധതി ഗവൺമെന്റ് നടപ്പാക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഇവിടെ തേങ്ങയുടെ ഉൽപ്പാദനം കുറഞ്ഞുവരുകയാണ്. തമിഴ്നാട്ടിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ ഉൽപ്പാദനം കുറയാൻ പല കാരണങ്ങളുണ്ട്. മണ്ഡരി ബാധിക്കുന്നു. മണ്ഡരി ബാധിക്കുമ്പോൾ സ്വാഭാവികമായും ഉൽപ്പാദനം കുറയും. ഇന്ന് ടെണ്ടർ കോക്കനട്ട് പ്രോഡക്ടാക്കി വ്യവസായമായി പാനീയമായി പുറത്തുവരുകയാണ്. കൊക്കകോളയ്ക്ക് പകരം അവ വിൽക്കുമ്പോൾ ആവശ്യത്തിന് തേങ്ങ കിട്ടാറില്ല. വ്യവസായികൾ പോകുന്നത് തൊട്ടടുത്ത സംസ്ഥാനങ്ങളിലേയ്ക്കാണ്. തമിഴ്നാട്ടിലും കർണ്ണാടകയിലും പോയിട്ടാണ് തേങ്ങ കൊണ്ടുവരുന്നത്. തമിഴ്നാട് 29 ശതമാനം വിസ്തൃതിയിൽ നാളികേര കൃഷി നടത്തിയിരുന്നത് 38 ശതമാനമാക്കി വർദ്ധിപ്പിച്ചിരിക്കുകയാണ്. മണ്ഡരിപോലുള്ള രോഗവിമുക്തമായ തേങ്ങാവിത്തുകൾ പല സ്ഥലങ്ങളിൽനിന്നും കൊണ്ടുവന്ന് ശേഖരിക്കണം. ക്രിയാത്മകമായി നല്ല രീതിയിൽ തെങ്ങിൻതൈകൾ വളർത്തി കേരകർഷകരെ സഹായിക്കുന്ന പദ്ധതി ആവിഷ്ക്കരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ സർക്കാർ ധാരാളം കടാശ്വാസ പദ്ധതികൾ ഇവിടെ പ്രഖ്യാപിച്ചു. വിളനാശം സംഭവിച്ച സ്ഥലങ്ങളിൽ വിത്ത് വിതരണം നടത്തി കൃഷി ഇറക്കുന്ന കർഷകരെ സഹായിക്കുന്നതിന് നടപടി വേണം. കൃഷിനാശവും വിലത്തകർച്ചയും പിടിച്ചുനിർത്താൻ കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തണം. എല്ലാ കർഷകർക്കും എല്ലാ കൃഷിക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കണമെന്നാണ് ഞാൻ പറയുന്നത്. ഈ രൂക്ഷമായ പ്രതിസന്ധി നേരിട്ടപ്പോൾ തേയില, കാപ്പി, കുരുമുളക് ഇവയ്ക്ക് മാത്രമേ വില കുറഞ്ഞുള്ളൂ. ബാക്കി എല്ലാറ്റിനും ശ്രീമതി കെ. ആർ. ഗൗരിയമ്മ വന്നതോടുകൂടി വില കൂടിയിട്ടുണ്ട്. അത് ആഗോള പ്രതിഭാസമാണോ അല്ലയോ എന്ന് ഞാൻ പറയുന്നില്ല. ഏതായാലും ശ്രീമതി കെ. ആർ. ഗൗരിയമ്മ മന്ത്രിയായത് ശുഭലക്ഷണമാണ്. അതിനുശേഷം എല്ലാ ഉൽപ്പന്നങ്ങൾക്കും വില കുതിച്ചുകയറുകയാണ്. വയനാട്ടുകാർക്ക് രക്ഷ ഇഞ്ചിക്കൃഷി മാത്രമാണ്. ഇഞ്ചിക്ക് 900 രൂപയുണ്ടായിരുന്നത് ഇപ്പോൾ 2500 രൂപയാണ് വില. അങ്ങനെ വില വന്നപ്പോൾ ക്രയനികുതി എന്ന പേരിൽ നാലു ശതമാനം നികുതി ഏർപ്പെടുത്തി, പിന്നീട് യു.ഡി.എഫ്. ഗവൺമെന്റ് അത് പിൻവലിച്ചു. പിന്നീട് ഒരു ശതമാനം സി.എസ്. ടി കൊടുക്കണമെന്ന നിയമം വന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സി-ഫോം ഇല്ലാത്തവർ പത്തു ശതമാനം പിഴയായി കൊടുക്കണമെന്നു പറഞ്ഞു. മറ്റു സ്ഥലങ്ങളിൽ പച്ചക്കറിയായിട്ടാണ് ഇഞ്ചിയെ കരുതുന്നത്. മറ്റു സംസ്ഥാനങ്ങളിലെ കടക്കാർ പച്ചക്കറിയായി കരുതുന്നതുകൊണ്ട് അവർക്ക് സി-ഫോം ഇല്ല. സി-ഫോം വാങ്ങാത്തതുകൊണ്ട് ഒരു ശതമാനം സി.എസ്.ടി. കൊടുക്കണമെന്നുള്ളത് ഫലത്തിൽ പത്തു ശതമാനം കൊടുക്കേണ്ടിവരുന്ന ക്രൂരമായ ഒരു സമീപനം വയനാട്ടിലെ കർഷകരോട് സ്വീകരിക്കാൻ ഇട വന്നിട്ടുണ്ട്. അത് പിൻലിക്കണം. കർഷകരെ അതിൽ നിന്ന് മോചിപ്പിക്കാനും സി.എസ്.ടി. പിൻവലിക്കാനുമാവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് വളരെ ശക്തമായി ഞാൻ ആവശ്യപ്പെടുകയാണ്. അങ്ങനെ കർഷകരെ രക്ഷപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം. സർ, സാമൂഹ്യവികസനരംഗത്തെക്കുറിച്ച് പറയുകയാണ്. വികസനരംഗത്ത് ഇത്രയും മുന്നോട്ടുപോയ ഒരു വകുപ്പില്ല. പലരും ഇവിടെ ഫുഡ് ഫോർ വർക്കിനെക്കുറിച്ച് പറഞ്ഞു. സാമൂഹ്യവികസനവകുപ്പ് നടത്തുന്ന പദ്ധതികൾ നടപ്പാക്കുന്നത് ഗവൺമെന്റ് നേരിട്ടാണോ? അല്ല. ഇടതുപക്ഷവും ഭരണപക്ഷവും ഉൾക്കൊള്ളുന്ന എല്ലാ പാർട്ടികളുമുള്ള ത്രിതല പഞ്ചായത്തുകളിലൂടെയാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഒരു കാര്യം മനസ്സിലാക്കേണ്ടതുണ്ട്. സാമൂഹ്യവികസന വകുപ്പ് കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്ന തുക കൃത്യമായി വിനിയോഗിച്ചിട്ടുണ്ട്. കേന്ദ്രഗവൺമെന്റ് നൽകിയ തുകയിൽ ഒരു രൂപ പോലും വിനിയോഗിക്കാത്ത ഏതെങ്കിലും ഒരു സംഭവം നിങ്ങൾക്ക് ചൂണ്ടിക്കാണിക്കാൻ കഴിയുമോ? 1999-2000-ത്തിൽ 123.78 കോടി രൂപ ഇടതുപക്ഷത്തിന് കിട്ടിയപ്പോൾ 2000-2001-ൽ 118.57 കോടി രൂപയായി ചുരുങ്ങി. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ 2001-02-ൽ 153.18 കോടി രൂപയായി വർദ്ധിച്ചു. മാത്രമല്ല, കേന്ദ്രാവിഷ്കൃത പദ്ധതിയിൽ പണം കിട്ടണമെങ്കിൽ ആദ്യം കേന്ദ്രം കൊടുക്കുന്ന തുക പൂർണ്ണമായി വിനിയോഗിച്ചുകഴിഞ്ഞാൽ മാത്രമേ പിന്നീട് കേന്ദ്ര ഗവൺമെന്റ് കൊടുക്കുകയുള്ളൂ. അങ്ങനെ കൊടുക്കാത്ത ഒരു സംഭവമില്ലെന്നർത്ഥം. കൊടുത്ത തുക പൂർണ്ണമായും വിനിയോഗിക്കാതെ വീണ്ടും കൊടുക്കുകയില്ല. അങ്ങനെ കൊടുത്ത ചരിത്രമേ ഉണ്ടായിട്ടുള്ളൂ. കോടിക്കണക്കിന് രൂപയുടെ പദ്ധതി പൂർണ്ണമായി നടപ്പാക്കിയ ഒരു വകുപ്പ് എന്ന നിലയിൽ ഞാൻ ഈ വകുപ്പിനെ പ്രത്യേകം അഭിനന്ദിക്കുകയാണ്. ഐക്യമുന്നണിയിൽ എന്തൊക്കെയോ കുഴപ്പങ്ങളുണ്ട് എന്ന് പ്രതിപക്ഷം എപ്പോഴും പറയും. നിങ്ങൾ സന്തോഷിക്കേണ്ട. ഒരു കാര്യം പറയാം. ഞങ്ങളുടെ കുടുംബത്തിൽ ഇണക്കവും പിണക്കവുമുണ്ടാകും. അത് സ്വാഭാവികം മാത്രമാണ്. ഇത് ഐക്യമുന്നണി കുടുംബമാണ്. ആ കുടുംബത്തിൽ ഇണക്കവും പിണക്കവും ഉണ്ടാകും. അതു സ്വാഭാവികമാണ്. പക്ഷേ ആ കുടുംബം ശക്തമായി മുന്നോട്ടുപോകും. കാര്യങ്ങൾ ഭംഗിയായി നടക്കും. മാത്രമല്ല, കേരളത്തിലെ ജനങ്ങൾ 5 വർഷത്തേയ്ക്കുള്ള കരാറാണ് യു.ഡി.എഫ്. ബസ്സിന് നൽകിയിട്ടുള്ളത്. അഞ്ചു വർഷത്തേയ്ക്കുള്ള പെർമിറ്റാണ് ഗവൺമെന്റിന് നൽകിയിട്ടുള്ളത്. ആ ബസ്സിന് ചിലപ്പോൾ ഓട്ടത്തിൽ ചില തകരാറുകൾ ഉണ്ടാകും. അതു സ്വാഭാവികമാണ്. ആ തകരാറൊക്കെ നീക്കി അമിതമായ സ്പീഡോഡുകൂടി അടുത്ത രണ്ടു വർഷക്കാലം സമഗ്രമായ മാറ്റം വരുത്തി മുന്നോട്ടുപോകും. കഴിഞ്ഞ പാർലമെന്റു തെരഞ്ഞെടുപ്പിൽ കിട്ടിയ വിധി പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് സമഗ്രമായ മാറ്റങ്ങളിലേയ്ക്ക്

മുന്നോട്ടുപോയി 5 വർഷം കൂടി തികച്ചും ഭരിക്കും. ഇനിയുള്ള 5 വർഷം നിങ്ങൾക്ക് പെർമിറ്റ് കിട്ടുമെന്ന് നിങ്ങൾ സ്വപ്നം കാണേണ്ട. ഐക്യജനാധിപത്യ മുന്നണി തിരിച്ചുവരും. അതുകൊണ്ട് ഇനിയുള്ള കാലങ്ങളിൽ സമഗ്രമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ സർവ്വാത്മനാ പിൻതാങ്ങിക്കൊണ്ട് നിർത്തുന്നു.

<u>ശ്രീ. ടി. എച്ച്. മുസ്തഫ:</u> സർ, ബഹുമാന്യയായ ശ്രീമതി കെ. ആർ. ഗൗരിയമ്മയും ശ്രീ. സി.എഫ്. തോമസും അവതരിപ്പിച്ചിട്ടുള്ള കൃഷി, മൃഗസംരക്ഷണം, ക്ഷീര വ്യവസായം, സാമൂഹ്യവികസനം എന്നീ വകുപ്പുകളിലേയ്ക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുന്നു. കഴിഞ്ഞ 5 വർഷത്തെ എൽ.ഡി.എഫ്. ഭരണത്തിനുശേഷം അധികാരത്തിൽ വന്ന ഒരു ഗവൺമെന്റാണിത് എന്ന് എല്ലാവർക്കുമറിയാം. കേരളത്തിലെ കാർഷിക രംഗം കഴിഞ്ഞ കാലത്ത് കാർഷിക സമരങ്ങളുടേയും വെട്ടിനിരത്തലുകളുടേയും കാർഷിക ചെലവുകളുടെ വർദ്ധനയുടേയും ഫലമായി കൃഷിനാശവും വിലത്തകർച്ചയുംമൂലം പൂർണ്ണ തകർച്ചയെ നേരിടുന്ന ഒരു സന്ദർഭത്തിലാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ടുള്ളത്. കഴിഞ്ഞ കാലത്ത് കൃഷിവികസനം എന്നത് വെട്ടിനിരത്തൽ ആയിരുന്നു. നട്ടുവളർത്തൽ ഇവിടെ ഉണ്ടായില്ല. അതിന്റെ ഫലമാണ് ഇന്ന് കാർഷികരംഗത്ത് കാണുന്ന എല്ലാ പ്രശ്നങ്ങളുടേയും തുടക്കം. കഴിഞ്ഞ മൂന്നു വർഷത്തെ കാര്യക്ഷമമായ പ്രവർത്തനങ്ങളുടെ ഫലമായി റബ്ബർ, നാളികേരം തുടങ്ങിയ കാർഷികോൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. സർ, വാലാട്ടിപ്പക്ഷികളുണ്ട്. തങ്ങളുടെ വാലു കുലുങ്ങിയതുകൊണ്ടാണ് ഭൂമി കുലുങ്ങുന്നതെന്ന് വിശ്വസിക്കുന്നതുപോലുള്ള ആളുകളെ ഈ യാഥാർത്ഥ്യം അംഗീകരിപ്പിക്കാൻ സാധ്യമല്ല. ഇനിയും നമ്മുടെ പല കാർഷികോൽപ്പന്നങ്ങളുടേയും വിലനിലവാരം ഉയർത്തേണ്ടതുണ്ട് എന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. പുതിയൊരു ഗവൺമെന്റ് കേന്ദ്രത്തിൽ അധികാരത്തിൽ വന്നിരിക്കുന്നു. ആ ഗവൺമെന്റിന്റെ പ്രവർത്തനത്തിൽ ഏറ്റവും കൂടുതൽ മുൻഗണന നൽകുന്നത് കാർഷിക ഗ്രാമവികസനത്തിനാണെന്ന് പ്രധാനമന്ത്രി പറഞ്ഞിട്ടുണ്ട്. ആ പ്രഖ്യാപനങ്ങളുടേയും വരാൻ പോകുന്ന പ്രവർത്തനങ്ങളുടേയും നാളെ അവതരിപ്പിക്കുന്ന ബഡ്ജറ്റിന്റേയുമെല്ലാം പ്രതിഫലനങ്ങൾ നമുക്ക് ലഭ്യമാക്കണം. ആദ്യമായി കാർഷികോൽപ്പന്നങ്ങളുടെ വിലനിലവാരം നിലനിർത്തുക എന്നതിനായിരിക്കണം മുൻഗണന. അതിന് കേന്ദ്ര സംസ്ഥാനങ്ങളുടെ ആഭിമുഖ്യത്തിൽ ഒരു കാർഷിക വിലനിലവാര അതോറിറ്റി രൂപീകരിക്കണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. കാർഷികോൽപ്പാദനം വർദ്ധിപ്പിക്കണം. കർഷകർ കൃഷിയിൽ നിന്ന് പുറകോട്ട് പോകുന്നത് കൃഷി ലാഭകരമല്ല എന്നതുകൊണ്ടാണ്. വർദ്ധിച്ച മൂലധനച്ചെലവും മറ്റു ചെലവുകളും കിട്ടുന്ന വിലയും തട്ടിക്കുമ്പോൾ കൃഷി നഷ്ടത്തിലാണ്. അതു പരിഹരിക്കാൻ കൂലി കുറയ്ക്കുകയോ, വളം, കീടനാശിനി, വിത്ത്, തൈകൾ തുടങ്ങിയവയുടെ വില കുറയ്ക്കുകയോ ചെയ്യണം. അല്ലാതെ ലാഭകരമാക്കാൻ കഴിയില്ല. അതിന് ചെയ്യാൻ കഴിയുന്ന ഏറ്റവും വലിയ കാര്യം കൃഷി ആധുനീകരിക്കണം. കൃഷി ശാസ്ത്രീയമാക്കണം. കൃഷി യന്ത്രവൽക്കരിക്കണം. അതിനു കഴിയുന്നവിധമുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കേണ്ടതുണ്ട്. കൃഷികൾ

LIBRARY ARCHIVES Kerala Legislative Assembly

പലതും പല രോഗങ്ങളാൽ നശിച്ചുപോകുന്നു. അത് കർഷകന് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നു. അതില്ലാതാക്കാൻ നമുക്ക് കഴിയണം. കാർഷികസർവ്വകലാശാലയെക്കുറിച്ച് ഇവിടെ പറഞ്ഞു. കാർഷികസർവ്വകലാശാലയിൽ ഇപ്പോൾ ഉദ്യോഗസ്ഥന്മാരുടെ സേവന-വേതന വ്യവസ്ഥ മെച്ചപ്പെടുത്താനുള്ള ചർച്ചകളും സമരങ്ങളും തീരുമാനങ്ങളും മാത്രമാണ് നടക്കുന്നത്. അതു മാറണം. അതൊരു ഗവേഷണ കേന്ദ്രമാക്കണം, പരീക്ഷണ കേന്ദ്രമാക്കണം, നിരീക്ഷണകേന്ദ്രമാക്കണം. ഗവേഷണങ്ങളുടേയും പരീക്ഷണങ്ങളുടേയും സൽഫലങ്ങൾ കർഷകർക്ക് നൽകണം. അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ ഇവിടെ ഉൽപ്പാദിപ്പിക്കണം. നല്ല തൈകൾ ഉൽപ്പാദിപ്പിക്കണം. അവ കൃത്യമായി വിതരണം ചെയ്യണം. പുതിയ ജൈവവളങ്ങളും കുമിൾനാശിനികളും കീടനാശിനികളും കണ്ടെത്തണം. അവ ഫലപ്രദമായി ഉപയോഗിക്കാൻ കർഷകർക്ക് വിജ്ഞാനം പകരാൻ കർഷകരെ പരിശീലിപ്പിക്കാൻ, അതിനായി സർവ്വകലാശാലയെ മാറ്റണം. അതിനുപകരിക്കുംവിധം കാർഷിക സർവ്വകലാശാല പുനഃസംഘടിപ്പിക്കണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. കൃഷിവകുപ്പിന്റെ കൈവശമുള്ള മുഴുവൻ വിത്തുൽപ്പാദനകേന്ദ്രങ്ങളും കൃഷിത്തോട്ടങ്ങളും സർവ്വകലാശാലയ്ക്ക് കൈമാറണം. സർവ്വകലാശാല പരീക്ഷണങ്ങളിലൂടെ, നിരീക്ഷണങ്ങളിലൂടെ, ഗവേഷണങ്ങളിലൂടെ, കാർഷിക രംഗത്തിന് നൽകുന്ന സൽഫലങ്ങൾ കർഷകർക്ക് എത്തിക്കുകയും കർഷകരെ കൃഷിയിൽ സജ്ജമാക്കുകയും കർഷകർക്ക് ആവശ്യമായ സഹായങ്ങൾ കൃത്യ സമയത്ത് എത്തിക്കുകയും ചെയ്യുന്ന ജോലി കൃഷി ഡിപ്പാർട്ട്മെന്റിനെ ഏൽപ്പിക്കണം. കൃഷി ഡിപ്പാർട്ട്മെന്റ് അതിനുവേണ്ടി പുനഃസംഘടിപ്പിക്കണം. കൃഷി ഡയറക്ടറേറ്റ് കാർഷിക കാര്യങ്ങൾ കൈകാര്യം ചെയ്യാനുള്ള കൃഷി ഡയറക്ടറേറ്റ് ആകണം. അവിടെ മൃഗസംരക്ഷണ വകുപ്പും ക്ഷീരവികസനവകുപ്പും ഒന്നിപ്പിക്കണം. അതിനുള്ള ഏക സങ്കേതമായി കാർഷിക ഡയറക്ടറേറ്റിനെ മാറ്റാൻ കഴിയണം. അത് ജില്ലാ കാർഷിക വികസനകേന്ദ്രമെന്ന് പുനഃസംഘടിപ്പിച്ച് സഹായങ്ങൾ ലഭ്യമാക്കണം. ജില്ലാ കാർഷിക വികസനകേന്ദ്രത്തിൽ ഒരുപാട് ഡെപ്യൂട്ടി ഡയറക്ടർമാരുണ്ട്. അവർക്ക് ഇരിക്കാൻ സ്ഥലമില്ല. അവരെയെല്ലാം ഓരോ നിയോജകമണ്ഡലത്തിന്റെ വികസനസമിതിയുടെ കൺവീനറാക്കി, ജനപ്രതിനിധികളേയും കർഷകരേയും എല്ലാവരേയും ഉൾക്കൊള്ളിച്ച് ഓരോ നിയോജകമണ്ഡലത്തിലും പ്രത്യേകമായ പദ്ധതികളുണ്ടാക്കി നടപ്പിലാക്കാൻ ഡെപ്യൂട്ടി ഡയറക്ടർമാരെ നിയോഗിക്കണം.

1.00 p. m.] ബ്ലോക്ക് തലത്തിൽ ഒരു കൃഷി അസിസ്റ്റന്റ് ഡയറക്ടറുണ്ട്, ഓഫീസ് എവിടെയാണെന്ന് പലർക്കും കണ്ടെത്താൻ ബുദ്ധിമുട്ടുണ്ട്. ബ്ലോക്ക് തലത്തിൽ ബ്ലോക്ക് ഓഫീസ് കേന്ദ്രമാക്കി ഒരു കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ് ഫലപ്രദമായി പ്രവർത്തിപ്പിക്കാനുള്ള ഏർപ്പാടുണ്ടാകണം. ഇപ്പോൾ കൃഷി ഭവനുകളുണ്ട്, പലയിടങ്ങളിലും കൃഷിഭവൻ ഓഫീസ്സില്ലാത്തത് അത് വേണ്ടത്ര ശ്രദ്ധിക്കാതെ പോയതു കൊണ്ടാണ്. വേൾഡ് ബാങ്കിന്റെ സഹായത്തോടു കൂടി കൃഷി ഭവൻ നിർമ്മിക്കാനുള്ള പദ്ധതിയുണ്ടായിരുന്നു, അത് ഉപയോഗപ്പെടുത്തിയ സ്ഥലത്തെല്ലാം കൃഷിഭവനുകളുണ്ടായി, ഉപയോഗിക്കപ്പെടാതെ പോയ സ്ഥലത്ത് കൃഷിഭവനുകളില്ലാതെ പോയി. ഇന്നുവരെ കൃഷിഭവനുകളില്ലാത്ത സ്ഥലത്ത് കൃഷി ഭവനുകളുണ്ടാക്കാനുള്ള നടപടിയുണ്ടാകണം, അവിടെ ഫലപ്രദമായ പ്രവർത്തന

LIBRARY ARCHIVES Kerala Legislative Assembly

മുണ്ടാകണം. ഇപ്പോൾ ബഹുമാന്യനായ കൃഷിവകുപ്പുമന്ത്രി അഗ്രോ ക്ലീനിക് സെന്ററുകൾ തുടങ്ങിയിട്ടുണ്ട്. ആ അഗ്രോ ക്ലീനിക് സെന്ററുകൾ വാർഡ് അടിസ്ഥാനത്തിലാക്കണം. കാലിന് പാകത്തിന് ചെരുപ്പുണ്ടാക്കുന്നതിനുപകരം ചെരുപ്പിനു പാകത്തിന് കാൽ മുറിക്കരുത്. ഇപ്പോൾ പല വാർഡുകളും ചേർന്നാണ് ഒരു അഗ്രോ ക്ലീനിക് യൂണിറ്റ്. ഒരു പഞ്ചായത്തിൽ 10 വാർഡുകളുള്ള ഒരു യൂണിറ്റ് മാത്രമേ പാടുള്ളൂ എന്നു പറഞ്ഞാൽ 15-ഉം 20-ഉം വാർഡുവരെയുള്ള പഞ്ചായത്തുകൾക്ക് അത് ബുദ്ധിമുട്ടുണ്ടാക്കും. അതുകൊണ്ട് അത് വാർഡ് അടിസ്ഥാനത്തിൽ പുനരാവിഷ്ക്കരിച്ച് അതിന്റെ പ്രവർത്തനം ഫലപ്രദമാക്കണം. എല്ലാ അഗ്രോ ക്ലീനിക് സെന്ററുകൾ വഴിയും കർഷകർക്കുള്ള മുഴുവൻ ധനസഹായങ്ങളും വിത്തും തൈകളും വളവും കീടനാശിനിയുമെല്ലാം നൽകാൻ സാധിക്കണം, കാർഷിക ഉപകരണങ്ങൾ അവിടെ ലഭ്യമാക്കണം. എല്ലാ കൃഷികൾക്കും വേണ്ടി കൃഷിക്കാരുടെ പ്രത്യേകം സമിതികൾ അവിടെയുണ്ടാക്കണം. എല്ലാ സമിതികളുടേയും ഭാരവാഹികളെ ചേർത്ത് അഗ്രോ ക്ലീനിക് സെന്ററുകൾ വഴി ഒരു അഗ്രിക്കൾച്ചറൽ ക്ലബ് അവിടെ പ്രവർത്തിപ്പിക്കണം. അവിടെ എല്ലാ കൃഷി അസിസ്റ്റന്റുമാരും ആഴ്ചയിലൊരിക്കൽ ചെല്ലണം, അതുപോലെ കൃഷി ഓഫീസർ മാസത്തിലൊരിക്കൽ ചെല്ലണം, കൃഷി അസിസ്റ്റന്റ് ഡയറക്ടർ മൂന്നുമാസത്തിലൊരിക്കൽ ചെല്ലണം, ഡെപ്യൂട്ടി ഡയറക്ടർ 6 മാസത്തിലൊരിക്കൽ ചെല്ലണം, ഡയറക്ടർ, ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ കൊല്ലത്തിലൊരിക്കലെങ്കിലും ചെല്ലാനുള്ള ഏർപ്പാട് അവിടെയുണ്ടാകണം. അവിടെ ആ സന്ദർഭങ്ങളിൽ കൃഷിയെക്കുറിച്ചുള്ള ചർച്ചകളും തീരുമാനങ്ങളുമുണ്ടാകണം. പാടശേഖരങ്ങളും കൃഷിത്തോട്ടങ്ങളും കാണുകയും പഠിക്കുകയും അവിടെയുണ്ടാകുന്ന രോഗങ്ങളിൽ നിന്നും അവരെ വിമുക്തമാക്കാനുള്ള നിർദ്ദേശങ്ങളും ഉപദേശങ്ങളും സഹായങ്ങളുമൊക്കെ ചെയ്തുകൊടുക്കുകയും ചെയ്യുന്ന കൃഷിയുടെ സമഗ്ര പ്രവർത്തനം നടക്കുന്ന ഒരു കേന്ദ്രമാക്കി അഗ്രോ ക്ലീനിക് സെന്ററുകളെ വളർത്തിയെടുത്താൽ മാത്രമേ കൃഷിക്കാർക്ക് അത് പ്രയോജനപ്പെടുവെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. അതുപോലെ തന്നെ നമ്മുടെ കൃഷി പ്രയോജനപ്രദമായാൽ നമുക്ക് ലഭ്യമാകുന്ന ഗവേഷണങ്ങളുടേയും പരീക്ഷണങ്ങളുടേയും ഫലങ്ങൾ കാർഷിക തോട്ടങ്ങളിലും നെൽപ്പാടങ്ങളിലും പ്രാവർത്തികമാക്കണം. എന്നാൽ മാത്രമേ കൃഷി അഭിവൃത്തിപ്പെടുകയുള്ളൂ. ഇനി അത്യുല്പാദനശേഷിയുള്ള തൈകളും വിത്തുകളും ഉപയോഗിച്ച് ശാസ്ത്രീയമായി കൃഷിചെയ്ത് യന്ത്രവൽക്കരണം നടത്തി കൃഷി ആദായകരമാക്കണം, അല്ലാതെ മറ്റൊരു മാർഗ്ഗമില്ല. ഇന്നുല്പാദിപ്പിക്കുന്നതിന്റെ ഇരട്ടി നമുക്ക് ഉല്പാദിപ്പിക്കാൻ കഴിഞ്ഞാൽ കൃഷി ലാഭകരമാകുമെന്നുള്ള കാര്യത്തിൽ സംശയമില്ല. അതിനുവേണ്ടിയുള്ള ഒരു ക്രമീകരണമുണ്ടാകണം. ഇവിടെ പല വകുപ്പുകളും ഇതുമായി സംയോജിപ്പിക്കേണ്ടതുണ്ട്, പ്രത്യേകിച്ചും ജലവിഭവ വകുപ്പ്, ഇലക്ട്രിസിറ്റി വകുപ്പ്, അതുപോലെ സാമ്പത്തിക സ്ഥാപനങ്ങൾ തുടങ്ങിയവരുമായി ഇതിന്റെയൊരു കോ-ഓർഡിനേഷൻ വേണം. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് എല്ലാ വകുപ്പുകളും കോർപ്പറേഷനും ബോർഡുകളും ചേർത്തുകൊണ്ട് ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും പഞ്ചായത്ത് തലത്തിലും കോ-ഓർഡിനേഷൻ കമ്മിറ്റികൾ കൊണ്ടുവന്ന്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംയോജിച്ച പ്രവർത്തനമുണ്ടായാൽ മാത്രമേ കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയുകയുള്ളൂ. അതുപോലെതന്നെ കൃഷിക്കും കർഷകർക്കും കർഷകത്തൊഴിലാളികൾക്കും വേണ്ടിയുള്ള ഒരു സമഗ്ര ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കണം. അതിലൂടെമാത്രമേ വിളനാശം പരിഹരിക്കാനും കർഷകർക്കും കർഷകത്തൊഴിലാളികൾക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാനും അപകടങ്ങളിലും മരണങ്ങളിലുമൊക്കെ അവരേയും അവരുടെ കുടുംബത്തെയും സഹായിക്കാനുമൊക്കെ കഴിയുകയുള്ളൂ. കാർഷിക രംഗത്തേയ്ക്ക് കടന്നുവന്നവർക്ക് സംരക്ഷണം ഉറപ്പുവരുത്തണം. അവരുടെ ജീവിതഭദ്രതയാണ് ഏറ്റവും വലിയ പ്രശ്നം. ആ ആത്മധൈര്യം അവർക്ക് പകർന്നുകൊടുത്താൽ മാത്രമേ കാർഷികരംഗം വികസിപ്പിക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് അവർക്ക് സമഗ്രമായ ഒരു ഇൻഷുറൻസ് പദ്ധതി എല്ലാ കൃഷികൾക്കും എല്ലാ കർഷകർക്കും എല്ലാ കർഷകത്തൊഴിലാളികൾക്കും പ്രയോജനംചെയ്യുന്ന തരത്തിൽ ആവിഷ്ക്കരിക്കണം. അതുപോലെതന്നെ കർഷകർക്കും കർഷകത്തൊഴിലാളികൾക്കും ക്ഷേമനിധിയും 60 വയസ്സു കഴിഞ്ഞാൽ പെൻഷനും ലഭ്യമാകത്തക്കവിധത്തിലുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കണം. അവർക്ക് പ്രായമായാൽ, അവരുടെ കാർഷികജീവിതത്തിനിടയിൽ ബുദ്ധിമുട്ടുകളുണ്ടായാൽ സഹായം ലഭിക്കാൻ കഴിയുന്ന തരത്തിലായിരിക്കണം ക്ഷേമനിധിയും അതുപോലെ അവർക്ക് പ്രായമെത്തി തൊഴിൽ ചെയ്യാൻ കഴിയാതാകുമ്പോൾ അവർക്ക് വരുമാനം കിട്ടത്തക്കവിധത്തിൽ, ജീവിക്കാൻ കഴിയുന്ന വിധത്തിലുള്ള ഒരു പെൻഷൻ പദ്ധതിയും ആവിഷ്ക്കരിക്കേണ്ടതുണ്ട്. ഇതെല്ലാം ചെയ്യാൻ ഇതിൽ നിന്നുംതന്നെ വിഭവങ്ങളുണ്ടാക്കിയെടുക്കാൻ കഴിയും. നമ്മുടെ കാർഷിക വികസനത്തിനുതകുന്നവിധമുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുമ്പോൾ ഇവിടെ സൂചിപ്പിച്ചതുപോലെ 30-3-1994-ലെ ജി.ഒ.(എം.എസ്.)122/94 പ്രകാരം ഓരോരുത്തരിൽനിന്നും ആയിരം രൂപവീതം വാങ്ങി ഒരു പഞ്ചായത്തിൽ 100 പേർക്ക് ജോലികൊടുക്കാൻ, അങ്ങനെ കേരളത്തിൽ ഒരു ലക്ഷം യുവാക്കൾക്ക് കാർഷിക രംഗത്ത് തൊഴിൽകൊടുക്കാനുള്ള ഒരു പദ്ധതി ആവിഷ്ക്കരിച്ചിരുന്നു. ആ പദ്ധതി പല സ്ഥലത്തും നടപ്പിലായിട്ടില്ല. ആ പദ്ധതിപ്രകാരം അവർക്ക് രോഗങ്ങൾവന്നാൽ, അപകടങ്ങൾ സംഭവിച്ചാൽ ചികിത്സാസഹായങ്ങളും, അവർ മരിച്ചാൽ അവർക്ക് ഒരുലക്ഷം രൂപയുടെ സഹായവും 60 വയസ്സുകഴിഞ്ഞാൽ പെൻഷനുമൊക്കെ അതിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ പദ്ധതി നടപ്പിലായിട്ടില്ല. ഈ പദ്ധതികൾ നടപ്പിലാക്കാൻ വലിയ കാർഷിക വിപ്ലവം നടത്തിയെന്നവകാശപ്പെടുന്ന ഗവൺമെന്റാണ് 1996 മുതൽ 2001 വരെ ഇവിടെ ഭരിച്ചത്. അവർ ഒന്നും ചെയ്തില്ല, അവർക്ക് വേറെ പണിയുണ്ടായിരുന്നു, അവർ ഈ രാജ്യത്തെ കർഷകരെ ചൂഷണം ചെയ്യുകയും കാർഷികമേഖലയിൽനിന്നും ലാഭമുണ്ടാക്കാൻ ശ്രമിക്കുകയും കാർഷികമേഖലയെ തകർക്കാൻ ശ്രമിക്കുകയുമാണ് ചെയ്തുകൊണ്ടിരുന്നത്. ആ അവസ്ഥയിൽനിന്നും ഒരു ലക്ഷം യുവാക്കളെ രക്ഷിക്കാനുള്ള ബാധ്യത ഇന്നത്തെ യു.ഡി.എഫ്. ഗവൺമെന്റിനുണ്ട്, വളരെ ഗൗരവമായി അത് കണക്കിലെടുക്കണം. അതു കണക്കിലെടുത്ത് ആ പദ്ധതി ആവിഷ്ക്കരിച്ച് ഓരോ പഞ്ചായത്തിലും 100 യുവാക്കൾക്ക് വീതം കാർഷിക രംഗത്ത്

അഭിമാനകരമായ തൊഴിൽ ചെയ്യാൻ കഴിയുന്ന ഒരു സംവിധാനമുണ്ടാകേണ്ടത് ഇന്നത്തെ രൂക്ഷമായ തൊഴിലില്ലായ്മയെ കാണുമ്പോൾ അത്യാവശ്യമാണെന്ന് നമുക്കറിയാം. അതൊക്കെ ഗൗരവത്തോടുകൂടി കാണാൻ ഈ ഗവൺമെന്റിനു കഴിയണമെന്നാണ് എനിക്കു വിനയപൂർവ്വം ഓർമ്മിപ്പിക്കാനുള്ളത്. അതിനുവേണ്ട നടപടികൾ സ്വീകരിക്കണം. നമുക്ക് ആവശ്യമുള്ളത്ര പച്ചക്കറികൾ, ഭക്ഷ്യധാന്യങ്ങൾ, പാൽ, ഇറച്ചി, മുട്ട ഇവയെല്ലാം ഇവിടെ ഉല്പാദിപ്പിക്കാൻ കഴിയും. അതിനു കാർഷിക രംഗം പുഷ്ടിപ്പെടുത്തിയേ കഴിയൂ. നമ്മുടെ കുടുംബശ്രീക്കാർ, സ്ത്രീകൾ ഇന്ന് കാർഷിക രംഗത്തേയ്ക്കു കടന്നു വന്നിട്ടുണ്ട്. അവരെ പ്രോൽസാഹിപ്പിക്കുന്നതിനും അവർക്ക് ആവശ്യമായ പരിശീലനം നൽകാനും വേണ്ട ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകണം. അവർക്ക് സാമ്പത്തിക സഹായം നൽകണം. സമഗ്രമായ ഒരു കൃഷി പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കണം. ഭൂമിയില്ലാത്തവർക്ക് വാടകയ്ക്കോ പാട്ടത്തിനോ ഭൂമി ലഭ്യമാക്കാനും, തരിശ്ശായി കിടക്കുന്ന മുഴുവൻ കൃഷിഭൂമികളും അവരെക്കൊണ്ട് കൃഷി ചെയ്യിപ്പിച്ച് അതിൽനിന്നും കാർഷികോല്പാദനം ഉണ്ടാക്കിക്കാനും വേണ്ടിയുള്ള കുടുംബശ്രീ കാർഷിക പദ്ധതിക്ക് രൂപം നൽകണമെന്ന് വിനയപൂർവ്വം ഓർമ്മിക്കുകയാണ്.

<u>ശ്രീ. ബി. വിജയകുമാർ:</u> നമ്മുടെ സംസ്ഥാനത്ത് തെങ്ങു കയറ്റത്തൊഴിലാളികളെ കിട്ടാനില്ല. കഴിഞ്ഞ ഗവൺമെന്റിന്റെകാലത്ത് ശ്രീ. കെ. പി. രാജേന്ദ്രന്റെ നേതാവായ അന്നത്തെ കൃഷിവകുപ്പുമന്ത്രി ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ മലേഷ്യയിൽനിന്നും കുറെ പരിശീലനം സിദ്ധിച്ച കുരങ്ങന്മാരെ കേരളത്തിൽ ഇറക്കുമതി ചെയ്യാൻ പോകുന്നു എന്നു ഈ സഭയിൽ പ്രഖ്യാപിച്ചു. ബഹുമാനപ്പെട്ട മെമ്പർക്ക് അതു സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചതായി അറിയാമോ?

<u>ശ്രീ. ടി. എച്ച്. മുസ്തഫ:</u> അവർ മനുഷ്യരെക്കൊണ്ട് തേങ്ങയിടീക്കാനല്ല ശ്രമിച്ചത്. കുരങ്ങന്മാരെക്കൊണ്ട് പണി ചെയ്യിക്കാൻ ശ്രമിച്ച ഇവരെ എങ്ങനെ വിശേഷിപ്പിക്കണമെന്ന് എനിക്കറിയില്ല. പക്ഷേ ആ പദ്ധതി കേരളത്തിനു യോജിച്ചതല്ല. തൊഴിലില്ലാത്തവർക്ക് തൊഴിൽ നൽകണം, അവരെക്കൊണ്ട് തൊഴിൽ ചെയ്യിപ്പിക്കണം. എങ്കിൽ മാത്രമേ തൊഴിലില്ലായ്മയ്ക്ക് പരിഹാരമുണ്ടാക്കാൻ സാധിക്കൂ. ഇന്നു കൃഷിപ്പണിക്ക് കൃഷിക്കാരെ കിട്ടാൻ ബുദ്ധിമുട്ടാണ്. ആ രംഗത്തുള്ള താല്പര്യമില്ലായ്മയും പരിശീലനമില്ലായ്മയും അഭിമാനക്കുറവുമാണ് കൃഷിപ്പണിക്ക് ആളെ കിട്ടാൻ പ്രയാസമുണ്ടാക്കുന്ന ഘടകം. കൃഷിക്കാർക്ക് ആവശ്യമായ ആനുകൂല്യങ്ങളും സഹായങ്ങളുമുണ്ടാകുമ്പോൾ, ആ പ്രശ്നം പരിഹരിക്കാൻ കഴിയും. അക്കാര്യത്തിൽ പ്രത്യേകമായ പരിഗണന ഉണ്ടാകണമെന്നാണ് എനിക്കു അഭ്യർത്ഥിക്കാനുള്ളത്. വെള്ളം ലഭിക്കാത്തതുമൂലം പല സ്ഥലത്തും കൃഷി നടക്കുന്നില്ല. എന്നാൽ ചില സ്ഥലങ്ങളിൽ വെള്ളത്തിന്റെ ലഭ്യതക്കുടുതൽ കാരണം കൃഷി നടത്താനും പറ്റുന്നില്ല. ജല വിഭവവകുപ്പിൽനിന്നും വെള്ളം എത്താത്ത മുഴുവൻ സ്ഥലത്തും വെള്ളം എത്തിക്കാനും വെള്ളം കെട്ടിക്കിടന്ന് കൃഷിയോഗ്യമല്ലാതെ കിടക്കുന്ന മുഴുവൻ ഭൂമിയും കൃഷിയോഗ്യമാക്കാനും നടപടികൾ സ്വീകരിക്കണം. ഡി.ആർ.ഡി.എ.-യിലും ബ്ലോക്കിലും ഗ്രാമവികസന പദ്ധതിയിലും വെട്ടിപ്പ് നടക്കുന്നു എന്നു പറഞ്ഞു. വെട്ടിപ്പ് അന്വേഷിക്കാൻ പാഴൂർ പടിപ്പുരവരെ

LIBRARY ARCHIVES Kerala Legislative Assembly

പോകേണ്ട കാര്യമെന്നുമില്ല. ഡോ. തോമസ് ഐസക്കിന്റെ നേതൃത്വത്തിൽ നടത്തിയ ജനകീയാസൂത്രണ പരിപാടിയുണ്ടല്ലോ, അവിടെ നടന്ന സെമിനാറുകളും ചർച്ചകളും ബിരിയാണിയും കോഴിക്കാലും കൊണ്ടു നടത്തിയ ഏർപ്പാടുമൊക്കെ സി.എ.ജി. റിപ്പോർട്ടിൽ വ്യക്തമായി പറയുന്നുണ്ട്. ആ റിപ്പോർട്ടുമാത്രം നോക്കിയാൽ മതി വെട്ടിപ്പ് കണ്ടുപിടിക്കാൻ. അതൊന്നു പഠിച്ച് ഉൾക്കൊള്ളാൻ അങ്ങു തയ്യാറാകണം. കോഴി കട്ടവൻ തലയിൽ തപ്പുന്ന പതിവ് എപ്പോഴുമുണ്ട്. അതു കട്ടവനേ ഉണ്ടാകൂ. മഞ്ഞക്കണ്ണാടിയിൽക്കൂടി നോക്കിയാൽ കാണുന്നതെല്ലാം മഞ്ഞളിച്ചിരിക്കും. ഇപ്പോൾ പറഞ്ഞ ആരോപണം അഡ്വാൻസ് വാങ്ങിപ്പോകുന്നു, പണി ചെയ്യുന്നില്ല എന്നാണ്. കേരളത്തിൽ ആയിരം പഞ്ചായത്തുകളിൽ കഴിഞ്ഞ അഞ്ചുവർഷക്കാലം കൊടുത്ത അഡ്വാൻസും വാങ്ങിക്കൊണ്ടുപോയ പാർട്ടി സഖാക്കളെക്കുറിച്ച് നിങ്ങൾ ഓർക്കുന്നുണ്ടോ? അവരെ കാണാനില്ല.....(ബഹളം).....(മൈക്ക് ഓഫ്)..... ശ്രീമതി കെ. ആർ. ഗൗരിയമ്മയുടെ ജന്മദിനത്തിന്റെ പിറ്റേ ദിവസം അവതരിപ്പിച്ച ഈ ധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുന്നു. അവർ ആയുരാരോഗ്യ സൗഭാഗ്യങ്ങളോടുകൂടി ദീർഘകാലം ജീവിച്ചിരിക്കട്ടെ എന്ന് ആശംസിക്കുന്നു.....(മൈക്ക് ഓഫ്)..... വിനയാന്വിതനായി, കാര്യക്ഷമമായി പ്രവർത്തിക്കുന്ന ശ്രീ. സി. എഫ്. തോമസിന്റെ സാമൂഹ്യ വികസനത്തിലേയ്ക്കുള്ള ധനാഭ്യർത്ഥനയേയും ഞാൻ ശക്തിയായി പിന്താങ്ങുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ഡോ. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ ധനാഭ്യർത്ഥനയിൽ ആവശ്യപ്പെട്ടിരിക്കുന്ന തുക നമ്മുടെ കാർഷിക മേഖലയിലെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് തികച്ചും അപര്യാപ്തമാണെന്നും കൂടുതൽ തുക ഈ മേഖലയ്ക്കുവേണ്ടി നീക്കിവയ്ക്കേണ്ടതാണെന്നും ഈ സഭയിൽ പലരും പറയുകയുണ്ടായി. സഭാംഗങ്ങൾ പലരും പ്രകടിപ്പിച്ച വികാരങ്ങളോട് ഞാനും പൂർണ്ണമായും യോജിക്കുകയാണ്. സബ്ജക്ടു കമ്മിറ്റി ഇതു ചൂണ്ടിക്കാണിച്ചിട്ടുണ്ട് എന്നു മാത്രമല്ല ഒരു നേരിയ വർദ്ധനവേ ഉണ്ടായിട്ടുള്ളൂ എന്നു എടുത്തു പറഞ്ഞിട്ടുമുണ്ട്. ബഹുമാനപ്പെട്ട ഡോ. കെ.സി. ജോസഫ് പറഞ്ഞതുപോലെ നമ്മുടെ സംസ്ഥാന സർക്കാരിന്റെ ചെലവിന്റെ ശതമാനമായിട്ടോ പദ്ധതി ചെലവിന്റെ ശതമാനമായിട്ടോ കണക്കാക്കുകയാണെങ്കിൽ കാർഷിക മേഖലയ്ക്ക് നീക്കിവയ്ക്കുന്ന പണം കുറഞ്ഞുവരുന്നതായിട്ടാണ് കാണാൻ സാധിക്കുന്നത്. പക്ഷെ, നമ്മുടെ കൃഷി വകുപ്പ് നൽകുന്ന പണം കൈകാര്യം ചെയ്യുന്ന രീതി നോക്കിയാൽ എങ്ങനെ ഇനി കൂടുതൽ തുക ആവശ്യപ്പെടാൻ പറ്റുമെന്ന് എനിക്കറിഞ്ഞുകൂടാ. കണക്കുകളെക്കുറിച്ച് തർക്കിക്കേണ്ട. ബഡ്ജറ്റിനോടൊപ്പം വിതരണം ചെയ്തിട്ടുള്ള പ്ലാൻ പ്രോഗ്രസ്സിനെ സംബന്ധിച്ചുള്ള റിപ്പോർട്ടുപ്രകാരം കഴിഞ്ഞ ധനകാര്യ വർഷത്തിൽ 63 കോടി രൂപ കൃഷിക്ക് പ്ലാനിൽ വച്ചു. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 39 കോടി രൂപയാണ് ചെലവാകുന്നത്. 63 കോടി രൂപ വകയിരുത്തിയിട്ട് 39 കോടി രൂപ ചെലവാക്കി കൊണ്ടാണ് ധനകാര്യ വർഷം അവസാനിക്കുന്നത്. 2002-03-ൽ 85 കോടി രൂപ പ്ലാനിൽ ഉണ്ടായിരുന്നു. അതാണ് 63 കോടി രൂപയായിട്ട് ചുരുങ്ങിയത്. ഈ വർഷത്തെ

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറ്റിൽ 72 കോടി രൂപയേയുള്ളൂ. രണ്ട് വർഷം മുമ്പ് പ്ലാനിൽ നീക്കി വച്ചതിനേക്കാളും കുറഞ്ഞ തുകയാണ് ഇപ്പോൾ നീക്കിവയ്ക്കുന്നത്. എന്നാൽ ഇവിടെ ചിലർ സൂചിപ്പിച്ചതുപോലെ കാർഷിക മേഖല വലിയ വെല്ലുവിളിയെ നേരിടുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസങ്ങളിൽ പറഞ്ഞതുപോലെയല്ല നമ്മുടെ സംസ്ഥാനത്തെ സാമ്പത്തിക നില. അദ്ദേഹം പറഞ്ഞത്, 2000-01-ൽ 2.6 ശതമാനം സാമ്പത്തിക വളർച്ചയുണ്ടായിയെന്നാണ്. യു.ഡി.എഫ് ഗവൺമെന്റ് അധികാരത്തിലേറിയിട്ട് ഇപ്പോൾ നാലു വർഷമായി. 2001-02-ൽ 6.1 ശതമാനം ആയിരുന്നത് കഴിഞ്ഞ വർഷം 7 ശതമാനത്തിനു മുകളിൽ എത്രയോ ആയെന്നുള്ള കണക്കാണ് പറഞ്ഞത്. അപ്പോൾ എനിക്ക് ഈ കണക്കിന്റെ നിജസ്ഥിതി എന്താണെന്നുള്ളതിൽ സംശയം തോന്നി. ഞാൻ 2002-ലെ ഇക്കണോമിക് റിവ്യൂ പരിശോധിച്ചപ്പോൾ 2000-01-ൽ 2.6 അല്ല, provisional figure 5.3 ആണ്. ഈ provisional figure-ലുമെല്ലാം ആക്ചൽ കണക്കുവരുമ്പോൾ അങ്ങനെ ദശാംശങ്ങൾ മാറാറുണ്ട്. പക്ഷെ ഇങ്ങനെ 5.3-ൽ നിന്ന് 2.6-ആയി മാറുന്ന മറിമായം എന്താണെന്ന് എനിക്ക് എത്ര ആലോചിച്ചിട്ടും പിടിയില്ല. ഇക്കണോമിക് റെവ്യൂവിലും ഇതിനെക്കുറിച്ചുള്ള കണക്ക് ഇല്ല. അതുകൊണ്ട് ഇപ്പോഴത്തെ provisional figure 7.3 അടുത്ത വർഷമോ രണ്ടു വർഷമോ കഴിയുമ്പോൾ എത്രയാകുമെന്ന് കാത്തിരുന്നു കണ്ടാൽ മതി.

കാർഷിക മേഖലയെക്കുറിച്ചുള്ള പൊതുവെയുള്ള ചിത്രം എന്താണെന്ന് അറിയണോ? 2001-2002-ൽ മൈനസ് 1.03, 2002-2003-ൽ മൈനസ് 4.38, കഴിഞ്ഞ വർഷം ഏറ്റവും കൂടുതൽ വരൾച്ചയുണ്ടായ വർഷം എത്രയാകുമെന്ന് നമുക്ക് കാത്തിരുന്നു കാണാം. ഇതൊക്കെ കാണിക്കുന്നത് എന്താണെന്നു പറഞ്ഞാൽ യു.ഡി.എഫ്.-ഗവൺമെന്റിന്റെ മൂന്നുവർഷത്തെ ഭരണത്തിൽ കാർഷിക മേഖലയിലെ വളർച്ച മുകളിലേയ്ക്കല്ല താഴേയ്ക്കാണ് എന്നാണ്. റേറ്റ് ഓഫ് ഗ്രോത്ത് അല്ല. ആക്ചൽ പ്രൊഡക്ഷൻ ഓരോ വർഷവും കുറഞ്ഞുയെന്നാണ് ഈ സഭയിൽ വിതരണം ചെയ്ത കണക്കുകൾ തന്നെ പറയുന്നത്. എന്നാൽ അത് മറച്ചുവച്ച് യാഥാർത്ഥ്യം കാണാതിരിക്കുകയുമാണ്. അതിന് തെളിവാണ് ഇന്നത്തെ പത്രത്തിൽ വന്നിട്ടുള്ളത്. ലോക്സഭയിൽ ശ്രീ. ശരദ് പവാർ പറഞ്ഞിരിക്കുന്നത് കേരളത്തിലെ കാർഷിക നില ഭദ്രമാണ്. ഒരു കൃഷിക്കാരൻപോലും ഇവിടെ കടംമൂലം ആത്മഹത്യ ചെയ്തിട്ടില്ലായെന്ന് കേരള സർക്കാർ അറിയിച്ചിരിക്കുന്നു എന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ സമ്മേളനത്തിൽ എണ്ണൂറ്റി ചിലാനം ആളുകളെന്നു പറഞ്ഞു. ഇത്തവണ പറഞ്ഞത് കണക്കുകൾ തിട്ടപ്പെടുത്തിയിട്ടില്ല എന്നാണ്. ലോക്സഭയിലേയ്ക്ക് പോകുമ്പോൾ ഇങ്ങനെയൊരു സംഭവമേ കേരളത്തിലില്ല എന്നാണ്. ഇങ്ങനെ കണ്ണടച്ച് ഇരുട്ടാക്കരുത്. ഇതുപോലെതന്നെയാണ് റബ്ബറിന്റെ വിലയുടെ പ്രശ്നവും. ഇവിടെ പലരും പറഞ്ഞല്ലോ റബ്ബറിന് 67-രൂപവരെ വിലയുണ്ടെന്നുള്ള കാര്യം. കേരള സർക്കാരോ, കേന്ദ്ര സർക്കാരോ എന്തെങ്കിലും ചെയ്തിട്ടാണെന്ന് ആർക്കെങ്കിലും തെറ്റിദ്ധാരണയുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): ആര് പറഞ്ഞിട്ടാണ് വില കുറഞ്ഞത്? ഞങ്ങൾ ആരെങ്കിലും പറഞ്ഞിട്ടാണോ?

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക്: ധനമന്ത്രി അങ്ങനെ ചോദിക്കണം. നിങ്ങളോ ഞാനോ പറഞ്ഞിട്ടല്ല വില കൂടുകയും കുറയുകയും ചെയ്യുന്നത്. 1992-വരേയും നിങ്ങളുടെ ഈ പുതിയ പരിഷ്ക്കാരങ്ങൾ നടപ്പിലാകുന്നതുവരേയും റബ്ബറിന്റെ വില ഇവിടത്തെ ഉൽപ്പാദനത്തേയും, ഇവിടത്തെ ഉപഭോഗത്തിനേയും ആസ്പദമാക്കിയായിരുന്നു. ഇവിടെ 85 ശതമാനം താരിഫ് ഉണ്ടായിരുന്നു. Quantity restrictions ഉണ്ടായിരുന്നു. State Trading Corporation വഴി channelise ചെയ്തു. ഇതൊക്കെയെടുത്തു മാറ്റിയതിന്റെ ഫലമായിട്ടാണ് ഇങ്ങനെയൊക്കെ സംഭവിക്കുന്നത്. ഞാൻ ഒരു ലേഖനം പറയാം, വായിച്ചാൽ നന്ന്. Trends and pattern of natural rubber prices in India an exploratory analysis—Indian Journal of Rubber Research. അവിടെ അവർ സ്ഥാപിക്കുന്നതെന്താണെന്ന് അറിയാമോ? 1992-നുശേഷം ഇൻഡ്യയിലെ റബ്ബർ വിലയിൽ ഇവിടത്തെ പ്രൊഡക്ഷനോ കൺസംപ്ഷനോ ഇവിടത്തെ ഏതെങ്കിലും ആഭ്യന്തര നയങ്ങളുമായിട്ട് ഒരു ബന്ധവുമില്ലെന്ന് കണക്കുവച്ച് കാണിക്കുകയാണ്. 1992-വരെ ഇവിടത്തെ റബ്ബർ വിലയും വിദേശ വിലയും തമ്മിൽ 1:15 ആണ് തോത്. 1992-നുശേഷം 1:1 ആണ്. ഇപ്പോൾ എന്തുകൊണ്ട് കൂടി എന്നുള്ള ഒരു ചോദ്യമുണ്ട്. ഇതിന് രണ്ട് കാരണങ്ങളുണ്ട്. ഒന്ന് എല്ലാ tree crop commodity-യുടെയും gestation period തുകയനുസരിച്ച് cyclical ആണ്. ഇപ്പോൾ റബ്ബർ നട്ടാൽ അഞ്ചു വർഷം കഴിഞ്ഞ് ഉൽപ്പാദനം വരും. അതിന്റെയിടക്കാലത്ത് അഞ്ചോ ആറോ വർഷം ഉൽപ്പാദനമുണ്ടാകില്ല. അപ്പോൾ വില ഉയരും. അഞ്ചോ ആറോ വർഷം കഴിഞ്ഞ് വില ഉയരുമ്പോൾ കൂടുതൽ റബ്ബർ നടും. അപ്പോൾ ഉൽപ്പാദനം കൂടും. അതാണ് agriculture cycle. അങ്ങനെ വരാൻ രണ്ട് കാരണങ്ങളുണ്ട്. ഒന്ന് ഇന്റർനാഷണൽ മാർക്കറ്റിൽ ചൈന boom ആണ് കാര്യം. അതിന്റെയടിസ്ഥാനത്തിലുള്ള building boom, construction boom, industrial boom ഇവയുടെ ഡിമാന്റ് വർദ്ധിച്ചു. മറുവശത്ത് major exporters ആയിട്ടുള്ള തായ്ലാന്റ്, ഇൻഡ്യോനേഷ്യ, മലേഷ്യ ഈ മൂന്നു രാജ്യങ്ങൾ tripartite agreement 1992-ൽ ഉണ്ടാക്കിയിട്ടുണ്ട്. അവർ എക്സ്പോർട്ട് റെസിസ്റ്റ് ചെയ്യുകയാണ്. ഇതിന്റെ ഫലമായിട്ട് വില ഉയരുന്നു. പക്ഷെ 1:1 അല്ല. ഇവിടെ ശ്രദ്ധിക്കേണ്ട കാര്യമുണ്ട്. ഇവിടെ ഇന്ന് അന്തർദേശീയ വിലയേക്കാൾ റബ്ബറിന്റെ വില കൂടിയിരിക്കുന്നു. കാര്യമെന്താണെന്നറിയണോ? കേന്ദ്ര ബഡ്ജറ്റിൽ ഇവിടത്തെ ടയർ ലോബിക്ക് ഇന്നത്തെ 25 ശതമാനത്തിൽ നിന്ന് 10 ശതമാനത്തിലേയ്ക്ക് താരിഫ് കുറയ്ക്കുന്നതിനും ഇന്നുള്ള എക്സ്പോർട്ട് സബ്സിഡി ആനുകൂല്യങ്ങൾ ഇല്ലാതാക്കുന്നതിനുമുള്ള ഒരു campaign-ന്റെയും ഭാഗമായിട്ടാണ് ഇതുവരേയുമില്ലാത്ത രീതിയിൽ കഴിഞ്ഞ ഒരു മാസമായി റബ്ബർ വിലയിൽ ഒരു എടുത്തുചാട്ടം വന്നിട്ടുള്ളത്. ഇത് റബ്ബർ ബോർഡുമായി ബന്ധപ്പെട്ട ആളുകൾ ഭംഗ്യന്തരേണ സൂചിപ്പിച്ചിട്ടുള്ള കാര്യമാണ്. അതുകൊണ്ട് ഈ സാഹചര്യത്തിൽ നമ്മൾ ചെയ്യേണ്ട കാര്യങ്ങളൊക്കെ ഭംഗിയായി ചെയ്തു എന്നു വിചാരിക്കരുത്. പ്രൈസ് സർക്കിൾ നാളെ താഴേയ്ക്കു വരും.

ശ്രീ. ആര്യാടൻ മുഹമ്മദ്: തായ്ലാന്റ്, മലേഷ്യ, തായ്വാൻ എന്നീ രാജ്യങ്ങളുടെ എഗ്രിമെന്റ് നിലവിലുണ്ടെന്ന് അങ്ങ് പറഞ്ഞത് ശരിയാണ്. ഇതിൽക്കുറഞ്ഞ് അവർ കയറ്റി അയയ്ക്കില്ല. പക്ഷെ ഇവിടെ കേരളാ ഗവൺമെന്റ് ഇവിടെനിന്നും പരമാവധി എക്സ്പോർട്ട് ചെയ്യാനുള്ള സൗകര്യം ചെയ്തു കൊടുത്തു. അതുകൊണ്ട് സ്റ്റോക്ക് ബാലൻസ് കുറവാണ് ഇവിടെ. ഓരോ വർഷവും റബ്ബറിന്റെ പ്രൊഡക്ഷൻ കൂടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ ഏഴ് ലക്ഷത്തോളം റിക്കാർഡ് പ്രൊഡക്ഷൻ കേരളത്തിലുണ്ടായി. എന്നിട്ടും റബ്ബറിന് വില കൂടുന്നത് അങ്ങ് പറഞ്ഞ കാര്യങ്ങൾക്ക് പുറമെ കേരളത്തിലെ എക്സ്പോർട്ടിനുള്ള സഹായം കൂടി ഒരു പ്രധാന ഘടകമാണെന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ?

ഡോ. തോമസ് ഐസക്: സർ, ഇവിടെനിന്ന് എത്ര ടൺ റബ്ബറാണ് കയറ്റുമതി ചെയ്തിട്ടുള്ളത്, എത്ര സബ്സിഡിയാണ് നിങ്ങൾ കൊടുത്തിട്ടുള്ളത്. ഒരു ചുക്കുമില്ല. എനിക്കറിയാം. അതൊന്നും പ്രൈസിനെ സ്വാധീനിക്കുന്ന ഘടകങ്ങളേയല്ല.

ശ്രീ. എം. പി. ഗംഗാധരൻ: അങ്ങ് വളരെ സമർത്ഥമായ, അൽഭുതകരമായ തിയറിയാണ് കൊണ്ടുവന്നിരിക്കുന്നത്. ആറ് കൊല്ലം കഴിഞ്ഞാൽ കൂടുതൽ പ്രൊഡക്ഷൻ ഉണ്ടാകും, അപ്പോൾ വില കുറയും. എനിക്കതു മനസ്സിലാകുന്നില്ല. അതുകൊണ്ടാണ് ഞാൻ ചോദിക്കുന്നത് ആറ് കൊല്ലം കഴിയുമ്പോഴുള്ള utility, consumption മറന്നുകൊണ്ടാണ് തിയറി പറയുന്നത്.

ഡോ. തോമസ് ഐസക്: ഇതിനെക്കുറിച്ചൊക്കെ ഒരുപാട് പഠനങ്ങളുണ്ട്. അഗ്രിക്കൾച്ചർ cycle-നെക്കുറിച്ചാണ് പറഞ്ഞുവന്നത്. നമ്മുടെ വാണിജ്യ വിളകൾക്ക് ഒരു സ്ഥിര വില ഉറപ്പുവരുത്തുന്നതിന് ഗൗരവതരമായി ഇടപെടേണ്ട തയ്യാറെടുപ്പിന്റെ കാലം ഡോ. സ്വാമിനാഥൻ കമ്മീഷൻ പറഞ്ഞിട്ടുണ്ട്. കേരള സർക്കാർ നൽകിയിട്ടുള്ള മെമ്മോറാണ്ടത്തിൽ നമ്മുടെ എല്ലാ നാണ്യവിളകൾക്കും മിനിമം സപ്പോർട്ട് പ്രൈസ് സ്കീമുകൾ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രതിപക്ഷവും ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്പോൾ നമ്മളെല്ലാപേരും അംഗീകരിക്കുന്ന ഒരു പ്രധാന കാര്യമാണ് തറവില സമ്പ്രദായം കൊണ്ടുവരണമെന്നതും അതിന് പറ്റുന്ന buffer stock ഇടപെടൽ വേണമെന്നുള്ളതും. കേരളത്തിൽ ഈ സമീപകാലത്ത് ഇത്തരത്തിൽ ഒരു മിനിമം സപ്പോർട്ട് സ്കീം ഫലപ്രദമായിട്ടല്ല നടപ്പിലാക്കിയിട്ടുള്ളത്. ഇന്ന് ഇവിടെ സഭയിൽ ചർച്ചാ വിഷയമായിട്ടുള്ള കൊപ്ര സംഭരണത്തെക്കുറിച്ച് മനോരമ പത്രത്തിൽ വന്ന വാർത്തയെക്കുറിച്ച് പലരും പറഞ്ഞു. എല്ലാ നിയമസഭാംഗങ്ങൾക്കും ഒരാഴ്ച മുമ്പ് വിതരണം ചെയ്ത സി.എ.ജി. റിപ്പോർട്ടിൽ കൊപ്രാ സംഭരണത്തിന്റെ അപാകതകളെക്കുറിച്ചുള്ള വിശദമായ കാര്യങ്ങളുണ്ട്. 2000-2001-ൽ 85,000 ടൺ കൊപ്ര വാങ്ങിച്ചു. 3,250 രൂപയ്ക്ക് സംഭരിച്ചു. 2000-ന് താഴെയായിരുന്ന നാട്ടിലെ വില. എന്നാൽ ഈ സംഭരണം നടത്തിയ പ്രൈമറി കോ-ഓപ്പറേറ്റീവ്സ് കൃഷിക്കാരിൽ നിന്നും നേരിട്ട് സംഭരിക്കുന്നതിനുപകരം കച്ചവടക്കാരിൽ നിന്നും സംഭരിച്ചു. നാട്ടിലെ കൃഷിക്കാർക്ക് നേരിട്ട് കൊപ്ര ഉണക്കിക്കൊണ്ട് വിൽക്കുന്ന സമ്പ്രദായമുണ്ട്. എന്നാൽ ഈ കച്ചവടക്കാരും പ്രധാനപ്പെട്ട പ്രൈമറി കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഭാരവാഹികളും ഒത്തു ചേർന്നുകൊണ്ട് കേരളത്തിലെ കൃഷിക്കാരുടെ കയ്യിൽ നിന്നും തേങ്ങ സംഭരിച്ച് കൊപ്ര ഉണ്ടാക്കുന്നതിന് പകരം തമിഴ്നാട്ടിൽ നിന്നും ശ്രീലങ്കയിൽ നിന്നും ഉള്ള കൊപ്രപോലും എടുത്തു. അതിന്റെ ഫലമായി ഭീമമായ തുക വെട്ടിപ്പ് നടത്തി എന്ന് സി.എ.ജി വിശദമായി പറഞ്ഞിട്ടുണ്ട്. 34 സൊസൈറ്റികളുടെ ടെസ്റ്റ് ചെക്ക് നടത്തിയതിന്റെ വിവരങ്ങൾ വന്നിട്ടുണ്ട്. കഴിഞ്ഞ സർക്കാർ എന്ത് ചെയ്തു എന്ന് ഇവിടെ ആരോ ചോദിച്ചു. ഇത്തരത്തിലുള്ള സംഭവവികാസങ്ങൾ വന്നതിനെ

LIBRARY ARCHIVES Kerala Legislative Assembly

തുടർന്ന് വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ടു. അഗ്രിക്കൾച്ചർ പ്രൈസ് കമ്മീഷനെ വച്ചുകൊണ്ട് അഗ്രിക്കൾച്ചർ ഓഫീസേഴ്സിന്റെ സർട്ടിഫിക്കേഷൻ ഇല്ലാതെ ഈ സംഭരണം പാടില്ല എന്നുള്ള നിയന്ത്രണം വന്നു. അതിന്റെ ഫലമായിട്ട് ചെക്ക് ടെസ്റ്റ് നടത്തിയ 34 സൊസൈറ്റികളിൽ ഈ നിയന്ത്രണം വന്നതിനുശേഷം 16 എണ്ണം സംഭരണത്തിൽ നിന്നും മാറി. പുതിയ സർക്കാർ വന്നു. പുതിയ സർക്കാർ വന്നിട്ട് എന്തു ചെയ്തു? ഈ പ്രശ്നം ഈ സഭയുടെ ആദ്യ സമ്മേളനത്തിൽത്തന്നെ പ്രതിപക്ഷ നേതാവ് ഇവിടെ ഉന്നയിച്ചിട്ടുള്ളതാണ്. കേരളത്തിലെ പ്രമുഖ പത്രങ്ങളെല്ലാം ഇതിന് മുഖലേഖനങ്ങൾ എഴുതിയിട്ടുള്ളതാണ്. ഈ സർക്കാർ ചെയ്ത കാര്യങ്ങൾ ഞാൻ പറയാം, ഈ വെട്ടിപ്പിന്റെ ഉത്തരവാദികളെ കണ്ടുപിടിച്ച് ശിക്ഷിക്കുന്നതിനുപകരം ഈ സർക്കാർ ചെയ്തത് വത്സലകുമാരി അടക്കമുള്ള ഉദ്യോഗസ്ഥരും വിജിലൻസും കുറ്റക്കാരാണെന്ന് പറഞ്ഞ് അവർ ലിസ്റ്റിൽ നിന്ന് ഒഴിവാക്കണമെന്ന് പറഞ്ഞ സംഘങ്ങളെ സംഭരണത്തിന് വീണ്ടും എടുത്തു. അത് പാടില്ല എന്ന് പറഞ്ഞ അഗ്രിക്കൾച്ചർ പ്രൈസ് കമ്മീഷണറെ തലസ്ഥാനത്തുനിന്നും മാറ്റി പുതിയ കമ്മിറ്റിയുണ്ടാക്കി. പച്ച തേങ്ങ സംഭരണത്തിൽ ഉണ്ടായ ഏർപ്പാട് നിർത്തലാക്കി കൊപ്ര തന്നെയാക്കി. അഗ്രിക്കൾച്ചർ ഓഫീസറുടെ സർട്ടിഫിക്കേഷൻ വേണം എന്നുള്ള നിബന്ധന ഇല്ലാതാക്കി. ഇതാണ് ചെയ്തത്. എന്ന് മാത്രമല്ല, ഇതിനെക്കുറിച്ച് ആക്ഷേപവും ബഹളവും വന്നപ്പോൾ, സംഭരണം തന്നെ വേണ്ടെന്ന് വച്ചു. ആ ഫയലും കാണാതായി. മി. പൈലി ഹൈക്കോടതിയിൽ പോയി. ഹൈക്കോടതി സി.ബി.ഐ.-യോട് അന്വേഷിക്കാൻ പറഞ്ഞു. സി.ബി.ഐ അന്വേഷിച്ച് ആ കേസ് രജിസ്റ്റർ ചെയ്തു. തൊടുപുഴ മാർക്കറ്റിംഗ് സൊസൈറ്റി നയിക്കുന്നത് ശ്രീ. ജോസ് കുറ്റ്യാനിയാണ്. അദ്ദേഹം പുതിയ കെ.പി.സി.സി എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പറാണ്. ശ്രീ. വേലങ്കര ഭാസ്കരൻ കാർത്തികപ്പള്ളി മാർക്കറ്റിംഗ് സൊസൈറ്റിയുടേത്, ശ്രീ. പി. ടി. ജോസ്. കണ്ണൂർ റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയുടേത്. ഈ സഭയിലെ മുഴുവൻപേരും ആവശ്യപ്പെടുന്ന മിനിമം സപ്പോർട്ട് സ്കീം ഭാവിയിലേയ്ക്ക് കൊണ്ടുപോകുന്നതിലേയ്ക്കുവേണ്ടി അതിന്റെ കുറ്റവാളികളെ ഇത്രയും നാളായിട്ട് കണ്ടുപിടിച്ച് ശിക്ഷിക്കുന്നതിനുള്ള എന്ത് നടപടി നിങ്ങൾ എടുത്തു എന്നുള്ളതാണ്. ചോദ്യം.

മി. ഡെ. സ്പീക്കർ : പ്ലീസ് കൺക്ലൂഡ്.....

ഡോ. തോമസ് ഐസക് : സമയക്കുറവുമൂലം ഞാൻ കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഒരു കാര്യം ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത് നമ്മുടെ മിൽമ സൊസൈറ്റികളെക്കുറിച്ച് .ഒരു വിശദീകരണം വേണമെന്നാണ്. മിൽമ ഫീഡ്സ് എന്നുള്ള സ്ഥാപനം ഉണ്ടാക്കി. അന്നുമുതൽ ഞങ്ങൾ അതിനെ എതിർത്തുവരുന്നതാണ്. ഞങ്ങൾ ചൂണ്ടിക്കാണിച്ചത്, അതിൽ പ്രോസസ്സിംഗ്, ഡിസ്ട്രിബ്യൂഷൻ, സംസ്കരണം, സംഭരണം, വിപണനം എന്നിവയുണ്ട്. ലാഭം വരുന്നത് വിപണന മേഖലയിൽ നിന്നാണ്. ആ മേഖല എടുത്ത് നിങ്ങൾ ഈ കമ്പനിക്ക് മാറ്റുകയാണെങ്കിൽ ഈ സംഭരണം, ഉൽപ്പാദനം, സംസ്കരണം ഇതൊക്കെ നഷ്ടത്തിലേയ്ക്ക് നീങ്ങും. ഇതാണ് പ്രശ്നം. ക്ഷീര കർഷകർക്ക് മുഴുവൻ ഭയാശങ്കയുണ്ട്. എന്ന് മാത്രമല്ല, വരാൻ പോകുന്ന മദർ ഡയറിയുടെ പ്രധാന ലക്ഷ്യം

LIBRARY ARCHIVES Kerala Legislative Assembly

എന്ന് പറയുന്നത് ലാഭമാണ്. കൃഷിക്കാരെ നന്നാക്കൽ അല്ല. ശ്രീമതി ഗൗരിയമ്മ തന്നെ ഏറ്റവും ബഹുമാനിക്കുന്ന ശ്രീ. കുര്യൻ അതിനെക്കുറിച്ച് വിശദീകരിച്ചതാണ്. ഈ വിമർശനങ്ങൾ എല്ലാം ഉണ്ടായിട്ടും നിർബന്ധപൂർവ്വം ഈ നടപടിയിലേയ്ക്ക് പോയി. ശ്രീ. ഗോപാലകൃഷ്ണനെ പോലുള്ളവരും ഈ ക്ഷീരമേഖലയിൽ പ്രവർത്തിയെടുക്കുന്ന ആളുകൾ എല്ലാപേരും പറഞ്ഞത് യാഥാർത്ഥ്യമായിരുന്നു. കഴിഞ്ഞ ദിവസത്തെ സബ്മിഷന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി മറുപടി പറഞ്ഞത്, ഇങ്ങനെ അവർ പറയുന്നുണ്ട്. ഞങ്ങൾ തീരുമാനിച്ചിട്ടില്ല നഷ്ടമാണ് ഞങ്ങൾ മാറുകയാണ്. എന്നാലും അവരെ വിടാൻ ഞങ്ങൾ തീരുമാനിച്ചിട്ടില്ല എന്നൊക്കെയാണ്. അതുകൊണ്ട് അതിന്റെ മറുപടി വേളയിൽ ബഹുമാനപ്പെട്ട ശ്രീമതി ഗൗരിയമ്മ അത് വിശദീകരിക്കണം. ഹോർട്ടി കൾച്ചർ കോർപ്പറേഷൻ വളരെ പ്രധാനപ്പെട്ട ഒന്നാണ്. നമ്മൾ പച്ചക്കറി കൃഷി വികസനത്തിനു വലിയ ഊന്നൽ നൽകുന്നതാണ്. ഈ കോർപ്പറേഷൻവഴി മൂന്ന് വർഷക്കാലത്തിനിടയിൽ എന്താണ് സംഭവിച്ചിട്ടുള്ളത്? അതിന്റെ വിൽപ്പന 17 കോടി രൂപ ഉണ്ടായിരുന്നത് ഇപ്പോൾ 8 കോടി രൂപയായി ചുരുങ്ങി. 400 സ്റ്റാളുകൾ പ്രവർത്തിച്ചിരുന്നത് ഇപ്പോൾ 200 സ്റ്റാളുകൾ ആയി. തിരുവനന്തപുരം യൂണിറ്റിൽ 5.4 കോടി രൂപ വിറ്റിരുന്നത് 3.1 കോടി രൂപയായി താഴ്ന്നു. എന്താണ് ഇതിന് കാരണം? ഇത് കച്ചവടമാണ്. നിങ്ങൾ എന്ത് വിലയ്ക്ക് വാങ്ങുന്നു? എന്തു വിലയ്ക്ക് വിൽക്കുന്നു. വാങ്ങുന്നത് കേരളത്തിൽ നിന്നല്ല. തമിഴ്നാട്ടിൽ നിന്നുമാണ്. വാങ്ങുന്ന വില, ക്വാളിറ്റി, അതിൽ വന്നിരിക്കുന്ന ഭീകരമായ തകർച്ചമൂലം ഈ സ്ഥാപനം നാശത്തിലേയ്ക്ക് നീങ്ങുകയാണ്. ആരാണ് ഇപ്പോൾ തിരുവനന്തപുരത്ത് സപ്ലൈ ചെയ്യുന്നത്? അവരെക്കുറിച്ച് അന്വേഷിക്കാൻ തയ്യാറുണ്ടോ? സഹ്യാദ്രി ട്രേഡേഴ്സിന് എങ്ങനെ ഈ കുത്തക അവകാശം വന്നു എന്ന് പരിശോധിക്കാൻ തയ്യാറുണ്ടോ? ബഹുമാനപ്പെട്ട ഗൗരിയമ്മതന്നെ മന്ത്രിയായതിനുശേഷം ശ്രീ. പാലാട്ട് മോഹൻദാസ് ഇറക്കിയ ഉത്തരവിൽ കേരളത്തിൽ ബ്ലോക്ക് അടിസ്ഥാനത്തിൽ അതിനുവേണ്ടി സംഭരണം വേണം, കേന്ദ്രങ്ങൾ വേണം, സ്വാശ്രയസംഘങ്ങളുമായിട്ട് ബന്ധം വേണം എന്നെല്ലാം പറഞ്ഞു. ആരാണ് ഇതിന് തുരങ്കം വച്ചത്? അതിനെക്കുറിച്ച് ഒരു വിശദീകരണം ബഹുമാനപ്പെട്ട മന്ത്രിയിൽ നിന്ന് ഉണ്ടാകണം. ഹരിത സംഘങ്ങളുടെ സബ്സിഡി നിർത്തലാക്കിയതിനെ കുറിച്ചുമുണ്ട്.

മി. ഡെ. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.....

ഡോ. തോമസ് ഐസക്: ഞാൻ അവസാനിപ്പിക്കുകയാണ്. ഒട്ടനവധി സ്കീമുകൾ ഉണ്ട്. ബഹുമാനപ്പെട്ട മുസ്തഫ പെൻഷൻ സ്കീമിനെക്കുറിച്ച് പറഞ്ഞല്ലോ. സർ, സി.എ.ജി. എഴുതിയിട്ടുള്ളത് എന്താണെന്ന് ഒന്ന് വായിക്കൂ. നടപ്പാക്കാൻ പറ്റുന്നത് നടപ്പിലാക്കിക്കോ. ഞങ്ങൾ രണ്ടു കയ്യുംപൊക്കി പിൻതാങ്ങാം. പത്തുപ്രാവശ്യം ആവശ്യപ്പെടാം, ഈ സർക്കാരിന് നടപ്പാക്കാൻ പറ്റുമോ? ഇപ്പോൾ നിങ്ങൾ സ്മാൾ ഫാർമേഴ്സ് അഗ്രികൾച്ചർ കൺസോർഷ്യം ഉണ്ടാക്കുന്നുണ്ട്. വാണിജ്യ സുരക്ഷാ പദ്ധതിയിൽപ്പെടുത്തിക്കൊണ്ട് സി.എ.ജി. ആ സ്കീമിനെക്കുറിച്ച് എന്താണ് പറഞ്ഞതെന്ന് നോക്കൂ. ഇത്തരത്തിൽ അപ്രായോഗികമായ പരിപാടികൾ

LIBRARY ARCHIVES Kerala Legislative Assembly

നടപ്പാക്കാൻ പ്രാപ്തിയില്ലാത്ത, താൽപ്പര്യമില്ലാത്ത ആളുകളുടെ നേതൃത്വത്തിൽ നടപ്പിലാക്കി. ഇവിടെ ഈ ബഡ്ജറ്റിൽ തരുന്ന പണംപോലും ചെലവഴിക്കാൻ പറ്റാത്ത ഡിപ്പാർട്ടുമെന്റായി കൃഷി ഡിപ്പാർട്ടുമെന്റ് മാറിക്കൊണ്ടിരിക്കുന്നു എന്നുള്ളതിനാൽ ഈ ധനാഭ്യർത്ഥനകളെ പിൻതുണയ്ക്കാൻ നിർവ്വാഹമില്ല. ഞാൻ എതിർക്കുന്നു എന്നു പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്): കമ്മ്യൂണിറ്റി ഡവലപ്മെന്റ് വകുപ്പിലേയ്ക്കുള്ള ധനാഭ്യർത്ഥനകളുടെ ചർച്ചാവേളയിൽ ബഹുമാനപ്പെട്ട മെമ്പർമാർ നൽകിയ നല്ല നിർദ്ദേശങ്ങൾക്ക് പ്രത്യേകം നന്ദിപറയുന്നു. പ്രതിപക്ഷത്തുനിന്ന് ശ്രീ. വി.കെ. ചന്ദ്രൻ ഒരു കാര്യം എടുത്തുപറഞ്ഞു, ഞങ്ങളുടെ പാലക്കാട് ഡി.ആർ.ഡി.എ. ആഫീസിൽ എന്തോ പ്രശ്നങ്ങളുണ്ടായി, അഞ്ചു മണി കഴിഞ്ഞും ആഫീസ് തുറന്നിരിക്കുന്നു, അതിനെ ചുറ്റിപ്പറ്റി അവിടെയെല്ലാം എന്തോ മോശമായ കാര്യങ്ങൾ നടക്കുന്നു എന്നൊക്കെ പറഞ്ഞു. അങ്ങനെ വല്ലതുമുണ്ടെങ്കിൽ അത് വളരെ ഗൗരവമായിട്ട് എടുക്കുന്നു. പക്ഷെ ശ്രീ. ചന്ദ്രനോട് എനിക്ക് ഒരു പരാതിയുണ്ട്. വേറൊന്നുമല്ല, ഞാനും ശ്രീ. ചന്ദ്രനുമായിട്ടാണ് പ്രതിപക്ഷ എം.എൽ.എ. മാരിൽ വച്ചേറ്റവും കൂടുതൽ ബന്ധപ്പെടുന്നത്. അവിടത്തെ കാര്യങ്ങൾ അറിയാൻ എനിക്ക് താൽപ്പര്യമുണ്ട്. പക്ഷെ എപ്പോഴെങ്കിലും ഡി.ആർ.ഡി.എ. ആഫീസിൽ ഇങ്ങനെ ഒരു പ്രശ്നം ഉണ്ടെന്ന് ഒരു കടലാസിൽ ഒന്ന് എഴുതി തന്നിരുന്നുവെങ്കിൽ അപ്പോൾ അതിനുള്ള ആക്ഷൻ എടുക്കാമായിരുന്നു. പക്ഷേ അത് പറയാതെ പാലക്കാട് ഡി.ആർ.ഡി.എ. ആഫീസിൽ എന്തോ നടന്നു എന്നുള്ള രീതിയിൽ നമ്മുടെ നിയമസഭയിൽ വന്ന് ആവശ്യമില്ലാതെ ഒരു സംശയമോ പുകമറയോ ഉണ്ടാക്കേണ്ട കാര്യമില്ലായിരുന്നു. ഞാനാണെങ്കിൽ അങ്ങനെ ചെയ്യില്ല. അത്രയേ എനിക്ക് അതേക്കുറിച്ച് പറയാനുള്ളൂ. വേറെയെന്തെങ്കിലും ചോദിക്കാനുണ്ടെങ്കിൽ ചോദിക്കൂ, ഒന്നും ഞങ്ങൾ മറച്ചുവയ്ക്കുന്നില്ല. വളരെ സുതാര്യമായിട്ട് കഴിയുന്നിടത്തോളം നടത്താൻ ആഗ്രഹിക്കും. ഈ കാര്യത്തെ സംബന്ധിച്ച് ഞാൻ വേണമെങ്കിൽ വഴങ്ങാം. എത്ര കാര്യങ്ങൾക്കുവേണമെങ്കിലും മറുപടി പറയാൻ തയ്യാറാണ്. ശ്രീ. ചന്ദ്രന് എന്തെങ്കിലും കൂടുതൽ അറിയണമെങ്കിൽ ഞാൻ പറയാം.

ശ്രീ. വി. കെ. ചന്ദ്രൻ: പാലക്കാട്ടെ ഡി.ആർ.ഡി.എ. ആഫീസിൽ നടക്കുന്ന അഴിമതിയെ സംബന്ധിച്ച് പ്രതിപക്ഷത്ത് മാത്രമല്ല ഭരണകക്ഷിയിലുള്ള ബഹുമാനപ്പെട്ട അംഗങ്ങളോട് ഈ സഭ പിരിഞ്ഞതിനുശേഷം അങ്ങൊന്ന് അന്വേഷിച്ചാൽ അവർ വളരെ വ്യക്തമായി ഈ കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തും. മാത്രമല്ല ഈ കാര്യങ്ങൾ സംബന്ധിച്ച് അങ്ങയുടെ ശ്രദ്ധയിലും, ഇവിടെ കമ്മിഷണറേറ്റിലും ഈ വിവരം പറയാൻ ഞാൻ വന്നപ്പോൾ അങ്ങ് അവിടെയില്ല. അങ്ങ് ഡൽഹിയിൽ പോയിരുന്നു. ആ വിവരം പറയാൻ ഞാൻ ചെന്നപ്പോൾ അവിടെയുള്ള കമ്മിഷണർ പറയുന്നത് പാലക്കാട് ഡി.ആർ.ഡി.എ. പ്രോജക്ട് ആഫീസർ അല്ലേ അദ്ദേഹത്തെക്കുറിച്ച് ഞങ്ങൾക്ക് അറിയാം. അദ്ദേഹത്തിന്റെ പേരിൽ ചില അലിഗേഷൻസ് ഉണ്ട്. കമ്മിഷണർ തന്നെ പാലക്കാട് ജില്ലാകളക്ടറെ കമ്മിഷണറേറ്റിലേയ്ക്ക് വിളിച്ചുവരുത്തി ഈ ഉദ്യോഗസ്ഥന്റെ പേരിൽ നടപടിയെടുക്കുകയും നാളെ സസ്പെൻഡ് ചെയ്ത ഉത്തരവ് ഇറക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

വേണമെന്ന് കളക്ടറോട് ആവശ്യപ്പെട്ടു. കളക്ടർ നാളെ മുതൽ ഈ ഉദ്യോഗസ്ഥൻ ഓഫീസിൽ വരാൻ പാടില്ലായെന്ന് പറയുകയും ഡി.ആർ.ഡി.എ. പ്രോജക്ട് ഓഫീസർ തിരുവനന്തപുരത്ത് തമ്പടിച്ച് അങ്ങ് ഡൽഹിയിൽ നിന്നു വരുന്നതുവരെ ഇവിടെ താമസിക്കുകയും ചെയ്തു. അതിനുശേഷം അങ്ങയോട് ഈ കാര്യങ്ങളെല്ലാം പറഞ്ഞ് തിരിച്ചുപോയ വിവരം അങ്ങേയ്ക്കറിയാം.

ശ്രീ. സി. എഫ്. തോമസ്: ഇതൊക്കെ പറയുന്നത് നല്ലതാണ്. ഞാൻ ഇല്ലാത്ത സമയത്ത് എന്താണ് ഇതിനകത്ത് ഒരു ആക്ഷൻ എടുക്കേണ്ടത്. രണ്ടുപേരുടെ പേർ പറഞ്ഞു. ഒന്ന്, എന്റെ വകുപ്പിലെ കമ്മീഷണർ, ഇമ്മീഡിയറ്റായിട്ട് ആക്ട് ചെയ്തു, രണ്ട് ജില്ലാ കളക്ടർ, അദ്ദേഹവും ഇമ്മീഡിയറ്റായിട്ട് ആക്ട് ചെയ്തു. അതാണ് എനിക്ക് വളരെ ആശ്വാസമായിട്ട് തോന്നുന്നത്. ഇനി ഈ പറഞ്ഞതിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ട് എന്തെങ്കിലും കൂടുതൽ ചെയ്യേണ്ടതുണ്ടെങ്കിൽ ചെയ്യാം. ഇക്കാര്യത്തിൽ ഗവൺമെന്റ് വളരെ സുതാര്യമാണ്. എനിക്ക് പ്രത്യേകിച്ച് ഇക്കാര്യത്തിൽ ഒന്നുമില്ല. പ്രത്യേകിച്ച് പരാതിയൊന്നുമില്ല. എനിക്ക് ഒരു പരാതിയേയുള്ളൂ, ഞാൻ ഡൽഹിയിൽ നിന്ന് വന്നിട്ട് നാലു ദിവസം കഴിഞ്ഞു, ശ്രീ. ചന്ദ്രന് എന്നോട് ഒന്നു പറഞ്ഞാൽ മതിയായിരുന്നു. ഈ നിയമസഭയ്ക്കകത്ത് വലിയ പ്രശ്നമാക്കരുതായിരുന്നു.

ഡോ. തോമസ് ഐസക്ക് : സർ, കഴിഞ്ഞ ദിവസം ഞാനും ബഹുമാനപ്പെട്ട അംഗം രാധാകൃഷ്ണനും കൂടി കരുവാരക്കുണ്ട് പഞ്ചായത്തിലെ വിവാദപരമായിട്ടുള്ള റോഡ് കാണാൻ പോയി. അവിടെ ചെന്നപ്പോൾ 25 ലക്ഷം രൂപ മുടക്കി കഴിഞ്ഞ വർഷം എസ്. ജി. ആർ. വൈ. പദ്ധതി പ്രകാരം ചെയ്ത റോഡ് കൂടി ഉൾപ്പെടുന്ന സ്ഥലത്ത് കൂടിയാണ് ഇപ്പോൾ 51 ലക്ഷം രൂപ മുടക്കി വേറെ റോഡ് വരുന്നത്. 25 ലക്ഷം രൂപ മുടക്കിയ സ്ഥലത്തുകൂടി ഞങ്ങൾ നടന്നു. അവിടെ ഏതെങ്കിലും റോഡ് ഇപ്പോൾ ഉണ്ടോയെന്ന് ഞങ്ങൾക്ക് സംശയമാണ്. ഒരു വർഷത്തിനുള്ളിൽ പോയിരിക്കുന്നു. ഏതായാലും 25 ലക്ഷം രൂപ മുടക്കി ഒരു റോഡ് കംപ്ലീറ്റ് ചെയ്ത സ്ഥലത്തുതന്നെയാണ് 14 റീച്ചായിട്ട് പുതിയ റോഡ് എടുക്കുന്നത്. അങ്ങ് ഇതൊന്ന് അനേഷിക്കുമോ? മറ്റ് 14 റീച്ചിലേക്ക് കൊടുത്തതല്ല. എസ്. ജി. ആർ. വൈ. ഫണ്ട് ഉപയോഗിച്ച്.....

ശ്രീ. സി. എഫ്. തോമസ്: ഞാൻ അങ്ങ് പറയുന്നതിനുമുൻപ് തന്നെ അന്വേഷിച്ചു. ഞാൻ ഡൽഹിയിൽ വച്ച് ഇതിനെക്കുറിച്ച് എന്തോ ഉണ്ടെന്ന് കേട്ടപ്പോൾ അന്വേഷിച്ചു. ഒന്നാമത് ഒരു കാര്യം, ഡോ. തോമസ് ഐസക്കിനാണ് ഒരുപക്ഷേ അപ്പുറത്തിരിക്കുന്നതിൽ ഏറ്റവും കൂടുതൽ, അതുമായി ബന്ധമുള്ളത്. ജനകീയാ സൂത്രണവുമായി ബന്ധപ്പെട്ട ആൾ ആയതു കൊണ്ട് കാര്യം അങ്ങേയ്ക്കറിയാമല്ലോ, എന്റെ ഡിപ്പാർട്ടുമെന്റിൽ ഗ്രാമവികസന വകുപ്പിൽ ചെയ്യുന്നതെന്താണ്? മന്ത്രിക്ക് നേരിട്ട് ഒന്നും ചെയ്യാൻ പറ്റില്ല. എല്ലാ കാര്യങ്ങളും സെൻട്രൽ ഗവൺമെന്റ് സ്കീമാണ്. കൂടുതൽ അതിന്റെ ഇംപ്ലിമെന്റേഷനാണ്. അതിനെല്ലാം വ്യക്തമായ ഗൈഡ്ലൈൻസ് ഉണ്ട്. എല്ലാ കാര്യങ്ങളും ചെയ്യുന്നത് ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്,

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമപഞ്ചായത്ത് എന്നിവയാണ്. 100 ശതമാനം കേന്ദ്ര സഹായമുണ്ട്. ചിലതിന് 25 ശതമാനം നമ്മൾ കൊടുക്കേണ്ടതുണ്ട്. അത് കിട്ടിയാൽ 50, 30, 20, എന്നുള്ള രേഷ്യോയിൽ ഗ്രാമ- ബ്ലോക്ക്- ജില്ലാ പഞ്ചായത്തുകൾക്ക് വീതിക്കുന്നു. അതുകൊണ്ടു തന്നെയാണ് എസ്.ജി.ആർ.വൈ.-യിൽ അവിടെ അനുവദിച്ചു എന്നു പറഞ്ഞപ്പോൾ— ഈ ഫ്ളഡ് റോഡിന്റെ കാര്യത്തെക്കുറിച്ച് ഇവിടെ ചർച്ച നടന്നപ്പോൾ, ഞാൻ തിരക്കി, തിരക്കിയപ്പോൾ എനിക്ക് കിട്ടിയ റിപ്പോർട്ട് വളരെ ക്ലിയറാണ്. 2001-2002 കരിവാരക്കുണ്ട് ഗ്രാമപഞ്ചായത്തിന്റെ കർമ്മപദ്ധതിയിൽപ്പെടുത്തി ആ പഞ്ചായത്ത് കമ്മിറ്റി ചെയ്ത വർക്കിന്റെ റിപ്പോർട്ട് ഫാക്സിൽ വരുത്തിയതാണ്. അങ്ങേയ്ക്ക് വേണമെങ്കിൽ പരിശോധിക്കാൻ തരാം, എനിക്കറിയില്ല, പഞ്ചായത്തുകാരുടേതാണ്.

ശ്രി. ആര്യാടൻ മുഹമ്മദ്: മറുഭാഗത്ത് ആ വർക്കിനെക്കുറിച്ചുള്ള ആക്ഷേപം പറഞ്ഞു. അതിന്റെ എ. ഇ. ആണ് അവരുടെ ആവശ്യപ്രകാരം, എസ്റ്റിമേറ്റ് ഉണ്ടാക്കിയതും സൂപ്പർവൈസ് ചെയ്തതും, അതിന്റെ സർട്ടിഫിക്കറ്റ് കൊടുത്തതുമെല്ലാം. ആ എ. ഇ.-യെ സസ്പെൻഡ് ചെയ്തത് ഒന്ന് അന്വേഷിക്കാൻ മന്ത്രി തയ്യാറാകുമോ?

ശ്രീ. സി. എഫ്. തോമസ്: അധികാര വികേന്ദ്രീകരണം വന്നതിനുശേഷം ഇതിന്റെ ഇംപ്ലിമെന്റേഷൻ ഒന്നും കേരളാ ഗവൺമെന്റല്ല. സെൻട്രൽ സ്കീമ്സ് ആണ്. ഗ്രാമപഞ്ചായത്തിൽപ്പെടുത്തി അവർ ചെയ്തതാണ്. അതുമാത്രമേയുള്ളൂ. ഈ ഗവൺമെന്റിന് ഇക്കാര്യത്തിൽ യാതൊരു പങ്കുമില്ല. എന്റെ സ്നേഹിതനായ ശ്രീ. കോവൂർ കുഞ്ഞുമോന്റെ ബ്ലോക്കിൽ ഞാൻ പോയി, ഒന്നുരണ്ടു പരിപാടികളിൽ പങ്കെടുത്തു, പക്ഷേ ഇതിനകത്ത് ഒരു വലിയ പിശക് പറ്റി, അദ്ദേഹം പറഞ്ഞത് പശ്ചിമഘട്ട വികസന പദ്ധതി, അതിനെചുറ്റിപ്പറ്റി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒന്ന് ശ്രദ്ധിക്കണം. പശ്ചിമഘട്ട വികസന പദ്ധതിയെ ചുറ്റിപ്പറ്റി കോടിക്കണക്കിന് രൂപയുടെ അഴിമതി നടക്കുന്നു, മന്ത്രിയൊന്ന് സൂക്ഷിക്കണമെന്ന് പറഞ്ഞു, ഈ പശ്ചിമഘട്ട വികസന പദ്ധതി എന്റെ വകുപ്പിലല്ല, എന്താ ചെയ്യുക, എന്റെ വകുപ്പിലല്ല. ഞാൻ ശ്രീ. കുഞ്ഞുമോനോട് ചോദിക്കുകയാണ്.—ഞാൻ എന്താ ചെയ്യേണ്ടത്? ഞാൻ തിരക്കിയപ്പോൾ പ്ലാനിംഗ് വകുപ്പാണെന്ന് പറഞ്ഞു. ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് പറഞ്ഞതുപോലെ കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്യുന്നതിൽ എന്തെങ്കിലും തകരാർ ഗവൺമെന്റ് നിശ്ചയിച്ച എ.ഇ. വരുത്തിയിട്ടുണ്ടെങ്കിൽ അതിനെക്കുറിച്ച് ഗൗരവമായി അന്വേഷിക്കുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സ്പെഷ്യൽ എസ്.ജി.ആർ.വൈ. സ്കീമിൽ ധാരാളം അരി കൊടുക്കുകയും വർക്ക് നടത്തുകയും ചെയ്യുന്നുണ്ട്. ഇതെല്ലാം തട്ടിപ്പിന്റെ രൂപത്തിലേയ്ക്ക് പോകുകയാണ്. ജോലിക്ക് ഭക്ഷണം എന്ന പദ്ധതിയനുസരിച്ച് അവർക്ക് അരി കൊടുക്കുന്നുണ്ട്. വേറൊരു കാര്യം, ഇവർക്ക് കൂലിയായി കൊടുക്കുന്ന അരി മുഴുവൻ കച്ചവടം ചെയ്യുന്നു. അരി കച്ചവടം ചെയ്ത് ആളുകൾക്ക് കൊടുക്കാതെ വേറൊരു രൂപത്തിൽ കോൺട്രാക്ടർമാർ, അവരുടേതായ രൂപത്തിൽ പോകുന്നതായി പരാതിയുണ്ടായിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ പള്ളിക്കൽ പഞ്ചായത്തിൽ വിപുലമായ തട്ടിപ്പ് നടത്തിയതിനെക്കുറിച്ച് ആക്ഷേപം വന്നിട്ടുണ്ട്. അതിനെക്കുറിച്ച് അങ്ങ് അന്വേഷിക്കുമോ; ആവശ്യമായ നടപടി എടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എഫ്. തോമസ്: എസ്.ജി.ആർ.വൈ.-യിൽ കൂടുതലും അരിയാണ് കിട്ടുന്നത്. നമ്മുടെ ഗവൺമെന്റ് മാത്രം അരി വാങ്ങുന്നതിൽ പുറകോട്ട് നിൽക്കാൻ പാടില്ല. ആന്ധ്രാപ്രദേശ്, തമിഴ്നാട്, കർണ്ണാടക, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളൊക്കെ കേന്ദ്ര ഗവൺമെന്റിനെ നിരന്തരമായി ബന്ധപ്പെടുകയാണ്. എസ്.ജി.ആർ.വൈ. ആണെങ്കിലും ഡിസ്ട്രസ് റിലീഫിനു വേണ്ടിയാണെങ്കിലും സ്പെഷ്യൽ എസ്.ജി.ആർ.വൈ. ആണെങ്കിലും സെൻട്രൽ ഗവൺമെന്റിൽ ധാരാളം അരിയും ഗോതമ്പും സ്റ്റോക്കുള്ളതുകൊണ്ട് ഈ പ്രവർത്തനങ്ങൾക്ക് ധാരാളം അലോട്ടുമെന്റ് കിട്ടുന്നുണ്ട്. അതുകൊണ്ട് ഇതിന് വളരെ വളരെ പ്രാധാന്യം കൊടുക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി രണ്ടു പ്രാവശ്യമായി ഡൽഹിയിൽ ചെന്നപ്പോൾ കൊടുത്ത നിവേദനങ്ങൾക്ക് ഫലമുണ്ടായി. നമുക്ക് കൂടുതൽ അരി അലോട്ട് ചെയ്യുന്നുണ്ട്. കൂടുതൽ വർക്കുകൾ നമുക്ക് ഗ്രാമങ്ങളിൽ എടുക്കാൻ സാധിക്കുന്നുണ്ട്.

ഡോ. തോമസ് ഐസക്: അങ്ങ് വളരെ തുറന്ന മനസ്സോടുകൂടി, എസ്.ജി.ആർ.വൈ. സ്കീം പ്രകാരം ചെയ്ത പ്രവർത്തിയിൽ എന്തെങ്കിലും കുറവുണ്ടെങ്കിൽ, ഏതെങ്കിലും ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ അത് പരിശോധന നടത്തി നടപടി എടുക്കാമെന്ന് പറഞ്ഞു. വളരെ നന്നായി. അങ്ങനെ തന്നെ വേണം. ഞങ്ങൾക്ക് സന്തോഷമുണ്ട്. ഉദ്യോഗസ്ഥൻമാരല്ലാതെ മറ്റു പലരും ചേർന്ന് ഈ പണി ചെയ്ത് റോഡിന്റെ മുകളിൽക്കൂടിത്തന്നെ വേറെ റോഡെല്ലാം പണി ചെയ്യുന്നതിന് തീരുമാനിച്ചു. അത് സംബന്ധിച്ച ഒട്ടേറെ വിവാദങ്ങൾ ഉണ്ടായിരിക്കുന്നു. അതടക്കം അന്വേഷിക്കുന്നതിനുവേണ്ടി അങ്ങുകൂടി ഒന്ന് ശുപാർശ ചെയ്യുമോ? .....ബഹളം.....

ശ്രീ. സി. എഫ്. തോമസ്: ഇപ്പോഴുള്ള പ്രധാന വിഷയം കമ്മ്യൂണിറ്റി ഡെവലപ്മെന്റിന്റെ ധനാഭ്യർത്ഥനയെക്കുറിച്ചാണല്ലോ? നമ്മുടെ ഈ വകുപ്പിൽ എല്ലാ പദ്ധതികളുംതന്നെ, ബഹുമാനപ്പെട്ട മെമ്പർമാർക്ക് അറിയാവുന്നതുപോലെ, നടപ്പിലാക്കുന്നത് ത്രിതല പഞ്ചായത്തുകൾ വഴിയാണ്. അതിനാവശ്യമായിട്ടുള്ള എല്ലാ സഹായങ്ങളും ഗവൺമെന്റ് ചെയ്തു കൊടുക്കുക എന്നുള്ളതാണ് ഏറ്റവും പ്രധാനം. അതിന്റെ മോണിട്ടറിംഗാണ് അതിനേക്കാൾ പ്രധാനമായിട്ടുള്ള ഒരു കാര്യം. അതാണ് നമ്മളെല്ലാപേരുംകൂടി ഗൗരവമായി ചിന്തിക്കേണ്ടത്. നമ്മുടെ സ്റ്റേറ്റിനെ സംബന്ധിച്ച് ഏറ്റവും പ്രയാസമുള്ള പ്രശ്നങ്ങൾ തൊഴിലില്ലായ്മയും ദാരിദ്ര്യവുമാണ്. ഇപ്പോഴും പ്രശ്നമാണ്. ഇപ്പോൾ 17 ലക്ഷം കുടുംബങ്ങൾ കേരളത്തിൽ ബി.പി.എൽ. ലിസ്റ്റിലുണ്ട്. ആ കുടുംബങ്ങളെ എങ്ങനെ ദാരിദ്ര്യരേഖയ്ക്ക് മുകളിൽ കൊണ്ടു വരാമെന്നത് ശ്രമകരമായ ജോലിയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഇപ്പോഴുമുണ്ട്. അതിനിപ്പോൾ കേന്ദ്രത്തിൽ വന്നിരിക്കുന്ന മാറിയ സാഹചര്യം ഉപയോഗിക്കുക എന്നുള്ളതാണ് ബുദ്ധിപൂർവ്വമായ സമീപനം. അതിന് നിങ്ങളുടെ സഹകരണം വേണം. നമ്മൾ എല്ലാപേരുംകൂടി ഒരുമിച്ച് നിന്ന് ചെയ്യേണ്ടതാണ്. ഗ്രാമവികസനവകുപ്പ് വഴി നടപ്പിലാക്കുന്ന എട്ടു തരം പദ്ധതികൾ ഉണ്ട്. ഈ എട്ടുതരം പദ്ധതികൾ പരിശോധിച്ചാൽ, അവ ദാരിദ്ര്യനിർമ്മാർജ്ജനത്തിനും സ്വയം തൊഴിൽ നല്കുവാനുമുള്ള പദ്ധതികളാണ് അതുപോലെ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റും ഉദ്ദേശിക്കുന്നുണ്ട്.

ഈ പദ്ധതികൾക്കുവേണ്ടിയുള്ള കേന്ദ്രസഹായം പരമാവധി വർദ്ധിപ്പിച്ചെടുക്കുക എന്ന കൂട്ടായ ജോലിയാണ് ഈ കാലഘട്ടത്തിൽ നമ്മൾ ചെയ്യേണ്ടത്. ഈ എട്ട് പദ്ധതികൾ നിങ്ങൾക്കറിയാം. ഒന്ന് എസ്.ജി.എസ്.വൈ.-യാണ്. കുടുംബശ്രീ നല്ല പദ്ധതിയാണ്. എല്ലാ സ്റ്റേറ്റുകളിലും ശ്രദ്ധ പിടിച്ചുപറ്റിയ പദ്ധതിയാണ്. അതുപോലെ തന്നെയാണ് എസ്.ജി.എസ്.വൈ. പദ്ധതിയും. അവർക്കവിടെ ജോലിയുണ്ടാക്കി കൊടുക്കുന്നു. ബി.പി.എൽ.-നു താഴെയുള്ള കുടുംബങ്ങളെ അതിന് മുകളിൽ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ എല്ലാ ബ്ലോക്കുകളിലും ഇംപ്ലിമെന്റ് ചെയ്ത പദ്ധതിയാണ്. 75 ശതമാനം കേന്ദ്ര സഹായമാണ്. കൂടുതൽ പണം കിട്ടിയാൽ കൂടുതൽ പേർക്ക് ജോലി കൊടുക്കാം. കൂടുതൽ പേരെ ദാരിദ്ര്യരേഖയ്ക്ക് മുകളിൽ കൊണ്ടുവരാം. രണ്ടാമത്തേത് ഇന്ദിരാ ആവാസ് യോജനയാണ്. പഞ്ചായത്ത് കമ്മിറ്റികൾ ഗ്രാമസഭ കൂടിയാണ് ബെനഫിഷ്യറീസിന്റെ ലിസ്റ്റുണ്ടാക്കുന്നത്. ആരും ഇടപെടുന്നില്ല. ഒരു പരിധിവരെ വീടുകളുടെ പ്രശ്നം പരിഹരിക്കുന്നുണ്ട്. അതൊരു ആശ്വാസമാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം വീടുകളുടെ റിപ്പയർ ചെയ്യാൻ സ്കീമുണ്ട്. അത് നിർവ്വഹിക്കുന്നത് പഞ്ചായത്തുകൾ തന്നെയാണ്. എസ്.ജി.ആർ.വൈ. സമീപകാലത്ത് എല്ലാപേരുടേയും ശ്രദ്ധ പിടിച്ചുപറ്റിയ ഏറ്റവും നല്ല പദ്ധതിയാണ്. ഗ്രാമങ്ങളിൽ ധാരാളം വർക്കുകൾ എറ്റെടുക്കാൻ കഴിയുന്നുണ്ട്. റോഡുകൾ, ചെറിയ ആശുപത്രികൾ, ചെറിയ സ്കൂൾ കെട്ടിടങ്ങൾ, നീർത്തട വികസന പദ്ധതികൾ ഇതെല്ലാം നമുക്ക് ഈ പദ്ധതിയിൽ ഏറ്റെടുക്കാം. പി.എം.ജി.എസ്.വൈ. എം.പി.-മാരും എം.എൽ.എ.-മാരും ആവശ്യപ്പെട്ട കാര്യമാണ്. തീരുമാനിക്കുന്നത് ജില്ലാ പഞ്ചായത്ത് കൂടിയാണ്. അവിടെ എം.പി.-മാരും എം.എൽ.എ.-മാരും കൂടിയിരുന്നാണ് നിശ്ചയിക്കുന്നത്. പി.എം.ജി.എസ്.വൈ.-യുടെ കേന്ദ്ര ഗവൺമെന്റ് എടുത്തിരിക്കുന്ന നിലപാട് ശരിയല്ല. അതിന് കൂടുതൽ സഹായത്തിന് നമുക്കർഹതയുണ്ട്. ഈ ആവശ്യം നമ്മൾ മുന്നോട്ടു വച്ചിട്ടുണ്ട്. പ്രധാനമന്ത്രിയുടെ ഗ്രാമീണ സഡക് യോജന. അതിൽ കൂടുതൽ തുക കിട്ടിയാൽ കൂടുതൽ വർക്ക് ഏറ്റെടുക്കാൻ സാധിക്കും. സമീപകാലത്ത് ഇംപ്ലിമെന്റ് ചെയ്ത് "ഹരിയാലി" എന്ന പദ്ധതി. കേരളത്തിന്റെ രൂക്ഷമായ വരൾച്ചയ്ക്ക് പരിഹാരമായി നിരവധി പദ്ധതികൾ "ഹരിയാലി"യിൽ ഏറ്റെടുക്കാൻ കഴിയും. ടോട്ടൽ സാനിട്ടേഷൻ, ക്ലീൻ കേരള ഇവ എല്ലാപേരുടേയും ആവശ്യമാണ്. അതിൽ കേരളത്തിനു ലഭിക്കാവുന്ന ഏറ്റവും നല്ല സഹായം കേന്ദ്രത്തിൽനിന്നും ഈ പദ്ധതിയിലൂടെ കിട്ടി. ഗ്രാമങ്ങളിൽ ടോട്ടൽ സാനിട്ടേഷൻ മുഖാന്തിരം, ഇപ്പോൾ നമ്മുടെ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് ചെയ്യുന്ന വിപുലമായ പദ്ധതി, അതും ഏറ്റവും മികച്ച പദ്ധതിയാണ്. കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. സഹായം കിട്ടുന്നുണ്ട്. അതോടൊപ്പംതന്നെ ആധുനികമായ കൃഷിസമ്പ്രദായങ്ങളെക്കുറിച്ചൊക്കെ പരിശീലനം കൊടുക്കാൻ, മഴവെള്ള സംഭരണത്തിന് പരിശീലനം കൊടുക്കാൻ State Institute for Rural Development-ന്റെ extension centre വഴി നടത്തുന്ന പ്രവർത്തനങ്ങൾ—കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ ഇവിടെയൊക്കെ, സ്റ്റേറ്റു ഗവൺമെന്റുകൾക്ക് എപ്പോഴും ബുദ്ധിമുട്ട് വരുമെങ്കിലും ഈ പദ്ധതികളിലൊക്കെയായി കേന്ദ്ര ഗ്രാമവികസന വകുപ്പ്, റെയിൽവേ കഴിഞ്ഞാൽ കൂടുതൽ പണം ചെലവഴിക്കുന്ന വകുപ്പാണ്. ഇന്നത്തെ പുതിയ സാഹചര്യത്തിൽ നമുക്കെല്ലാപേർക്കും ഒരുമിച്ചു നിന്നുകൊണ്ട് പരമാവധി ഫണ്ട്,

LIBRARY ARCHIVES Kerala Legislative Assembly

എട്ടൊമ്പത് കൂട്ടം പദ്ധതികൾക്ക് ഫണ്ട് വാങ്ങിച്ചെടുക്കാനുള്ള ശ്രമമാണ് നടത്തേണ്ടത്. അങ്ങനെയുള്ള സമയത്താണ് ഈ ചർച്ച നടത്തുന്നത്. എല്ലാ പദ്ധതികളുടേയും കാര്യത്തിൽ ഏറ്റവും പ്രധാനം എസ്.ജി.എസ്.വൈ.-യാണ്. അതിന് വളരെ ക്ലിയറായി ടാർജറ്റിട്ടിരിക്കുകയാണ്. അമ്പതിനായിരം കുടുംബങ്ങൾക്ക് സ്വയം തൊഴിൽ പദ്ധതി ആവിഷ്ക്കരിക്കാൻ സ്വയം സഹായ സംഘങ്ങൾ ഉണ്ടാക്കുകയും ഇൻഡിവിഡുവലായിട്ടുള്ള ആളുകൾക്ക് അങ്ങനെ, രണ്ടു തരത്തിൽ അമ്പതിനായിരം കുടുംബങ്ങളെ സഹായിക്കാൻ ഈ കൊല്ലം പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. രണ്ടാമത്തേത് ഇന്ദിരാ ആവാസ് യോജനയാണ്. വീട് വച്ച് കൊടുക്കുന്ന പദ്ധതി. എല്ലാ ഗ്രാമങ്ങളിലുമായിട്ട് ഈ വർഷം 29,500 പുതിയ വീടുകൾ നിർമ്മിക്കാനാവശ്യമായിട്ടുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. 7,500 വീടുകളുടെ പുനരുദ്ധാരണത്തിന് ഈ കൊല്ലം സ്കീം തയ്യാറാക്കിയിട്ടുണ്ട്. പി.എം.ജി.എസ്.വൈ.-യിൽ അമ്പത് കോടി രൂപയുടെ പദ്ധതികൾ ഈ കൊല്ലം ആവിഷ്ക്കരിച്ചതിൽ പ്രയോറിറ്റി അടിസ്ഥാനത്തിൽ ബ്ലോക്കുകളെ നിശ്ചയിച്ചിട്ടുണ്ട്. ഇപ്പോൾ ഒരു നീണ്ട ലിസ്റ്റ് കേന്ദ്രത്തിലേയ്ക്ക് അയയ്ക്കാൻ പോകുകയാണ്.

ശ്രീ. എ. കെ. ബാലൻ: എം.പി.-മാരാണ് അത് നിശ്ചയിക്കുന്നത്. ഏത് ജില്ലയിൽ, ഏത് ബ്ലോക്കിൽ പി.എം.ജി.എസ്.വൈ. എടുക്കണമെന്ന് നിശ്ചയിക്കുന്നത് എം.പി. ആണ്. ഫൈനലായിട്ട് തീരുമാനിക്കുന്നത് എം.പി. ആണ്. അതിൽ എം.എൽ.എ.-മാർക്ക് യാതൊരു പങ്കാളിത്തവുമില്ല. ജില്ലാ പഞ്ചായത്തിന് പങ്കാളിത്തമില്ല.

2.00 p. m.]

ശ്രീ. സി. എഫ്. തോമസ്: പി.എം.ജി.എസ്.വൈ.-ൽ അതിനെക്കുറിച്ച് വ്യക്തമായി പറഞ്ഞിട്ടുണ്ട്. നമ്മുടെ ജില്ലാ പഞ്ചായത്തുകളെ വിളിച്ചുകൂട്ടി, എം.പി.-മാരെയും ക്ഷണിച്ച്, എം.എൽ.എ.-മാരെയും ഇരുത്തികൊണ്ട് വേണം നിശ്ചയിക്കാൻ. അതാണ് വ്യക്തമായ അതിന്റെ നിർദ്ദേശം. അതിന് വിരുദ്ധമായിട്ട് എവിടെയെങ്കിലും നടക്കുന്നുണ്ടെങ്കിൽ അതിൽ ഞങ്ങൾ ഇടപെടാം, അതിനകത്ത് ആവശ്യമായ നിർദ്ദേശം കൊടുക്കാം. ഇതുപറയുമ്പോൾ ഒരു കാര്യം ശ്രദ്ധിക്കണം. ഇവിടെ ബഹുമാന്യരായ ടി. എച്ച്. മുസ്തഫ, അനിൽകുമാർ എന്നിവർ ചില നിർദ്ദേശങ്ങൾ വച്ചു. എസ്.ജി.ആർ.വൈ. പോലുള്ള പദ്ധതികളിൽ എം.എൽ.എ.-മാർക്ക് യാതൊരു പങ്കുമില്ല എന്നുപറഞ്ഞു. ബഹുമാനപ്പെട്ട മെമ്പർ ഇപ്പോൾ പറഞ്ഞത്, നമ്മുടെ എം.പി.-മാർ കേന്ദ്രമന്ത്രിയെ കണ്ട് നിവേദനം നടത്തിയിട്ട് പി.എം.ജി.എസ്.വൈ.-യുടെ കാര്യത്തിലും മറ്റുള്ള കാര്യത്തിലും ഒക്കെ തന്നെ എം.പി.-മാർക്ക് ഇപ്പോൾ നല്ല സ്വാധീനമാണ്. ശരിയാണത്. ജില്ലാ തലത്തിൽ കമ്മിറ്റികളുണ്ടാക്കാൻ പറഞ്ഞിട്ടുണ്ട്. അതിനകത്ത് എം.പി.-ക്ക് പ്രമുഖമായ സ്ഥാനമുണ്ട്. അപ്പോൾ ആ നിലയിൽ നമ്മുടെ എം.എൽ.എ.-മാർക്ക്കൂടി ഇക്കാര്യത്തിൽ പങ്കാളിത്തം ഉണ്ടാകുന്ന കാര്യത്തിൽ നമുക്ക് ഒരുമിച്ച് നിൽക്കണം. അതിന് കേന്ദ്ര ഗവൺമെന്റിൽ ഇക്കാര്യത്തിൽ ആവശ്യമായിട്ടുള്ള സമ്മർദ്ദം ചെലുത്താൻ ഒരുമിച്ച്നിൽക്കണം.....(ബഹളം)..... ഞാനിപ്പോൾ അധികാര വികേന്ദ്രീകരണത്തിൽ ഇടപെടണമെന്നല്ല പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തുകൾക്കുള്ള അധികാരത്തിലൊന്നും ഇടപെടണ്ട. പക്ഷേ എം.പി.-മാർ ചെയ്യുന്നതുപോലെ അവർക്കുള്ളതുപോലെതന്നെ എം.എൽ.എ.-മാർക്ക്കൂടി ഇതുമായിട്ട് ബന്ധമുണ്ടാകത്തക്ക രീതിയിൽ ജോയിന്റായിട്ട് പരിശ്രമിക്കാം. അതിന് നമുക്ക് നീക്കം നടത്തേണ്ടതായിട്ടുണ്ട്. അതുകൊണ്ട് ഈ വരുന്ന വർഷം നടപ്പിലാക്കാൻ പോകുന്ന പരിപാടികളെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. അതോടൊപ്പം തന്നെ രണ്ട് പ്രധാനപ്പെട്ട പദ്ധതികൾ ഈ നടപ്പ് വർഷത്തിൽ നടപ്പിലാക്കാൻ കേന്ദ്ര ഗവൺമെന്റ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് ആ രണ്ട് പദ്ധതികളും നടപ്പിലാക്കാൻ തുടങ്ങുകയാണ്. ഒന്ന്, Provision of Urban Amenities in Rural Areas (PURA) എന്നുള്ള ഒരു സ്കീം. അത് നഗരങ്ങളുടെ പ്രാന്ത പ്രദേശങ്ങളിൽ നഗരസൗകര്യങ്ങൾ ചെയ്ത് കൊടുക്കുന്ന നല്ലൊരു പദ്ധതിയാണ്. അതിനകത്ത് തെരഞ്ഞെടുത്തിരിക്കുന്നത് 12 സ്ഥലങ്ങളാണ്. ആലപ്പുഴ ജില്ലയിലെ കായംകുളം, ഇടുക്കി ജില്ലയിലെ തൊടുപുഴ, കണ്ണൂർ ജില്ലയിലെ പയ്യന്നൂർ, കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട്, കൊല്ലം ജില്ലയിലെ പുനലൂർ, കോട്ടയം ജില്ലയിലെ കോട്ടയം ടൗൺ, കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി, മലപ്പുറം ജില്ലയിലെ പൊന്നാനി, പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം, പത്തനംതിട്ട ജില്ലയിലെ തിരുവല്ല, തൃശ്ശൂർ ജില്ലയിലെ കുന്ദംകുളം, വയനാട് ജില്ലയിലെ കൽപ്പറ്റ. ഈ 12 ജില്ലകളിലായി 12 നഗരങ്ങളുടെ ചുറ്റുമുള്ള 130 വില്ലേജുകളുടെ കംപ്ലീറ്റ് സഹായം അവർ ചെയ്യുമെന്നാണ് ഇപ്പോൾ അറിയിച്ചിരിക്കുന്നത്. അവിടെ നടപ്പിലാക്കാൻ പോകുന്ന പദ്ധതികളൊക്കെ എല്ലാവർക്കുമറിയാം. വളരെ താൽപ്പര്യമുള്ളതായിരിക്കും. ഒന്ന്, ഇങ്ങനെയുള്ള വില്ലേജുകളുടെ വൈദ്യുതീകരണം, കുടിവെള്ളം, റോഡുകൾ, ടെലിഫോൺ, ഇന്റർനെറ്റ്, വിവരസാങ്കേതിക സൗകര്യം ലഭ്യമാക്കൽ, സ്ക്കൂളുകളുടെ അപ്ഗ്രഡേഷൻ, ആരോഗ്യപരിപാലന സൗകര്യം മെച്ചപ്പെടുത്തൽ, കാർഷികോൽപ്പന്നങ്ങൾക്ക് വിപണന സൗകര്യം എന്നീ പദ്ധതികൾ 130 വില്ലേജുകളിൽ ഉടനെ നടപ്പിലാക്കാൻ പോവുകയാണ്. അതിന്റെ പ്രാരംഭ സർവ്വേയ്ക്കുള്ള തുക നമുക്ക് അലോട്ട് ചെയ്തുകഴിഞ്ഞു. അടുത്തവർഷം നമുക്ക് കൂടുതൽ പദ്ധതികൾ കൊടുക്കുകയും വേണം. ഇത് കഴിഞ്ഞ കേന്ദ്ര ഗവൺമെന്റ് താൽപ്പര്യപൂർവ്വം ആരംഭിച്ചിരിക്കുന്ന ഒരു പദ്ധതിയാണ്. ഇതിൽ ഒരു മാറ്റമുണ്ടാകാതിരിക്കാൻ പുതിയ ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തേണ്ടതായിട്ടുണ്ട്. അത് ഈ കൊല്ലം നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കാൻ പോവുകയാണ്. ഇതിന്റെ സെലക്ഷൻ നടത്തിയത് പ്ലാനിംഗ് കമ്മീഷനാണ്. മറ്റൊരു പ്രധാനപ്പെട്ട കാര്യം അറിയേണ്ടത്, "ഹരിയാലി" എന്നുപറയുന്ന പദ്ധതി ഇപ്പോൾ വളരെ താൽപ്പര്യപൂർവ്വം, നോർത്ത് ഇൻഡ്യയിലൊക്കെ നടപ്പിലാക്കുന്നുണ്ട്. "ഹരിയാലി" പദ്ധതിക്ക് കൂടുതൽ പ്രോജക്റ്റ് ഇക്കൊല്ലം നടപ്പിലാക്കാൻ പറഞ്ഞിട്ടുണ്ട്. ഞാനിത് എടുത്തുപറയാൻ കാര്യം, "ഹരിയാലി" പദ്ധതിയിലും എസ്.ജി.ആർ.വൈ. പദ്ധതിയിലുമായിട്ട് ഈ കൊല്ലം നമ്മുടെ എല്ലാ ജില്ലകളിലും പഞ്ചായത്ത് പ്രസിഡന്റുമാരും ജില്ലാ പ്രസിഡന്റുമാരും ബ്ലോക്ക് പ്രസിഡന്റുമാരുമൊക്കെയായിട്ട് സംസാരിച്ച് "ഹരിയാലി" പദ്ധതിയിൽ ധാരാളം തടയണകൾ നിർമ്മിക്കാനുള്ള പദ്ധതി നമ്മൾ ആവിഷ്ക്കരിച്ചു കൊണ്ടിരിക്കുകയാണ്. തടയണകൾ നിർമ്മിക്കുന്നതിനുള്ള ഫണ്ടിന്റെ അഭാവം പല

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലത്തുമുണ്ട്. കേന്ദ്രത്തിന്റെ സഹായം വാങ്ങികൊണ്ട് ഹരിയാലിയിലും എസ്.ജി.ആർ.വൈ.-ലും കൂടി ജല ദൗർലഭ്യം അനുഭവിക്കുന്ന സ്ഥലങ്ങളിൽ തടയണകൾ നിർമ്മിക്കാനുള്ള ഒരു സ്കീമും ആവിഷ്ക്കരിക്കുന്നുണ്ട്. പഞ്ചായത്തുകളുടെ സഹകരണത്തോടുകൂടി ഈ രണ്ട് പദ്ധതികളും ഇക്കൊല്ലം ഗ്രാമവികസന വകുപ്പ് പ്രത്യേകമായിട്ട് ഏറ്റെടുക്കാൻ പോകുന്ന വലിയ പരിപാടികളായിരിക്കുമെന്ന് സന്തോഷത്തോടെ അറിയിക്കുകയാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: ഇപ്പോൾ പ്രധാനമന്ത്രിയും ഗ്രാമവികസന മന്ത്രിയുമായിട്ടൊക്കെ ചർച്ച ചെയ്തപ്പോൾ, ബി.പി.എൽ. ലിസ്റ്റിൽ, അത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. നമ്മുടെ സ്റ്റേറ്റിനെ സംബന്ധിച്ച് ആ മാർഗ്ഗരേഖയനുസരിച്ച് നിങ്ങൾ തയ്യാറാക്കിയിട്ടുള്ള ലിസ്റ്റ് റദ്ദാക്കി അർഹതപ്പെട്ടവരെ ആ ലിസ്റ്റിൽ ഉൾപ്പെടുത്താൻ കഴിയുന്ന വിധത്തിൽ ഒരു പുനർ സർവ്വേയ്ക്കുള്ള തീരുമാനമെടുക്കാൻ കഴിയുമോ?

ശ്രീ. സി. എഫ്. തോമസ്: ഡൽഹിയിൽ രണ്ട് കാര്യം ഇക്കാര്യത്തിൽ ചെയ്തു. ഒന്ന്, കേന്ദ്ര ഗ്രാമവികസന മന്ത്രിയെ കണ്ട് പേഴ്സണലായിട്ട് നമ്മുടെ നിവേദനം കൊടുത്തു. രണ്ട്, പ്രധാനമന്ത്രി ഉത്ഘാടനം ചെയ്ത് ഒരു ദിവസത്തിന്റെ പകുതി സമയം അദ്ദേഹം കൂടി ഇരുന്ന് ഒരു വിപുലമായ സമ്മേളനം നടന്നു. എല്ലാ സ്റ്റേറ്റിൽ നിന്നുമുള്ള ഗ്രാമവികസന മന്ത്രിമാരും പങ്കെടുത്തിരുന്നു. നമ്മുടെ തദ്ദേശസ്വയംഭരണ മന്ത്രിയുമുണ്ടായിരുന്നു. ഇത് നമ്മുടെ മാത്രം പ്രശ്നമല്ല. മിക്കവാറും എല്ലാ സ്റ്റേറ്റുകളും ഈ പ്രശ്നം അവതരിപ്പിച്ചു. നമുക്കെല്ലാവർക്കുമറിയാം. 1999-ൽ നാഷണൽ സാമ്പിൾ സർവ്വേ ഓർഗനൈസേഷൻ നടത്തിയ ഒരു സാമ്പിൾ സർവ്വേയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ ബി.പി.എൽ. ലിസ്റ്റിലുള്ള കുടുംബങ്ങളുടെ എണ്ണം 17 ലക്ഷമെന്നുള്ളത് അവർ 10 ലക്ഷമായി വെട്ടിക്കുറച്ചിരിക്കുകയാണ്. അതേസമയം ആ വർഷം ഇവിടെ ഗ്രാമവികസന വകുപ്പ് നടത്തിയ സർവ്വേ അനുസരിച്ച് 17 ലക്ഷം കുടുംബങ്ങളുണ്ട്. 7 ലക്ഷം പേർ ലിസ്റ്റിന് വെളിയിലാണ്. അതുകൊണ്ട് ഈ ദുരവസ്ഥയ്ക്ക് മാറ്റം വരുത്തണമെന്ന് വളരെ ശക്തിയായി നമ്മൾ പറഞ്ഞു. മറ്റ് സ്റ്റേറ്റുകളെല്ലാം ഈ പ്രശ്നം അവതരിപ്പിച്ചിട്ടുണ്ട്. നമ്മളേക്കാൾ കൂടുതൽ കുടുംബങ്ങൾ ശതമാന കണക്കിൽ വച്ച് ബി.പി.എൽ. ലിസ്റ്റിൽ നിന്ന് പുറത്തുപോകുന്ന സ്റ്റേറ്റുകൾ വരെയുണ്ട്. ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്. നമ്മൾ പേഴ്സണലായിട്ട് നിവേദനം കൊടുത്തപ്പോൾ കേന്ദ്ര ഗ്രാമവികസന വകുപ്പുമന്ത്രി പറഞ്ഞത് ഇപ്പോൾ ഇതുസംബന്ധിച്ച് സുപ്രീംകോടതിയിൽ ഒരു കേസ് നടക്കുന്നുണ്ട്. ഏതായാലും ഈ പുതിയ നിർദ്ദേശം, വെട്ടികുറച്ചുകൊണ്ടുള്ള നിർദ്ദേശം നടപ്പിലാക്കാൻ ഞങ്ങൾ പറഞ്ഞിട്ടില്ല എന്നാണ്. എല്ലാ സംസ്ഥാനങ്ങളും കൂടി ഈ പ്രശ്നം അവതരിപ്പിച്ചിരിക്കുന്നതുകൊണ്ട് ഇതിന് പരിഹാരമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): കൃഷി വകുപ്പിൽ 83.63 കോടി രൂപയും സ്റ്റേറ്റ് ഷെയറായിട്ട് 49.36 കോടി രൂപയും സെൻട്രൽ ഷെയറായി 33.958 കോടി രൂപയുമാണ് വകകൊള്ളിച്ചിട്ടുള്ളത്. ഇത് കൃഷി വകുപ്പിന്റെ പ്രധാന കൃഷി ഐറ്റത്തിനും അതിന്റെ പദ്ധതികൾക്കുമായിട്ടാണ് വീതിച്ചിരിക്കുന്നത്. ഇവിടെ തോമസ് ഐസക് പറഞ്ഞപ്പോൾ കഴിഞ്ഞ കൊല്ലത്തെ പണം ചെലവാക്കിയില്ല,

LIBRARY ARCHIVES Kerala Legislative Assembly

ചെലവാക്കാത്തതിന്റെ അടിസ്ഥാനത്തിൽ പണം കൊടുക്കേണ്ട കാര്യമില്ല എന്ന രീതിയിലാണ് പറഞ്ഞത്. കഴിഞ്ഞ കൊല്ലത്തെ നമ്മുടെ സാമ്പത്തിക സ്ഥിതി എല്ലാവർക്കും അറിയാവുന്നതല്ലേ? 15% പ്ലാൻ വെട്ടിക്കുറച്ചിരുന്നു. ആ പ്ലാൻ വെട്ടിക്കുറച്ചതിന്റെ അടിസ്ഥാനത്തിൽ കൃഷി വകുപ്പിന്റെ തുകയും വെട്ടിക്കുറച്ചു. പിന്നെ അവസാനം മാർച്ച് 28-ന് പണം കിട്ടിയാൽ ടി.എസ്.പി അക്കൗണ്ട് ഇല്ലാത്തതുകൊണ്ട് ചെലവാക്കാൻ കഴിയില്ല. എങ്കിലും മറ്റ് കുറേ കൊല്ലങ്ങളായി കൃഷി വകുപ്പിൽ ചെയ്തതിനേക്കാൾ കൂടുതൽ ശതമാനം കഴിഞ്ഞ കൊല്ലം ചെലവാക്കിയിട്ടുണ്ട്. അതുകൊണ്ട് അക്കാര്യം കൊണ്ട് ബഹു: ഡോ. തോമസ് ഐസക്ക് ഇതിന് അനുകൂലമായിട്ട് വോട്ട് ചെയ്യാതിരിക്കേണ്ട. കൃഷി വകുപ്പിൽ പണം കുറവാണ്. 70%-ഓളം പണം ഡീസെൻട്രലൈസേഷൻ പ്രകാരം പഞ്ചായത്തുകൾക്കും മറ്റ് സ്ഥാപനങ്ങൾക്കും പോയി. കൃഷി കുറേ ബുദ്ധിമുട്ടുള്ളതാണ്. ഇല്ലെന്ന് ഞാൻ പറയുന്നില്ല. 70% ഭാഗമാണ് പോയത്. ഈ 70% പണം ആദ്യകാലങ്ങളിൽ പഞ്ചായത്തുകളും മറ്റ് സ്ഥാപനങ്ങളും ചില ചില്ലറ പണികൾക്കും ചില വിത്തുകൾ കൊടുക്കുന്നതിനുമൊക്കെ ചെലവാക്കും. ഇപ്പോൾ അതും ഇല്ല. വളരെ കുറച്ച് ചിലയിടത്ത് നടക്കുന്നുണ്ട്. കോഴിക്കോട് ചെന്നപ്പോൾ അവിടത്തെ ജില്ലാ കൗൺസിൽ ചില ഇൻഫ്രാസ്ട്രക്ചർ നടത്തുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. കൃഷി വകുപ്പിന് വിപുലമായ ഒരുപാട് കാര്യങ്ങൾ ചെയ്യാനുണ്ട്. നമ്മൾ 60 ശതമാനം ജനങ്ങളും കൃഷിയെ ആശ്രയിച്ച് കഴിയുന്നവരാണ്. നമ്മുടേതായിട്ടുള്ള പണത്തിന്റെ ബുദ്ധിമുട്ട് ഈ വകുപ്പിന്റെ പ്രവർത്തനത്തെ വളരെ കൂടുതൽ ബാധിക്കുന്നുണ്ട് ഇല്ല എന്നുള്ളതല്ല. ഏതായാലും ഞങ്ങളും അതുപോലെതന്നെ കേന്ദ്രഗവൺമെന്റും കൃഷിക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഒരു പ്രവർത്തന രീതിയും പദ്ധതിയുടെ വിഹിതം വയ്ക്കലും ഒക്കെയാകുമ്പോൾ ഒരു പക്ഷേ കൃഷിയുടേതായിട്ടുള്ള നടപടികൾ എടുക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം. നമ്മുടെ കാർഷിക മേഖല ഇപ്പോൾ വളരെ ബുദ്ധിമുട്ടിലാണ്. ഇല്ലെന്ന് ഞാൻ പറയുന്നില്ല. തെങ്ങ് കേരളത്തിന്റെ പ്രധാന കൃഷിയാണ്. ആ കൃഷി ഇന്ന് നേരിടുന്ന പ്രശ്നം രോഗമാണ്. പഴയ കാലത്ത് എറണാകുളം, ആലപ്പുഴ, കൊല്ലം, കോട്ടയം, പത്തനംതിട്ട ഈ ജില്ലകളിൽ മാത്രമാണ് കൂടുതൽ രോഗമുണ്ടായിരുന്നതെങ്കിൽ ഇന്ന് മറ്റ് ജില്ലകളിലേയ്ക്കും കുറേശ്ശേ വ്യാപിച്ചു തുടങ്ങി. ഇന്നിപ്പോൾ വന്നിരിക്കുന്ന ബുദ്ധിമുട്ട് എന്താണെന്നു വച്ചാൽ മണ്ഡരി രോഗം വന്നു. മണ്ഡരി രോഗം വന്നു കഴിഞ്ഞതിനുശേഷം, ഞാൻ മന്ത്രിയാകുന്നതിനു മുമ്പാണ്, നിങ്ങളുടെ ഭരണകാലത്തേ ഈ രോഗമുണ്ട്. പക്ഷേ അന്ന് 23 കോടി രൂപ തന്നതാണ്. ഇവിടെ പണം ചെലവാക്കിയില്ല എന്നു പറഞ്ഞില്ലേ. 23 കോടി രൂപ അന്ന് തന്നതാണ്. ഞങ്ങൾ വന്നപ്പോൾ മണ്ഡരി രോഗം നിർത്തുന്നതിന് ഏതെങ്കിലും മരുന്നു പ്രയോഗിക്കാൻ പറ്റുമോ എന്നുള്ളത് അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയോട് പരീക്ഷിച്ചു നോക്കാൻ പറഞ്ഞു. അതുകൊണ്ട് ഒരു കൊല്ലം അങ്ങനെ പോയി. ഇപ്പോഴും തളിക്കുന്നുണ്ട്. പഴയ മരുന്നു തളിക്കുകയാണ്. തളിക്കുന്നതോടൊപ്പം മറ്റ് നടപടികളുമുണ്ട്. ആ പണം ലാപ്സ് ആകാതിരിക്കാൻ കേന്ദ്ര നാളികേര ബോർഡ് ഞങ്ങൾ ആവശ്യപ്പെട്ടിട്ട് മറ്റ് കാര്യങ്ങൾക്കായി പണം ഉപയോഗിക്കാൻ, കൃഷിയിടങ്ങളിൽ വളം ഇടുന്നതിനുവേണ്ടി പണം കൺവർട്ട് ചെയ്യാനുള്ള അവകാശം തരാമെന്ന് പറഞ്ഞിട്ടുണ്ട്. അതേ സമയം തെങ്ങിന് വന്നിട്ടുള്ള രോഗം

LIBRARY ARCHIVES Kerala Legislative Assembly

100 കൊല്ലമായികാണും തുടങ്ങിയിട്ട്. കായംകുളം റിസർച്ച് സ്റ്റേഷൻ വന്നിട്ട് ഒരു പാട് കാലമായി, തെങ്ങു രോഗം മാറ്റുന്നതിനുള്ള നടപടികൾ—ഒടുവിൽ എല്ലാം ഗവൺമെന്റും പറഞ്ഞതാണ്. എന്ത് നടപടി, റൂട്ട്‌വിൽറ്റ് ഡിസീസസ്സ് വന്ന തെങ്ങുകളെ വെട്ടിമാറ്റുക. പുതിയ ഇനം രോഗം പകരാത്ത തെങ്ങിൻ തൈകൾ വയ്ക്കുക. ഈ ഗവൺമെന്റ് വന്നുകഴിഞ്ഞപ്പോൾ നമ്മുടെ കൃഷി എന്നുള്ള നിലയിൽ തെങ്ങ് വെറും തേങ്ങയും കൊപ്രയും മാത്രമല്ല, 4 ലക്ഷത്തോളം കയർ തൊഴിലാളികൾ അതിനു പിന്നിലുണ്ട്. 35 ലക്ഷം കൃഷിക്കാർ തെങ്ങിനെ മാത്രം ആശ്രയിച്ച് കഴിയുന്നവരാണ്. ആ കർഷകരുടെ ജീവിതവുമായി ബന്ധപ്പെട്ട കാര്യമായതിനാൽ അവരെ സംരക്ഷിക്കുന്നതിനായി രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുക എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ ഒരു പ്രോജക്ട് കേന്ദ്ര ഗവൺമെന്റിന് കൊടുത്തു. എം.പി.-മാർക്ക് അയച്ചു കൊടുത്തു. നല്ല പ്രോജക്ടാണെന്ന് അവർ പറഞ്ഞു. പക്ഷേ എൻ.ഡി.എ.ഗവൺമെന്റ് അത് അംഗീകരിച്ചില്ല. 531 കോടി രൂപയുടെ പ്രോജക്ടായിരുന്നു. രണ്ടാമത്തേത് അത് കുറച്ച് എടുക്കുന്നതിനുവേണ്ടിയിട്ടുള്ള .....

ശ്രീ. കളത്തിൽ അബ്ദുള്ള : സർ, കേന്ദ്രത്തിൽ നമുക്ക് അനുകൂലമായ ഒരു യു.പി.എ. സർക്കാർ വന്നിരിക്കുകയാണ്. നാഷണൽ ഓർഗാനിക് ഇൻസ്റ്റിറ്റ്യൂട്ട് കേരളത്തിലേയ്ക്ക് കൊണ്ടു വരുന്നതിൽ അങ്ങ് വല്ല ക്രിയാത്മകമായ നടപടിയും സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ :സർ, ഞാൻ അതിലേയ്ക്ക് വരുന്നതേയുള്ളു. ഇത് ഡിക്ലയർ ചെയ്ത ഉടനെ കേരളത്തിന് വേണമെന്ന് ആവശ്യപ്പെട്ടു. അന്ന് ശ്രീ. അജിത് സിംഗാണ് മന്ത്രി. അദ്ദേഹം അത് യു.പി.-യിൽ കൊണ്ടുപോയി. പ്രാദേശികമായി അത് കർണ്ണാടകത്തിന് കൊടുത്തു. ഇന്ന് നമ്മൾ ആവശ്യപ്പെടുകയാണ്. നമ്മൾ ഒരു ഇൻസ്റ്റിറ്റ്യൂട്ട് നമ്മുടേതായ ചെലവിൽ തുടങ്ങിയിട്ടുണ്ട്. അതുപോലെതന്നെ അത് വിപുലമായ വിധത്തിൽ നടത്താൻ കേന്ദ്ര ഗവൺമെന്റിൽ നിന്ന് സഹായം അഭ്യർത്ഥിക്കാൻ നമ്മൾ തീരുമാനിച്ചിരിക്കുകയാണ്. ഞാൻ തെങ്ങിലേയ്ക്ക് വരികയാണ്. രണ്ടാമത് വേറെ ഒരു പ്രോജക്ട് കൊടുത്തു. അതിൽ അവർ കണ്ട കുറ്റം എന്തായിരുന്നു എന്നുവച്ചാൽ അതിൽ സംസ്ഥാന ഗവൺമെന്റിന്റെ വിഹിതം ഇല്ലെന്ന്. സംസ്ഥാന ഗവൺമെന്റിന്റെ വിഹിതവും ഉൾപ്പെടുത്തി അനുകൂലമായ ഒരു തീരുമാനം ഉണ്ടാകുമെന്ന വിശ്വാസമാണ് സംസാരിച്ചപ്പോൾ തോന്നിയത്. പ്രോജക്ട് കൊടുക്കാൻ പറഞ്ഞിരിക്കുകയാണ്. ഇറിഗേഷനും അതിന് ആവശ്യമായിട്ടുള്ള പണവും മാറ്റുന്നതിനുവേണ്ടിയിട്ടുള്ള നടപടികളൊക്കെ കൂട്ടിക്കൊണ്ട് ഒരു പ്രോജക്ട് സമർപ്പിക്കുന്നതാണ്. ആ പ്രോജക്ട് ഇന്നത്തെ ഗവൺമെന്റ് അംഗീകരിക്കുമെന്നാണ് എന്റെ വിശ്വാസം. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ പറയുന്നുണ്ട്.—നമ്മുടെ കേരളത്തിലെ നാണ്യവിളകൾ, റബ്ബർ അതുപോലെ തെങ്ങ്, അടയ്ക്ക ഇങ്ങനെയുള്ളവ കാലാകാലങ്ങളിൽ ഒരു പ്രായമായി കഴിഞ്ഞാൽ അതിനെ വെട്ടി മാറ്റി പുതിയ തൈകൾ വയ്ക്കുന്നതിനു വേണ്ടിയുള്ള നടപടിക്രമം കാലാകാലങ്ങളിൽ എടുക്കേണ്ടതാണ്. അതിനുവേണ്ടിയിട്ടുള്ള സഹായധനവും മറ്റു ആനുകൂല്യങ്ങളും കിട്ടണമെന്നാവശ്യപ്പെട്ടു. അതോടൊപ്പം ഇതുവരെ നടന്നിരുന്ന നടപടികളാണ്, രോഗബാധിത പ്രദേശത്തെ തെങ്ങുകൾ

LIBRARY ARCHIVES Kerala Legislative Assembly

വെട്ടി മാറ്റാതെ ബഫർ സോൺസ് എന്നുള്ള നിലയിൽ തിരുവനന്തപുരത്തിനും, കൊല്ലത്തിനും, ഇടയ്ക്കും തൃശ്ശൂരിനും എറണാകുളത്തിനും ഇടയ്ക്കും മാത്രമായി ഒതുക്കി നിർത്തിയിരുന്ന പദ്ധതിക്കുവേണ്ടി ഈ ഗവൺമെന്റ് വന്നതിനുശേഷം തുടക്കമെന്നുള്ള നിലയിൽ കേന്ദ്ര നാളികേര ബോർഡിനോട് ചെറിയ ഒരു തുകയെങ്കിലും ലഭ്യമാക്കി രോഗ ബാധിത പ്രദേശത്തെ തെങ്ങുകൾ വെട്ടുന്നതിനു വേണ്ടിയിട്ടുള്ള നടപടികൾ എടുക്കുന്നുണ്ട്. പുതിയ ഇനം തൈകൾ, അതിന് ആരോ പറഞ്ഞു, ഇന്നലെ അവിടെ വലിയ പ്രക്ഷോഭം നടന്നു, കാരണം എന്താണ്, കുറ്റ്യാടിയിൽ നിന്ന് തേങ്ങ എടുക്കണ്ട എന്നുപറഞ്ഞു. .....

ശ്രീ. മത്തായി ചാക്കോ : സർ, കൃഷി വകുപ്പ് ഡയറക്ടറുടെ സർക്കുലറാണ്. WCT seedlings need not be procured from Kuttiady, Kozhikode District. ഇത് കൃഷിവകുപ്പ് ഡയറക്ടറുടെ സർക്കുലർ നമ്പർ. TH2 19/42404 dated 7-6-2004. കേരളത്തിലെ ഏറ്റവും നല്ല നാളികേരം ഉണ്ടാക്കുന്നു എന്ന് പൊതുവേ അംഗീകരിച്ചിട്ടുള്ള കുറ്റ്യാടി പ്രദേശത്തോട് കടുത്ത അവഗണന കാണിച്ചു. ഈ ഡയറക്ടറെ ഇത്തരം ഒരു സർക്കുലർ ഇറക്കാൻ വേണ്ടി ബഹുമാനപ്പെട്ട ഗൗരിയമ്മ നിർദ്ദേശിച്ചോ; ഇല്ലെങ്കിൽ അദ്ദേഹത്തിന്റെ പേരിൽ നടപടി എടുക്കണം.

ശ്രീമതി കെ. ആർ. ഗൗരിയമ്മ : സർ, സർക്കുലർ ഇറക്കി എന്നു പറഞ്ഞു. നടപടി തുടങ്ങിയാൽ ഇവിടെ എല്ലാ ഉദ്യോഗസ്ഥന്മാരെയും പിരിച്ചു വിടേണ്ടിവരും. കൃഷി ഡയറക്ടറെ കുറിച്ച് ഞാൻ പറയുന്നു, നല്ല പോലെ ജോലിചെയ്യുന്ന ആളാണ്. ഇല്ല എന്ന് നിങ്ങൾ ധരിക്കേണ്ട. ഇപ്പോഴത്തെ കൃഷി ഡയറക്ടർ നല്ലപോലെ ജോലി ചെയ്യുന്ന ആളാണ്. ഇങ്ങനെ ഒരു തീരുമാനം എടുത്തിട്ടില്ല. രോഗപ്രതിരോധമുള്ളതായിട്ടുള്ള തൈകൾ വച്ചു പിടിപ്പിക്കുവാൻ, വെസ്റ്റ് കോസ്റ്റ്, T×D, അതുപോലെ തന്നെ മറ്റ് രോഗം വരാത്തതായിട്ടുള്ള തൈകൾ, രോഗം ബാധിച്ച പ്രദേശത്തെ രോഗമില്ലാതെ നിൽക്കുന്ന 35 വയസ്സിൽ കൂടുതൽ പ്രായമുള്ള തെങ്ങുകൾ, കൂടുതൽ നാളികേരം കിട്ടുന്ന ആ തെങ്ങിൽനിന്നുള്ള തേങ്ങ ഇവയാണ് വിത്തുതേങ്ങ സ്വീകരിക്കേണ്ട കാര്യത്തിൽ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ റെക്കമെന്റേഷൻ.

ശ്രീ. സി. കെ. നാണു: എണ്ണയുടെ തോത് ഏറ്റവും കൂടുതലുള്ള തെങ്ങുകൾ കുറ്റിയാടിയിലാണ്. ഒരു പ്രദേശത്തെ ഏതെങ്കിലുമൊരു അഗ്രികൾച്ചർ ഡിപ്പാർട്ടുമെന്റ് സർവ്വേ എടുത്തു കാണിക്കുവാൻ പറ്റുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: മലപ്പുറത്തെ തേങ്ങ എടുക്കാം. കൂമ്പ് ചീയൽ ഉള്ള തെങ്ങിൽനിന്നും എടുക്കുവാൻ പാടില്ല. കൂമ്പ് ചീയൽ അവിടെ വ്യാപകമായിട്ടുണ്ട്. രോഗം ബാധിക്കാത്ത തെങ്ങുകൾ ഉണ്ടെങ്കിൽ നിങ്ങളുടെ മണ്ഡലത്തിൽ നിന്നും എടുക്കാം. ഇപ്പോൾ പറഞ്ഞിരിക്കുന്നത് ആലപ്പുഴയിൽനിന്നും വിത്തു തേങ്ങ എടുക്കണമെന്നാണ്. രോഗം ബാധിക്കാത്ത, രോഗം റസിസ്റ്റ് ചെയ്തിരിക്കുന്ന തെങ്ങിൽ നിന്നാണ് എടുക്കേണ്ടത്. രോഗം ബാധിക്കാത്ത നടുക്കു നില്ക്കുന്ന തെങ്ങുകളിലുള്ള തേങ്ങകളായിരിക്കും എടുക്കുക. അത് റസ്റ്റ് ഹൗസിലുള്ളതാണെങ്കിൽ കുറെകൂടി നല്ലത്. T×D ആണെങ്കിൽ ഇല്ല. ആ വിധത്തിൽ എടുക്കാം. എന്നാൽ പ്രൊഡക്ടിവിറ്റി വർദ്ധിക്കണ്ടേ; ഇതു മതിയോ? തേങ്ങ ഇതു മതിയോ? തെങ്ങുകളുടെ പ്രൊഡക്ടിവിറ്റി വർദ്ധിപ്പിക്കണ്ടേ? അതിന് സാങ്കേതിക

LIBRARY ARCHIVES Kerala Legislative Assembly

മായിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ റിപ്പോർട്ടു മാത്രമേ ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളൂ. അല്ലാതെ ഒരു സ്ഥലത്തോടും ഗവൺമെന്റ് പക്ഷപാതം കാണിച്ചിട്ടില്ല. എല്ലാ സ്ഥലങ്ങളിലുള്ളവരേയും സംരക്ഷിക്കുക, ഏതു പാർട്ടിയിൽ ഉള്ളവരായാലും..... ഞാൻ ചിലപ്പോൾ നിങ്ങളോട് തമാശ പറയുന്നു, വഴക്കിടുന്നു. പക്ഷേ കൃഷിയുടെ കാര്യത്തിലും അതിന്റെ നടപടി ക്രമങ്ങളിലും വിവേചനം കാണിക്കാറില്ല. അതുകൊണ്ട് നിങ്ങൾ വിചാരിക്കേണ്ട ഒറ്റ കാര്യം, കൃഷി നന്നാകണം. കൃഷിയുടെ അഭിവൃദ്ധിക്കുവേണ്ടിയുള്ള നടപടികളെടുക്കണമെന്നാണ് എനിക്ക് നിങ്ങളോടും എം.പി.-മാരോടും അഭ്യർത്ഥിക്കുവാനുള്ളത്. ഏതായാലും നമ്മുടെ തെങ്ങുകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് റി-പ്ലാന്റിംഗ് സ്കീം കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചതുകൊണ്ട് നമുക്ക് ആവശ്യമായിട്ടുള്ള നടപടികൾ എടുക്കേണ്ടതുണ്ട്. ഇതിൽ സാങ്കേതിക വിദ്യ ഉപയോഗിക്കണമെന്നുള്ള വിധത്തിൽ നടപടികളെടുക്കണം എന്നുള്ളത് സംബന്ധിച്ച് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ആ വിധത്തിലുള്ള തീരുമാനം വന്ന് തെങ്ങുകൃഷി അഭിവൃദ്ധിപ്പെടുത്താൻ എല്ലാവരും ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞല്ലോ എല്ലാം തമിഴ്നാട്, തമിഴ്നാട്ടിലും ഇപ്പോൾ രോഗമായി. രോഗമില്ല എന്നൊന്നും ധരിക്കണ്ട. തമിഴ്നാട്ടിൽ വേരിൽക്കൂടി കുത്തിവച്ചു നോക്കി, മണ്ട വെന്തു പോയി. മണ്ട നനഞ്ഞു. അതുമൊക്കെയുണ്ട്, ഇല്ല എന്നുള്ളതല്ല. എങ്കിലും തെങ്ങ് നമ്മുടേതാണ്. തെങ്ങു കൃഷി എന്നു പറഞ്ഞാൽ കേരളത്തിന്റെ പേരുതന്നെ അതിൽ നിന്നുണ്ടായതാണ്. നമ്മുടെ കൃഷിയാണ് തെങ്ങു കൃഷി. അത് അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടികളാണ് എടുക്കുന്നത്. ഓരോരുത്തർ സംസാരിക്കുന്നതു കേട്ടാൽ തോന്നും ഞാൻ വന്നതിനുശേഷമാണ് ഉള്ള നെൽപ്പാടങ്ങളെല്ലാം നികത്തിയതെന്ന്. ഞാൻ ഒരു അബദ്ധം ചെയ്തു. എന്താണെന്നു വച്ചാൽ, നികത്തൽ വളരെ കാലത്തിനു മുമ്പ് തുടങ്ങിയതാണ്. എട്ടു ലക്ഷത്തിൽപരം ഹെക്ടർ സ്ഥലം ഉണ്ടായിരുന്നത് ഇന്നിപ്പോൾ മൂന്നു ലക്ഷമായി കുറഞ്ഞിട്ടുണ്ട്. നെൽകൃഷി സ്ഥലങ്ങൾ അത്രയും ആയിട്ടുണ്ട്. അത്ര കുറഞ്ഞു. പക്ഷേ ഞാൻ ഭരണ ചുമതല ഏറ്റ അവസരത്തിൽ ഈ നികത്തൽ വളരെ കൂടുതലായതുകൊണ്ട് താമസ സൗകര്യത്തിനു വേണ്ടിയാണ് നികത്തുന്നത് എന്നുള്ള വിധത്തിൽ തീരുമാനിച്ചുകൊണ്ട് താമസ സൗകര്യം ഇല്ലാത്തവന് കൃഷി നിലങ്ങളിലുള്ള ഡ്രെയിനേജ് ഫെസിലിറ്റീസിന് തടസ്സം വരാതെ അഞ്ചു സെന്റ് നികത്തിക്കൊള്ളാൻ ഓർഡർ കൊടുത്തു. ആ ഓർഡർ ദുരുപയോഗിച്ചു. ഇല്ലായെന്നു പറയുന്നില്ല. അത് ദുരുപയോഗപ്പെടുത്തിയിട്ടുണ്ട്. ഗവൺമെന്റ് അത് ക്യാൻസൽ ചെയ്യാൻ തയ്യാറായിരിക്കുകയാണ്. കളക്ടർമാരെ വിളിച്ചാണ് തീരുമാനം എടുത്തത്. കളക്ടേഴ്സ് കോൺഫറൻസ് വിളിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അവരുടെ മുമ്പിൽ വച്ചുകൊണ്ട് ഇത് ക്യാൻസൽ ചെയ്യാം ഈ ഒറ്റ കാര്യംകൊണ്ട് നികത്തൽ മാറുമോ എന്നറിയില്ല. അതുപോലെ പഞ്ചായത്തോ മറ്റോ നോക്കി നിന്നാൽ നടക്കും. ഇപ്പോൾ എല്ലാ സ്ഥലത്തുംകൂടി കണ്ണു വയ്ക്കാൻ പറ്റുമോ? അതുകൊണ്ട് ഒറ്റ കാര്യമേയുള്ളൂ. പഞ്ചായത്തുകൾ സൂക്ഷിച്ചാൽ നമുക്ക് നികത്തൽ കുറയ്ക്കാം. ഇപ്പോൾ നമ്മൾ കേൾക്കുന്നത് പഞ്ചാബുകാരും പറഞ്ഞു തുടങ്ങി. ഇന്ത്യയിലെ മുഴുവൻ ആളുകൾക്കും ആഹാരം കൊടുക്കുന്ന ചുമതല മാത്രമല്ല, കൂടുതൽ ലാഭകരമായി കൃഷി ചെയ്യാവുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഫുഡ് സെക്യൂരിറ്റിയാണ് നമ്മുടെ മുദ്രാവാക്യം. അതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ കൃഷി സ്ഥലങ്ങൾ നികത്താതിരിക്കുകയും കൃഷിയിൽ പ്രൊഡക്ടിവിറ്റി വർദ്ധിപ്പിച്ചു കൊണ്ട് ആവശ്യമായിട്ടുള്ള നടപടികൾ എടുക്കുന്നതിനു വേണ്ടിയിട്ടുള്ള നീക്കങ്ങൾ, നടക്കുന്നുണ്ട്. പക്ഷേ നമ്മുടെ മറ്റൊരു പ്രധാന കൃഷി റബ്ബറാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ റബ്ബറിന് ഇരുപത്തിമൂന്ന് രൂപയാണ്. ഡോ. തോമസ് ഐസക് അങ്ങനെ പറയരുതായിരുന്നു. വളരെ ബുദ്ധിമുട്ടി സ്പെഷ്യൽ പാക്കേജിന്റെ വഴക്കും ലഹളയിലുമാണ്. സ്പെഷ്യൽ പാക്കേജ് നടപ്പിലാക്കുവാൻ, ശ്രമിക്കുമ്പോൾ നിങ്ങൾ എതിർക്കുന്നത് എന്തിനാണെന്ന് മനസ്സിലാകുന്നില്ല. ഇപ്പോൾ എത്ര കയറ്റി അയച്ചു. കേൾക്കണ്ടേ എത്രയാണെന്ന്. 2001-2002-ൽ 6995 മെട്രിക് ടൺ. 2002-2003-ൽ 55000 മെട്രിക് ടൺ. 2003-2004-ൽ 75900 മെട്രിക് ടൺ. കയറ്റുമതി പ്രോത്സാഹിപ്പിച്ച് റബ്ബർ ബോർഡ് കൊടുക്കുന്ന ഇനസെന്റീവിനു പുറമെ പൈസ ഇല്ലാത്ത സർക്കാർ എക്സ്പോർട്ടിന് 3.05 പൈസയും സംഭരിക്കുന്നതിന് ഒരു രൂപയും കൊടുത്തു. ഒരുപാട് പ്രവർത്തിച്ചു. നമ്മുടെ ഉദ്യോഗസ്ഥന്മാർ ഒരുപാട് ശ്രമിച്ചു. അത് ഉപയോഗപ്പെടുത്തുന്നതിനും അത് ഞങ്ങൾ ട്രേഡേഴ്സിനു കൊടുത്തു. അവർ നമ്മുടെ കയർ ഉണ്ടാക്കുന്ന കമ്പനിക്കാർ മറ്റുള്ളവരെ പറഞ്ഞു മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ എടുക്കാതെ വന്നതിന്റെ ഫലമായിട്ട് അത് എല്ലാവർക്കും കൊടുത്തു. റബ്കോയ്ക്ക് കൊടുത്തു; മാർക്കറ്റിംഗ് ഫെഡറേഷനു കൊടുത്തു; അതുപോലെതന്നെ ചോദിച്ചപ്പോൾ വെയർഹൗസിംഗ് കോർപ്പറേഷനു കൊടുത്തു. അവസാനം ഇൻഫോമിന് കൊടുത്തു. എന്തിനാണ്? കഴിയുന്നതും നടപ്പിലാക്കുവാൻ, കഴിയുന്നതും സംഭരിക്കുവാൻ, ആ സംഭരിക്കുന്നതിന് നിങ്ങൾ പറയും മാരൻ ആണെന്ന്. പഴയ കാലത്ത് മാരനുമായിട്ട് നമുക്ക് വർത്തമാനവും അടുപ്പവുമൊക്കെ ഉണ്ടായിരുന്നതുകൊണ്ട് മാരൻ അഡ്വാൻസ് ലൈസൻസ് പ്രകാരമുള്ള റബ്ബർ കയറ്റുമതി നിറുത്തി വച്ചിരുന്നു. നിങ്ങൾ അറിഞ്ഞു കാണും. ഞങ്ങൾ ആവശ്യപ്പെട്ടിട്ടാണോ നിറുത്തി വച്ചിരുന്നത്? ഞാൻ കയർ കമ്പനിക്കാരെയും കൃഷിക്കാരെയും രണ്ടു കൂട്ടരെയുംകൂടി വിളിച്ചിരുന്നു. ഒരു കൂട്ടർ പറയുന്നത് ഒരു ലക്ഷം ടൺ കുറവാണ് എന്ന്. മറ്റുള്ളവർ പറയുന്നത് മൂന്നു നാലു ലക്ഷം ടൺ കൂടുതലാണ്. ഏതായാലും ഇന്നത്തെ നിലയിൽ റബ്ബറിന്റെ വില അഭിവൃദ്ധിപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ കൃഷിക്കാരുടെ ഇടയിൽ ഒരു സംതൃപ്തിയുണ്ട്. നെല്ലിന്റെ വില എന്തായിരുന്നു? 485 രൂപ ആയിരുന്നു. മാർക്കറ്റ് ഇന്റർവെൻഷൻ കാരണമാണ് വില കൂട്ടിയത്. കടം എടുത്തതിൽ പൈസ കൊടുക്കുവാനുണ്ട്. ഇല്ല എന്നുള്ളതല്ല. ഇഫക്ടീവായിട്ട് മാർക്കറ്റിൽ ഇന്റർവെൻഷൻ ഉണ്ടായി. നെല്ലെടുത്തു. ശ്രീമതി എലിസബത്ത് മാമ്മൻ സംസാരിച്ചത് എന്താണ്? തിരുവല്ല ഉൾപ്പടെയുള്ള സ്ഥലങ്ങളിൽ ചെന്നപ്പോൾ, എന്റെ പാർട്ടിയിൽ നിന്നുള്ള ആളുകളല്ല, അവിടെനിന്നും നെല്ല് എടുത്തതിന്റെ അടിസ്ഥാനത്തിൽ, അവർ ആനന്ദ നൃത്തം ചെയ്തു. നെല്ല് എടുത്തു, വില കൂടി. നെൽകൃഷിക്കാരെ രക്ഷപ്പെടുത്തി. അതുപോലെ നാളികേരത്തിനും. ഞാൻ വന്നതിനു ശേഷം ആ ഒരു ഗതികേട് എനിക്കുണ്ടായില്ല. നിങ്ങളുടെ കാലത്ത് എത്രയോ കോടി രൂപയെടുത്തു. 130 കോടി കണ്ടില്ലെന്നു പറഞ്ഞു. അത് പങ്കിട്ട് ഇവരെല്ലാം കൂടി എടുത്തിട്ട് എന്റെ നേരെ ചാടിയിട്ടെന്താ കാര്യം? വിജിലൻസ് അന്വേഷിക്കുന്നുണ്ട്. നിങ്ങൾ വിചാരിച്ചത് സി.ബി.ഐ. നേരിട്ട്

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങോട്ടാണെന്നാണോ? കോടതിയിൽ ഒരംഗം കേസ് കൊടുത്തു. ഹൈക്കോടതി എന്നോട് ചോദിച്ചു. ഞാൻ എന്താണെന്നോ എഴുതിക്കൊടുത്തത്? സി.ബി.ഐ. അന്വേഷിക്കുന്നതിൽ ഈ ഗവൺമെന്റിന് യാതൊരു വിരോധവും ഇല്ലെന്നാണ്. എനിക്ക് എന്താണ് ഇതിൽ ആലോചിക്കാനുള്ളത്. 2000-01 ലെ കാര്യം ഇന്നാണ് ശ്രീ. അച്ചുതാനന്ദൻ എഴുന്നേറ്റ് നിന്ന് പ്രസംഗിച്ചത്. ഞാനാണ് കൊപ്ര എടുത്തത് എന്നാണ്. ഫയലെല്ലാം പാർട്ടിയാഫീസിലേക്ക് പോയി. സൂര്യാ ടി.വി.-യിൽ കാണിച്ചു. അതും കഴിഞ്ഞിട്ട് എന്നോട് ചോദിക്കുകയാണ് ആ ഫയൽ എന്തു ചെയ്തു എന്ന്? അതാണ് നടക്കുന്നത്. ആ വിധത്തിൽ, ഇതിന്റെ കാര്യത്തിൽ പറയുന്നത്, കൊപ്ര പിന്നെ എടുക്കേണ്ടി വന്നിട്ടില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സഖാവ് വി. എസ്. അച്ചുതാനന്ദൻ നിങ്ങളുടെ പക്കലുള്ള ഏതോ ഫയൽ കാണാനില്ലെന്നു പറഞ്ഞു. അങ്ങനെ ഒരു ഫയൽ നിങ്ങളുടെ അടുത്തുനിന്നും പോയാൽ അത് കണ്ടുപിടിക്കാനുള്ള സൗകര്യം നിങ്ങളുടെ ഓഫീസിലില്ലേ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ഞാൻ അപ്പോൾത്തന്നെ ചീഫ് സെക്രട്ടറിക്ക് എഴുതിക്കൊടുത്തു. ആരുടെ അടുത്തു നിന്നാണ് പോയത് എന്നുള്ള റിപ്പോർട്ട് വന്നിട്ടുണ്ട്. അതിനെക്കുറിച്ച് ഇപ്പോൾ കൂടുതലൊന്നും പറയുന്നില്ല. തർക്കവും വഴക്കുമൊക്കെയുണ്ടായതുകൊണ്ട് പിറ്റേക്കൊല്ലം കൊപ്ര ഇറക്കാൻ അനുമതി വന്നത് ഒക്ടോബർ മാസത്തിലാണ്. ഇതിന്റെ റൂൾസും ചട്ടങ്ങളും ഉണ്ടാക്കിക്കഴിഞ്ഞിട്ട് ഈടാക്കാൻ കഴിഞ്ഞില്ല. 382 ടൺ മാത്രമേ ഞാൻ അധികാരത്തിൽ വന്നതിനുശേഷം എടുത്തിട്ടുള്ളു. അതിനുശേഷം തേങ്ങയുടെ വില കൂടുകയായിരുന്നു. ഇതാണ് മൂന്ന് കൃഷിയെ സംബന്ധിച്ചും പറയാനുള്ളത്. നിങ്ങൾ അറിയേണ്ട ഒരു കാര്യം ഈ ഗവൺമെന്റ് 1995-ലാണ്.....

ശ്രീ. മത്തായി ചാക്കോ: കോഴിക്കോട് ജില്ലാ പഞ്ചായത്ത് വടകര താലൂക്കിലെ കൃഷിക്കു വേണ്ടി രണ്ട് മെമ്മോറാണ്ടം അങ്ങേക്ക് തന്നിട്ട് ഒരു മറുപടി പോലും തന്നില്ല.

ശ്രീമതി കെ. ആർ. ഗൗരിയമ്മ: നമുക്ക് ആകെ 83 കോടി രൂപയുള്ളതിൽനിന്ന് എന്ത് തരാനാണ്?.....ബഹളം.....നെൽ കൃഷിക്ക് 11 വികസന സമിതികൾ ഇന്നുണ്ട് അതിനെല്ലാത്തിനും നബാർഡിന്റെ സഹായത്തോടെ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് നടക്കുന്നുണ്ട്. ഇതിലൊന്നാണ് കുട്ടനാട്ടിൽ 20 കോടിയുടേത് (..... .....ബഹളം.....ബഹളം.....) നിങ്ങൾക്ക് കിട്ടുന്ന പൈസ വകമാറ്റാതെ ചെലവാക്കണം. പൈസയുണ്ടെങ്കിൽ കൊടുക്കാം. മുഖ്യമന്ത്രി കുറച്ചുകൂടി പൈസ തരണം. എന്നാൽ ഇവർക്കും കൂടി കൊടുക്കാം. ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് നടപ്പാക്കിയിട്ടുണ്ട്. അതുപോലെ തന്നെ സംവരണങ്ങൾ കൊടുത്തിട്ടുണ്ട്. ഡബ്ല്യു.ടി.ഒ. എഗ്രിമെന്റുണ്ടാകുന്നത് 1985-ലാണ്. അതുകഴിഞ്ഞതിനുശേഷം അധികാരത്തിൽ പലരും വന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷമാണ് ഇതിന്റെ പ്രയാസങ്ങൾ എന്താണെന്ന് നോക്കി അതിന്റെ ഗുണവശങ്ങൾ നോക്കാൻ കുറേക്കൂടി അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് വന്നത്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ അനേകം

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങൾ സ്റ്റാർട്ട് ചെയ്തു കഴിഞ്ഞു. കമ്മിറ്റി ഉണ്ടാക്കിക്കഴിഞ്ഞു. പലതിനെ സംബന്ധിച്ചും ഞങ്ങൾ നടപടിയെടുത്തു കഴിഞ്ഞു. കേന്ദ്ര ഗവൺമെന്റ് ചെയ്യേണ്ടതായിട്ടുള്ള കാര്യങ്ങൾ കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചു. റബ്ബറും കയറും അഗ്രിക്കൾച്ചർ പ്രോഡക്റ്റാക്കണമെന്നുള്ള കാര്യത്തിൽ കേന്ദ്രഗവൺമെന്റിനെകൊണ്ട് ഞങ്ങൾ സമ്മതിപ്പിച്ചു. പക്ഷെ വേറെ ചില ഉൽപ്പന്നങ്ങൾ വിട്ടുകൊടുക്കുന്നെങ്കിലെ തരികയുള്ളൂ എന്നുള്ളതിന്റെയടിസ്ഥാനത്തിലാണ് ഇത് കിട്ടാതെ പോയത്. കേന്ദ്ര ഗവൺമെന്റ് ചെയ്യാനുള്ളതും ഈ ഗവൺമെന്റ് ചെയ്യാനുള്ളതും സംബന്ധിച്ചു ഈ വിധത്തിൽ നടപടികളെടുക്കുന്നുണ്ട്. പ്രൊഡക്ഷൻ വർദ്ധിപ്പിക്കാൻ ഇതിനും പുറമേ ചോപ്ര കമ്മീഷൻ കൊണ്ടുവന്നിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കൃഷിക്കാരെ ബോധ്യപ്പെടുത്താനും, പഠിപ്പിക്കാനും കിസാൻ ടെലിവിഷനിലൂടെ ദൃശ്യ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കുന്നുണ്ട്. അതിന് ആവശ്യമായിട്ടുള്ള നടപടികളെടുക്കാനാവശ്യമായ പബ്ലിക്കേഷനും പ്രവർത്തനവും നടത്തുന്നുണ്ട്. അതുപോലെ തന്നെ കൃഷിയുടേതായിട്ടുള്ള മറ്റുദ്യോഗസ്ഥൻമാരുടേയും ആധുനികമായിട്ടുള്ള കൃഷി രീതികൾ ഏർപ്പെടുത്തുന്നതിനായിട്ടുള്ള നടപടികളും, ട്രെയിനിംഗും, ഇവർക്കാവശ്യമായിട്ടുള്ള വിജ്ഞാനം പകരുന്നതിനാവശ്യമായിട്ടുള്ള നടപടികളും എടുക്കുന്നുണ്ട്. ഇതിനും പുറമെ ഒരിക്കലും ഇല്ലാത്ത വിധത്തിൽ കൃഷി അഭിവൃദ്ധിപ്പെടണം, പ്രൊഡക്റ്റിവിറ്റി വർദ്ധിപ്പിക്കണം. കൃഷിഭൂമിയെ സംബന്ധിച്ച് സർവ്വേ നടത്താൻ സോയിൽ മാപ്പും അതിനാവശ്യമായിട്ടുള്ള ലബോറട്ടറികളും ഉണ്ടാക്കിയിട്ടുണ്ട്. ഇതെല്ലാം പരിശോധിച്ച് ആവശ്യമായിട്ടുള്ള നടപടികളും മണ്ണിന്റെ ഗുണനിലവാരവും ചേരുവ ചേർക്കേണ്ടതുമായിട്ടുള്ള എന്തെല്ലാമുണ്ട്, ഏത് ഒഴിവാക്കണം അതിനു വേണ്ടിയിട്ടുള്ള നടപടികളെടുത്തും, നല്ല വിത്തുകൾ ഉൽപ്പാദിപ്പിക്കാൻ പ്രോൽസാഹനം കൊടുത്തും, കൃഷിക്കാർക്ക് ആവശ്യമായിട്ടുള്ള സഹായം കൊടുത്തുകൊണ്ടും കൃഷി അഭിവൃദ്ധിപ്പെടുത്തി പ്രൊഡക്റ്റിവിറ്റി വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ എടുത്തിട്ടുണ്ട്. ഇവിടെ ആരൊക്കേയോ പറഞ്ഞു വെട്ടിച്ചുവെന്ന്. ഞാൻ നോക്കിയിട്ട് എന്റെ ബന്ധുക്കളാരും ഇതിന്റെ മാനേജിംഗ് ഡയറക്ടറായിട്ടില്ല. ശ്രീ. നാരായണനാണ് സംസാരിച്ചത്. ശ്രീ. നാരായണൻ ഓർക്കുമെങ്കിൽ, ചേർത്തല പണ്ടുണ്ടായിരുന്ന വി. കെ. വിശ്വനാഥമേനോന്റെ മരുമകനാണ് ഇപ്പോൾ കെ.എൽ.ഡി. ബോർഡിൽ ഉള്ളത്. സി.പി.ഐ. കാരനാണ്, എന്റെ ആളല്ല. വെറുതെ ഇങ്ങനെ പറഞ്ഞ് നശിപ്പിക്കുകയാണ്. ആളുകളും നശിക്കുന്നു. നിങ്ങളും നശിക്കുന്നു. വെറുതെ ആരോപണം നടത്തുകയാണ്. ഡോ. തോമസ് ഐസക് മിൽമയുടെ കാര്യം പറഞ്ഞു. ഇന്നത്തെ നിലയിൽ ഞാനാണോ ഉത്തരവാദി? മിൽമ യൂണിയൻ കൂടി അത് പാസാക്കിക്കഴിഞ്ഞതിനുശേഷം അവർ ജനറൽ ബോഡി കൂടി. മിൽമ ഫീഡ്സ് കച്ചവടമായി നടക്കുകയാണ്. അവരുടെ ജനറൽ ബോഡി തീരുമാനിച്ചു പറഞ്ഞതുകൊണ്ട് ഗവൺമെന്റിന് മറിച്ച് ഒരു തീരുമാനവും എടുക്കാൻ പറ്റുകയില്ല. അവരുടേതായിട്ടുള്ള ഒപ്പുവയ്ക്കൽ നടന്നതിനുശേഷം ഗവൺമെന്റിനെ പ്രേരിപ്പിക്കുകയായിരുന്നു. അതു കഴിഞ്ഞതിനുശേഷം ഇപ്പോൾ വന്നു. വേണ്ട എന്നു പറഞ്ഞിരിക്കുകയാണ്. ഗവൺമെന്റിന് എടുത്തു ചാട്ടം വേണ്ട. കൊള്ളുകില്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

തിരികെ പോകണം. കൊള്ളാമെങ്കിൽ കൊള്ളുക. മിൽമയുടെ കീഴിലുള്ള ആപ്കോ സൊസൈറ്റിയിലെ 12 ലക്ഷം ക്ഷീര കർഷകരുണ്ട്. അവരെ നശിപ്പിക്കണോ? ഒരു വിധത്തിൽ ഇത് നന്നായി നടക്കണം. ഇന്നത്തെ നിലയിൽ ക്ഷീര കർഷകരുടെ യൂണിയൻസിനൊക്കെ കുറേ ബുദ്ധിമുട്ടുകളുണ്ട്. ആ ബുദ്ധിമുട്ടുകൾ എങ്ങനെ തരണം ചെയ്യുമെന്നുള്ളത് ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. അതിനുള്ള സഹായം കൊടുത്തുകൊണ്ടിരിക്കുകയാണ്. ഓരോകാലത്തും അതിനുവേണ്ടിയിട്ടുള്ള നടപടികളെടുത്തിട്ടുണ്ട്. ആ രംഗത്ത് സ്വിസ്സ് പ്രോഗ്രാം തുടങ്ങിയ കാലത്തുണ്ടായിരുന്ന അതേ നടപടിക്രമം മാത്രമാണ് അനുവർത്തിച്ചു വരുന്നത്. കാളയെ പരിശോധിക്കലില്ല, പശുവിനെ പരിശോധിക്കലില്ല. കൊടുക്കുന്ന സെമൻ പരിശോധിക്കലില്ല. പുതുതായി വരുന്നത് പരിശോധിക്കാനും നല്ല വിധത്തിൽ കൂടുതൽ ഉൽപ്പാദനം നടത്താനുമുള്ള പശുക്കൾ വേണം. നമുക്ക് അഞ്ചരയോ ആറോ ലിറ്റർ പാൽ കിട്ടുന്ന പശുക്കളാണുള്ളത്. എന്നാൽ കർണ്ണാടകയിൽ 20 ലിറ്റർ പാൽ കിട്ടുന്ന പശുക്കളുണ്ട്. അപ്പോൾ പാൽ കൂടുതലുണ്ടാക്കുന്ന നല്ലയിനം പശുക്കളെ ഉൽപ്പാദിപ്പിക്കുന്നതിനും നല്ലയിനം തീറ്റയുൽപ്പാദിപ്പിക്കുന്നതിനുമുള്ള നടപടികളുണ്ടാകണം. തീറ്റകൾക്ക് വില കുറച്ചു കിട്ടാനുമുള്ള നടപടി ഉണ്ടാകണം. അങ്ങനെ കൃഷിക്കാരെ സഹായിക്കുന്നതിന് ആവശ്യമായ നടപടികൾ എടുക്കുന്നുണ്ട്. വെറ്ററിനറി ഡോക്ടർമാർ ഇല്ലാതെയിരുന്ന എല്ലായിടത്തും ഇപ്പോൾ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്ക് Disease Free Zone-കൾ ഉണ്ടാക്കിയിട്ടുണ്ട്. ഇറച്ചിയിൽനിന്നും പാലിൽ നിന്നും രോഗമുണ്ടാകാതിരിക്കാനുള്ള Disease Free Zone- ന്റെ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. തിരുവനന്തപുരം ഉൾപ്പെടെ മൂന്നു ജില്ലകളിൽ കേന്ദ്ര സഹായത്തോടെയും മറ്റു ജില്ലകളിൽ എൽ.ഇ.ഡി.-യുടെ സഹായത്തോടെയുമാണ് ഈ പ്രവർത്തനം നടക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ 34 കോടി രൂപയുടെ ഒരു പ്രോജക്ട് അനുവദിച്ചുകിട്ടിയിട്ടുണ്ട്. അത് ഒന്നാം തീയതി ആരംഭിച്ചു കഴിഞ്ഞു. അതു വരുമ്പോൾ കുളമ്പുരോഗ നിർമ്മാർജ്ജനത്തിനു വേണ്ടി അഞ്ചു കൊല്ലത്തേയ്ക്ക് തുടർച്ചയായുള്ള നടപടി ക്രമം സ്റ്റാർട്ടു ചെയ്തു കഴിഞ്ഞു. ഗവൺമെന്റിനെ കൊണ്ട് കഴിയുന്ന വിധത്തിൽ അതു ചെയ്യും. ഇതിൽ എഴുതി വച്ചിരിക്കുന്ന മുഴുവൻ കാര്യങ്ങളും പറയുന്നില്ല എങ്കിലും മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ് അതെല്ലാം അഭിവൃദ്ധിപ്പെടുത്തണം. കൃഷിക്കാർക്ക് കൂടുതൽ സഹായമെത്തിക്കുന്നതോടൊപ്പം കർഷകർക്ക് എന്തെങ്കിലും ബുദ്ധിമുട്ടും പ്രയാസങ്ങളും ഉണ്ടെങ്കിൽ അത് പരിഹരിക്കപ്പെടുകയും വേണം. കാമധേനു ഇൻഷ്വറൻസ് പദ്ധതി പിൻവലിക്കേണ്ടി വന്നു. വേറെ നല്ല ഇൻഷ്വറൻസ് പദ്ധതി വരുന്നു എന്നു പറഞ്ഞുകൊണ്ടാണ് കാമധേനു പിൻവലിച്ചത്. ഇപ്പോൾ കാമധേനു ഇൻഷ്വറൻസ് പദ്ധതി തന്നെ കുറേക്കൂടി സഹായകരമായ നടപടികൾ എടുത്തുകൊണ്ട് കൃഷിക്കാരെ സഹായിക്കാനുള്ള നടപടിയും എല്ലാ കൃഷിക്കാർക്കും പെൻഷൻ കിട്ടുന്നതിനായിട്ടും ഒരു സ്കീം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഈ നിയമസഭയിൽ ബിൽ അവതരിപ്പിക്കാൻ..... ഡിസ്ട്രിബ്യൂട്ട് ചെയ്യുകയെങ്കിലും ചെയ്യും. ബിൽ ശരിയായി വരുന്നുണ്ട്. പെൻഷൻ കിട്ടുന്നതിനുള്ള സ്കീം നടപ്പിലാക്കുന്നതിനുള്ള നടപടികളും ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വിപുലമായ ഒരുപാട് പ്രോഗ്രാമുകൾ ഉണ്ട്. ആ പ്രോഗ്രാമുകളെപ്പറ്റി വിശദീകരിക്കാൻ കഴിഞ്ഞില്ല. നിങ്ങളുടെയെല്ലാം അഭിപ്രായവും ക്രിട്ടിസിസവും ഇതിലുണ്ടാകണം. ഈ വകുപ്പിനും നാട്ടിലെ കൃഷിക്കാരെ സഹായിക്കുന്നതിനും കൃഷിക്കാരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും നമ്മുടെ കേരളം അഭിവൃദ്ധിയിലേയ്ക്ക് നീങ്ങുന്നതിനും വേണ്ടിയുള്ള സജഷൻസ് ഇനിയും ഉണ്ടാകണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥന പാസ്സാക്കി തരണമെന്നഭ്യർത്ഥിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXIX—കൃഷി

സർവ്വശ്രീ. മത്തായി ചാക്കോ, കെ. വി. കുഞ്ഞിരാമൻ, എം. വി. ജയരാജൻ, പി. ജയരാജൻ, കെ. കെ. ജയചന്ദ്രൻ, ടി. കെ. ദേവകുമാർ, വി. ചെന്താമരാക്ഷൻ, വി. കെ. ചന്ദ്രൻ, ടി. കെ. ബാലൻ, കോടിയേരി ബാലകൃഷ്ണൻ, എ. സി. മൊയ്തീൻ, രാജു എബ്രഹാം, കെ. പി. സതീശ് ചന്ദ്രൻ, സാജു പോൾ, ടി. പി. രാമകൃഷ്ണൻ, കെ. രാധാകൃഷ്ണൻ, പി. നാരായണൻ, പി. എസ്. സുപാൽ, കെ. പി. രാജേന്ദ്രൻ, കോവൂർ കുഞ്ഞുമോൻ, കെ. പി. മോഹനൻ, സി. കെ. നാണു, എ. സി. ഷൺമുഖദാസ്, എ. എ. അസീസ്, വി. സി. കബീർ, ഡോ. തോമസ് ഐസക്, ഡോ. കെ. സി. ജോസഫ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ വോട്ടിനിട്ട് നിരാകരിച്ചു.

മി. ഡെപ്യൂട്ടി സ്പീക്കർ: കൃഷി എന്ന XXIX -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2004-2005 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ സംബന്ധിച്ച്.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ—66

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, കളത്തിൽ അബ്ദുള്ള
3. ,, പി. കെ. അബ്ദുറബ്ബ്
4. ,, കെ. അച്ചുതൻ
5. ,, സി. ടി. അഹമ്മദ് അലി
6. ,, എ. പി. അനിൽകുമാർ
7. ,, എ. കെ. ആന്റണി
8. ,, എൻ. ഡി. അപ്പച്ചൻ
9. ,, ഇ. എം. അഗസ്തി
10. ,, കെ. ബാബു

LIBRARY ARCHIVES Kerala Legislative Assembly

11. ശ്രീ. പി. കെ. കെ. ബാവ
12. ,, ടി. വി. ചന്ദ്രമോഹൻ
13. ,, കെ. എ. ചന്ദ്രൻ
14. ,, എം. എ. ചന്ദ്രശേഖരൻ
15. ,, എം. പി. ഗംഗാധരൻ
16. ,, പി. പി. ജോർജ്
17. ,, പ്രയാർ ഗോപാലകൃഷ്ണൻ
18. ശ്രീമതി കെ. ആർ. ഗൗരിയമ്മ
19. ശ്രീ. എം. എം. ഹസ്സൻ
20. ,, വി. കെ. ഇബ്രാഹിം കുഞ്ഞ്
21. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
22. ശ്രീ. ഉമ്മൻ ചാണ്ടി
23. ,, ജോണി നെല്ലൂർ
24. ,, ജോസഫ് എം. പുതുശ്ശേരി
25. ,, പി. ജെ. ജോയി
26. ,, വർക്കല കഹാർ
27. ,, കെ. എൻ. എ. ഖാദർ
28. ,, കെ. കെ. നായർ
29. ,, പി. കെ. കുഞ്ഞാലിക്കുട്ടി
30. ഡോ. എം. എ. കുട്ടപ്പൻ
31. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
32. ,, ലൂഡി ലൂയിസ്
33. ,, സി. മമ്മൂട്ടി
34. ,, ഇ. ടി. മുഹമ്മദ് ബഷീർ
35. ,, എ. കെ. മണി
36. ,, ആര്യാടൻ മുഹമ്മദ്
37. ,, സി. പി. മുഹമ്മദ്
38. ,, ടി. എച്ച്. മുസ്തഫ
39. ,, എഴുകോൺ നാരായണൻ
40. ,, എം. കെ. പോൾസൺ മാസ്റ്റർ
41. ,, അടൂർ പ്രകാശ്
42. ,, ടി. എൻ. പ്രതാപൻ
43. ,, ജി. പ്രതാപവർമ്മ തമ്പാൻ
44. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
45. ശ്രീമതി രാധാ രാഘവൻ

LIBRARY ARCHIVES Kerala Legislative Assembly

46. ശ്രീ. എം. വി. രാഘവൻ
47. ,, എ. എൻ. രാജൻ ബാബു
48. ,, തേറമ്പിൽ രാമകൃഷ്ണൻ
49. ,, തമ്പാനൂർ രവി
50. ,, റോഷി അഗസ്റ്റിൻ
51. ,, ടി. പി. എം. സാഹിർ
52. ,, പി. ശങ്കരൻ
53. ,, കെ. ശങ്കരനാരായണൻ
54. ശ്രീമതി മാലേത്ത് സരളാദേവി
55. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
56. ശ്രീ. കെ. കെ. ഷാജു
57. ,, നാലകത്ത് സൂപ്പി
58. ,, കെ. സുധാകരൻ
59. ,, ഡി. സുഗതൻ
60. ,, എ. സുജനപാൽ
61. ,, സി. എഫ്. തോമസ്
62. പ്രൊഫ. കെ. വി. തോമസ്
63. ശ്രീ. പി. ടി. തോമസ്
64. ,, തോമസ് ഉണ്ണിയാടൻ
65. ,, എം. എ. വാഹീദ്
66. ,, കെ. സി. വേണുഗോപാൽ

പ്രതികൂലിക്കുന്നവർ—35

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, എ. എ. അസീസ്
3. ,, കോടിയേരി ബാലകൃഷ്ണൻ
4. ,, എ. കെ. ബാലൻ
5. ,, ടി. കെ. ബാലൻ
6. ,, വി. കെ. ചന്ദ്രൻ
7. വി. ചെന്താമരാക്ഷൻ
8. ,, ടി. കെ. ദേവകുമാർ
9. ,, പി. സി. ജോർജ്ജ്
10. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
11. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
12. ,, കെ. കെ. ജയചന്ദ്രൻ
13. ,, എം. വി. ജയരാജൻ

LIBRARY ARCHIVES Kerala Legislative Assembly

14. ശ്രീ. പി. ജയരാജൻ
15. ഡോ. കെ. സി. ജോസഫ്
16. ശ്രീ. വി. സി. കബീർ
17. ,, എം. കുമാരൻ
18. ,, കെ. വി. കുഞ്ഞിരാമൻ
19. ,, വി. കെ. സി. മമ്മത്കോയ
20. ,, എ. സി. മൊയ്തീൻ
21. ,, മത്തായി ചാക്കോ
22. ,, കെ. പി. മോഹനൻ
23. ,, പിരപ്പൻകോട് മുരളി
24. ,, സി. കെ. നാണു
25. ,, പി. നാരായണൻ
26. ,, കെ. രാധാകൃഷ്ണൻ
27. ,, കെ. പി. രാജേന്ദ്രൻ
28. ,, രാജു എബ്രഹാം
29. ,, ടി. പി. രാമകൃഷ്ണൻ
30. ,, സാജു പോൾ
31. ,, കെ. പി. സതീശ് ചന്ദ്രൻ
32. ,, എ. സി. ഷൺമുഖദാസ്
33. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
34. ശ്രീ. പി. എസ്. സുപാൽ
35. ഡോ. തോമസ് ഐസക്ക്

നിഷ്പക്ഷത പാലിക്കുന്നവർ---ആരുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അനുകൂലിക്കുന്നവർ—66
പ്രതികൂലിക്കുന്നവർ—35
നിഷ്പക്ഷത പാലിക്കുന്നവർ---ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXI—മൃഗസംരക്ഷണം

സർവ്വശ്രീ. പി. എസ്. സുപാൽ, കെ. പി. രാജേന്ദ്രൻ, പി. നാരായണൻ, വി. ചെന്താമരാക്ഷൻ, ടി. കെ. ദേവകുമാർ, കോടിയേരി ബാലകൃഷ്ണൻ, ടി. കെ. ബാലൻ, വി. കെ. ചന്ദ്രൻ, കെ. പി. മോഹനൻ, എ. സി. ഷൺമുഖദാസ്,

LIBRARY ARCHIVES Kerala Legislative Assembly

കോവൂർ കുഞ്ഞുമോൻ, എ. എ. അസീസ്, വി. സി. കബീർ, എ. സി. മൊയ്തീൻ, കെ. പി. സതീശ് ചന്ദ്രൻ, സാജു പോൾ, ടി. പി. രാമകൃഷ്ണൻ, രാജു എബ്രഹാം, കെ. രാധാകൃഷ്ണൻ, മത്തായി ചാക്കോ, കെ. വി. കുഞ്ഞിരാമൻ, എം. വി. ജയരാജൻ, പി. ജയരാജൻ, കെ. കെ. ജയചന്ദ്രൻ, ഡോ. തോമസ് ഐസക്, ഡോ. കെ. സി. ജോസഫ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ വോട്ടിനിട്ട് നിരാകരിച്ചു.

മി. ഡെപ്യൂട്ടി സ്പീക്കർ: മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2004-2005 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ സംബന്ധിച്ച് .....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXII—ക്ഷീരവ്യവസായം

സർവ്വശ്രീ. കെ. കെ. ജയചന്ദ്രൻ, സാജു പോൾ, കെ. പി. സതീശ് ചന്ദ്രൻ, പി. ജയരാജൻ, എ. സി. മൊയ്തീൻ, എം. വി. ജയരാജൻ, കോടിയേരി ബാലകൃഷ്ണൻ, ടി. കെ. ബാലൻ, കെ. വി. കുഞ്ഞിരാമൻ, മത്തായി ചാക്കോ, വി. കെ. ചന്ദ്രൻ, വി. ചെന്താമരാക്ഷൻ, കെ. രാധാകൃഷ്ണൻ, ടി. കെ. ദേവകുമാർ, രാജു എബ്രഹാം, ടി. പി. രാമകൃഷ്ണൻ, പി. നാരായണൻ, പി. എസ്. സുപാൽ, കെ. പി. രാജേന്ദ്രൻ, കോവൂർ കുഞ്ഞുമോൻ, കെ. പി. മോഹനൻ, എ. സി. ഷൺമുഖദാസ്, സി. കെ. നാണു, വി. സി. കബീർ, എ. എ. അസീസ്, ഡോ. തോമസ് ഐസക്, ഡോ. കെ. സി. ജോസഫ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ വോട്ടിനിട്ട് നിരാകരിച്ചു.

മി. ഡെപ്യൂട്ടി സ്പീക്കർ: ക്ഷീരവ്യവസായം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2004-2005 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ സംബന്ധിച്ച് .....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥന നമ്പർ XXXVI—സാമൂഹ്യ വികസനം

സർവ്വശ്രീ. എം. കുമാരൻ, കെ. പി. രാജേന്ദ്രൻ, വി. ചെന്താമരാക്ഷൻ, വി. കെ. ചന്ദ്രൻ, എ. കെ. ബാലൻ, ടി. കെ. ബാലൻ, കോടിയേരി ബാലകൃഷ്ണൻ, എ. സി. മൊയ്തീൻ, കെ. പി. സതീശ് ചന്ദ്രൻ, സാജു പോൾ, ടി. പി. രാമകൃഷ്ണൻ, രാജു എബ്രഹാം, കെ. രാധാകൃഷ്ണൻ, മത്തായി ചാക്കോ, കെ. വി. കുഞ്ഞിരാമൻ, എം. വി. ജയരാജൻ, പി. ജയരാജൻ, കെ. കെ. ജയചന്ദ്രൻ, എം. വി. ഗോവിന്ദൻ മാസ്റ്റർ, ടി. കെ. ദേവകുമാർ, പി. എസ്. സുപാൽ, പി. നാരായണൻ, വി. സി. കബീർ, കോവൂർ കുഞ്ഞുമോൻ, കെ. പി. മോഹനൻ, എ. സി. ഷൺമുഖദാസ്, സി. കെ. നാണു, എ. എ. അസീസ്, ഡോ. തോമസ് ഐസക്, ഡോ. കെ. സി. ജോസഫ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ വോട്ടിനിട്ട് നിരാകരിച്ചു.

മി. ഡെപ്യൂട്ടി സ്പീക്കർ: സാമൂഹ്യ വികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2004-2005 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ സംബന്ധിച്ച് .....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ—67

1.	ശ്രീ.	ചെർക്കളം അബ്ദുള്ള
2.	,,	കളത്തിൽ അബ്ദുള്ള
3.	,,	പി. കെ. അബ്ദുറബ്ബ്
4.	,,	കെ. അച്ചുതൻ
5.	,,	സി. ടി. അഹമ്മദ് അലി
6.	,,	എ. പി. അനിൽകുമാർ
7.	,,	എ. കെ. ആന്റണി
8.	,,	എൻ. ഡി. അപ്പച്ചൻ
9.	,,	ഇ. എം. അഗസ്തി
10.	,,	കെ. ബാബു
11.	,,	പി. കെ. കെ. ബാവ
12.	,,	ടി. വി. ചന്ദ്രമോഹൻ

LIBRARY ARCHIVES Kerala Legislative Assembly

13. ശ്രീ. കെ. എ. ചന്ദ്രൻ
14. ,, എം. എ. ചന്ദ്രശേഖരൻ
15. ,, എം. പി. ഗംഗാധരൻ
16. ,, പി. പി. ജോർജ്
17. ,, പ്രയാർ ഗോപാലകൃഷ്ണൻ
18. ശ്രീമതി കെ. ആർ. ഗൗരിയമ്മ
19. ശ്രീ. എം. എം. ഹസ്സൻ
20. ,, വി. കെ. ഇബ്രാഹിം കുഞ്ഞ്
21. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
22. ശ്രീ. ഉമ്മൻ ചാണ്ടി
23. ,, ജോണി നെല്ലൂർ
24. ,, ജോസഫ് എം. പുതുശ്ശേരി
25. ,, പി. ജെ. ജോയി
26. ,, വർക്കല കഹാർ
27. ,, കെ. എൻ. എ. ഖാദർ
28. ,, കെ. കെ. നായർ
29. ,, പി. കെ. കുഞ്ഞാലിക്കുട്ടി
30. ഡോ. എം. എ. കുട്ടപ്പൻ
31. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
32. ,, ലൂഡി ലൂയിസ്
33. ,, സി. മമ്മൂട്ടി
34. ,, ഇ. ടി. മുഹമ്മദ് ബഷീർ
35. ,, എ. കെ. മണി
36. ,, ആര്യാടൻ മുഹമ്മദ്
37. ,, സി. പി. മുഹമ്മദ്
38. ,, എം. കെ. മുനീർ
39. ,, ടി. എച്ച്. മുസ്തഫ
40. ,, എഴുകോൺ നാരായണൻ
41. ,, എം. കെ. പോൾസൺ മാസ്റ്റർ
42. ,, അടൂർ പ്രകാശ്
43. ,, ടി. എൻ. പ്രതാപൻ
44. ,, ജി. പ്രതാപവർമ്മ തമ്പാൻ
45. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
46. ശ്രീമതി രാധാ രാഘവൻ
47. ശ്രീ. എം. വി. രാഘവൻ

LIBRARY ARCHIVES Kerala Legislative Assembly

48. ശ്രീ. എ. എൻ. രാജൻ ബാബു
49. ,, തേറമ്പിൽ രാമകൃഷ്ണൻ
50. ,, തമ്പാനൂർ രവി
51. ,, റോഷി അഗസ്റ്റിൻ
52. ,, ടി. പി. എം. സാഹിർ
53. ,, പി. ശങ്കരൻ
54. ,, കെ. ശങ്കരനാരായണൻ
55. ശ്രീമതി മാലേത്ത് സരളാദേവി
56. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
57. ശ്രീ. കെ. കെ. ഷാജു
58. ,, നാലകത്ത് സൂപ്പി
59. ,, കെ. സുധാകരൻ
60. ,, ഡി. സുഗതൻ
61. ,, എ. സുജനപാൽ
62. ,, സി. എഫ്. തോമസ്
63. പ്രൊഫ. കെ. വി. തോമസ്
64. ശ്രീ. പി. ടി. തോമസ്
65. ,, തോമസ് ഉണ്ണിയാടൻ
66. ,, എം. എ. വാഹീദ്
67. ,, കെ. സി. വേണുഗോപാൽ

പ്രതികൂലിക്കുന്നവർ—35

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, എ. എ. അസീസ്
3. ,, കോടിയേരി ബാലകൃഷ്ണൻ
4. ,, എ. കെ. ബാലൻ
5. ,, ടി. കെ. ബാലൻ
6. ,, വി. കെ. ചന്ദ്രൻ
7. വി. ചെന്താമരാക്ഷൻ
8. ,, ടി. കെ. ദേവകുമാർ
9. ,, പി. സി. ജോർജ്ജ്
10. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
11. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
12. ,, കെ. കെ. ജയചന്ദ്രൻ
13. ,, എം. വി. ജയരാജൻ
14. ,, പി. ജയരാജൻ

LIBRARY ARCHIVES Kerala Legislative Assembly

15. ഡോ. കെ. സി. ജോസഫ്
16. ശ്രീ. വി. സി. കബീർ
17. ,, എം. കുമാരൻ
18. ,, കെ. വി. കുഞ്ഞിരാമൻ
19. ,, വി. കെ. സി. മമ്മത്കോയ
20. ,, എ. സി. മൊയ്തീൻ
21. ,, മത്തായി ചാക്കോ
22. ,, കെ. പി. മോഹനൻ
23. ,, പിരപ്പൻകോട് മുരളി
24. ,, സി. കെ. നാണു
25. ,, പി. നാരായണൻ
26. ,, കെ. രാധാകൃഷ്ണൻ
27. ,, കെ. പി. രാജേന്ദ്രൻ
28. ,, രാജു എബ്രഹാം
29. ,, ടി. പി. രാമകൃഷ്ണൻ
30. ,, സാജു പോൾ
31. ,, കെ. പി. സതീശ് ചന്ദ്രൻ
32. ,, എ. സി. ഷൺമുഖദാസ്
33. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
34. ശ്രീ. പി. എസ്. സുപാൽ
35. ഡോ. തോമസ് ഐസക്ക്

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അനുകൂലിക്കുന്നവർ—67

പ്രതികൂലിക്കുന്നവർ—35

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30 -ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2004 ജൂലൈ മാസം 7-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2.50-ന് പിരിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *1 (181) കാണുക]

കേരള വാട്ടർ അതോറിറ്റിയുടെ ദക്ഷിണ മേഖലയുടെ കീഴിൽ വക്കം-അഞ്ചുതെങ്ങ് ശുദ്ധജലവിതരണ പദ്ധതി, ആറ്റിങ്ങൽ ശുദ്ധജല വിതരണ പദ്ധതി, തൃക്കണ്ണാപുരം-മുടവൻമുഗൾ ശുദ്ധജലവിതരണ പദ്ധതി, ആര്യനാട്-ഉഴമലക്കൽ, കുമ്മി, വെള്ളനാട്, പത്തനംതിട്ട, പന്തളം, ചെന്നീർക്കര-മെഴുവേലി, തോട്ടമൺ, റാന്നി-അങ്ങാടി, വടശ്ശേരിക്കര, അടിച്ചിപ്പുഴ, തെക്കേക്കര, പ്രമാടം, കോന്നി, അട്ടച്ചക്കൽ, മലപ്പാറ എന്നീ ശുദ്ധജലവിതരണ പദ്ധതികളും മദ്ധ്യമേഖലയിൽ പുത്തൻകുരിശിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിയുടെയും കുത്താമ്പുള്ളി, വീട്ടിക്കുന്ന്, വടക്കാഞ്ചേരി, ദേശമംഗലം, കുന്നംകുളം-ഗുരുവായൂർ, ചെറുതുരുത്തി, കാവനാട് എന്നീ ശുദ്ധജലവിതരണ പദ്ധതികളും ഉത്തരമേഖലയിൽ മുതുതല, ഓങ്ങല്ലൂർ-വല്ലപ്പുഴ, വിളയൂർ എന്നീ ശുദ്ധജലവിതരണ പദ്ധതികളും മണൽ വാരൽ മൂലം തടസ്സപ്പെട്ടിട്ടുണ്ട്.

ഭാരതപ്പുഴയിലെ എല്ലാ സ്കീമുകളുടെയും ജലസ്രോതസ്സിനെ മണൽ വാരൽ സാരമായി ബാധിച്ചിട്ടുണ്ട്. അതുപോലെ പമ്പാ നദിയിലും പ്രവർത്തനം തടസ്സപ്പെട്ടിട്ടുണ്ട്.

അനുബന്ധം II

[നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *11 (191) കാണുക]

1. ഔപചാരികമായ വിദ്യാഭ്യാസത്തിന് ഇതേവരെ എത്തിയിട്ടില്ലാത്ത പട്ടികവർഗ്ഗ വിഭാഗക്കാരുടെ രക്ഷകർത്താക്കളെ വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെ കുറിച്ച് പ്രമോട്ടർമാർ, സന്നദ്ധസേവന രംഗങ്ങളിൽ പ്രവർത്തിക്കുന്നവർ, സാമൂഹ്യ പ്രവർത്തകർ, അധ്യാപകർ തുടങ്ങിയവരുടെ സഹായത്താൽ 100 ശതമാനം വിദ്യാർത്ഥികളെയും സ്ക്കൂളിൽ എത്തിക്കുക. ഇതിനുവേണ്ടി പ്രവൃത്തി എടുക്കുന്നവർക്കും പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്കും പ്രത്യേക സാമ്പത്തിക സഹായങ്ങൾ നൽകുന്നതാണ്.

2. പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ ഇംഗ്ലീഷ്, കണക്ക് എന്നീ വിഷയങ്ങൾക്ക് പ്രത്യേക പരിശീലനം തെരഞ്ഞെടുക്കപ്പെട്ട അർപ്പണബോധമുള്ള അധ്യാപകർ മുഖാന്തിരം നല്കുന്നതാണ്.

3. ഉൾവനാന്തരങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ ഔപചാരികമായ പ്രാഥമിക വിദ്യാഭ്യാസത്തിന് ഏകാധ്യാപക വിദ്യാലയ കേന്ദ്രങ്ങൾ ഏർപ്പെടുത്തുന്നതാണ്. വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന നിലവിലുള്ള കേന്ദ്രങ്ങളിൽ കൂടുതൽ ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly